www.malankaralibrary.com

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

പുനരൈക്യ ശതാബ്ദി ആഘോഷ ഒരുക്കം 2030

# ആരാധനക്രമ ദൈവശാസ്ത്രം
# പഠന സഹായി

## ആരാധനക്രമ വർഷം

2025 സെപ്റ്റംബർ 20 – 2026 സെപ്റ്റംബർ 19

www.malankaralibrary.com

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**
**പുനരൈക്യ ശതാബ്ദി ആഘോഷ ഒരുക്കം 2030**

# ആരാധനക്രമ ദൈവശാസ്ത്രം
## പഠന സഹായി

# ആരാധനക്രമ വർഷം
**2025 സെപ്റ്റംബർ 20 – 2026 സെപ്റ്റംബർ 19**

**ആരാധനക്രമ വത്സരം**
**യാമപ്രാർത്ഥന**
**നോമ്പ്**
**മാറാനായ പെരുന്നാളുകൾ**
**കൂദാശകൾ**

കാതോലിക്കേറ്റ് സെന്റർ
തിരുവനന്തപുരം

www.malankaralibrary.com

# ആരാധനക്രമ ദൈവശാസ്ത്രം
# പഠന സഹായി
(Aaradhanakrama Daivashastram Padanasahayi)

*Prepared by:*
Antony Mar Silvanos
Dr. Isaac Parappallil
(For the Year of Liturgy)

*Published :*
07 October 2025

*Published by:*
Major Archiepiscopal Curia
Catholicate Centre, Trivandrum

*Printed at :*
St. Mary's Press, Pattom

www.malankaralibrary.com

## ഉള്ളടക്കം

അനുഗ്രഹാശംസ

അധ്യായം 1 : ആരാധനക്രമ വത്സരം

അധ്യായം 2 : തിരുനാളുകൾ

അധ്യായം 3 : നോമ്പും ഉപവാസവും അന്ത്യോക്യൻ പാരമ്പര്യത്തിൽ

അധ്യായം 4 : കൂദാശകൾ: മാമ്മോദീസാ

അധ്യായം 5 : സ്ഥൈര്യലേപനം (മൂറോനഭിഷേകം)

അധ്യായം 6 : വിശുദ്ധ കുർബാന - ഒരു പഠനം

വി. കുർബാനയുടെ ഒന്നാം ഭാഗം : ഒരുക്ക ശുശ്രൂഷ

വി. കുർബാനയുടെ രണ്ടാം ഭാഗം : വചന ശുശ്രൂഷ (പരസ്യ ശുശ്രൂഷ)

വി. കുർബാനയുടെ മൂന്നാം ഭാഗം : ബലി അർപ്പണം (അനാഫൊറ)

വി. കുർബാനയുടെ നാലാം ഭാഗം : ബലി വിരുന്ന്

അധ്യായം 7 : വി. കുമ്പസാരം - അനുരജ്ഞനകൂദാശ

അധ്യായം 8 : രോഗികളുടെ തൈലാഭിഷേകം

www.malankaralibrary.com

www.malankaralibrary.com

THE SYRO-MALANKARA CATHOLIC
MAJOR ARCHIEPISCOPAL CHURCH

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP–CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.

Tel: +91 471 2541331
Official E-mail: catholicostvm@gmail.com

05-10-2025

# അനുഗ്രഹാശംസ

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദിയിലേക്ക് പ്രാർത്ഥനയോടെ ഒരുങ്ങുന്ന ഈ വർഷങ്ങളിൽ സഭയുടെ നവീകരണത്തിനുമായും സഭാ മക്കളുടെ സ്വയം വിശുദ്ധികരണത്തിനുമായി പരിശുദ്ധ എപ്പിസ്കോപ്പൽ സുനഹദോസിന്റെ തീരുമാനപ്രകാരം പുനരൈക്യ ശതാബ്ദിയുടെ ഒരുക്കത്തിന്റെ ഈ വർഷത്തിൽ ആരാധനക്രമ വർഷമായി നാം ആചരിക്കുകയാണല്ലോ. കഴിഞ്ഞ ഒരു വർഷം നമ്മുടെ സഭയിൽ വചന വർഷമായി നാം ആചരിച്ചു. വിശുദ്ധ ലിഖിതത്തിലൂടെ ക്രിസ്തുവിനെ അറിയുവാനും പരിശുദ്ധ ദൈവമാതാവിനെപ്പോലെ വചനത്തെ ഉള്ളിൽ വഹിക്കുവാനും വചനം മാംസമെടുക്കുന്ന ഒരു ജീവിതശൈലിയായി നമ്മുടെ ജീവിതം രൂപാന്തരപ്പെടുത്തുവാനുമായി പരിശ്രമിക്കുകയായിരുന്നു. 2025 സെപ്റ്റംബർ 20 മുതൽ 2026 സെപ്റ്റംബർ 19 വരെ ആരാധനക്രമവർഷമായി സഭയിൽ ആചരിക്കുന്നു.

നാം എന്ത് വിശ്വസിക്കുന്നുവോ ആ വിശ്വാസം ആഘോഷിക്കുന്നതാണ് നമ്മുടെ ആരാധന. വചനത്തിലൂടെ നാം ആരിൽ വിശ്വസിക്കുന്നുവോ ആ ത്രിയേക ദൈവ കൂട്ടായ്മയിലേക്ക് നമ്മെ ക്ഷണിക്കുകയായിരുന്നു. വചനമായ ദൈവത്തെ പ്രസവിച്ചവളെ പോലെ വിശുദ്ധ ലിഖിതത്തിന്റെ ഉപാസകരായിട്ടു മാറുവാൻ വചനവർഷത്തിലൂടെ കഴിഞ്ഞു എന്നതിൽ നമ്മുക്ക് സന്തോഷിക്കാം.

ഇനിയുള്ള ഒരു വർഷം നമ്മുടെ ആരാധനക്രമത്തിന്റെ സവിശേഷമായ പൈതൃകവും അനന്യതയും സാക്ഷ്യവും നമ്മുടെ ജീവിത വഴികളിൽ കരുത്തായി നിൽക്കണം. നമ്മുടെ പൂർവ്വ പിതാക്കന്മാർ പകർന്നു നൽകിയ സവിശേഷമായ പൈതൃകങ്ങൾ അഭംഗുരം കാത്തു സൂക്ഷിക്കാൻ മലങ്കര മക്കൾക്ക് കടമയുണ്ടെന്ന് ഓർമിപ്പിക്കട്ടെ. ഈ വർഷം നമ്മുടെ ആരാധനയുടെ ദൈവശാസ്ത്ര ആഴങ്ങളിലേക്കു വളരുവാനും വിശുദ്ധ കൂദാശകൾ പകർന്നു നൽകുന്ന ആത്മീയ അനുഭവത്തിൽ വേരൂന്നി വളരുന്നതിനും നമ്മുക്ക് സാധിക്കട്ടെ.

www.malankaralibrary.com

നമ്മുടെ ആരാധനക്രമത്തിന്റെ ദൈവശാസ്ത്ര പശ്ചാത്തലവും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും നമ്മുടെ സഭയുടെ ആത്മീയ ചൈതന്യമായി നിലനിൽക്കുകയും നാം ഏവരെയും സഭാമക്കളെന്ന നിലയിൽ ഒന്നിപ്പിക്കുന്നതും നമ്മുടെ ആരാധനക്രമം ആയതിനാൽ, അന്ത്യോക്യൻ ആരാധനക്രമത്തിന്റെ ആഴമായ ദൈവശാസ്ത്ര പഠനത്തിലേക്ക് കടന്നു ചെല്ലുവാനും നമ്മുക്ക് കഴിയണം. നാം എന്തു വിശ്വസിക്കുന്നുവോ അത് നാം പ്രാർത്ഥിക്കുന്നു, പ്രാർത്ഥിക്കുന്നത് നാം ആഘോഷിക്കുന്നു, നാം എന്ത് ആഘോഷിക്കുന്നുവോ അത് ജീവിതത്തിന്റെ ഭാഗമായി മാറുന്നു. ധന്യൻ മാർ ഈവാനിയോസ് പിതാവ് പരിശുദ്ധ കത്തോലിക്കാ സഭയിലേക്ക് പ്രവേശിക്കുമ്പോൾ മലങ്കര സഭയുടെ സ്വന്തമായ ആരാധനക്രമം അതിന്റെ സവിശേഷതകൾ നിലനിർത്തിക്കൊണ്ടുതന്നെ കത്തോലിക്കാ സഭയുടെ ഭാഗമായി എന്നുള്ളത് ദൈവനിയോഗമായി കാണുന്നു. സഹോദരി സഭകളു മായുള്ള ഐക്യത്തിന്റെയും സംസർഗത്തിന്റെയും ശുശ്രൂഷയിലേക്ക് സ്നേഹത്തിന്റെ സന്ദേശവാഹകരായി മാറുവാൻ നമുക്ക് കടമയുണ്ട്. യേശുക്രിസ്തു തന്റെ ശിഷ്യന്മാർ ഒന്നായിരിക്കുവാൻ പ്രാർത്ഥിച്ചത് പോലെ ഒരു ഇടയനും ഒരു തൊഴുത്തുമായി മാറുവാൻ തക്കവണ്ണം അന്ത്യോക്യൻ ആരാധനക്രമം നമ്മെ ഏറെ സഹായിക്കുന്നു. ആയതി നാൽ നമ്മുടെ സഭാത്മക ജീവിതത്തിന് പുതുചൈതന്യം പകരുവാനും യഥാർത്ഥമായ സത്യ ആരാധനയിലേക്ക് നാം കടന്നു ചെല്ലുവാനും ആരാധനക്രമ ദൈവശാസ്ത്ര പഠനം വഴി ഏവർക്കും സാധിക്കട്ടെയെന്നു ഞാൻ ആശംസിക്കുന്നു. ഇത് ഫലപ്രാപ്തമായി തീരുവാൻ ഞാൻ പ്രാർത്ഥിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനക്രമത്തെ കുറിച്ചുള്ള ആഴപ്പെട്ട വിചിന്തനത്തിലേക്ക് പ്രവേശിക്കുന്നതിനു ഈ വർഷത്തെ എല്ലാം സംരംഭങ്ങളും സഭാ ശുശ്രൂഷകരെയും സഭാ മക്കളെയും ഏറെ സഹായിക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

www.malankaralibrary.com

# ആമുഖം

മലങ്കര സുറിയാനി കത്തോലിക്കാ സഭ 2030 സെപ്തംബർ 20-ന് പുനരൈക്യ ശതാബ്ദി ആഘോഷിക്കാൻ ഒരുങ്ങുന്ന ഈ കാലഘട്ടത്തിൽ 2025 സെപ്റ്റംബർ 20 മുതൽ 2026 സെപ്റ്റംബർ 19 വരെ ആരാധനക്രമ വർഷമായി ആചരിക്കാൻ നാം പ്രത്യേകം ഒരുങ്ങുകയാണല്ലോ. ഈ ആചരണത്തിനുതകുന്ന പഠനരേഖയും കർമപദ്ധതിയും ഇതിനോടകം നാം പ്രസിദ്ധീകരിച്ചു. ഈ ആരാധനക്രമ വർഷത്തിൽ കൂടുതൽ പഠനത്തിനും വിചിന്തനത്തിനുമായി ആരാധനക്രമ ദൈവശാസ്ത്ര പഠനസഹായി പ്രസിദ്ധീകരിക്കുകയാണ്. ആരാധനക്രമവത്സരം, യാമ പ്രാർത്ഥന, നോമ്പ്, വർജ്ജന, ഉപവാസം, മാറാനായ പെരുന്നാളുകൾ, മാമ്മോദീസാ, സ്ഥൈര്യലേപനം, വി. കുർബാന, കുമ്പസാരം, രോഗികളുടെ തൈലാഭിഷേകം എന്നീ കൂദാശകളും ഈ ദൈവശാസ്ത്ര പഠനസഹായിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിവാഹം, തിരുപ്പട്ടം എന്നീ കൂദാശകൾ ബന്ധപ്പെട്ട വർഷങ്ങളിൽ ചർച്ച ചെയ്യുന്നതാണ്. ഈ പഠനസഹായി വൈദിക ജില്ലകളിലും ദൈവാലയങ്ങളിലും ക്ലാസുകൾ എടുക്കുന്നതിന് പ്രയോജനപ്പെടുന്നതാണ്. ആരാധനക്രമ വർഷാചരണത്തിലൂടെ "ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന" സത്യാരാധകരായി നമുക്ക് വളരാം. നമ്മുടെ സഭയുടെ ആരാധനക്രമത്തെകുറിച്ചുള്ള കൂടുതൽ അറിവും അനുഭവവും ഈ ആരാധനക്രമ വർഷാചരണംവഴി ഏവർക്കും ലഭിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

**✠ ആന്റണി മാർ സിൽവാനോസ്**
കോർഡിനേറ്റർ, ആരാധനക്രമ വർഷം

www.malankaralibrary.com

www.malankaralibrary.com

അധ്യായം 1

# ആരാധനക്രമ വത്സരം

## (Liturgical Year)

ദൈവത്തിന്റെ വെളിപ്പെടുത്തലിന്റെയും വീണ്ടെടുപ്പിന്റെയും രക്ഷാകര പ്രവർത്തനങ്ങളുടെയും ചരിത്രത്തിന്റെയും ഓർമ്മയാചരണമാണ് ആരാധനക്രമവത്സരം. സഭയുടെ ആരാധനക്രമ വത്സരത്തിൽ രക്ഷാകര ചരിത്രം മുഴുവൻ അടങ്ങിയിരിക്കുന്നു. ആരാധനക്രമവത്സരത്തിൽ ഏറ്റവും പ്രധാന തിരുനാൾ ഉയിർപ്പു പെരുന്നാളാണ്.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആരാധനക്രമവത്സരം ആരംഭിക്കുന്നത് കൂദോശ് ഈത്തോ ഞായറാഴ്ച (ഒക്ടോബർ 30/31 ഞായറാഴ്ചയെങ്കിൽ അന്നോ, അല്ലെങ്കിൽ നവംബർ ആദ്യ ഞായറാഴ്ചയോ)യോടുകൂടിയാണ്. കൂദോശ്, ഈത്തോ എന്നീ സുറിയാനി വാക്കുകളുടെ അർത്ഥം സഭയുടെ വിശുദ്ധീകരണം എന്നാണ്. സഭയെ സ്ഥാപിച്ച് വിശുദ്ധീകരിക്കുന്ന ഞായറാഴ്ചയാകയാൽ ഇത് സഭയുടെ പ്രതിഷ്ഠയുടെ ഞായറാഴ്ചയാണ്. കൂദോശ്, ഈത്തോ, സഭ സ്ഥാപിച്ചതിനെയും വിശുദ്ധീകരിക്കുന്നതിനെയും ഓർമ്മിപ്പിക്കുന്നു. കൂദോശ് ഈത്തോയ്ക്ക് ശേഷമുള്ള ഞായറാഴ്ച ഹൂദോസ് ഈത്തോ സഭയുടെ പുതുക്കൽ അല്ലെങ്കിൽ സമർപ്പണം എന്നറിയപ്പെടുന്നു. ആരാധനക്രമവത്സരത്തെ പൊതുവിൽ രണ്ടായി തിരിച്ചിരിക്കുന്നു - സ്ലീബാ പെരുന്നാൾ മുതൽ ഈസ്റ്റർവരെയും, ഈസ്റ്റർ മുതൽ സ്ലീബാപെരുന്നാൾ വരെയും. എന്നാൽ ആരാധനക്രമവത്സരത്തെ പൊതുവിൽ ഏഴ് കാലങ്ങളായി തിരിച്ചിരിക്കുന്നു. സാധാരണ ഗതിയിൽ ഏതാണ്ട് 7 ആഴ്ചകൾ ഉൾക്കൊള്ളുന്ന 7 കാലങ്ങളാണ് ആരാധനക്രമവത്സരത്തിലുള്ളത്.

**ആരാധനക്രമവത്സരം - മൂന്നു ചക്രങ്ങൾ (3 Cycles)**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനക്രമ വത്സരത്തെ ദിനചക്രം (daily cycle), വാരചക്രം (weekly cycle), വാർഷിക ചക്രം (annual cycle) എന്നിങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നു.

**1. ദിനചക്രം** (Daily Cycle) - **ഏഴ് യാമങ്ങൾ**

യഹൂദ പാരമ്പര്യമനുസരിച്ച് ഒരു ദിവസത്തെ ഏഴു യാമങ്ങളായി തിരിച്ചിരിക്കുന്നതുപോലെ അന്ത്യോക്യൻ പാരമ്പര്യത്തിലും ഒരു ദിവസത്തെ ഏഴു യാമങ്ങളായി തിരിച്ചിരിക്കുന്നു. റംശോ (സന്ധ്യ),

www.malankaralibrary.com

സൂത്താറ (ശയന നമസ്കാരം), ലിലിയോ (രാത്രി), സപ്രൊ (പ്രഭാതം), ഏഴര (മൂന്നാംമണി), മദ്ധ്യാഹ്നം (ആറാം മണി), ഇരുപത്തിരണ്ടര (ഒമ്പതാം മണി) എന്നിവയാണ് ഈ ഏഴു യാമങ്ങൾ. ഏഴു യാമങ്ങളിലേക്കും പ്രത്യേക പ്രാർത്ഥനകളുണ്ട്. 119-ാം സങ്കീർത്തനം 164-ാം വാക്യത്തിൽ ഒരു ദിവസം ഏഴു പ്രാവശ്യം പ്രാർത്ഥിക്കുന്നതിനെപറ്റി ഇങ്ങനെ പറയുന്നു: "അങ്ങയുടെ നീതിയുക്തമായ കല്പനകളെപ്രതി ദിവസം ഏഴു പ്രാവശ്യം ഞാൻ അങ്ങയെ സ്തുതിക്കുന്നു". നാം അറിയാതെ ചെയ്യുന്ന പാപങ്ങൾക്കുപോലും യാമപ്രാർത്ഥനകൾ പരിഹാരമാണ്. വി. കുർബാനയ്ക്ക് നാം ഒരുങ്ങേണ്ടത് യാമപ്രാർത്ഥനകൾ നടത്തിയാണ്.

**1.1. യാമപ്രാർത്ഥനകൾ**

സഭയുടെ ഔദ്യോഗിക പ്രാർത്ഥനയാണ് യാമപ്രാർത്ഥനകൾ. ഓരോ ദിവസത്തിന്റെയും സന്ധ്യയോടുകൂടിയാണ് ആരാധനാ ദിവസം (liturgical day) ആരംഭിക്കുന്നത്. യഹൂദ പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിലും അന്ത്യോക്യൻ ആരാധനാപാരമ്പര്യത്തിലും, ഒരു ആരാധനാ ദിവസം ആരംഭിക്കുന്നത് സന്ധ്യാപ്രാർത്ഥനയോടെയാണ്.

**1.2. നമ്മുടെ കർത്താവിന്റെ പീഡാസഹനത്തെ അടിസ്ഥാനമാക്കി ദിവസത്തിലെ 7 യാമങ്ങളെക്കുറിച്ച് ഇപ്രകാരം പറയുന്നു:**

സന്ധ്യ - സെഹിയോൻ മാളികയിലെ വി. കുർബാന സ്ഥാപനം

സൂത്താറ - ഗത്സമേൻ തോട്ടത്തിലെ പ്രാർത്ഥന

രാത്രി - കർത്താവിനെ ബന്ധിച്ച് മഹാ പുരോഹിതന്മാരായ കയ്യാപ്പാസിന്റെയും ഹന്നാസിന്റെയും ഹേറോദോസിന്റെയും മുമ്പിൽ കൊണ്ടുപോയുള്ള വിസ്താരം

പ്രഭാതം - പീലാത്തോസിന്റെ മുമ്പിലുള്ള വിസ്താരം

മൂന്നാം മണി - കുരിശ് ചുമന്നുകൊണ്ട് ഗോഗുൽത്തായിലേക്കുള്ള യാത്ര

ആറാം മണി - ക്രൂശാരോഹണം

ഒൻപതാം മണി - ക്രൂശുമരണം/തന്റെ പ്രാണനെ പിതാവിന് ഭരമേൽപിച്ചതിന്റെ ഓർമ്മ

(ശ്ഹീമോ നമസ്കാരം, പേജ് iii)

www.malankaralibrary.com

### 1.3. ദിവസത്തിലെ 7 യാമങ്ങളെപറ്റി പാത്രിയർക്കിസ് മാർ ഇഗ്നാത്തിയോസ് ബർ വാഹിബ് (പന്ത്രണ്ടാം നൂറ്റാണ്ട്) ഇപ്രകാരം പറയുന്നു:

സന്ധ്യ - ഭൂമിയിലെ അദ്ധ്വാനം, നിലമൊരുക്കുന്നു

സൂത്താറ - വിത്ത് വിതയ്ക്കുന്നു

രാത്രി - മുളച്ചു വരുന്ന ചെടിയെ സംരക്ഷിക്കുന്നു. നാല് കൗമാകൾ: 1. കളകളിൽനിന്ന് 2. മുൾച്ചെടികളിൽ നിന്ന് 3. മുള്ളുകളിൽനിന്ന് 4. കാരമുള്ളിൽ നിന്ന് സംരക്ഷിക്കുന്നു.

പ്രഭാതം - കൊയ്ത്തു നടത്തുന്നു.

മൂന്നാം മണി - കറ്റകൾ ചുമന്നുകൊണ്ട് പോകുന്നു

ആറാം മണി - ധാന്യം കളപ്പുരയിൽ ശേഖരിക്കുന്നു

ഒൻപതാം മണി - ദാനധർമ്മം, ആദ്യഫലം മുതലായവ നൽകുന്നു (ശ്ഹീമോ നമസ്കാരം, പേജ് ii-iii)

### 1.4. യാമപ്രാർത്ഥനകളുടെ വചനാടിസ്ഥാനം

**സന്ധ്യ (റംശോ)** - സന്ധ്യയായി പ്രഭാതമായി, ഒന്നാം ദിവസം (ഉൽപ്പ.1:5). അങ്ങയുടെ നീതിയുക്തമായ കല്പനകളെപ്രതി ദിവസം ഏഴ് പ്രാവശ്യം ഞാൻ അങ്ങയെ സ്തുതിക്കുന്നു...(സങ്കീ.119:164). എന്റെ പ്രാർത്ഥന അങ്ങയുടെ സന്നിധിയിലെ ധൂപാർച്ചനയായും, ഞാൻ കൈകൾ ഉയർത്തുന്നത് സായാഹ്നബലിയായും സ്വീകരിക്കണമെ (പുറ. 12:6, സങ്കീ. 141:2).

**സൂത്താറാ** (കോട്ട കെട്ടി സംരക്ഷിക്കണമെ) - രാത്രിയിൽ ദൈവത്തിന്റെ സംരക്ഷണം ആവശ്യപ്പെട്ടുള്ള പ്രാർത്ഥന. അങ്ങാണ് എന്റെ രക്ഷാശിലയും കോട്ടയും വിമോചകനും എന്റെ ദൈവവും എനിക്ക് അഭയം തരുന്ന പാറയും എന്റെ പരിചയും രക്ഷാശൃംഗവും അഭയകേന്ദ്രവും (സങ്കീ. 18:2). കർത്താവ് എന്റെ ജീവിതത്തിന് കോട്ടയാണ്. ഞാൻ ആരെ പേടിക്കണം (സങ്കീ. 27:1).

**രാത്രി (ലിലിയോ)**: അർദ്ധരാത്രിയോടടുത്ത് പൗലോസും ശീലാസും കീർത്തനം പാടി ദൈവത്തെ സ്തുതിക്കുകയായിരുന്നു (അപ്പ. പ്രവ. 16:25).

www.malankaralibrary.com

**പ്രഭാതം (സപ്രോ)** - പ്രധാന പ്രമേയം ഉത്ഥാനം, മരണത്തിന്മേലുള്ള കർത്താവിന്റെ വിജയം. ആ ദിവസം മുഴുവനുംവേണ്ടി, ദൈവത്തിന്റെ കൃപയും കരുണയും നാം പ്രഭാതത്തിൽ യാചിക്കുന്നു.

അതിരാവിലെ ഞാൻ ഉണർന്ന് സഹായത്തിനുവേണ്ടി നിലവിളിക്കുന്നു (സങ്കീ. 119:147). കർത്താവേ, ഞാൻ അങ്ങയോട് നിലവിളിച്ച് അപേക്ഷിക്കുന്നു. പ്രഭാതത്തിൽ എന്റെ പ്രാർത്ഥന അങ്ങയുടെ സന്നിധിയിൽ എത്തുന്നു (സങ്കീ. 88:13). കർത്താവേ, പ്രഭാതത്തിൽ അങ്ങ് എന്റെ പ്രാർത്ഥന കേൾക്കുന്നു. പ്രഭാതബലി ഒരുക്കി ഞാൻ അങ്ങേക്കായി കാത്തിരിക്കുന്നു (സങ്കീ. 5:3).

**മൂന്നാം മണി** (ത്‌ലോസ് ശോയിൻ/ഏഴര). പ്രധാന പ്രമേയം - പരിശുദ്ധാത്മാവിന്റെ ആവാസം, അനുതാപം.

ദിവസത്തിന്റെ മൂന്നാം മണിക്കൂറിൽ പത്രോസിന്റെ പ്രസംഗവും പ്രാർത്ഥനയും (അ.പ്ര. 2:15).

**ആറാം മണി**

പ്രധാന പ്രമേയം - കർത്താവിന്റെ ക്രൂശാരോഹണം, മദ്ബഹായുടെ മറ തുറക്കാതെ, തിരികൾ കത്തിക്കാതെ പ്രാർത്ഥന നടത്തുന്നു.

അപ്പോൾ എകദേശം ആറാം മണിക്കൂർ ആയിരുന്നു. ഒൻപതാം മണിക്കൂർ വരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യൻ ഇരുണ്ടു (ലൂക്ക 23:44). പത്രോസ് പ്രാർത്ഥിക്കുവാൻ മട്ടുപ്പാവിലേക്ക് പോവുകയായിരുന്നു. എകദേശം ആറാം മണിക്കൂറായിരുന്നു (അ. പ്ര. 10:9).

**ഒമ്പതാം മണി** - പ്രധാന പ്രമേയം - യേശുവിന്റെ മരണം/വാങ്ങിപ്പോയവർ

ഒമ്പതാം മണിക്കൂറിൽ കൊർണേലിയോസ് എന്നു വിളിച്ചുകൊണ്ട് ഒരു ദൈവദൂതൻ അഗതനാകുന്നത് ഒരു ദർശനത്തിൽ അവൻ വ്യക്തമായി കണ്ടു (അ. പ്ര. 10:3).

മൂന്നാം മണിയുടെയും, ആറാം മണിയുടെയും ഒമ്പതാം മണിയുടെയും പ്രാർത്ഥനകളിൽ പാപത്തിന്റെയും അതിന്മേലുള്ള വിജയത്തിന്റെയും പ്രമേയവും കാണുന്നുണ്ട്. മൂന്നാം മണിയിൽ ആദം പാപം ചെയ്തു, ആറാം മണിക്ക് യേശു മനുഷ്യപാപത്തിനായി കുരിശിൽ കരേറി. ഒമ്പതാം മണിക്ക് യേശുവിന്റെ മരണത്തോടൊപ്പം, ആദത്തെ പറുദീസായിൽനിന്ന് കരേറ്റി.

www.malankaralibrary.com

തിങ്കൾ ഒൻപതാം മണി – "ആദാമിൻ നാഥൻ സൃഷ്ടാവും തൻ...." (ശ്ഹീമോ, ശുബ്ഹോ, പേജ് 80)

തിങ്കൾ ഒൻപതാം മണി – "പൂഴിയിലേക്കായ് നീ തിരികെ...."(ശ്ഹീമോ, മെന്ഓലം, പേജ് 283)

ബുധൻ ഒൻപതാം മണി – "തരുനിരയിൽ വിളി ചെയ്തെന്നെ...." (ശ്ഹീമോ, മെന്ഓലം, പേജ് 353)

**1.5. യാമപ്രാർത്ഥനകളുടെ ഉത്ഭവവും വളർച്ചയും** (Origin & Development of the Liturgy of Hours)

യാമപ്രാർത്ഥനകളുടെ നിയതമായ തുടക്കം, നാലാം നൂറ്റാണ്ടിൽ ആശ്രമങ്ങളുടെ ആരംഭത്തോടെയാണ്. ആദ്യ മൂന്ന് നൂറ്റാണ്ടുകൾ മതപീഡനകാലമായിരുന്നതിനാൽ, പിന്നീട് വന്ന സഭാപിതാക്കന്മാരായ പക്കോമിയോസ്, അപ്രേം, ബാലായി, അഫ്രാത്തസ്, ബസേലിയോസ്, ഗ്രിഗോറിയോസ് തുടങ്ങിയവരാണ് പ്രാർത്ഥനകളും ഗീതങ്ങളും തയ്യാറാക്കി യാമപ്രാർത്ഥനകൾക്ക് ഉപയോഗിച്ചത്. പിൽക്കാലത്ത് യാമപ്രാർത്ഥനകൾ സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളായി സ്വീകരിച്ചു. ആദ്യകാലത്ത് യാമപ്രാർത്ഥനകൾ ചില പ്രത്യേക ദിവസങ്ങളിലും, ചില പ്രത്യേക യാമങ്ങളിലുമായി രൂപപ്പെട്ടത് കുടുംബങ്ങളിലും ഉപയോഗപ്പെടുത്തിയിരുന്നു. പിൽക്കാലത്ത് ക്രൈസ്തവലോകത്ത് വിവിധ യാമങ്ങളിലായി പ്രാർത്ഥിക്കുന്ന രീതി നിലവിൽ വന്നു. യഹൂദപാരമ്പര്യത്തിന്റെയും വി. ഗ്രന്ഥത്തിന്റെയും പശ്ചാത്തലത്തിൽ പ്രത്യേക സമയങ്ങളിലായി യാമപ്രാർത്ഥനകൾ നടത്തുന്ന പതിവ് കൃത്യമായി ആരംഭിച്ചു. അപ്പസ്തോല പ്രവർത്തനങ്ങളിൽ, യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ ഒന്നിച്ചുകൂടി മൂന്നാം മണിക്കൂറിലും (സങ്കീ. 2:1–15) ഉച്ചസമയത്ത് പത്രോസ് പ്രാർത്ഥിക്കാൻ പോകുന്നതും (അ.പ്ര. 10:9) രാത്രിയിൽ പൗലോസും ശീലാസും പ്രാർത്ഥിക്കുന്നതും (അ.പ്ര. 16:25) നാം കാണുന്നു. ഇപ്രകാരം വിവിധ സമയങ്ങളിലെ അപ്പസ്തോലന്മാരുടെയും ക്രിസ്തുശിഷ്യരുടെയും പ്രാർത്ഥനാ പാരമ്പര്യത്തിൽ നിന്നുള്ള സ്വാധീനത്താൽ 4–ാം നൂറ്റാണ്ടുമുതൽ ആരംഭിച്ച ആശ്രമങ്ങളിൽ സന്യാസികൾ വിവിധ യാമങ്ങളിൽ പ്രാർത്ഥിക്കുന്ന രീതി നിലവിൽ വരികയും, സഭ അത് അംഗീകരിച്ച് ആരാധനക്രമത്തിന്റെ ഭാഗമാക്കുകയും ചെയ്തു (Mediator Dei, nos. 148-149).

www.malankaralibrary.com

### 1.6. യാമപ്രാർത്ഥനയുടെ ഘടന

**കൗമ** – ത്രൈശുദ്ധ കീർത്തനം – ഏശയ്യാ 6:3 –ൽ കാണുന്നതുപോലെ സ്വർഗ്ഗവും ഭൂമിയും പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്ന കീർത്തനവും, ശ്ലോസാപ്പേന്മാരുടെ 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ, ഉന്നതങ്ങളിൽ ഓശാന' എന്ന കീർത്തനവും (മത്താ. 21:9) സൂചിപ്പിക്കുന്നത്, ആരാധന സ്വർഗ്ഗീയവും ഭൗമികവുമായ ഒന്നാണ് എന്നാണ്. കൗമായിലെ കർതൃപ്രാർത്ഥനയായ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നത് ആത്മീയ ആവശ്യങ്ങളും ഭൗതിക ആവശ്യങ്ങളും ഉൾക്കൊള്ളുന്ന, കർത്താവുതന്നെ പഠിപ്പിച്ച പ്രാർത്ഥനയാണ്. കർതൃപ്രാർത്ഥനയിലെ അവസാന ഭാഗമായ 'എന്തുകൊണ്ടെന്നാൽ' എന്നത് യഹൂദന്മാർ അവരുടെ പ്രാർത്ഥനകളുടെ അവസാനത്തിൽ ഉപയോഗിച്ചിരുന്നതിനെ അനുസ്മരിക്കുന്നു. 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന യഥാർത്ഥത്തിൽ കൗമയുടെ ഭാഗമല്ലെങ്കിലും, കൗമയോട് ചേർത്തു പ്രാർത്ഥിക്കുന്ന പുരാതന പാരമ്പര്യം ഉണ്ടായി രുന്നു. ഹാശാ ആഴ്ചയിൽ 'കൃപനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന കൗമായോട് ചേർത്ത് ചൊല്ലാറുമില്ല. 'കൃപ നിറഞ്ഞ മറിയമേ..... കർത്താവ് നിന്നോടുകൂടെ' എന്നത് ഗബ്രിയേൽ മാലാഖ മറിയത്തോട് പറഞ്ഞതും (ലൂക്ക 1:28), 'നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു, നിന്റെ ഉദരഫലം അനുഗ്രഹീതം' എന്ന് എലിസബേത്ത് മറിയത്തോട് പറഞ്ഞതും (ലൂക്ക 1:42) ആണ്.

**പ്രാരംഭ പ്രാർത്ഥന** – അതാത് ദിവസത്തെ ചിന്തയും, അഥവാ ആ ദിവസത്തിന്റെ പ്രത്യേക ശുശ്രൂഷയുടെ പ്രമേയവും

**51–ാം സങ്കീർത്തനം**

**എനിയോനോ (പ്രത്യുത്തരം)**

**സങ്കീർത്തനങ്ങൾ –** യഹൂദന്മാർ തങ്ങളുടെ ആരാധനയുടെ ഭാഗമായി സങ്കീർത്തനങ്ങൾ ഉപയോഗിച്ചിരുന്നു. യേശുവും അപ്പസ്തോലന്മാരും അത് ഉപയോഗിച്ചിരുന്നു. സങ്കീർത്തനങ്ങൾ വ്യത്യസ്ത സാഹചര്യ ങ്ങൾക്കനുസരിച്ചാണ് ഉപയോഗിക്കുക – സന്തോഷം, ആനന്ദം, ദു:ഖം, കൃതജ്ഞത.

**എക്ബോ (ചരണം)** തുടർന്ന് വരാൻ പോകുന്ന കോലോയുടെ സംക്ഷിപ്ത രൂപം

www.malankaralibrary.com

**പ്രുമിയോൻ (പ്രാരംഭം)-സെദറാ** ആ ദിവസത്തിന്റെയോ തിരുനാളിന്റെയോ കൂദാശയുടെയോ അർത്ഥവും ദൈവശാസ്ത്രവും വെളിവാക്കുന്ന നിരനിരയായ പ്രാർത്ഥനകൾ.

**ഒന്നാം കോലോ –** കോലോ ആരംഭിക്കുന്നതിനുമുമ്പുള്ള ആദ്യ ഒറ്റ വരിയെ പെത്ഗോമോ എന്നു വിളിക്കുന്നു. ഇത് സങ്കീർത്തന വചനം കൊണ്ട് നിർമ്മിച്ചതാണ്. ഒരേ ട്യൂണിലുള്ള നിരവധി പാദങ്ങളടങ്ങിയ ഗീതമാണ് കോലോ. ആരാധനക്രമത്തിൽ അഷ്ഠരാഗത്തിൽ പാടുന്ന നിരവധി കോലോകളുണ്ട്. ഒന്നാം കോലോ കഴിഞ്ഞ് 'മൊറിയോ റാഹേം' എന്നുള്ളത് എത്രോ പ്രാർത്ഥന തുടർന്നു വരുന്നതിനാൽ നീട്ടിച്ചൊല്ലാനാണ്.

**എത്രോ** – ധൂപമണച്ചുള്ള പ്രാർത്ഥന

**രണ്ടാം കോലോ** – സൃഷ്ടാവായ ദൈവം/ രക്ഷകനായ പുത്രൻ, ദൈവ മാതാവ്, വിശുദ്ധന്മാർ, പ്രത്യേക വിശുദ്ധൻ, അനുതാപം-പശ്ചാത്താപം, വാങ്ങിപ്പോയവർ എന്നിവയാണ് വിവിധ പാദങ്ങളായുള്ള കോലോയിലെ പ്രധാന പ്രമേയങ്ങൾ.

**ഹൂലോലൊ (വചനഭാഗം കൊണ്ടുള്ള ഹാലേലൂയ ഗീതം - പെത്ഗോമോ)**

**സുവിശേഷ വായന**

**വിശ്വാസപ്രമാണം** കൗമായും, വിശ്വാസപ്രമാണവും ആരാധനയുടെ പ്രധാന തൂണുകളാണ്. സാധാരണ ഗതിയിൽ ഓരോ യാമപ്രാർത്ഥനയുടെയും ആരംഭം കൗമായും, അവസാനം വിശ്വാസപ്രമാണം ചൊല്ലിയുമാണ് അവസാനിപ്പിക്കുക. എല്ലാ തിരുക്കർമ്മങ്ങളിലും കൂദാശാനുഷ്ഠാനങ്ങളിലും വിശ്വാസപ്രമാണം ഉപയോഗിക്കുന്നു. ഒരാൾ മരണപ്പെടുമ്പോഴും വിശ്വാസപ്രമാണം ചൊല്ലിയോ, കേട്ടോ വേണം ജീവിതം അവസാനിപ്പിക്കുവാൻ. മാമോദീസായിലൂടെ വിശ്വാസപ്രമാണം ചൊല്ലിയാണ് ഒരു വിശ്വാസി തന്റെ വിശ്വാസജീവിതം ആരംഭിക്കുന്നത്. അതിനാൽ ആ ജീവിതം അവസാനിക്കുമ്പോഴും സമീപത്തുള്ളവർ മരണപ്പെടുന്ന ആൾക്കുവേണ്ടി വിശ്വാസപ്രമാണം ചൊല്ലണം എന്നതാണ് സഭയുടെ പ്രബോധനം.

**കുക്കിലിയോൻ –** സങ്കീർത്തന വചനങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ചെറിയ പെത്ഗോമോ. കുക്കിലിയോൻ എന്നതിന്റെ അർത്ഥം വൃത്തം എന്നാണ് (circle). ആ വൃത്തത്തിൽ സുറിയാനി സംഗീതത്തിലെ 4

www.malankaralibrary.com

ഗീതങ്ങൾ പെത്ഗോമോ, എക്ബോ, കോലോ, ബോവൂസോ അടങ്ങിയിരിക്കുന്നു. ഈ നാലു സുറിയാനി ഗീതങ്ങൾ അടങ്ങുന്ന ഒരു വൃത്തമാണ് കുക്കിലിയോൻ. നമ്മുടെ ആരാധനയിൽ പ്രധാനമായും 5 കുക്കിലിയോനുകളാണ് ഉപയോഗിക്കുന്നത്.

1. പ. ദൈവമാതാവ് - നിന്നാൾ സ്തുതിയൊടു രാജമകൾ....... (സങ്കീ. 45:9-11)
2. വിശുദ്ധന്മാർ - നീതിമാൻ പനപോലെ............. (സങ്കീ. 92:12,14)
3. ആചാര്യന്മാർ - ചാർത്തും നീതിയെ നിന്നാചാര്യന്മാരും.... (സങ്കീ. 132:9-12)
4. വാങ്ങിപ്പോയ വിശ്വാസികൾ - മക്കളിലപ്പൻ കൃപ ചെയ്വതു പോലെ...... (സങ്കീ. 103:13,15)
5. സ്ലീബാ - നിന്നാൽ വൈരിയെ വീഴ്ത്തീടും ഞങ്ങൾ.... (സങ്കീ. 44:5,7)

**ബോവൂസോ** (അപേക്ഷ) നമ്മുടെ ആരാധനക്രമത്തിൽ നിരവധി ബോവൂസോകൾ ഉണ്ട്. പ്രത്യേകിച്ചും മാർ ബാലായി, മാർ അപ്രേം, മാർ യാക്കോബ് എന്നിവരുടേത്.

**ഹൂത്തോമോ** - ഉപസംഹാരം

**സമാപന ആശീർവാദം**

ആഘോഷമായ യാമപ്രാർത്ഥനകളിൽ ഉദാ. സന്ധ്യാപ്രാർത്ഥന, പ്രഭാതപ്രാർത്ഥന, തിരുനാൾ നമസ്കാരങ്ങൾ എന്നിവയിലാണ് മേൽപ്പറഞ്ഞ ഘടന പൂർണ്ണമായും കാണുക. മറ്റുള്ള ചെറിയ യാമപ്രാർത്ഥനകളിൽ ഈ ഘടകങ്ങൾ എല്ലാമുണ്ടാകാറില്ല. യാമപ്രാർത്ഥനകളിലാണ് സഭയുടെ സത്യവിശ്വാസവും ദൈവശാസ്ത്രവും, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും നാം വ്യക്തമായി മനസ്സിലാക്കുക.

യാമപ്രാർത്ഥനകളിൽ ഏറെ ഗീതങ്ങൾ നാം ഉപയോഗിക്കുന്നു. ആദ്യ നൂറ്റാണ്ടുകളിൽ പല പാഷണ്ഡതകളും പ്രചരിക്കപ്പെട്ടത് ഗീതങ്ങളിലൂടെയാണ്. അവയ്ക്കെതിരായി പ്രത്യാക്രമണം നടത്തുവാൻ സഭാപിതാക്കന്മാർ സ്വീകരിച്ച മാർഗ്ഗവും ഗീതങ്ങൾ തന്നെയാണ്. "പ്രസവിച്ചാൾ മറിയം ദൈവത്തെ എന്നേല്ക്കാത്തവനന്യൻ താൻ അവനീശൻ ഈശന്നാത്മജനും, എന്നേറ്റരുളാത്തോരെല്ലാം വേദവിരോധികളാകുന്നു..." (മറിയം ദൈവത്തെ പ്രസവിച്ചു എന്ന് വിശ്വസിക്കാത്തവൻ

www.malankaralibrary.com

അന്യനാണ്, മറിയം ദൈവത്തെ പ്രസവിച്ചു എന്ന് വിശ്വസിച്ച് ഏറ്റു പറയാത്തോരെല്ലാം വേദവിരോധികളാണ്). പാഷണ്ഡതയ്ക്ക് ഏതിരായ സഭയുടെ ശക്തമായ പ്രബോധനം സഭാപിതാക്കന്മാർ അവതരിപ്പിച്ചതും, കാലികമായ വിഷയങ്ങളെക്കുറിച്ച് പഠിപ്പിക്കുവാൻ ഉപയോഗിച്ചതും ഗീതങ്ങൾ എഴുതിയാണ്. അവ ആരാധനക്രമത്തിൽ ക്രമേണ ഉപയോഗിച്ചു.

**2. പ്രതിവാരചക്രം (Weekly Cycle) - ഏഴ് ദിനങ്ങൾ**

പ്രപഞ്ചസൃഷ്ടിയുടെ വിവരണമനുസരിച്ച് ആരാധനക്രമ ചക്രത്തിന്റെ അടിസ്ഥാന യൂണിറ്റാണ് ആഴ്ച. പ്രപഞ്ചസൃഷ്ടിയിലും വീണ്ടെടുപ്പിലും വേരൂന്നിയതാണ് ആഴ്ച. ദൈവം ലോകത്തെ സൃഷ്ടിച്ചതിന്റേയും (പുറ. 20:11) മിശിഹൈക യുഗത്തിലെ അന്തിമ രക്ഷയുടെ മുൻരൂപമായ അടിമത്വത്തിൽനിന്നുള്ള ദൈവജനത്തിന്റെ വിമോചനത്തിന്റെയും (നിയമ.5:15) ഓർമ്മയാണ് സാബത്ത്. ഈ യഹൂദ പാരമ്പര്യത്തെ പിന്തുടർന്ന് ക്രിസ്തീയ ആരാധനക്രമത്തിലെ പ്രാഥമിക ഘടകമായി ആഴ്ച മാറി. യഹൂദ ആരാധനാസമയത്തിന്റെ പാരമ്പര്യം ക്രൈസ്തവരും സ്വീകരിച്ചിട്ടുണ്ടെങ്കിലും സാബത്തിനെ ഈസ്റ്റർ (ആഴ്ചയിലെ ആദ്യ ദിവസം) ആയി മാറ്റി സ്ഥാപിച്ചു. ഓരോ ഞായറാഴ്ചയും 'കർത്താവിന്റെ ദിവസം' എന്നറിയപ്പെടുന്ന ഈസ്റ്റർ (Weekly Easter) ആയി കണക്കാക്കുന്നു (Didache 14).

ദിനചക്രത്തിലെ 7 യാമങ്ങൾ പോലെ, വാരചക്രത്തിലെ 7 ദിവസങ്ങൾക്കും പ്രത്യേക പ്രാധാന്യവും അനുസ്മരണയുമുണ്ട്. ആഴ്ചയിലെ ഓരോ ദിവസത്തിനും പ്രത്യേക അനുസ്മരണയും നിയോഗവും ഉണ്ട്. അത് ഞായറാഴ്ച പ്രാർത്ഥനയിലും, മറ്റുള്ള ദിവസങ്ങളുടേത് ശ്ഹീമോ നമസ്കാരത്തിലും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

**ഞായർ –** നമ്മുടെ കർത്താവിന്റെ ഉയിർപ്പിനെ അനുസ്മരിക്കുന്നു. അന്നത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉയിർപ്പു സംഭവത്തെയാണ് പ്രത്യേകമായി അനുസ്മരിക്കുക. ഉദാ. "രക്ഷകനേ നിന്നുത്ഥാനത്തിൻ ദിനമാമിന്നടിയാരിൽ" (പ്രഭാത പ്രാർത്ഥന). ഞായറാഴ്ച മൂന്നാം മണിയുടെ അപ്രേമിന്റെ ബോവൂസോയിൽ ഞായറാഴ്ചയുടെ പ്രത്യേകതകൾ സൂചിപ്പിക്കുന്നു: "സ്വാതന്ത്ര്യം ഞങ്ങൾക്കുത്ഥാനത്താൽ തന്നോനാം പുത്രാ... ഈ ഞായർ നാൾ നാമാശാ ധൈര്യങ്ങൾ പൂണ്ടോരായി ഉയിരോനുത്ഥാനം ചെയ്തു, കുരിശിച്ചോർ ലജ്ജിച്ചല്ലോ..... വൻ ദിനമാം ഞായർ നാളിൽ കബറീന്നുത്ഥാനം ചെയ്തു....".

www.malankaralibrary.com

ഞായറാഴ്ച ഉയിർപ്പിന്റെ ദിവസമാകയാൽ (Weekly Easter) നോമ്പു കാലത്തുപോലും അന്നേ ദിവസം കുമ്പിടാറില്ല. ഞായറാഴ്ച ആനന്ദ ത്തിന്റെയും പ്രകാശത്തിന്റെയും ദിവസമാണ്.

**ഞായർ ആചരണത്തിന്റെ പ്രസക്തി**

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ ഞായറാഴ്ചയെ വിളിക്കു ന്നത് ആഴ്ചയുടെ ആദ്യ ദിവസം (had bshado), ദിവസങ്ങളിലെ ആദ്യ ജാതൻ (bukro) എന്നാണ്. ക്യംതാക്കാലത്തെ ഞായറാഴ്ചയുടെ മൂന്നാം മണി പ്രാർത്ഥനയിൽ ഇങ്ങനെ കാണുന്നു; ഒന്നാം നാളാം ഈ ഞായർ നാൾ ദൈവം തന്നഗ്രേജാതൻ.... (ക്യംതാ പ്രാർത്ഥന, ഞായർ, മൂന്നാം മണി വി. കുർബാനക്രമം പേജ് 95). സഭയുടെ ആരാധനക്രമ വർഷ ത്തിന്റെ കേന്ദ്രവും ഉയിർപ്പ് പെരുന്നാളാണ്. ഓരോ ഞായറാഴ്ചയും ഉയർപ്പിന്റെ വാരാഘോഷമാണ് (Weekly Celebration). ഉത്ഥാന ചിന്തകൾക്ക് പുറമേ ജീവിതാന്ത്യത്തെയും സൃഷ്ടിയെയും നാം ഞായറാഴ്ച ഓർക്കുന്നു.

**വാരചക്രത്തിലെ മറ്റു ദിവസങ്ങളുടെ പ്രാധാന്യം**

**തിങ്കൾ, ചൊവ്വ –** ഈ ദിവസങ്ങളിൽ അനുതാപത്തിന്റെ ചിന്തകൾ ഉൾക്കൊള്ളുന്ന പ്രാർത്ഥനകളും ഗീതങ്ങളുമാണുള്ളത്. "കരുണക്ക ടലേ ഞാൻ നോക്കും, ദേവാ തനയാ...." (തിങ്കൾ സൂത്താറ). "മനസാ പിഴ ചെയ്തേൻ, മനസാ തേറുന്നു...." (ചൊവ്വ പ്രഭാതം). "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെടുവിൻ, അനുതപിക്കുവിൻ" എന്ന താണ് ഈ ദിവസങ്ങളിലെ പ്രധാന ചിന്താവിഷയം. തിങ്കളാഴ്ച യോഹ ന്നാൻ സ്നാപകൻ പ്രസംഗിച്ച അനുതാപവും, ചൊവ്വാഴ്ച നമ്മുടെ കർത്താവ് പ്രസംഗിച്ച അനുതാപവുമാണ് പ്രത്യേകമായും ഓർക്കുക.

**ബുധൻ –** പരിശുദ്ധ കന്യകാമറിയത്തിന് പ്രത്യേകം സമർപ്പിക്കപ്പെട്ട ദിവസം. രക്ഷാകര സംഭവത്തിലുള്ള പരി. അമ്മയുടെ പങ്കിനെയും പ്രത്യേകം അനുസ്മരിക്കുന്നു – "പാവനകന്യേ മറിയാമേ സ്വസ്തി...." ഒരു ബുധനാഴ്ചയാണ് പരി. മറിയത്തിന് മംഗളവാർത്ത ലഭിച്ചത് എന്ന പുരാതന പാരമ്പര്യമനുസരിച്ചാണ് ബുധനാഴ്ച വി. ദൈവമാതാവിനെ നാം ഓർക്കുന്നത്.

**വ്യാഴം –** അപ്പസ്തോലന്മാർ, വേദപാരംഗിതർ, വിശുദ്ധർ, രക്തസാ ക്ഷികൾ, പ്രവാചകന്മാർ എന്നിവരെ അനുസ്മരിക്കുന്നു. അവരുടെ ജീവിത മാതൃക പിൻചെല്ലാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

www.malankaralibrary.com

"വിശ്വാസത്തിൻ ശില്പികളായ് സഭതൻ തൂണുകളാം...." (സന്ധ്യ)

**വെള്ളി –** നമ്മുടെ കർത്താവ് വി. സ്ലീബായിലൂടെ നമുക്ക് നേടിത്തന്ന രക്ഷയെ ഓർത്ത് അവിടുത്തെ സ്തോത്രം ചെയ്യുന്നു. "ശുഭചിഹ്നം താൻ സ്ലീബാ, വിജയക്കൊടി താൻ സ്ലീബാ...." (പ്രഭാതം). യേശുക്രിസ്തുവിന്റെ പീഡാനുഭവത്തെയും കുരിശുമരണത്തെയും, മരണത്തെ ജയിച്ച് നേടിയ വിജയത്തെയും ഓർക്കുന്നതോടൊപ്പം സകല രക്തസാക്ഷികളെയും അനുസ്മരിക്കുന്നു.

**ശനി –** വാങ്ങിപ്പോയവരെ പൊതുവായി അനുസ്മരിക്കുന്ന ദിവസം. നമ്മെ വിശ്വാസത്തിൽ പരിശീലിപ്പിച്ച് വാങ്ങിപ്പോയ മേല്പ്പട്ടക്കാർ, വൈദികർ, മാതാപിതാക്കൾ, വിശ്വാസികൾ എന്നിവരെ അന്നേ ദിവസം ഓർക്കുന്നു. "നാം ദൈവസുതന്മാരാവാൻ..." (സന്ധ്യ).

### 3. വാർഷിക ചക്രം (Annual Cycle)

ദിനചക്രത്തിൽ ഏഴ് യാമങ്ങളും, വാരചക്രത്തിൽ ഏഴ് ദിനങ്ങളും ഉള്ളതുപോലെ വാർഷിക ചക്രത്തിൽ ഏഴ് കാലങ്ങളുണ്ട്.

**ആരാധനക്രമ വത്സരത്തിലെ ഏഴ് കാലങ്ങൾ**

**1. സൂബോറോ/വചനിപ്പുകാലം**

"ആഗമനകാലത്ത്, നാം ചെയ്തുപോയ പാപങ്ങളെക്കുറിച്ച് സഭ നമ്മെ ഓർമ്മിപ്പിക്കുന്നു; നമ്മുടെ വികാരങ്ങളെ നിയന്ത്രിക്കുന്നതിലൂടെയും സ്വമേധയാ ഉള്ള ത്യാഗപ്രവർത്തികളിലൂടെയും, ഭക്തിപൂർവ്വം ചിന്തിക്കാനും നമ്മെത്തന്നെ വിലയിരുത്തുവാനും ദൈവത്തിലേക്ക് മടങ്ങുവാനുമുള്ള തീക്ഷ്ണമായ ആഗ്രഹത്താൽ പ്രചോദിതരാകാനും സഭ നമ്മെ പ്രോത്സാഹിപ്പിക്കുന്നു" (Mediator Dei, നമ്പർ 165). ഗബ്രിയേൽ മാലാഖ, കന്യകമറിയത്തെ സന്ദർശിച്ച് രക്ഷകന്റെ മാതാവാകാൻ പോകുന്നുവെന്ന് അറിയിക്കുന്നതാണ് അറിയിപ്പുകാലത്തിന്റെ പശ്ചാത്തലം. ദൈവത്തിന്റെ പദ്ധതിക്കും ദൈവവചനത്തിനും സമ്മതം നൽകിയ മറിയം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, യേശുവിന്റെ അമ്മയായി. ചരിത്രത്തിലേക്ക് മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിന്റെ ജനനപ്പെരുനാളിന് ഒരുക്കമായുള്ള കാലമാണ് വചനിപ്പുകാലം. ഈ കാലത്തിന്റെ പ്രധാന ചിന്താവിഷയം ദൈവത്തിന്റെ രക്ഷാകരമായ വാഗ്ദാനവും, രക്ഷകനുവേണ്ടിയുള്ള ഒരുക്കവുമാണ്.

സൂബോറോ കാലത്തെ ഏഴ് ഞായറാഴ്ചകൾ:

www.malankaralibrary.com

1. കൂദോശ് ഈത്തോ
2. ഹൂദോസ് ഈത്തോ. (തുടർന്നു വരുന്ന അഞ്ച് ഞായറാഴ്ച കൾ രക്ഷകനെക്കുറിച്ചുള്ള അറിയിപ്പുകളും സന്ദേശങ്ങളുമാണ്. അതിനാലാണ് ഈ കാലത്തെ അറിയിപ്പ് കാലം എന്ന് വിളി ക്കുന്നത്).
3. സ്കറിയായോടുള്ള അറിയിപ്പ്
4. വി. ദൈവമാതാവിനോടുള്ള അറിയിപ്പ്
5. വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു
6. യോഹന്നാൻ മാംദാനയുടെ ജനനം
7. മാർ യൗസേപ്പിനുണ്ടായ ദർശനം

**2. യൽദാ-ദനഹാക്കാലം (യേശുവിന്റെ ജനനവും മാമോദീസയും)**

നമ്മുടെ കർത്താവിന്റെ ജനനപെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച മുതൽ വലിയ നോമ്പിനുമുമ്പുള്ള ശനി വരെയുള്ള കാലം. ജനനപെ രുന്നാളിന് ഒരുക്കമായ 25 നോമ്പ് ഡിസംബർ 1 മുതൽ ആരംഭിക്കും. ഈ കാലത്തെ പ്രധാന തിരുനാളുകൾ യൽദായും ദനഹായുമാണ്. അതിനാലാണ് ഈ കാലത്തെ യൽദാ-ദനഹാ കാലം എന്ന് വിളിക്കു ന്നത്. യൽദായും ദനഹായും പ്രകാശത്തിന്റെ തിരുനാളുകളാണ്. ക്രിസ്തുമസിന് ശേഷമുള്ള അടുത്ത ദിവസം (ഡിസംബർ 26) ദൈവ മാതാവിന്റെ പുകഴ്ചയുടെ തിരുനാളും, ദനഹായ്ക്ക് ശേഷമുള്ള ദിവസം (ജനുവരി 7) യോഹന്നാൻ മാംദാനയുടെ പുകഴ്ചയുടെ തിരുനാ ളുമാണ്. ജനുവരി 8 ആദ്യത്തെ രക്തസാക്ഷിയായ മാർ സ്തേഫാ നോസ് സഹദായുടെ തിരുനാളാണ്. യൽദാ-ദനഹാക്കാലത്തെ ഏറ്റം അവസാന ഞായറാഴ്ച അനീദെ ഞായറാഴ്ചയും, അതിനുമുമ്പുള്ള ഞായറാഴ്ച കൊഹനെ ഞായറാഴ്ചയുമാണ്. കൊഹനെ ഞായറാ ഴ്ചയ്ക്ക് മുമ്പുള്ള തിങ്കളാഴ്ചയാണ് മൂന്ന് നോമ്പ് ആരംഭിക്കുന്നത്.

**3. സൗമോ റാബോ (വലിയ നോമ്പുകാലം)**

വലിയനോമ്പ് ആരംഭിക്കുന്ന ഞായറാഴ്ച വൈകുന്നേരം നോമ്പിന്റെ പ്രാർത്ഥനകൾ ആരംഭിക്കുമെങ്കിലും, വൈകിട്ട് പേത്രത്താ ആഘോഷിക്കുന്ന പാരമ്പര്യമുണ്ട്. പേത്രത്താ എന്ന പദത്തിന് 'അവ സാനിപ്പിക്കുക, പൂർത്തിയാക്കുക, കടന്നുപോകുക' എന്നീ അർത്ഥ മാണുള്ളത്. സുറിയാനി ക്രിസ്ത്യാനികൾക്ക് പേത്രത്താ ഞായറാഴ്ച

www.malankaralibrary.com

ഒരു പ്രധാന ദിവസമാണ്. അടുത്ത 50 ദിവസത്തേക്ക് മാംസവും മത്സ്യവും ഭക്ഷണക്രമീകരണങ്ങളിൽനിന്ന് ഉപേക്ഷിക്കേണ്ടതിനാൽ, പേത്രത്താ ദിവസം മത്സ്യമാംസാദികൾ ഭക്ഷിച്ച് ആ ജീവിതരീതി 'അവസാനിപ്പിക്കുക, പൂർത്തിയാക്കുക' എന്നതിന്റെയും, പുതിയ ഒരു ജീവിത ക്രമീകരണത്തിലേക്ക് തിരിച്ചു വരുന്നതിന്റെയും പ്രതീകമാണ് പേത്രത്താ. വലിയ നോമ്പിന്റെ ദിവസങ്ങൾ സ്വന്തം ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുന്നതിന്റെയും യഥാർത്ഥ അനുരഞ്ജനത്തിന്റെയും കാലമാണ്. അതുകൊണ്ടാണ് വലിയനോമ്പിന്റെ ആദ്യ തിങ്കളാഴ്ച്ച 'ശുബ്ക്കോനോ' (അനുരഞ്ജന ശുശ്രൂഷ) നടത്തി നോമ്പിലേക്ക് ഔദ്യോഗികമായി പ്രവേശിക്കുന്നത്. നോമ്പുകാലം അനുരഞ്ജനത്തിന്റെയും അനുതാപത്തിന്റെയും കാലമാകയാൽ വിശ്വാസികളെല്ലാവരും അനുരഞ്ജനകൂദാശ നടത്തി തങ്ങളെത്തന്നെ ശുദ്ധീകരിച്ച് നോമ്പുകാലത്തിന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ ഇടയാകേണ്ടതാണ്. "നോമ്പുകാലത്ത്, നമ്മുടെ ജീവിതാവസ്ഥയെക്കുറിച്ച് ധ്യാനിക്കാനും, നമ്മുടെ ജീവിതത്തെ പുതുതാക്കുവാൻ ശക്തമായ ശ്രമം നടത്താനും, നമ്മുടെ പാപങ്ങളെ എല്ലാറ്റിനുമുപരി വെറുത്തുപേക്ഷിക്കുവാനും പ്രാർത്ഥനയിലൂടെയും പശ്ചാത്താപത്തിലൂടെയും അവയിൽനിന്ന് വിമുക്തി നേടാനും സഭ നമ്മെ പ്രേരിപ്പിക്കുന്നു; കാരണം, നിരന്തരമായ പ്രാർത്ഥനയിലൂടെയും, നമ്മുടെ പാപങ്ങളെക്കുറിച്ചുള്ള അനുതാപത്തിലൂടെയുമാണ് നമുക്ക് ദൈവത്തിന്റെ സഹായം ലഭിക്കുന്നത്" (Mediator Dei, നമ്പർ 168).

കൊത്തിനെ ഞായറാഴ്ച മുതൽ ദു:ഖശനി (ഈസ്റ്ററിന് മുമ്പുള്ള ശനിയാഴ്ച) വരെയുള്ള കാലമാണ് വലിയനോമ്പുകാലം. ഈ കാലത്താണ്, വചനിപ്പ് തിരുനാളും (മാർച്ച് 25) ആഘോഷിക്കുന്നത്. വലിയനോമ്പിലെ ഓരോ ഞായറാഴ്ചയും യേശു പ്രവർത്തിച്ച അടയാളങ്ങളും സൗഖ്യങ്ങളുമാണ് സുവിശേഷവായനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**വലിയനോമ്പുകാലത്തെ ഏഴ് ഞായറാഴ്ചകൾ:**

1. കൊത്തിനെ ഞായർ - കാനായിൽ വെള്ളം വീഞ്ഞാക്കി മാറ്റിയ അടയാളം (യോഹ. 2:1-11).
2. ഗർബോ ഞായർ - കുഷ്ഠരോഗിയെ സുഖപ്പെടുത്തിയത് (ലൂക്ക 5:12-16)

www.malankaralibrary.com

3. മ്ശറിയോ ഞായർ - തളർവാതരോഗിയെ സുഖപ്പെടുത്തിയത് (മർക്കോ. 2:1-12).
4. ക്നാനയ്തോ ഞായർ- കനാൻകാരിയുടെ മകളെ സുഖപ്പെടുത്തിയത് (മത്താ. 15:21-28).
5. ക്പിഫ്തോ ഞായർ - കൂനിയെ സുഖപ്പെടുത്തിയത് (ലൂക്കാ 13:10-17).
6. സമിയോ ഞായർ - കുരുടനെ സുഖപ്പെടുത്തിയത് (യോഹ. 9:1-41).
7. ഓശാന ഞായർ (യോഹ. 12:12-19).

(വലിയനോമ്പിലെ നാലാം ഞായറിനുശേഷമുള്ള ബുധനാഴ്ച പകുതിനോമ്പും, ആറാം ഞായറിനുശേഷമുള്ള വെള്ളി നാല്പതാം വെള്ളിയായും ആചരിക്കുന്നു)

**4. ക്യംതാ (ഉയിർപ്പുകാലം)**

ഈസ്റ്റർ മുതൽ പെന്തക്കോസ്തിയ്ക്കു മുമ്പുള്ള ശനി വരെയുള്ള ഏഴ് ഞായറാഴ്ചകളാണ് ക്യംതാ കാലം. ആദിമസഭയിൽ ഉയിർപ്പുപെരുന്നാളിൽ സ്നാനം സ്വീകരിച്ചവർ അതിന്റെ പ്രതീകമായി ഈ കാലം മുഴുവൻ വെളുത്ത വസ്ത്രം ധരിച്ചിരുന്നു. അതിനാൽ ഈ കാലത്തെ ഹേവോറോ കാലമെന്നും (പ്രകാശത്തിന്റെ ദിവസങ്ങൾ/ വെൺമയുടെ ദിവസങ്ങൾ) എന്നും വിളിക്കുന്നു. ക്യംതാപെരുന്നാളിനു ശേഷമുള്ള ആദ്യഞായർ പുതുഞായറാഴ്ചയായും, നാല്പതാം ദിവസം കർത്താവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാളായും (സുലോക്കോ) ആചരിക്കുന്നു. സ്വർഗ്ഗാരോഹണത്തിനുശേഷമുള്ള പത്താം ദിവസമാണ് പെന്തിക്കോസ്തി.

**5. പെന്തിക്കോസ്തിക്കാലം**

പെന്തിക്കോസ്തി ഞായർ മുതൽ ഓഗസ്റ്റ് 5 വരെ പെന്തിക്കോസ്തിക്കാലമായി ആചരിക്കുന്നു. സെഹിയോൻ മാളികയിൽ പ്രാർത്ഥനയിൽ ചിലവഴിച്ച അപ്പസ്തോലന്മാരിൽ ഇറങ്ങി ആവസിച്ച പരിശുദ്ധാത്മ സംഭവത്തെയും സഭയുടെ സ്ഥാപനത്തെയും പെന്തിക്കോസ്തി ഓർമ്മിപ്പിക്കുന്നു. പെന്തിക്കോസ്തിക്കാലത്തെ ശ്ലീഹാക്കാലമെന്നും വിളിക്കുന്നു. കാരണം ഈ കാലത്താണ് ശ്ലീഹാനോമ്പും (ജൂൺ 16-29), പത്രോസിന്റെയും പൗലോസിന്റെയും

www.malankaralibrary.com

തിരുനാളും (ജൂൺ 29), തോമാശ്ലീഹായുടെ തിരുനാളും (ജൂലൈ 3) ഒക്കെ നാം ആഘോഷിക്കുന്നത്.

**6. തേജസ്ക്കരണകാലം**

തേജസ്ക്കരണ പെരുന്നാൾ ദിവസമായ ഓഗസ്റ്റ് 6 മുതൽ സെപ്റ്റംബർ 13 വരെയാണ് തേജസ്കരണകാലം. പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ കൂട്ടി യേശു താബോർമലയിൽ പോകുന്നതും അവിടെ നടന്ന രൂപാന്തരപ്പെടലുമാണ് ഇക്കാലയളവിൽ നാം ഓർക്കുന്നത്. വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും (ശൂനോയൊ തിരുനാൾ - ഓഗസ്റ്റ് 15), വി. ദൈവമാതാവിന്റെ ജനനതിരുനാളും (സെപ്റ്റംബർ 8) ഈ കാലയളവിൽ ആഘോഷിക്കപ്പെടുന്നു. യേശുവിന്റെ രൂപാന്തരീകരണവും, മനുഷ്യവംശത്തിന്റെ മഹത്വീകരണവുമാണ് ഈ കാലത്തിന്റെ പ്രധാന ചിന്താവിഷയം.

**7. സ്ലീബാക്കാലം (റൂമ്റോമോ ദസ്ലീബോ)**

സ്ലീബാപെരുന്നാൾ ദിവസമായ സെപ്റ്റംബർ 14 മുതൽ കൂദോശ് ഈത്തോ ഞായറിനു മുമ്പുള്ള ശനി വരെയുള്ള കാലമാണ് സ്ലീബാക്കാലം. ആരാധനക്രമവർഷത്തിലെ അവസാന കാലം. ഹെലേന രാജ്ഞി ക്രിസ്തുവിനെ ക്രൂശിച്ച കുരിശ് കണ്ടെത്തിയതിന്റെയും അത് സ്ഥാപിച്ചതിന്റെയും ഓർമ്മയാചരിക്കുന്ന സ്ലീബാപെരുന്നാളോടുകൂടിയാണ് സ്ലീബാക്കാലം ആരംഭിക്കുന്നത്. ദൈവസ്നേഹത്തിന്റെയും മനുഷ്യരക്ഷയുടെയും അടയാളമായ സ്ലീബായും അതുമായി ബന്ധപ്പെട്ട ചിന്തകളുമാണ് ഈ കാലയളവിൽ അനുസ്മരിക്കുക.

www.malankaralibrary.com

അധ്യായം 2

# തിരുനാളുകൾ

തിരുനാൾ ആഘോഷങ്ങൾക്കും മതപരമായ കർമ്മങ്ങൾക്കും മനുഷ്യകുലത്തോളം പഴക്കമുണ്ട്. അത്തരം ആഘോഷങ്ങളും ആചരണങ്ങളും, ദൈവത്തോടുള്ള മനുഷ്യന്റെ കൃതജ്ഞതയും ബഹുമാനവും, ജീവിതത്തിന്റെ സന്തോഷവും, സാമൂഹികമായ അവന്റെ കൂട്ടായ്മയും പ്രകടിപ്പിക്കാനുള്ള അവസരങ്ങളായാണ് ആദിമ കാലംമുതൽ മനസ്സിലാക്കിയിരുന്നത്. അതിനാൽ അവയ്ക്ക് സഭാത്മകവും മതപരവുമായ ഒരു മാനം ഉണ്ടായിരുന്നു. അതുകൊണ്ടാണ് തിരുനാളുകളോടനുബന്ധിച്ച്, ബലികളും തിരുക്കർമ്മങ്ങളും നേർച്ചകാഴ്ചകളും അർപ്പിക്കുന്ന പാരമ്പര്യം വിശ്വാസികൾ കാത്തു സൂക്ഷിച്ചത്. യഹൂദർ അവരുടെ തിരുനാളുകളിൽ, യഹോവയുടെ രക്ഷാകര പ്രവൃത്തികളെയും അവരുടെ ജീവിതത്തിലെ യഹോവയുടെ ഇടപെടലുകളെയും കൃതജ്ഞതയോടെ അനുസ്മരിക്കുവാനുള്ള അവസരമായി കണ്ടിരുന്നു. യഹൂദന്മാരുടെ ഇത്തരത്തിലുള്ള തിരുനാൾ ആഘോഷങ്ങളും അവരുടെ പ്രാർത്ഥനാശൈലിയും ജീവിതരീതിയും ആദിമ ക്രൈസ്തവരെയും അവരുടെ തിരുനാളാഘോഷങ്ങളെയും ഏറെ സ്വാധീനിച്ചിരുന്നു.

ക്രിസ്തീയ പാരമ്പര്യത്തിൽ പൊതുവേ നാല് ഗണത്തിലുള്ള തിരുനാളുകൾ ഉണ്ട്:

**1. കർത്താവിന്റെ പെരുന്നാളുകൾ (മാറാനായ പെരുന്നാളുകൾ)**

കർത്താവിന്റെ ജീവിതവും രക്ഷാകര സംഭവങ്ങളുമായി ബന്ധപ്പെട്ട പെരുനാളുകളാണ് 'മാറാനായ പെരുന്നാളുകൾ' എന്ന പേരിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ആഘോഷിക്കുന്നത്. മാറാനായ എന്ന വാക്ക് 'മൊറിയൊ' (കർത്താവ്), മോറാൻ എന്ന സുറിയാനി വാക്കുകളുമായി ബന്ധപ്പെട്ടാണ് ഉപയോഗിക്കുക. കർത്താവിന്റെ ജീവിതവുമായി ബന്ധപ്പെട്ട പെരുനാളുകൾ എന്ന അർത്ഥത്തിലാണ് 'മാറാനായ' എന്ന വാക്ക് ഉപയോഗിക്കുക. കർത്താവിന്റെ ജനനം (യൽദാ), കർത്താവിന്റെ മാമ്മോദീസ (ദനഹാ), കർത്താവിന്റെ ദേവാലയപ്രവേശനം (മായൽത്തോ), കർത്താവിന്റെ ഉത്ഥാനം (ക്യംതോ), കർത്താവിന്റെ സ്വർഗ്ഗാരോഹണം (സൂലോക്കോ), കർത്താവിന്റെ ആത്മാവിനെ അയയ്ക്കുന്ന പെന്തിക്കോസ്തി, കർത്താവിന്റെ തേജസ്ക്കരണം (മ്താലേ) എന്നിവയാണ് മാറാനായ പെരുനാളുകളായി

www.malankaralibrary.com

സഭയിൽ നാം ആചരിക്കുന്നത്. എല്ലാ ഞായറാഴ്ചകളും ഒരർത്ഥത്തിൽ മാറാനായ പെരുന്നാളുകളാണ്, കാരണം ഞായറാഴ്ചകളിൽ ക്രിസ്തുവിന്റെ ഉയിർപ്പിനെയാണ് നാം അനുസ്മരിക്കുന്നത്. പെന്തക്കോസ്തിനാളിൽ പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെമേൽ ഇറങ്ങിവന്നതും ഞായറാഴ്ചയാണ്.

**2. വി. ദൈവമാതാവിന്റെ തിരുനാളുകൾ**

വി. ദൈവമാതാവിന്റെ ജീവിതവുമായി ബന്ധപ്പെട്ട ധാരാളം തിരുനാളുകൾ നാം ആണ്ടുവട്ടത്തിൽ ആഘോഷിക്കുന്നു. അതിൽ പ്രധാനപ്പെട്ടവയാണ് വി. ദൈവമാതാവിന്റെ ജനനം (സെപ്റ്റംബർ 8), വി. ദൈവമാതാവിന്റെ അമലോത്ഭവതിരുനാൾ (ഡിസംബർ 8), വി. ദൈവമാതാവിന്റെ പുകഴ്ച (ഡിസംബർ 26), വിത്തുകളെപ്രതി വി. ദൈവമാതാവിന്റെ ഓർമ്മ (ജനുവരി 15), വി. ദൈവമാതാവിനോടുള്ള വചനിപ്പ് (മാർച്ച് 25), കതിരുകളെപ്രതി വി. ദൈവമാതാവിന്റെ ഓർമ്മ (മെയ് 15), വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ (ഓഗസ്റ്റ് 15) മുതലായവ.

**3. അപ്പസ്തോലന്മാരുടെ തിരുനാളുകൾ**

ആണ്ടുവട്ടത്തിൽ കർത്താവിന്റെ അപ്പസ്തോലന്മാരെ അനുസ്മരിച്ചുകൊണ്ടുള്ള വിവിധ തിരുനാളുകളും നാം നടത്തുന്നു. 12 അപ്പസ്തോലന്മാരെയും പൗലോസ് ശ്ലീഹായെയും അനുസ്മരിച്ച് ജൂൺ 16 മുതൽ 29 വരെ 13 നോമ്പ് ആചരിക്കുന്നു. ജൂലൈ 3-ാം തീയതി ഭാരതത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹായുടെ തിരുനാൾ പ്രത്യേകം ആഘോഷിക്കുന്നു. മറ്റ് അപ്പസ്തോലന്മാരുടെ തിരുനാളുകളും കലണ്ടറിൽ സൂചിപ്പിക്കുന്ന പ്രകാരം നാം ആഘോഷിക്കുന്നു.

**4. വിശുദ്ധരുടെയും രക്തസാക്ഷികളുടെയും തിരുനാളുകൾ**

മേൽപ്പറഞ്ഞ മൂന്ന് ഗണത്തിലുള്ള തിരുനാളുകൾക്കു പുറമേ, ആണ്ടുവട്ടത്തിൽ അനേകം വിശുദ്ധരുടെയും രക്തസാക്ഷികളുടെയും തിരുനാളുകളും നാം ആഘോഷിക്കുന്നു. ദിവ്യരക്ഷകനോട് ചേർന്ന് പുണ്യങ്ങളിൽ ജീവിച്ച്, സുവിശേഷത്തിനുവേണ്ടിയും യേശുക്രിസ്തുവിനുവേണ്ടിയും മരിച്ച വിശുദ്ധരുടെ പുണ്യ ജീവിതം വിശ്വാസികൾക്ക് അനുകരിക്കുവാനും മാതൃകയാക്കുവാനുംവേണ്ടിയാണ് അവരുടെ തിരുനാളുകൾ ആഘോഷിക്കുക. വിശുദ്ധന്മാരുടെ ജീവിതത്തിൽ, യേശുവിന്റെ കരുണയുടെ മുഖവും വിശുദ്ധ ജീവിതവുമാണ് നാം കാണുക.

www.malankaralibrary.com

അവർ യേശുവിനെ അനുകരിച്ച് ജീവിച്ചതുപോലെ, നാമും യേശുവിനെ അനുകരിക്കുവാനും വിശുദ്ധ ജീവിതം നയിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നുവെന്നും, വിശുദ്ധരിൽ കാണുന്ന പ്രേഷിത തീഷ്ണതയും, രക്തം ചൊരിഞ്ഞുപോലും യേശുവിനുവേണ്ടി ജീവിക്കുവാനുള്ള ധീരതയും, ആത്മാവിന്റെ വെടിപ്പും, എളിമയോടും വിശുദ്ധിയോടും കൂടെയുള്ള ജീവിതവും, ദൈവത്തിനും ദൈവജനത്തിനുവേണ്ടി കത്തി ജ്വലിക്കുന്ന സ്നേഹവും തിരുനാൾ ആഘോഷത്തിലൂടെ മാതൃകയാക്കണമെന്ന് സഭ നമ്മെ ഓർമ്മിപ്പിക്കുന്നു. (Mediator Dei. nos 178, 79, cf. also CCC 1173).

പെരുനാളുകൾ ഭക്തിയോടെയും വിശുദ്ധിയോടെയും ലളിതമായും ആചരിക്കണം. പെരുനാളിന്റെ ഉദ്ദേശം എന്താണ് എന്ന് ക്യംതാപെരുനാളിന്റെ രാത്രിപ്രാർത്ഥന രണ്ടാം കൗമയിൽ മാർ അപ്രേമിന്റെ ബോവൂസായിൽ പറയുന്നു. 1. ഇപ്പെരുനാളിൽ കർത്താവേ, കാരുണ്യം ചെയ്ഞങ്ങൾമേൽ 2. നിൻ കോപത്തെ നീക്കേണം 3. നിർമ്മലരാകേണം ഞങ്ങൾ 4. തരണം ഞങ്ങൾക്കുൾ വെൺമ 5. ഹാലേലൂയ്യ പാടാൻ ഞങ്ങൾക്കേകീടേണം ശുദ്ധി 6. സ്തുതി പെരുനാൾക്കീശനും മുടിയവയെ അണിയിപ്പോനും 7. നൽകീടേണം പുണ്യം ഞങ്ങൾക്കും വാങ്ങിപ്പോയോർക്കും.

## നമ്മുടെ കർത്താവിന്റെ മഹത്തായ പെരുന്നാളുകൾ (മാറാനായ പെരുന്നാളുകൾ)

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ മാറാനായ പെരുന്നാളുകളായി ഏഴ് പെരുന്നാളുകളുണ്ട്: മാറാനായ പെരുന്നാളുകളിൽ യേശുക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ നാം അനുസ്മരിക്കുന്നു - ജനനം (യൽദോ), സ്നാനം (ദനഹോ), ദേവാലയ പ്രവേശനം (മായൽത്തോ), ഉത്ഥാനം (ക്യംതോ), സ്വർഗ്ഗാരോഹണം (സുലോക്കോ), പെന്തക്കോസ്തി, തേജസ്കരണം (മ്താലേ) മലങ്കര സഭയുടെ ആരാധനക്രമവത്സരത്തെ താങ്ങി നിർത്തുന്ന ഏഴ് പ്രധാന തൂണുകളാണ് മാറാനായ പെരുന്നാളുകൾ.

### 1. യൽദോ (ക്രിസ്തുമസ് - മനുഷ്യാവതാരപ്പെരുന്നാൾ)

ഈ തിരുനാളിന്റെ ആരാധനക്രമനാമം സുറിയാനിയിൽ യൽദോ (കർത്താവിന്റെ ജനനം - മനുഷ്യാവതാരപ്പെരുന്നാൾ) എന്നറിയപ്പെടുന്നു. ക്രിസ്തുവിന്റെ ജനനത്തീയതി ഡിസംബർ 25-നാണ് എന്ന

www.malankaralibrary.com

തിനുള്ള തെളിവ് ആദ്യമായി കണ്ടെത്തിയത് എഡി 354-ലെ ഡെപ്പോസിത്തിയോ മർത്തീരും (Depositio Martyrum) എന്ന റോമൻ ക്രോണോഗ്രാഫിലാണ്. അക്കാലത്തെ മഹാന്മാരുടെ ജനനത്തിന്റെയും മരണത്തിന്റെയും തീയതികൾ കുറിച്ചിട്ടുള്ള ക്രോണോഗ്രാഫാണ് അത്. അതിൽ യേശുക്രിസ്തുവിന്റെ ജനനം, യഹൂദിയായിലെ ബെത്‌ലഹേമിൽ ഡിസംബർ 25 നായിരുന്നു എന്ന് സൂചിപ്പിക്കുന്നു.

ക്രിസ്തുമസിന്റെ ദൈവശാസ്ത്രപരമായ പ്രാധാന്യം: കന്യകാമറിയത്തിൽനിന്ന് മനുഷ്യനായി അവതരിച്ച യേശുവിന്റെ ജനനം, ഇടയന്മാരുടെ സന്ദർശനം, കാഴ്ചയർപ്പണം, ജ്ഞാനികളുടെ സന്ദർശനം എന്നിവയാണ് ജനനപ്പെരുനാൾ പ്രാർത്ഥനകളുടെ കേന്ദ്ര ആശയങ്ങൾ. ക്രിസ്തുമസ് ശുശ്രൂഷയിലെ പ്രാർത്ഥനകളും ഗീതങ്ങളും ഈ ആശയങ്ങൾ വ്യക്തമായി അവതരിപ്പിക്കുന്നു.

യേശുവിന്റെ ജനനപ്പെരുന്നാളിനെ (യൽദാ പെരുന്നാൾ) മനുഷ്യാവതാരപ്പെരുന്നാൾ എന്നാണ് സുറിയാനി സഭാപിതാക്കന്മാർ വിളിച്ചിരുന്നത്. ദൈവപുത്രനായ യേശു ശരീരം ധരിച്ച്, മനുഷ്യസ്വഭാവം സ്വീകരിച്ച്, മനുഷ്യനായി തീർന്ന്, ത്രിത്വത്തിലെ രണ്ടാമത്തെ ആളായി അവതരിച്ചു എന്ന അർത്ഥത്തിലാണ്, സഭാപിതാക്കന്മാർ മനുഷ്യാവതാരപ്പെരുന്നാൾ എന്ന് വിളിച്ചിരുന്നത്. മനുഷ്യാവതാരത്തിലൂടെ യേശു ഒരേ സമയം പൂർണ ദൈവവും പൂർണ മനുഷ്യനുമായിത്തീർന്നു.

**മനുഷ്യാവതാരചിന്തകൾ യൽദാ പ്രാർത്ഥനയിൽ**

1. മാതാവിന്റെ കന്യാത്വത്തിന് ഊനം വരാതെ ജാതം ചെയ്തവൻ (യൽദാ പെരുന്നാൾ, പെരുന്നാളുകൾ പേജ് 4). കന്യകയായി സ്ഥിതി ചെയ്തുകൊണ്ടുതന്നെ ശിശുവിനെ പ്രസവിച്ചവൾ... പുരുഷ സംബന്ധംകൂടാതെ ഉണ്ടായ പുത്രൻ (പേജ് 46). ജനനംകൊണ്ട് മാതാവിന്റെ കന്യാവ്രതത്തിനോ, മുദ്രയ്ക്കോ ഭംഗം വരുത്തിയില്ല (പേജ് 81).
2. ശാശ്വതനാം താതനിൽനിന്ന് ഉത്ഭൂതനായവനും, കാലത്തികവിൽ മറിയാമിൽനിന്ന് ജനിച്ചവനും (പേജ് 38).
3. തന്റെ ജനനത്താൽ വാനവരെയും മാനവരെയും സന്തോഷിപ്പിച്ചു (പേജ് 4), സ്വർഗ്ഗീയരെയും ഭൗമികരെയും രമ്യപ്പെടുത്തി (പേജ് 41), ഉന്നത സ്വർഗ്ഗത്തിൽനിന്നും ഭൗമികരെ ദൈവത്തോട് രഞ്ജിപ്പിക്കാൻ പ്രേഷിതനായി വന്നു (പേജ് 49, 80). മാനവവംശം രക്ഷി

www.malankaralibrary.com

ക്കാൻ ഹിതമൊടു താണെത്തി നരനായോനെ...... (പേജ് 48). സൃഷ്ടികളെ രക്ഷിപ്പാൻ ദാവീദിൻ സുതയീന്നും സംജാതൻ മിശിഹായെ (പേജ് 49).

4. തിരുവിഷ്ടപ്രകാരം കന്യകയുടെ ഉദരത്തെ ശുദ്ധീകരിച്ച് യേശു അതിലിറങ്ങി വസിച്ചു (പേജ് 43).

5. മനുഷ്യരെ തന്റെ മഹത്വത്തിൽ പങ്കുകാരാക്കുവാൻ മഹിമയുടെ ശ്രേഷ്ഠ രൂപമായവൻ മനുഷ്യസാദൃശ്യത്തിൽ കാണപ്പെട്ടു (പേജ് 50). മനുഷ്യാവതാരം ചെയ്ത യേശുവിനെപ്പറ്റി ധാരാളം വിശേഷണങ്ങളും യൽദാപ്രാർത്ഥനകളിൽ നാം കാണുന്നു:

   കന്യകയുടെ നിർമലമായ ഉദരത്തിൽനിന്ന് ജനിച്ചവൻ (പേജ് 46) പിതാവിന്റെ ഏകജാതൻ (പേജ് 10) ശിശുവായി ഉദയം ചെയ്തവൻ (പേജ് 10,11,12,13) കിരണം തിങ്ങും കതിരവൻ (പേജ് 49) കന്യകയിൽനിന്ന് ഉദയം ചെയ്തവൻ (പേജ് 11) ലോകങ്ങളെ ദഹിപ്പിക്കുവാൻ കഴിവുള്ള ജ്വാല (പേജ് 40) മനുഷ്യനായി അവതരിച്ചവൻ (പേജ് 10) വിസ്മയനീയ ശിശു (പേജ് 11,12) അത്ഭുത ശിശു (പേജ് 11,12,17,36,70) ദിവ്യാഗ്നിയായ ശിശു, നിഗൂഢ ശിശു (പേജ് 11) വത്സല ശിശു (പേജ് 12) സത്യശിശു (പേജ് 12) പ്രബലനായ ശിശു, രക്ഷകനായ ശിശു (പേജ് 13,36) ദൈവിക ശിശു (പേജ് 13) താതൻ കിരണമാം ശിശു (പേജ് 36) കൈകൾ കൂടാതെ വെട്ടപ്പെട്ട ശില (പേജ് 12) സകല സൃഷ്ടികളുടെയും രക്ഷകൻ (പേജ് 12) ഇന്നുളവായ മഹാശ്ചര്യം (പേജ് 18) ജഗതീ രക്ഷകൻ (പേജ് 38) ദൈവത്തിന്റെ ജീവകുഞ്ഞാട് (പേജ് 40) മനുഷ്യപുത്രൻ (പേജ് 40) സ്വന്തം ശ്രേഷ്ഠതയുടെ ഔന്നത്യത്തെ വിട്ട് എളിമയിലേക്ക് ഇറങ്ങി വന്നവൻ (പേജ് 42) സകലത്തെയും ജീവിപ്പിക്കുന്നവൻ (പേജ് 42) നിഗൂഢനായിരിക്കെ തലമുറയ്ക്ക് വെളിപ്പെട്ടവൻ (പേജ് 42) സ്വഭാവത്തിൽ ഉന്നതനായിരിക്കെ താഴ്ന്നവനായി തീർന്നവൻ (പേജ് 43) അത്യുന്നതന്റെ ആദ്യ ജാതനായിരിക്കെ, മറിയാമിന്റെയും ആദ്യ ജാതനായി തീർന്നവൻ (പേജ് 43) ദൈവികശിശുവായിരിക്കെ യൗസേപ്പിന്റെ മകനെന്നു വിളിക്കപ്പെട്ടവൻ (പേജ് 43) സ്വഭാവപ്രകാരം ദൈവമായിരിക്കുമ്പോൾതന്നെ, തിരുവിഷ്ടപ്രകാരം മനുഷ്യനായി തീർന്നവൻ (പേജ് 43) പ്രഭാപൂർണനായ സൂര്യൻ (പേജ് 50).

**മനുഷ്യാവതാരത്തിന്റെ ദൈവശാസ്ത്ര ചിന്തകൾ**

**1. യേശുവിന്റെ മനുഷ്യാവതാരം ഒരു മഹാ രഹസ്യം:** യേശുവിന്റെ

www.malankaralibrary.com

മനുഷ്യാവതാരത്തിന്റെ മഹാരഹസ്യം, ദൈവത്തിന്റെ സ്വയം ശൂന്യ വല്ക്കരണത്തിലൂടെയുള്ള സ്നേഹത്തിന്റെ സ്വയം വെളിപ്പെടുത്ത ലാണ്. ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചത് അവിടുത്തെ വെളിപ്പെടുത്തു ന്നതിനാണ്. പ്രപഞ്ചത്തിന്റെ സൃഷ്ടിയും, യേശുവിന്റെ മനുഷ്യാവ താരവും ദൈവത്തിന്റെ ശൂന്യവല്ക്കരണത്തിന്റെയും വെളിപ്പെടുത്ത ലിന്റെയും രണ്ട് പ്രധാന മുഹൂർത്തങ്ങളാണ്.

2. **യേശുവിന്റെ മനുഷ്യാവതാരം മനുഷ്യകുല ചരിത്രത്തിലെ ഏറ്റവും വലിയ അത്ഭുതം.** കന്യകയിൽനിന്ന് പിറന്നതും, ഒരേ വ്യക്തി യിൽതന്നെ പൂർണ ദൈവത്വവും പൂർണ മനുഷ്യത്വവും ആയിരിക്കു ന്നതും അത്ഭുതമാകുന്നു. "ഒമ്പതു മാസം" ഉദരത്തിൽ പാർത്തിട്ടും, മാതാവിന്റെ കന്യാമുദ്രയ്ക്ക് കേടൊന്നും വരാത്തതിനാൽ അവിടുത്തെ ജനനം അത്ഭുതമാകുന്നു. ദൈവമായിരുന്നിട്ടും, നമ്മെ രക്ഷിക്കാൻ മനുഷ്യരൂപം പൂണ്ടവൻ അത്ഭുതമാകുന്നു. മുപ്പതു വർഷം ഭൂമിയിൽ മനുഷ്യർക്കായി ജീവിച്ച് കഷ്ടതയേറ്റ്, മരണം രുചിച്ചത് അത്ഭുതമാ കുന്നു. മൂന്ന് ദിവസം കബറിൽ പാർത്ത്, ഉത്ഥാനം ചെയ്ത്, സ്വർഗ്ഗാ രോഹണം ചെയ്തതും അത്ഭുതമാകുന്നു. ശരീരത്തിൽ പൂർണമായി വസിച്ച പുത്രന്റെ മഹത്വം അത്ഭുതമാകുന്നു. ആകാശവും ഭൂമിയും നിന്നാൽ പൂർണമായി നിറഞ്ഞിരിക്കെ ഗുഹയിൽ കിടന്നതിനാൽ അത്ഭുതമാകുന്നു, നിത്യനും സമാരാധ്യനും അപരിമേയനുമായിരിക്കെ കന്യകയുടെ മടിയിൽ ഒതുങ്ങിയിരുന്നതിനാൽ അത്ഭുതമാകുന്നു. ദൈവമായിരിക്കെ മനുഷ്യനായി തീർന്നതിനാൽ അത്ഭുതമാകുന്നു. സ്വജനനത്താൽ രമ്യതയും സമാധാനവും വിതച്ചതിനാൽ അത്ഭുതമാ കുന്നു. സ്വർഗ്ഗീയരേയും ഭൗമീകരേയും സന്തോഷിപ്പിക്കുകയും അവരുടെ മധ്യത്തിൽ സ്ഥിതി ചെയ്തിരുന്ന വേലി പൊളിച്ചു കളയു കയും ചെയ്തതിനാൽ അത്ഭുതമാകുന്നു. സൃഷ്ടിയിൽ പ്രകാശം ഉദി പ്പിക്കുകയും, സകല ദിക്കുകളിൽനിന്നും അന്ധകാരത്തെ അകറ്റുകയും ചെയ്തതിനാൽ അത്ഭുതമാകുന്നു. ഭൂതലത്തിൽ യോജിപ്പും സമാധാ നവും സംസ്ഥാപിച്ചതിനാൽ അത്ഭുതമാകുന്നു. സ്വയം ശിശുവായി വെളിപ്പെടുത്തിയ ദൈവം അത്ഭുതമാകുന്നു". ഇപ്രകാരം അത്ഭുതമാ കുന്ന യേശുവിന്റെ മനുഷ്യാവതാരത്തെപ്പറ്റി യൽദാപ്പെരുന്നാളിന്റെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ധാരാളം നാം കാണുന്നു (പേജ് 11,12,13,15,18,41,44,48,64,65,68,69,82). ശ്ഹീമോ പ്രാർത്ഥനയിൽ നാം ഇപ്ര കാരം കാണുന്നു: "അത്ഭുതമേ പെറ്റാൾ കന്യ, ദൈവത്തെ മാനവരോ ടൊന്നിപ്പിച്ചവനാം വചനേശൻ തന്നെ. അത്ഭുതമേ ജ്വാലയണിഞ്ഞോൻ മാനവ ഗാത്രമതും പൂണ്ടു നരനായ് തീർന്നു ജാതം ചെയ്തല്ലോ. അത്ഭു

www.malankaralibrary.com

തമേ ഒൻപതുമാസം വാണുദരത്തിൽ ജനനീവൃത മുദ്രയ്ക്കൂനം ചേരാതിഹ വന്നാൻ....'' (ശ്ഹീമോ, ശുബ്ഹോ, ബുധൻ മൂന്നാം മണി, പേജ് 147).

**3. യേശുവിന്റെ ജനനം, അവിടുത്തെ ഉത്ഥാനത്തെയും നന്നായി മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു.** രക്ഷകൻ, മനുഷ്യനായി പിറന്ന ദൈവപുത്രനാണന്നും, ഒരേ സമയം ദൈവവും മനുഷ്യനുമാണെന്നും, മനുഷ്യാവതാരത്തിലൂടെ പൂർണ മനുഷ്യനാണെന്നും, ഉത്ഥാനത്തിലൂടെ പൂർണ ദൈവമാണെന്നും വ്യക്തമാകുന്നു.

**4. യേശുവിന്റെ മനുഷ്യാവതാരം മനുഷ്യകുലവുമായുള്ള താദാത്മ്യപ്പെടലാണ്.** മറ്റ് ഏതൊരാളെയുംപോലെ, തന്റെ മാതാവിന്റെ ഉദരത്തിൽ യേശു മനുഷ്യജീവിതം ആരംഭിച്ചു. അവളിൽനിന്ന് ജനിച്ചു. മറ്റ് ആരെയുംപോലെ മനുഷ്യനായി ജീവിച്ചു. ഉദരം മുതൽ കല്ലറ വരെ (from womb to tomb), മനുഷ്യവർഗവുമായി, യേശു ജീവന്റെയും മരണത്തിന്റെയും അനുഭവം പങ്കുവച്ചു. ഈ അർത്ഥത്തിലാണ് സുറിയാനി സഭാപിതാക്കന്മാർ, യേശുവിന്റെ മനുഷ്യാവതാരത്തെ, യേശുവും മനുഷ്യകുലവുമായുള്ള വിവാഹം ആയി പ്രതീകപ്പെടുത്തുന്നത് (Incarnation of Christ is symbolised as the 'marriage' of Christ with the human race). വിവാഹത്തിൽ നാം കാണുന്ന ഐക്യവും കൂട്ടായ്മയും (union & communion) അതിന്റെ പൂർണതയിൽ മനുഷ്യാവതാരത്തിലൂടെ, യേശു മനുഷ്യകുലവുമായി ഊട്ടിയുറപ്പിച്ചു.

**5. മനുഷ്യാവതാരം ചെയ്ത യേശുവിനെ സൂര്യനോടാണ്** (Incarnated Christ is depicted as Sun) സഭാ പിതാക്കന്മാർ ഉപമിക്കുന്നത്. തന്റെ പ്രകാശംകൊണ്ട് ലോകത്തെയും മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സൂര്യനാണ് യേശു. "പ്രഭാപൂർണനായ സൂര്യനായവൻ മനുഷ്യകുലത്തെ സന്ദർശിക്കുവാൻ ലോകത്തിലേക്ക് ഇറങ്ങി വന്നു. പ്രകാശങ്ങളുടെ നാഥനായവൻ സൂര്യനെപ്പോലെ ശോഭയോടുകൂടി ഉദിക്കുകയും ശ്രേഷ്ഠമായ ഉദയത്താൽ സകല സൃഷ്ടികളെയും പൂർണമായി പ്രകാശിപ്പിക്കുകയും ചെയ്തു. തന്റെയും പിതാവിന്റെയും ജീവനുള്ള പരിശുദ്ധാത്മാവിന്റെയും തിരുവിഷ്ടത്താൽ ഉദയം ചെയ്ത്, സൃഷ്ടിയുടെ അടുത്തേക്ക് വന്നു''. നമ്മുടെ പ്രാർത്ഥനകളിൽ അനേക പ്രാവശ്യം ഇക്കാര്യം സൂചിപ്പിക്കുന്നു (പേജ് 11,12,13,49,50,66,67,70,80).

**6. യേശുവിന്റെ മനുഷ്യാവതാരം, ലോകത്തിന് പ്രത്യാശയും സമാധാനവും ഐക്യവും പകർന്നു നല്കി.** ആദ്യ മനുഷ്യനായ ആദത്തിന്റെ പാപത്തിലൂടെ നഷ്ടപ്പെട്ട ദൈവ-മനുഷ്യബന്ധം വീണ്ടെടുക്കുവാനും, സ്വർഗ്ഗവും ഭൂമിയും തമ്മിലുണ്ടായിരുന്ന അകലം കുറയ്ക്കു

www.malankaralibrary.com

വാനും യേശുവിന്റെ മനുഷ്യാവതാരത്തിലൂടെ ഇടയായി. തീയുഴലിച്ച ശുശ്രൂഷയുടെ സെദറാ പ്രാർത്ഥനയിൽ ഈ ചിന്തകൾ നാം കാണുന്നു (പേജ് 68,70,81).

**7. യേശുവിന്റെ മനുഷ്യാവതാരം രക്ഷാകരവും ജീവദായകവുമാണ്.** മനുഷ്യാവതാരത്തിന്റെ രക്ഷാകര മാനത്തെക്കുറിച്ച് ജനനപ്പെരുന്നാളിന്റെ സന്ധ്യാപ്രാർത്ഥനയിലെ സെദറായിലും പല പ്രാർത്ഥനകളിലും നാം കാണുന്നു (പേജ് 10–13). ദൈവപിതാവിന്റെ പദ്ധതിയായ ക്രിസ്തുവിന്റെ മനുഷ്യാവതാരം രക്ഷാകരവും ജീവദായകവുമാണ്.

**8. യേശുവിന്റെ മനുഷ്യാവതാരം ദൈവത്തിന്റെ വാഗ്ദാനത്തിന്റെയും പ്രവചനങ്ങളുടെയും പൂർത്തീകരണമാണ്.** മനുഷ്യാവതാരം ആകസ്മികമായോ അപ്രതീക്ഷിതമായോ സംഭവിച്ച ഒന്നല്ല. മറിച്ച് പഴയനിയമ പ്രവചനങ്ങളുടെയും ദൈവത്തിന്റെ വാഗ്ദാനത്തിന്റെയും പൂർത്തീകരണമാണ് (പേജ് 38,46,80).

**9. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ**

'ദൈവം സ്നേഹമാകുന്നു' (1യോഹ. 4:16) എന്ന വെളിപ്പെടുത്തലിന്റെ പാരമ്യമാണ് കിസ്തുവിന്റെ മനുഷ്യാവതാരത്തിൽ നാം കാണുക. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ ദൈവികതയുടെയും മാനുഷികതയുടെയും ഐക്യം നാം കാണുന്നു. മനുഷ്യകുലത്തോടുള്ള യേശുക്രിസ്തുവിന്റെ ഐക്യമാണ് മനുഷ്യാവതാരം. യേശുക്രിസ്തു ദൈവമായിരുന്നിട്ടും മനുഷ്യസ്വഭാവം സ്വീകരിച്ചു. കന്യകയായ തന്റെ അമ്മയുടെ ഉദരത്തിൽ മനുഷ്യജീവിതം ആരംഭിച്ചു. അവളിൽനിന്ന് ജാതനായി. പാപമൊഴികെ എല്ലാറ്റിലും നമ്മെപ്പോലെ മനുഷ്യനായി ജീവിച്ചു (ഹെബ്ര. 4:15). മനുഷ്യാവതാര രഹസ്യം ദൈവത്തിന്റെ ശുന്യവത്ക്കരണസ്നേഹത്തിന്റെ വെളിപ്പെടുത്തലാണ്.

**മനുഷ്യാവതാരപ്പെരുന്നാളിനോടനുബന്ധിച്ചുള്ള നോമ്പാചരണത്തിന്റെ പ്രസക്തി**

പെരുന്നാളുകൾ യോഗ്യമായും വിശുദ്ധമായും ആചരിക്കുന്നതിന് നമ്മെ ഒരുക്കുന്നതാണ്, പെരുന്നാളിനു മുമ്പായി നാം അനുഷ്ഠിക്കുന്ന നോമ്പുകാലം. അത് വിശുദ്ധീകരണത്തിന്റയും ഒരുക്കത്തിന്റെയും കാലമാണ്. നോമ്പുകാലത്ത് നാം നേടുന്ന വിശുദ്ധിയാണ് പെരുന്നാളിലൂടെ പ്രാപിക്കുവാനിരിക്കുന്ന അനുഗ്രഹത്തിന്റെ മാനദണ്ഡം. നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് യൽദാ നോമ്പിന്റെ ആരംഭം.

www.malankaralibrary.com

പിന്നീട് 567 ൽ നടന്ന Council of Toursൽ നോമ്പാചരണം ആദ്യം സന്ന്യാസികൾക്കും, തുടർന്ന് വിശ്വാസികൾക്കും നിർബന്ധമാക്കി. ആറാം നൂറ്റാണ്ടിൽ, ആറ് ആഴ്ച നീളുന്ന നോമ്പാചരണമായി ആരംഭിച്ചപ്പോൾ, സുറിയാനിസഭയും പൗരസ്ത്യസഭകളും നാല്പതു ദിവസമായി ആചരിക്കുവാൻ തുടങ്ങി. പിന്നീട് പാശ്ചാത്യസഭയുടെ സ്വാധീനത്തിൽ, ക്രിസ്തുമസിനു മുമ്പുള്ള ഇരുപത്തഞ്ച് ദിവസമായി പൗരസ്ത്യ പാരമ്പര്യത്തിലും ആചരിച്ചു തുടങ്ങി. കർത്താവിന്റെ മനുഷ്യാവതാരപ്പെരുന്നാൾ സജീവമായും വിശുദ്ധമായും ആചരിക്കുന്നതിനായുള്ള ആത്മീയ ഒരുക്കമാണ് ഇരുപത്തഞ്ച് നോമ്പ്. ഇരുപത്തഞ്ചുനോമ്പിന്റെ സന്ധ്യാപ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. "ദൈവമേ, ഞങ്ങളുടെ പിതാവായ ആദാം വിലക്കപ്പെട്ട ഫലം ഭക്ഷിച്ചതിനാൽ, മനുഷ്യജാതിക്കുണ്ടായ ആപത്തിനെ തീർക്കുവാനായി നിന്റെ പ്രിയപ്പെട്ട ഏക പുത്രനെ കരുണയോടെ മനുഷ്യാവതാരത്തിന് നീ കല്പിച്ചയച്ചുവല്ലോ... രക്ഷാകരമായ ആ ജനനപെരുന്നാളിനായി ആചരിക്കുന്ന നോമ്പ്.... ആകൽക്കറുസായെ ജയിക്കുവാൻ തോല്ക്കാത്ത ആയുധമായി നല്കിയിരിക്കുന്നു..... രക്ഷാകരമായ ജനനപെരുന്നാളിലേക്ക് നോമ്പ് എന്ന വലിയ ആയുധം ധരിച്ച് ഞങ്ങൾ ഓടുന്നു... മനുഷ്യാവതാരത്തിന് നിന്റെ പുത്രനെ അയയ്ക്കുവാൻ തക്കവണ്ണം നിനക്ക് ഞങ്ങളോട് കരുണ ഉണ്ടായി... പ്രഭാതപ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. "നോമ്പും പ്രാർത്ഥനയും കൊണ്ടല്ലാതെ ഈ ജാതി പുറപ്പെട്ടു പോകുന്നതല്ലെന്ന് നിന്റെ പുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ, ഞങ്ങളുടെ വൈരിയായ സാത്താനെ ഓടിച്ച് പുറത്താക്കുന്നതിന് നോമ്പിലും പ്രാർത്ഥനയിലും ഞങ്ങൾ അഭയം പ്രാപിക്കുന്നു.... നോമ്പും പ്രാർത്ഥനയുംമൂലം സാത്താന്റെ ദാസ്യത്തിൽനിന്ന് രക്ഷപ്പെടുവാൻ ഞങ്ങളെ സഹായിക്കണമെ". ഈ പ്രാർത്ഥനകളെല്ലാം നോമ്പിന്റെയും മനുഷ്യാവതാര പെരുന്നാളിന്റെയും അർത്ഥം മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു.

## 2. ദനഹാ (കർത്താവിന്റെ മാമോദീസ)

ജനുവരി 6-നാണ് ദനഹാപെരുന്നാൾ ആഘോഷിക്കുന്നത്. എ.ഡി. 375-ന് മുമ്പ് പൗരസ്ത്യ സഭകളിൽ ജനുവരി 6-ന് യേശുവിന്റെ ജനനവും മാമോദീസായും ഒരുമിച്ച് ആഘോഷിക്കപ്പെട്ടിരുന്ന രീതിയും ഉണ്ടായിരുന്നു. ദനഹാപ്പെരുന്നാൾ വെള്ളത്താലും ആത്മാവിനാലുമുള്ള യേശുവിന്റെ സ്നാനത്തെ ഓർമ്മിപ്പിക്കുന്നു. വെള്ളത്താലും ആത്മാവിനാലുമുള്ള സ്നാനത്തിലൂടെ ക്രിസ്തു മനുഷ്യവംശത്തെ പാപങ്ങളുടെ അടിമത്തത്തിൽനിന്ന് വിശുദ്ധീകരിച്ചു. ക്രിസ്തുവിന്റെ മനുഷ്യാ

www.malankaralibrary.com

വതാരത്തിൽ ആരംഭിച്ച രക്ഷാകരപദ്ധതി മാമോദീസായിൽ തുടരുന്നു. മനുഷ്യനിൽ ഉത്ഭവപാപംമൂലം സംഭവിച്ച ദൈവികച്ഛായയുടെ മങ്ങലിന്റെ വിശുദ്ധീകരണമാണ് ഓരോ മാമോദീസായും. ശിശുവായി ജനിച്ച ക്രിസ്തുവിനെ മിശിഹായായും ദൈവപുത്രനായും ലോകരക്ഷകനായും ലോകത്തിന് വെളിപ്പെടുത്തിയതിന്റെ ആഘോഷം കൂടിയാണ് ദനഹാ പെരുന്നാൾ. ദനഹാ പെരുന്നാൾ ക്രിസ്തീയ വിശ്വാസത്തിലേക്ക് നാം എങ്ങനെ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തെ അന്വേഷിക്കുക, അതിസ്വാഭാവിക കാര്യങ്ങളെക്കുറിച്ച് ആഴത്തിലുള്ളതും ഭക്തിയുള്ളതുമായ ബോദ്ധ്യത്തിലെത്തുക, സ്വർഗ്ഗീയമായ ദാനങ്ങൾ കുടുതൽ എളുപ്പത്തിൽ ഗ്രഹിക്കുവാനും നേടുവാനുംവേണ്ടി നിശബ്ദതയെയും ധ്യാനത്തെയും സ്നേഹിക്കുക (Mediator Dei. No. 167). പൗരസ്ത്യ സഭകളിൽ യേശുവിന്റെ സ്നാനത്തിന്റെ ഓർമ്മയാണ് ദനഹായുടെ കേന്ദ്ര പ്രമേയം. ഗ്രീക്കിൽ എപ്പിഫനി അല്ലെങ്കിൽ തിയോഫനി എന്ന വാക്കിന്റെ അർത്ഥം ദൈവത്വത്തിന്റെ വെളിപ്പെടുത്തൽ എന്നാണ്. പൗരസ്ത്യ സഭകൾ ഈ തിരുനാളിനെ പ്രകാശത്തിന്റെ തിരുനാൾ എന്നും വിളിക്കുന്നു. ദനഹാ പെരുനാളിൽ മൂന്ന് പ്രധാന ശുശ്രൂഷകളുണ്ട്: പ്രദക്ഷിണം, വെള്ളം വാഴ്ത്തുന്ന ക്രമം, സ്ലീബാ ആഘോഷം.

**ദനഹാപെരുന്നാളിന്റെ ദൈവശാസ്ത്ര ചിന്തകൾ**

**a. യേശുവിന്റെ മാമോദീസാ – ത്രിത്വത്തിന്റെ വെളിപ്പെടുത്തൽ**

യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ തന്റെ മാമോദീസായിലൂടെയാണ് ആരംഭിച്ചത്. സ്നാനം ത്രിത്വത്തിലെ മൂന്ന് വ്യക്തികളുടെ വെളിപ്പെടുത്തൽ ആയിരുന്നു. പിതാവും പരിശുദ്ധാത്മാവും, യോർദാൻനദിയിലെ പുത്രന്റെ സ്നാനത്തിന് സാക്ഷ്യം വഹിക്കുന്നു – പിതാവ് തന്റെ ശബ്ദത്താൽ 'നീ എന്റെ പ്രിയ പുത്രൻ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' (മർക്കോ. 1:11). പരിശുദ്ധാത്മാവ് തന്റെ പ്രത്യക്ഷപ്പെടലിലൂടെയും – പ്രാവിന്റെ രൂപത്തിൽ (മർക്കോ. 1:10). ഭൂമിയിൽ യേശുവിന്റെ മെസിയാനിക് അല്ലെങ്കിൽ രാജകീയ അധികാരത്തിന്റെ പൊതു അംഗീകാരമായിരുന്നു ത്രിത്വത്തിന്റെ ഈ വെളിപ്പെടുത്തൽ. നർസായി പറയുന്നു, "പിതാവ് പ്രഘോഷിക്കുന്നു, പുത്രൻ സ്നാനപ്പെടുന്നു, ആത്മാവ് ഇറങ്ങിവരുന്നു: രാജാവിന്റെ അധികാരത്തിന് അംഗീകാരം നൽകുന്ന മൂന്ന് സാക്ഷികൾ". (Narsai, "Homily on the Epiphany",

www.malankaralibrary.com

419-20, PO, vol. 40, 97). ഇതേ ആശയം ദനഹാ ശുശ്രൂഷയിൽ വ്യക്ത മായി കാണുന്നു (പെരുനാൾക്രമം, പേജ്. 88, 91).

**b. യേശുവിന്റെ സ്നാനം - മനുഷ്യനിലെ ദൈവികഛായയുടെ പുനഃസ്ഥാപനം**

യേശുവിന്റെ ജനനം മനുഷ്യനിലെ ദൈവിക ഛായയുടെ പുനഃ സ്ഥാപനം സൂചിപ്പിക്കുന്നു. എന്നാൽ യേശുവിന്റെ സ്നാനത്തിലൂടെ യാണ് രക്ഷാകരമായ ഈ പ്രക്രിയ തുടരുന്നതും, ദൈവിക ഛായ യുടെ പുനഃസ്ഥാപനം പൂർണമായും സാദ്ധ്യമായതും. ദനഹാശുശ്രൂ ഷയുടെ പ്രാർത്ഥനകളിൽ ഈ ആശയം നാം കാണുന്നു (പെരുനാൾക്ര മം, പേജ് 93,94,98,100,108).

**c. ക്രിസ്തുവിന്റെ സ്നാനം - ക്രിസ്തുവും സഭയും തമ്മിലുള്ള വിവാഹനിശ്ചയം**

ജോർദാൻനദിയിലെ ക്രിസ്തുവിന്റെ സ്നാനം, മണവാളനായ ക്രിസ്തുവും മണവാട്ടിയായ സഭയും തമ്മിലുള്ള വിവാഹനിശ്ചയമായി സഭാപിതാക്കന്മാർ പ്രതീകപ്പെടുത്തുന്നു. ഈ ആശയം സന്ധ്യാപ്രാർത്ഥ നയിൽ പ്രകടമാണ്: "നീ നിന്റെ മണവാട്ടിയായി സഭയെ തിരഞ്ഞെടു ക്കുകയും അവളിലുണ്ടായിരുന്ന മാലിന്യം ശുദ്ധീകരിക്കുകയും, എല്ലാ ജനതകളെയും നിന്റെ വിവാഹ വിരുന്നിനായി ക്ഷണിക്കുകയും നിന്നെ ത്തന്നെ സ്നാനപ്പെടുത്തുവാൻ വിട്ടുകൊടുക്കുകയും അങ്ങനെ നീ അവൾക്ക് മണവാളനായി തീരുകയും ചെയ്തു" (Prayer with the Harp of the Spirit: The Divine Office of the Antiochean Syrian Rite, F. Acharya (Trans. & Ed.) Kurishumala Ashram Publication, Vagamon, 1982- 86, vol.2, 486)

**d. ദനഹാ - പ്രകാശത്തിന്റെ തിരുനാൾ**

ദനഹായുടെ സന്ധ്യാപ്രാർത്ഥന ആരംഭിക്കുന്നത് ദനഹായെ പ്രകാശത്തിന്റെ തിരുനാൾ എന്ന് വിളിച്ചുകൊണ്ടാണ്. "നമ്മുടെ ദൈവ മായ ക്രിസ്തുവേ, പ്രകാശത്തിന്റെ മഹത്തായ ദനഹാ പെരുനാൾ വിശുദ്ധിയിലും നിർമ്മലതയിലും ആഘോഷിക്കുവാൻ ഞങ്ങളെ സഹാ യിക്കണമെ" (Prayer with the Harp of the Spirit, vol. 2, 483, 486). ദനഹാ യുടെ പ്രാർത്ഥനകളിലും ഗീതങ്ങളിലും പ്രകാശത്തിന്റെ തിരുനാളായി നിരവധി തവണ ദനഹായെ വിശേഷിപ്പിക്കുന്നു (പെരുനാൾക്രമം, പേജ് 89,92,97,98,99,105,106,107,113).

**e. ക്രിസ്തുവിന്റെ സ്നാനം ഓരോ ക്രൈസ്തവന്റെയും സ്നാനത്തെ സൂചിപ്പിക്കുന്നു**

ക്രിസ്തീയ സ്നാനം സ്ഥാപിക്കുന്നതിനായി ക്രിസ്തു സ്വയം

www.malankaralibrary.com

സ്നാനം സ്വീകരിച്ചു. ദനഹാ പെരുന്നാളിന്റെ എത്രോ പ്രാർത്ഥനയിൽ ഈ ആശയം പ്രകടിപ്പിക്കപ്പെടുന്നു (പേജ് 100).

## 3. മായൽത്തോ (യേശുവിന്റെ ദേവാലയ പ്രവേശനം)

യേശുക്രിസ്തുവിന്റെ ജനനത്തിനു ശേഷമുള്ള നാൽപ്പതാം ദിവസമായ ഫെബ്രുവരി 2 നാണ് ഇത് ആഘോഷിക്കുന്നത്. മലങ്കരസഭയിൽ ഈ തിരുനാളിന് ഉപയോഗിച്ചിരിക്കുന്ന ആരാധനക്രമനാമം മായൽത്തോ (പ്രവേശനം) എന്നാണ്. നാലാം നൂറ്റാണ്ടോടെ പലസ്തീനിൽ ഈ തിരുനാളിന്റെ ആഘോഷം ആരംഭിച്ചു. കർത്താവിന്റെ ജനനത്തിന് നാൽപ്പത് ദിവസങ്ങൾക്ക് ശേഷമുള്ള മായൽത്തോ, ക്രിസ്തുമസിന്റെയും ദനഹായുടെയും ആഘോഷങ്ങൾക്ക് വിരാമമിടുന്നു. നമ്മുടെ ദൈവവും രക്ഷകനുമായ യേശുക്രിസ്തുവിനെ നീതിമാനായ ശിമയോനോടൊപ്പം കണ്ടുമുട്ടിയതാണ് ഈ തിരുനാളിൽ പ്രത്യേകം അനുസ്മരിക്കുക. ആദ്യ കാലത്ത് മായൽത്തോ തിരുനാളിൽ പ്രദക്ഷിണവും ഉൾപ്പെട്ടിരുന്നു. ഏഴാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഈ തിരുനാൾ പാശ്ചാത്യ സഭയിൽ സ്വീകരിച്ചു. എന്നാൽ എട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ, ഈ തിരുനാളിന് കന്യകാമറിയത്തിന്റെ ശുദ്ധീകരണം എന്ന പേരുകൂടി പ്രത്യക്ഷപ്പെട്ടു.

**മായൽത്തോയുടെ ദൈവശാസ്ത്ര ചിന്തകൾ**

1. യേശുവിന്റെ ദേവാലയ പ്രവേശനം ദൈവപിതാവിന്റെ ഹിതത്തോടുള്ള സമ്പൂർണ്ണ സമർപ്പണത്തെ സൂചിപ്പിക്കുന്നു.
2. മോശൈക നിയമത്തോടുള്ള അനുസരണത്തെയും ശുദ്ധീകരണ നിയമം നിറവേറ്റുന്നതിനെയും ഇത് സൂചിപ്പിക്കുന്നു.
3. ആചാരപരമായ അനുഷ്ഠാനങ്ങളിലൂടെ മനുഷ്യകുടുംബത്തിന്റെ ശുദ്ധീകരണത്തിന്റെ പ്രസക്തിയും ആവശ്യകതയും ഈ തിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നു.
4. മനുഷ്യവംശത്തിന്റെ ശുദ്ധീകരണം, മഹാപുരോഹിതനെന്ന നിലയിൽ യേശുവിന്റെ സമർപ്പണം, രക്ഷകനെന്ന നിലയിൽ യേശുവിന്റെ പങ്ക് എന്നീ കാര്യങ്ങളും ഈ തിരുനാൾ വെളിപ്പെടുത്തുന്നു.

## 4. ക്യംതോ (ഈസ്റ്റർ)

മരണത്തിൽനിന്നുള്ള ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിനെ ആഘോഷിക്കുന്ന ഏറ്റവും വലുതും പഴക്കമേറിയതുമായ തിരുനാളാണ് ഉയിർപ്പ്. വലിയ നോമ്പിലൂടെയും വിശുദ്ധ വാരത്തിലൂടെയും

www.malankaralibrary.com

ക്രിസ്ത്യാനികൾ ഈ തിരുനാളിനായി ഒരുങ്ങുന്നു. ഈസ്റ്റർ, ക്രിസ്തീയ കലണ്ടറിലെ ഏറ്റവും ആദ്യകാല തിരുനാളായിരുന്നു. "ഉയിർപ്പു തിരുനാൾ പല തിരുനാളുകളിൽ ഒന്നു മാത്രമല്ല, പിന്നെയോ 'പെരുനാളുകളുടെ പെരുനാൾ' ആണ്.... പൗരസ്ത്യ സഭകൾ വിശുദ്ധ ആഴ്ചയെ 'വലിയ ആഴ്ച' എന്നു വിളിക്കുന്നതുപോലെ (CCC.1169). "ഈസ്റ്ററിൽ, ക്രിസ്തുവിന്റെ വിജയത്തെ അനുസ്മരിക്കുമ്പോൾ, നമ്മുടെ ഹൃദയങ്ങൾ സന്തോഷത്താൽ നിറയുന്നു; നമ്മുടെ രക്ഷകനോടൊപ്പം വീണ്ടും ഉയിർത്തെഴുന്നേൽക്കേണ്ടതുണ്ടെന്ന് നാം ആഴത്തിൽ ചിന്തിക്കണം - മന്ദതയുടെയും നിസ്സംഗതയുടെയും ജീവിതത്തിൽനിന്ന് കൂടുതൽ തീക്ഷ്ണതയും വിശുദ്ധിയും നിറഞ്ഞ ഒരു ജീവിതത്തിലേക്ക് ഉയിർത്തെഴുന്നേല്ക്കുന്നതിനും, ദൈവത്തിന് ഉദാരമായി നമ്മെത്തന്നെ സമർപ്പിക്കുന്നതിനും" ഈസ്റ്റർ നമ്മെ ആഹ്വാനം ചെയ്യുന്നു (Mediator Dei, No. 170).

### 4.1. ഈസ്റ്റർ ആചരണവും ചരിത്രപശ്ചാത്തലവും

ക്രിസ്തീയ പെരുന്നാളുകളിൽ ഏറ്റം പ്രധാനവും പുരാതനവുമായ പെരുനാളാണ് ഈസ്റ്റർ. രക്ഷകനായ യേശുക്രിസ്തു മരിച്ച്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റതിനെയാണ് ഈ പെരുന്നാളിലൂടെ അനുസ്മരിക്കുക. ആദിമ സഭയും വിശ്വാസികളും, യേശുവിന്റെ ഉത്ഥാനത്തെ വളരെ പ്രാധാന്യത്തോടെയും പൂർണ്ണ വിശ്വാസത്തോടെയുമാണ് മനസ്സിലാക്കിയിരുന്നത്. അപ്പസ്തോലന്മാരുടെയും ആദിമ സമൂഹത്തിന്റെയും പ്രബോധനങ്ങളുടെ കേന്ദ്രവും മൂലക്കല്ലും യേശുവിന്റെ ഉത്ഥാനമായിരുന്നു. അപ്പസ്തോലപ്രവർത്തനങ്ങളിൽ ഇപ്രകാരമുള്ള ധാരാളം പ്രബോധനങ്ങൾ നാം കാണുന്നുണ്ട്. അപ്പസ്തോലന്മാരുടെയും പ്രബോധകരുടെയും തിരഞ്ഞെടുപ്പിന്റെ മാനദ്ണ്ഡംപോലും, അവർ യേശുവിന്റെ ഉത്ഥാനത്തിന്റെ സാക്ഷികളായിരുന്നു എന്നതിന്റെ പശ്ചാത്തലത്തിലായിരുന്നു. പത്രോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക, "അതിനാൽ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന്, ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം" (അപ്പ. പ്രവ. 1 :21). പെന്തിക്കോസ്തി ദിവസം പത്രോസ് നടത്തിയ ഒന്നാം പ്രസംഗത്തിൽ യേശുവിന്റെ ഉത്ഥാനത്തെപ്പറ്റി സൂചിപ്പിക്കുന്നു (അപ്പ. പ്ര. 2:24,3:15) അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളിൽ യേശുവിന്റെ ഉത്ഥാനത്തെപ്പറ്റി നിരന്തരമായി സൂചിപ്പിക്കുന്നുണ്ട് (അപ്പ. പ്ര. 4:2, 13:30; 23:6; 24:21; 26:23). ഇവ സൂചിപ്പിക്കുന്നത്, അപ്പസ്തോലന്മാരുടെയും ആദിമക്രൈസ്തവ സമൂഹത്തിന്റെയും, ജീവിതത്തിന്റെയും സുവിശേഷ പ്രഘോഷണ

www.malankaralibrary.com

ത്തിന്റെയും കാതലും കേന്ദ്രവും യേശുവിന്റെ ഉത്ഥാനമായിരുന്നു എന്നാണ്.

ആദിമ ക്രൈസ്തവരുടെ ഇടയിൽ ആദ്യം ആഘോഷിച്ചു തുടങ്ങിയ തിരുനാളും ഉത്ഥാന പെരുന്നാൾ ആയിരുന്നു. മറ്റെല്ലാ തിരുനാളുകളും നിയതമായ രീതിയിൽ ആഘോഷിച്ചു തുടങ്ങിയത് മതപീഡനകാലത്തിനു ശേഷം, നാലാം നൂറ്റാണ്ടിന്റെ മധ്യഭാഗത്തോടുകൂടിയാണ്. എന്നാൽ ആദ്യ നൂറ്റാണ്ടു മുതൽതന്നെ ആണ്ടുവട്ടത്തിലുള്ള ഈസ്റ്റർ ആഘോഷത്തോടൊപ്പം ആദിമ ക്രൈസ്തവർ ഒന്നിച്ചുകൂടി ഓരോ ഞായറാഴ്ചയും ഈസ്റ്റർ (Weekly Easter) ആഘോഷിച്ചിരുന്നു.

ഉത്ഥാനം, കർത്താവിന്റെ എല്ലാ രക്ഷാകര സംഭവങ്ങളുടെയും രക്ഷാകര രഹസ്യങ്ങളുടെയും പരമോന്നത സ്ഥാനത്ത് നിൽക്കുന്നു. കർത്താവിന്റെ പീഡകളുടെയും സഹനങ്ങളുടെയും മരണത്തിന്റെയും, അർത്ഥവും പ്രസക്തിയും അവിടുത്തെ ഉത്ഥാനത്തിലാണ് നാം കണ്ടെത്തുക. മരണത്തിന്മേലുള്ള കർത്താവിന്റെ വിജയവും, അമർത്യതയുടെ വീണ്ടെടുപ്പുമാണ് നാം യേശുവിന്റെ ഉത്ഥാനത്തിൽ ദർശിക്കുന്നത്. യേശുവിന്റെ ഉത്ഥാനം, നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രവും, ആരാധനക്രമവത്സരത്തിന്റെ മൂലക്കല്ലുമാണ്.

### 4.2. ഉത്ഥാനത്തിന്റെ ദൈവശാസ്ത്ര ചിന്തകൾ മലങ്കര ആരാധനക്രമത്തിൽ

ഉയിർപ്പ് തിരുനാളിന്റെ പ്രാർത്ഥനകളും ഗീതങ്ങളും വിശ്വാസികളെ, യേശുവിന്റെ ഉത്ഥാനമെന്ന യാഥാർത്ഥ്യം ബോധ്യപ്പെടുത്തുന്നതിനും, വിശ്വാസത്തിൽ സ്ഥിരീകരിക്കുന്നതിനും സഹായിക്കുന്നു. ഉത്ഥാനത്തിലൂടെ കരഗതമായ യേശുവിന്റെ സമാധാനവും, സന്തോഷവും ലോകത്തിന് പകർന്നു നല്കുവാൻ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. മരണത്തെ കീഴ്പ്പെടുത്തി യേശു ഉത്ഥാനത്താൽ മാനവകുലത്തിന് പ്രത്യാശ നല്കുകയും പാപപരിഹാരം നല്കുകയും ചെയ്തു. മനുഷ്യകുലത്തിന്റെ കുറ്റങ്ങൾക്ക് അവിടുന്ന് അടിയേറ്റതിനാൽ ഇനിയും പാപത്തെ ഓർത്ത് ഖേദിക്കേണ്ട എന്ന് പ്രാർത്ഥനകളിൽ നാം കാണുന്നു. ആദം വൃക്ഷഫലം തിന്ന് പാപം ചെയ്തതിനു പകരം, യേശു കയ്പ്പുനീർ കുടിച്ചു. ആദം നഗ്നത മറയ്ക്കുന്നതിന് ഇലകൾ ചാർത്തിയെങ്കിൽ, യേശുവിനെ നഗ്നതയോടെ കുരിശിൽ തൂക്കി. അവിടുന്ന് ചിന്തിയ രക്തത്താൽ മനുഷ്യകുലം രക്ഷ നേടി. കൃംതായുടെ സന്ധ്യാപ്രാർത്ഥനയിലെ ഗീതത്തിൽ ഇപ്രകാരം കാണുന്നു:

www.malankaralibrary.com

'നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ, ഖേദിക്കേണ്ടാ നിൻ പാപത്തെ ഓർത്തിനിയും

നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻകനി നീ തിന്നതിനാൽ കയ്പ്പും കുടിച്ചേൻ ഞാൻ
നഗ്നതയാൽ നീ ഇലകൾ ചാർത്തി, നഗ്നതയോടെന്നെയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ് കോപം താതന്റെ'.

താഴെ പറയുന്ന പ്രാർത്ഥനകളും ഗീതങ്ങളും വിശ്വാസ സമൂഹത്തെ ഉത്ഥിതനായ യേശുവിനോട് അനുരൂപരാക്കുവാനും, ഉത്ഥാനത്തിൽ വിശ്വസിക്കുവാനും, ഉത്ഥാനത്തിന്റെ ദൈവശാസ്ത്ര ചിന്തകൾ മനസിലാക്കുവാനും നമ്മെ സഹായിക്കുന്നു:

1. യേശുവിന്റെ ഉത്ഥാനം, മരണത്തിന്മേലുള്ള വിജയമാണെന്നും, അത് ശത്രുക്കളെയും വൈരികളെയും ചിതറിച്ചുവെന്നും, ക്രൂശിച്ചവരെ ലജ്ജിപ്പിച്ചുവെന്നും എനിയോനോ പ്രാർത്ഥനയിൽ നാം കാണുന്നു (പേജ് 224-225).
2. യേശുവിന്റെ പീഡാസഹനത്തിനും മരണത്തിനും നാം അർത്ഥം കണ്ടെത്തുന്നതും, എല്ലാ രക്ഷാകര സംഭവങ്ങളുടെയും പരമോന്നതി കാണുന്നതും ഉത്ഥാനത്തിലാണ് (സെദറാ, പേജ് 228-229).
3. കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റ കർത്താവ്, വീണുകിടന്ന ആദാമിനെ എഴുന്നേല്പ്പിച്ചു (രഹസ്യപ്രാർത്ഥന - എക്ബോ, പേജ് 220).
4. ഉത്ഥാനം സ്വർഗ്ഗത്തിനും ഭൂമിക്കും സന്തോഷവും ആനന്ദവും പ്രദാനം ചെയ്തു (എനിയോനോ, പേജ് 224, പ്രുമിയോൻ-സെദറാ, പേജ് 227-229).
5. ഉത്ഥാനത്താൽ യേശു സഭയെ രക്ഷിച്ചു. 'ഉത്ഥാനത്താൽ തൻ സഭയെ വീണ്ടോനാം പുത്രാ'. (രഹസ്യ പ്രാർത്ഥന - ബോവൂസോ, പേജ് 222).
6. യേശുവിന്റെ ഉത്ഥാനം, ഓരോ ക്രൈസ്തവന്റെ ഉത്ഥാനത്തെയും സൂചിപ്പിക്കുന്നു (ഉയിർപ്പ് ശുശ്രൂഷ, പ്രാരംഭപ്രാർത്ഥന, പേജ് 224).
7. ഉത്ഥാനത്താൽ, മാനവകുലത്തിന് യേശു സമാധാനം നല്കി. ഉത്ഥാനത്താൽ നമ്മെ വലതു ഭാഗത്തു നിർത്തി (എനിയോനോ, പേജ് 224, പ്രുമിയോൻ, പേജ് 227, സ്ലീബാ ആഘോഷം, പേജ് 235).
8. ഉത്ഥാനത്താൽ സ്വർഗ്ഗീയർക്കും ഭൗമീകർക്കും ഇടയിൽ സമാധാനം സ്ഥാപിച്ചു (സെദറാ, പേജ് 228, കൂക്കോയോ പേജ് 231, സ്ലീബാ ആഘോഷം പേജ് 236).

www.malankaralibrary.com

9. ഉത്ഥാനം, യേശുവിന്റെ സുവിശേഷം അറിയിക്കുവാൻ ശ്ലീഹന്മാരെ ധൈര്യപ്പെടുത്തി (സെദറാ, പേജ് 228-229).
10. ഉത്ഥാനം, ഭിന്നിതരായിരുന്ന ശിഷ്യന്മാരെ ഒരുമിപ്പിച്ചു (സെദറാ, പേജ് 228). പത്രോസ് ഉറപ്പുള്ളവനായി, തോമസ് വിശ്വസിച്ചു, ശിഷ്യരുടെ ദുഃഖം മാറ്റി (കൂക്കോയോ, പേജ് 231).
11. തന്റെ മഹത്വമുള്ള ഉയർപ്പിനാൽ ഞങ്ങളുടെ പ്രകൃതിയെ നവീകരിക്കുകയും പുനരുത്ഥാനത്തിന്റെ സന്തോഷത്താൽ ഞങ്ങളുടെ ദു:ഖത്തെ ആനന്ദമാക്കി പുകഴ്ത്തുകയും ചെയ്തു (പെങ്കീസാ നമസ്കാരം, പ്രുമിയോൻ സെദറാ, കൃംതാപെരുന്നാൾ, പേജ് 90).
12. ഉത്ഥാനം - കർത്താവ് അത്ഭുതം പ്രവർത്തിച്ച ദിവസം ഇതാകുന്നു. മുൻപ് ഉണ്ടായിട്ടില്ലാത്തതും ഇനി ഉണ്ടാകാത്തതുമായ അതുല്യ ദിവസം ഇതാകുന്നു. സകല പെരുന്നാളുകളുടെയും മകുടവും പുകഴ്ചയുമായ വലിയ പെരുന്നാൾ ഇതാകുന്നു. (പെങ്കീസാ നമസ്കാരം, പ്രുമിയോൻ സെദറാ, കൃംതാപെരുന്നാൾ, പേജ് 90).
13. മഹനീയമായ ഉയർപ്പിനാൽ ഉയരത്തെയും ആഴത്തെയും ആനന്ദിപ്പിച്ചു (പെങ്കീസാ നമസ്കാരം, പ്രുമിയോൻ സെദറാ, കൃംതാ പെരുന്നാൾ, പേജ് 92).
14. നീ മഹത്വത്തോടെ കബറിൽനിന്ന് ഉയർത്തെഴുന്നേറ്റു.... വീണു കിടന്നിരുന്ന ആദാമിനെ നിന്നോടുകൂടെ നീ എഴുന്നേല്പിച്ചു (ഉയർപ്പുപെരുന്നാൾ, പെരുന്നാളുകൾ, പേജ് 220).
15. മരണം മുഖാന്തിരം സൃഷ്ടിയെ ജീവിപ്പിച്ചു, ഉയിർപ്പിനാൽ സഭയെ രക്ഷിച്ചു..... (ഉയർപ്പുപെരുന്നാൾ, പെരുന്നാളുകൾ, പേജ് 220).
16. മിശിഹാതമ്പുരാൻ കബറിൽ നിന്നുയിർത്തെഴുന്നേൽക്കുകയും ശത്രുക്കളെ തന്റെ പിന്നിലേക്ക് അടിച്ചോടിക്കുകയും ചെയ്തിരിക്കുന്നു.. (ഉയർപ്പുപെരുന്നാൾ, പെരുന്നാളുകൾ, പേജ് 223).
17. നിന്റെ ഉത്ഥാനത്താൽ സ്വർഗ്ഗത്തേയും ഭൂമിയെയും നീ സന്തോഷിപ്പിച്ചു. മ്ലാനവദനരായിരുന്ന ശിഷ്യന്മാരെ നിന്റെ ഉയിർപ്പിനാൽ സന്തോഷിപ്പിച്ച് സ്വർഗ്ഗീയരോടും ഭൗമികരോടും നീ സമാധാനം അറിയിച്ചു.. (ഉയർപ്പുപെരുന്നാൾ, പേജ് 225-226).
18. തന്റെ പുനരുത്ഥാനത്തിൽ സ്വർഗ്ഗീയരുടെയും ഭൗമികരുടെയും ഇടയിൽ സമാധാനം വിതയ്ക്കുകയും ഉയിർപ്പുമൂലം അവിശ്വാസികളെ ലജ്ജിപ്പിക്കുകയും ചെയ്തു (പ്രുമിയോൻ, ഉയർപ്പു പെരുന്നാൾ, പെരുന്നാളുകൾ, പേജ് 222).

www.malankaralibrary.com

19. സ്വർഗ്ഗത്തെയും ഭൂമിയെയും രമ്യപ്പെടുത്തിയ കർത്താവേ, നിന്റെ പുനരുത്ഥാനത്തിന്റെ ഈ വിശുദ്ധ ദിവസത്തിൽ പരിശുദ്ധാത്മ ചൈതന്യത്താൽ പരസ്പരം വിശുദ്ധ ചുംബനം നല്കുവാൻ ഞങ്ങൾക്ക് കൃപ നലകണമെ... (സെദറാ, ഉയർപ്പുപെരുന്നാൾ, പേജ് 229).

20. ഉത്ഥാനത്താൽ ഭിന്നിതരെ ഐക്യപ്പെടുത്തി (സ്ലീബാ ആഘോഷം, പേജ് 235).

21. നിന്റെ ഉയർപ്പിൽ നിന്നോടനുരൂപരാകുവാനും, നിന്റെ പുനരുത്ഥാനത്തിൽ വിശ്വസിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ (ഉയർപ്പുപെരുന്നാൾ, പേജ് 236-237).

ഉത്ഥിതനായ കർത്താവ് സമാധാനത്തിന്റെ കർത്താവാണ്, ഉത്ഥാനം ചെയ്തയുടൻ 'നിങ്ങൾക്ക് സമാധാനം എന്ന് ആശംസിച്ചുകൊണ്ടാണ് എല്ലാവർക്കും കർത്താവ് പ്രത്യക്ഷപ്പെട്ടത്. 'സമാധാനം നിങ്ങളോട്' കൂടെ എന്നതിന്റെ അർത്ഥം കർത്താവ് നിങ്ങളോട് കൂടെ എന്നാണല്ലോ. ഉത്ഥിതനായ കർത്താവിന്റെ സമാധാനാശംസ, വിശ്വാസികളുടെ ജീവിതത്തിനുള്ള സമാധാനാശംസയാണ്. അതിനാൽ ഉത്ഥാനതിരുനാൾ സമാധാനത്തിന്റെയും സന്തോഷത്തിന്റയും ജീവിതം നയിക്കുവാനുള്ള അവസരമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

## 5. മ്താലെ (തേജസ്കരണ പെരുന്നാൾ)

മ്താലെ എന്ന സുറിയാനി വാക്കിന്റെയർത്ഥം കൂടാരപ്പെരുന്നാൾ (തേജസ്കരണം) എന്നാണ്. പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ കൂട്ടി യേശു താബോർമലയിലേക്ക് പോകുന്നത് സുവിശേഷങ്ങളിൽ (മത്താ.17:1-8; മർക്കോ. 9:2-9; ലൂക്കോ. 9:28-36) പ്രതിപാദിച്ചിട്ടുണ്ട്. സുറിയാനി ആരാധനക്രമ പാരമ്പര്യത്തിൽ, അഞ്ചാം നൂറ്റാണ്ടിലാണ് ഈ തിരുനാളിന്റെ ആഘോഷം ആരംഭിച്ചത്. താബോറിൽ രണ്ടാം ആദാമായ ക്രിസ്തു ഇരുണ്ടുപോയ പ്രകൃതിയെ രൂപാന്തരപ്പെടുത്തി, തന്റെ തേജസ്സുകൊണ്ട് അതിനെ മൂടി, അതിനെ ദിവ്യമാക്കി. ക്രിസ്തുവിന്റെ അപ്രാപ്യമായ മഹത്വത്തിന്റെ വെളിച്ചം ഞങ്ങളുടെമേൽ ചൊരിഞ്ഞു. സീനായിലെ അനസ്താസിയോസ് പറയുന്നു, "നമ്മുടെ ആത്മീയ സ്വഭാവം പുതുക്കുകയും ദൈവിക സാദൃശ്യത്തിൽ നമ്മെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന സ്വർഗ്ഗീയ ദർശനമാണ് തേജസ്കരണം". ക്രിസ്തുവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും മുമ്പാണ് ഈ സംഭവം നടന്നതെങ്കിലും, മലങ്കരസഭ പെന്തക്കോസ്തി സംഭവത്തിനുശേഷം ഓഗസ്റ്റ് ആറിനാണ് ഈ പെരുന്നാൾ ആഘോഷിക്കുന്നത്.

www.malankaralibrary.com

**തേജസ്കരണ പെരുന്നാളിന്റെ ദൈവശാസ്ത്ര ചിന്തകൾ**

1. തേജസ്കരണ പെരുന്നാൾ, പ്രാർത്ഥനയിലൂടെ മനുഷ്യനിൽ സംഭവിക്കുന്ന രൂപാന്തരീകരണത്തെ സൂചിപ്പിക്കുന്നു. യേശുവിനെയും അപ്പസ്തോലന്മാരെയും ശക്തിപ്പെടുത്തിയ അനുഭവമായിരുന്നു അത്. ക്രൈസ്തവർ സ്വീകരിക്കേണ്ട രക്ഷയെയും അവരിൽ സംഭവിക്കേണ്ട രൂപാന്തരീകരണത്തെയും ഈ സംഭവം സൂചിപ്പിക്കുന്നു.
2. രൂപാന്തരീകരണസംഭവം യേശുവിന്റെ പൂർണ്ണ ദൈവത്വത്തെ വെളിപ്പെടുത്തുന്നു.
3. മനുഷ്യനിൽ സംഭവിക്കുന്ന രൂപാന്തരീകരണത്തിന്റെ ദൈവശാസ്ത്രത്തെയാണ് തേജസ്കരണ പെരുന്നാൾ പ്രകടിപ്പിക്കുന്നത്. ക്രിസ്ത്യാനികൾക്ക് പ്രതീക്ഷിക്കാൻ കഴിയുന്ന ഭാവിമഹത്വത്തെ ഇത് സൂചിപ്പിക്കുന്നു. അതോടൊപ്പം ഒരു യുഗാന്ത്യ പ്രത്യാശയും ഈ തിരുനാൾ നൽകുന്നു.
4. രൂപാന്തരീകരണ സംഭവം ക്രിസ്തുവിനെ അവന്റെ പീഢാനുഭവത്തിനും മരണത്തിനും ശക്തിപ്പെടുത്തി. യേശുവിന്റെ വരാനിരിക്കുന്ന മഹത്വത്തിന്റെ ഒരു മുന്നാസ്വാദനമായിരുന്നു ഈ സംഭവം.
5. പഴയ ഉടമ്പടിയെ പുതിയ ഉടമ്പടിയിൽനിന്ന് വേർതിരിക്കാൻ കഴിയില്ല എന്ന ആശയവും ഇത് പ്രകടിപ്പിക്കുന്നു. ക്രിസ്തുവിൽ, മരിച്ചവരും ജീവിച്ചിരിക്കുന്നവരും ഒന്നാണ്.

## 6. സൂലോക്കോ (സ്വർഗ്ഗാരോഹണം)

പുനരുത്ഥാനത്തിനുശേഷം നാൽപതാം ദിവസം സ്വർഗ്ഗത്തിലേക്കും ദൈവിക മഹത്വത്തിലേക്കുള്ള യേശുവിന്റെ പ്രവേശനത്തെയാണ് സ്വർഗ്ഗാരോഹണം അനുസ്മരിക്കുക. ഇതിൽ 3 കാര്യങ്ങൾ ഉൾപ്പെടുന്നു; ശിഷ്യന്മാരിൽ നിന്നുള്ള ചരിത്രപരമായ വേർപെടൽ, സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം, പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനാകൽ. ആദിമ സഭയിൽ സ്വർഗ്ഗാരോഹണവും പെന്തിക്കോസ്തി പെരുന്നാളും ഒരുമിച്ച് ആഘോഷിച്ചിരുന്നു. നാലാം നൂറ്റാണ്ടിന്റെ അവസാനത്തിനുശേഷമാണ് രണ്ടു പെരുന്നാളിന്റെയും ആഘോഷം വെവ്വേറെ ആരംഭിച്ചത്.

**സൂലോക്കോ പെരുന്നാളിന്റെ ദൈവശാസ്ത്ര ചിന്തകൾ**

1. സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കുള്ള ദൈവപുത്രന്റെ വരവ് (മനുഷ്യാവതാരം - Incarnation) പൂർത്തിയാക്കുന്നത് ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്കുള്ള തിരിച്ചുവരവിലൂടെയാണ് (സ്വർഗ്ഗാരോഹണം

www.malankaralibrary.com

– Ascension). അങ്ങനെ, യേശുവിന്റെ സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കുള്ള മനുഷ്യാവതാരവും, ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്കുള്ള സ്വർഗ്ഗാരോഹണവും തമ്മിൽ ഏറെ ബന്ധപ്പെട്ടിരിക്കുന്നു.

2. സ്വർഗ്ഗാരോഹണ പെരുന്നാൾ രക്ഷാകരപദ്ധതിയുടെ പൂർത്തീകരണമായി കണക്കാക്കപ്പെടുന്നു.
3. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം മനുഷ്യവംശത്തിന്റെ സ്വർഗ്ഗത്തിലേക്കുള്ള ആരോഹണത്തെയും സൂചിപ്പിക്കുന്നു. സ്വർഗ്ഗാരോഹണം സ്വർഗ്ഗത്തിലേക്കുള്ള വഴി നമ്മുക്കും തുറന്നു തന്നു.

## 7. പെന്തിക്കോസ്തി

യേശുവിന്റെ മൂന്നാം ദിവസത്തെ ഉത്ഥാനത്തിനും, ഉത്ഥാനത്തിനു ശേഷമുള്ള നാല്പതാം ദിവസത്തെ സ്വർഗ്ഗാരോഹണത്തിനു ശേഷമുള്ള പത്താം ദിവസത്തെ പെന്തിക്കോസ്തി തിരുനാളിൽ പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ വാഗ്ദാനപ്രകാരം ശിഷ്യന്മാരുടെമേൽ ഇറങ്ങിവന്നു. ക്രിസ്തു തന്റെ സഭയിലും സഭയോടൊപ്പവും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പുതിയ "സഭയുടെ യുഗത്തിന്റെ" തുടക്കമായി വർഷംതോറും പെന്തിക്കോസ്തി സംഭവത്തിന്റെ ഓർമ്മ സഭ ആഘോഷിക്കുന്നു. അ. പ്ര. 2:1–13 ൽ പെന്തിക്കോസ്തി സംഭവം മനോഹരമായി പരാമർശിക്കപ്പെടുന്നു. ക്രിസ്തുമതം യഹൂദ പെന്തിക്കോസ്തി ആഘോഷത്തിന് ഒരു പുതിയ വ്യാഖ്യാനം നൽകി. യഹൂദ പെന്തക്കോസ്തി വിളവെടുപ്പ് പെരുന്നാളായിരുന്നു – ഉടമ്പടിയുടെ ഓർമ്മ (പെസഹായ്ക്ക് ശേഷമുള്ള 50–ാം ദിവസം). ക്രിസ്തീയ പെന്തിക്കോസ്തി ഈസ്റ്ററിന് ശേഷമുള്ള 50–ാം ദിവസമാണ്. ഇത് പരിശുദ്ധാത്മാവിന്റെ വരവിനെ ഓർമ്മിക്കുന്നു. ക്രിസ്തു അപ്പസ്തോലന്മാർക്ക് നൽകിയ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണിത്. അപ്പസ്തോലന്മാരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്നതിലൂടെ പുതിയ ഇസ്രായേലായ സഭ സ്ഥാപിക്കപ്പെടുന്നു. മോശയ്ക്ക് കൽപ്പനകൾ നൽകാൻ ദൈവത്തിന്റെ ആത്മാവ് സീനായ്പർവതത്തിലേക്ക് ഇറങ്ങുന്നത് പഴയനിയമത്തിൽ നാം കാണുന്നു. പുതിയനിയമത്തിൽ സഭയ്ക്ക് പരിശുദ്ധാത്മാവുവഴി ഒരു പുതിയ ദൗത്യം നൽകപ്പെട്ടിരിക്കുന്നു (യോഹ.1:17). പെന്തിക്കോസ്തി, പരിശുദ്ധാത്മാവിന്റെ നിയമം സ്ഥാപിക്കുന്നു. ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്നതിന്റെയും ക്രിസ്തുവിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണത്തിന്റെയും ഓർമ്മപ്പെടുത്തലാണ് ഇത് (പെന്തിക്കോസ്തി പെരുന്നാൾ, പേജ് 250). പെന്തിക്കോസ്തി

www.malankaralibrary.com

സംഭവത്തിലൂടെയാണ് സഭ ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടത്. പെന്തിക്കോസ്തി ക്രിസ്തുവിന്റെ പുനരുത്ഥാനത്തെയും സ്ഥിരീകരിക്കുന്നു. "പെന്തക്കോസ്തി പെരുന്നാളിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ചേർന്നു നില്ക്കുവാനും സഹകരിക്കാനും സഭ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ കർത്താവായ ക്രിസ്തുവും അവന്റെ സ്വർഗ്ഗസ്ഥനായ പിതാവും വിശുദ്ധരായിരിക്കുന്നതുപോലെ, പുണ്യത്തിന്റെ പാതയിൽ കൂടുതൽ ഉത്സാഹത്തോടെ മുന്നേറാനും വിശുദ്ധരാകാനുംവേണ്ടി, നമ്മുടെ ഹൃദയങ്ങളെ ദിവ്യസ്നേഹത്താൽ നിറയ്ക്കാൻ അവൻ ആഗ്രഹിക്കുന്നു" (Mediator Dei, No. 171).

**പെന്തിക്കോസ്തിയുടെ ദൈവശാസ്ത്ര ചിന്തകൾ**

പെന്തിക്കോസ്തി പെരുന്നാളിന്റെ പ്രാർത്ഥനകളിലും ഗീതങ്ങളിലും പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള മനോഹരമായ ദൈവശാസ്ത്രം നമുക്ക് കാണുവാൻ കഴിയും.

1. പരിശുദ്ധാത്മാവ് ശ്ലീഹന്മാരിലിറങ്ങി അവർക്ക് ശ്രേഷ്ഠ ദാനങ്ങൾ നൽകുകയും അവരെ ശക്തരാക്കുകയും, സുവിശേഷം പ്രഘോഷിക്കുവാൻ അവരെ വിജ്ഞാനികളാക്കുകയും ചെയ്തു (പെന്തിക്കോസ്തി പെരുന്നാൾ, പേജ് 250, 276).
2. പെന്തിക്കോസ്തിയുടെ പ്രാർത്ഥനകളിൽ, പരിശുദ്ധാത്മാവിനെ ഞങ്ങൾക്കും നൽകി ഞങ്ങളുടെ ഉൾക്കണ്ണ് തെളിക്കണമെന്നും, ഞങ്ങൾക്ക് ശുദ്ധത നല്കണമെന്നും എനിയോനോ ഗീതത്തിൽ പ്രാർത്ഥിക്കുന്നു (പേജ് 250).
3. മാളികയിൽവച്ച് അഗ്നിനാവുകളുടെ സാദൃശ്യത്തിൽ വിശുദ്ധ ശ്ലീഹന്മാരിൽ ഇറങ്ങിവന്ന് ദിവ്യജ്ഞാനത്താൽ അവരുടെ മനസിനെ പ്രകാശിപ്പിച്ച ആശ്വാസപ്രദനായ പരിശുദ്ധാത്മാവേ, നിന്റെ ദാനങ്ങളാകുന്ന ദിവ്യകിരണങ്ങളാൽ ഞങ്ങളെയും പ്രകാശിപ്പിക്കണമെ (പേജ് 274).
4. പാപനിദ്രയിലാണ്ടു കിടക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ ഉണർത്തണമെന്നും, പരിശുദ്ധാത്മാവിന്റെ ആന്തരിക കിരണങ്ങളാൽ ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കണമെന്നും, ദിവ്യദാനങ്ങളാൽ ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കണമെന്നും, ജ്ഞാനം നല്കണമെന്നും പ്രാർത്ഥിക്കുന്നു (പേജ് 251).
5. പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാകുന്നു, ആശ്വസിപ്പിക്കുന്നവനാകുന്നു, അവൻ ജ്ഞാനത്തിന്റെയും പ്രാഗത്ഭ്യത്തിന്റെയും അറിവിന്റെയും ആത്മാവാകുന്നു (സെദറാ പ്രാർത്ഥന, പേജ് 254).

www.malankaralibrary.com

6. അന്യരോടും സ്വജനത്തോടും ത്രിത്വത്തെ ഉത്ഘോഷിക്കുവാൻ ശ്ലീഹന്മാർക്ക് ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് ഭാഷാവരം നല്കി. അവർ എല്ലാ സൃഷ്ടികളോടും ത്രിത്വനാമം പ്രഘോഷിച്ചു. അനേകരെ ക്രിസ്തുശിഷ്യരാക്കി (കോലോ, പേജ് 255).

7. പരിശുദ്ധാത്മ ആവാസത്തിലൂടെ എന്താണ് സംഭവിക്കുന്നതെന്ന് പ്രാർത്ഥനകളിൽ നാം കാണുന്നു: ഞങ്ങളുടെ ബുദ്ധിയിലും മനസിലും ഹൃദയത്തിലും നിന്റെ ആത്മാവിനെ നവീകരിച്ച് പഴയ മനുഷ്യന്റെ സകല മോഹങ്ങളെയും ഞങ്ങളിൽ മരിപ്പിക്കണമെ. ദിനംപ്രതി പുതുതാകുവാൻ തക്കവണ്ണം ഞങ്ങളെ നവീകരിക്കണമെ (പേജ് 262).

8. ആശ്വാസപ്രദനായ ദൈവം സഭകളെ ശുദ്ധീകരിക്കുന്നവനും ദൈവിക ശുശ്രൂഷകൾക്ക് പൂർണത നൽകുന്നവനുമാകുന്നു. അവൻ ആചാര്യപദവി പ്രദാനം ചെയ്യുന്നവനും, മാമോദീസയെ പൂർത്തീകരിക്കുന്നവനും, കൂദാശകൾ നിറവേറ്റുന്നവനും പാപങ്ങൾ പരിഹരിക്കുന്നവനുമാകുന്നു. അവൻ ഗഹനമായ കാര്യങ്ങൾ പരിശോധിക്കുന്നവനും രഹസ്യകാര്യങ്ങൾ പ്രതിപാദിക്കുന്നവനും വരുവാനിരിക്കുന്നവ അറിയിക്കുന്നവനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമാകുന്നു.... അവൻ പുത്രസ്വീകാര്യത്തിന്റെയും സത്യത്തിന്റെയും ആത്മാവും, ആലോചനയുടെയും ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ദൈവഭയത്തിന്റെയും അറിവിന്റെയും ആത്മാവാകുന്നു (സെദറാ, പേജ് 277).

www.malankaralibrary.com

അധ്യായം 3

# നോമ്പും ഉപവാസവും അന്ത്യോക്യൻ പാരമ്പര്യത്തിൽ

സുറിയാനിസഭകളിൽ, പ്രത്യേകിച്ചും അന്ത്യോക്യൻ പാരമ്പര്യത്തിൽ നോമ്പിനും ഉപവാസത്തിനും വലിയ പ്രാധാന്യമുണ്ട്. ഉപവസിക്കുക എന്നാൽ ഭക്ഷണം വേണ്ടെന്നു വയ്ക്കുക, കഴിക്കാതിരിക്കുക എന്നർത്ഥം. എന്നാൽ ഭക്ഷണം കഴിക്കാതിരിക്കുന്ന ഏവനേയും ഉപവാസക്കാരൻ എന്ന് വിളിക്കുന്നത് ശരിയല്ല. പ്രത്യേക ലക്ഷ്യത്തോടെ, പ്രായശ്ചിത്തത്തിന്റെ ഭാഗമായി ഭക്ഷണം കഴിക്കാതിരിക്കുന്നതിനെ ഉപവാസമെന്നു വിളിക്കാം. സഭാപിതാക്കന്മാരെ സംബന്ധിച്ചിടത്തോളം ഉപവാസം എന്നത് ആത്മാവിന്റെ ആഘോഷമാണ്. നമ്മുടെ മനസ്സിനെയും ആത്മാവിനെയും സുഖപ്പെടുത്തുന്ന മരുന്നാണ് ഉപവാസം. പുണ്യപ്രവർത്തികളോടൊപ്പം നാം നടത്തുന്ന ഉപവാസം നമ്മെ നിത്യജീവിതത്തിലേക്ക് നയിക്കും. ഉപവാസം നമ്മെ തിന്മയിൽ നിന്ന് സംരക്ഷിക്കും. തിന്മയ്ക്കെതിരായി ഈ ആത്മീയയുദ്ധത്തിൽ നമ്മുടെ മനസ്സിനെയും ശരീരത്തെയും ഒരുക്കുന്നതാണ് ഉപവാസം. മാർ അപ്രേമിനെ സംബന്ധിച്ചിടത്തോളം ഉപവാസമെന്നത് തിന്മയ്ക്കെതിരായ ആയുധമാണ്. മാബൂഗിലെ ഫിലക്സീനോസ് പറയുന്നു "ഉപവാസവും വർജ്ജനയും ക്രിസ്തീയ ജീവിതമാകുന്ന കൃഷിഭൂമിയിലെ രണ്ട് പുണ്യ ആയുധങ്ങളാണ്". ഉപവാസം ഫലവത്താകുന്നത് ഹൃദയത്തിന്റെ എളിമയോടും, നിരന്തരമായ പ്രാർത്ഥനയോടും, മറ്റുള്ളവരോടുള്ള കരുതലോടുംകൂടി അത് നിർവഹിക്കുമ്പോഴാണ്.

വിശ്വാസജീവിതത്തിലും ആരാധനാജീവിതത്തിലും നോമ്പിനും ഉപവാസത്തിനും വർജ്ജനയ്ക്കും അതുല്യമായ സ്ഥാനമുണ്ട്. എല്ലാ മതവിഭാഗങ്ങളും ഇവയ്ക്ക് വലിയ പ്രാധാന്യം നൽകുന്നുമുണ്ട്. അനുതാപവും മാനസാന്തരവുമാണ് നോമ്പുകാലത്തിന്റെ പ്രധാന സന്ദേശം. ഗ്രീക്കുഭാഷയിലെ 'മെറ്റനോയിയാ' എന്ന വാക്കിന്റെ അർത്ഥം ആന്തരിക പരിവർത്തനം, മാനസാന്തരം എന്നാണ്. എന്നാൽ അനുതാപവും മാനസാന്തരവും ഒന്നല്ല, മറിച്ച് ഒരേ പ്രക്രിയയുടെ രണ്ട് ഘട്ടങ്ങളാണ്. ഒന്ന് ആരംഭമാണെങ്കിൽ മറ്റേത് അതിന്റെ പരിസമാപ്തിയും ഫലവുമാണ്.

www.malankaralibrary.com

## സഭ നിഷ്ക്കർഷിക്കുന്ന നോമ്പുകൾ

പ്രധാനമായും 3 കാനോനിക നോമ്പുകളാണ് വിശ്വാസികൾ വളരെ ഒരുക്കത്തോടും ഭക്തിയോടും ഗൗരവമായും ആചരിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാസഭ ആവശ്യപ്പെടുന്നത് (വിശുദ്ധ വേദവായനക്കുറിപ്പ്, പേജ് 4)

- **മൂന്ന് നോമ്പ്** : യൗനാ ദീർഘദർശിയുടെ വചനം ശ്രവിച്ച്, ചാക്കുധരിച്ചും ചാരം പൂശിയും മാനസാന്തരപ്പെട്ട നിനുവെ നിവാസികളെ അനുസ്മരിക്കുന്നു. വലിയ നോമ്പിലേക്ക് പ്രവേശിക്കുവാനുള്ള ഒരുക്കംകൂടിയാണ് മൂന്ന് നോമ്പ്. മൂന്ന് നോമ്പിനുശേഷം 18-ാം ദിവസം വലിയനോമ്പ് ആരംഭിക്കുന്നു.
- **ഇരുപത്തിയഞ്ച് നോമ്പ്** : കർത്താവിന്റെ ജനനത്തിരുനാളിന് ഒരുക്കമായി 25 ദിവസം നോമ്പ് നോറ്റ്, യേശുവിന്റെ ജനനത്തെക്കുറിച്ചും, മനുഷ്യഹൃദയത്തിൽ യേശു ജനിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചിന്തിക്കുന്നു.
- **വലിയനോമ്പ്**: നോമ്പിലെ നാല്പതാം വെള്ളിവരെ, യേശു നാല്പതു ദിവസം ഉപവസിച്ചതിന്റെയും, പിന്നീട് ഹാശാ ആഴ്ച ഉൾപ്പെടെ പത്തു ദിവസങ്ങൾ യേശുവിന്റെ രക്ഷാകരമായ പീഡാനുഭവത്തെയും അനുസ്മരിക്കുന്നു. യേശുവിന്റെ ഉത്ഥാനപെരുനാൾ ഭക്തിയോടെ ആചരിക്കുവാനുള്ള ഒരുക്കം കൂടിയാണത്.

  ഈ മൂന്നു നോമ്പുകൾ കൂടാതെ, ഭക്തിപരമായി ആചരിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മറ്റു നാല് നോമ്പുകൾ കൂടെയുണ്ട്.
- **പതിമൂന്നു നോമ്പ്** : ജൂൺ 16 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ ശ്ലീഹാനോമ്പായി ആചരിക്കുന്നു. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മത്തിരുനാളോടുകൂടി ഈ നോമ്പ് അവസാനിക്കുന്നു. അപ്പസ്തോലന്മാരേപ്പോലെ വിശ്വാസികൾക്കും, സഭയിലുള്ള മിഷൻ പ്രവർത്തനത്തിന്റെ ഉത്തരവാദിത്വത്തെ ഈ നോമ്പ് ഓർമ്മിപ്പിക്കുന്നു.
- **പതിനഞ്ച് നോമ്പ്** : ഓഗസ്റ്റ് 1 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ, വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന് മുന്നോടിയായി ഈ നോമ്പ് ആചരിക്കുന്നു. ഈ തിരുനാൾ, മറിയത്തെപ്പോലെ അനുഗ്രഹകരമായ ഒരു മരണം സ്വീകരിക്കുവാൻ വിശ്വാസികൾക്കും സാധിക്കുന്നതിനുള്ള ഒരുക്കത്തെ ഓർമ്മിപ്പിക്കുന്നു,.

www.malankaralibrary.com

- **എട്ടുനോമ്പ്** : വി. ദൈവമാതാവിന്റെ ജനനത്തിരുനാളിന് ഒരുക്കമായി, എട്ടു ദിവസം നോമ്പുനോറ്റ് ഈ തിരുനാൾ ആചരിക്കുന്നു.
- **മാർ ഈവാനിയോസ് നോമ്പ്** (ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികൾക്കു ആത്മീയ സഹായം നൽകുന്നതിലേക്കായി വിശ്വാസികൾ ഭക്തിയോടെ ആചരിക്കുന്ന നോമ്പ്. കാനോനികമായി നിർബന്ധമില്ലാത്ത നോമ്പാണിത്) ജൂലൈ 1-15 വരെയാണ് ഈ നോമ്പ് ആചരിക്കുന്നത്.

### ബുധൻ & വെള്ളി നോമ്പാചരണം

3-ാം നൂറ്റാണ്ടിലെ 'അപ്പസ്തോലന്മാരുടെ പ്രബോധന'ത്തെ ആസ്പദമാക്കി വി. എപ്പിഫാനിയോസ് (+ 413) ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പാചരിക്കണമെന്നുള്ള പാരമ്പര്യത്തിന്റെ കാരണം ഇപ്രകാരം പറയുന്നു: ബുധനാഴ്ചയും വെള്ളിയാഴ്ചയും ഒമ്പതാം മണിക്കൂർ വരെ ഉപവസിക്കണം. കാരണം ബുധനാഴ്ച, യേശുവിനെ ക്രൂശിക്കാൻ വിധിച്ചതിന്റെയും, വെള്ളിയാഴ്ച യേശുവിനെ കുരിശിച്ചതിന്റെ ഓർമ്മയാണ് (St. Epiphanius De Fide 22, cf. AG. Martimort, The Church at Prayer...., p. 26)

### അനുതാപത്തിന്റെയും പശ്ചാത്താപത്തിന്റെയും പ്രാധാന്യം

എല്ലാ യാമപ്രാർത്ഥനകളിലും അനുതാപം പ്രധാന ചിന്താവിഷയമാണ്. യോഹന്നാൻ സ്നാപകനും നമ്മുടെ കർത്താവും അവരുടെ പ്രബോധനങ്ങൾ ആരംഭിക്കുന്നത് 'മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുക' എന്നു പറഞ്ഞുകൊണ്ടാണ്. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാനുള്ള മാർഗ്ഗമാണ് അനുതാപം. അതിനാലാണ് സഭ വിശ്വാസികളോട് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും പ്രബോധനങ്ങൾ നൽകുന്നത്. ബൈബിളിലെ നിരവധി വ്യക്തികൾ അനുതാപത്തിലൂടെ കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും ലഭിച്ചവരാണ് എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. അതിനാൽ നാമും ദൈവത്തെ സമീപിച്ച് കരുണയും പാപമോചനവും ലഭിക്കുവാൻ ഇടയാക്കണമെന്ന് പഠിപ്പിക്കുന്നു. മുട്ടുകുത്തൽ, സാഷ്ടാംഗ പ്രണാമം, കുമ്പിടൽ എന്നിവയെല്ലാം ദൈവത്തിന്റെ മുമ്പിൽ നാം കാരുണ്യം അപേക്ഷിക്കുന്നതിന്റെയും പാപപരിഹാരം യാചിക്കുന്നതിന്റെയും അടയാളമാണ്.

www.malankaralibrary.com

**ഉപവാസവും തപശ്ചര്യയും വിശുദ്ധ ഗ്രന്ഥത്തിൽ**

വിശുദ്ധ ഗ്രന്ഥത്തിൽ പ്രവാചകന്മാർ ഉൾപ്പെടെ അനേകം പേർ ഉപവസിച്ച് പ്രാർത്ഥിക്കുന്നതായി നാം കാണുന്നു.

- ❖ ഇസ്രായേൽജനത്തെ നയിച്ച മോശ ദൈവകൽപനകൾ സ്വീകരിക്കുന്നതിന് ഒരുക്കമായി 40 ദിനരാത്രങ്ങൾ സീനായ്മലയിൽ ഉപവസിച്ച് പ്രാർത്ഥിച്ചു (പുറ. 24:18). "മൂശാ തൻ നോമ്പാൽ ഇസറേല്യർക്കായ് നേടി ജീവൻ കല്പനകൾ....." (വലിയനോമ്പിലെ പ്രാർത്ഥനക്രമം, പേജ് 71).
- ❖ ദാനിയേൽ തപശ്ചര്യകൾ അനുഷ്ഠിച്ച്, ഉപവസിച്ച് ദൈവതിരുമുമ്പിൽ വിശുദ്ധീകരിക്കുന്നത് നാം വായിക്കുന്നു (ദാനി. 9:3) "ദാനിയേൽ നോറ്റൊരു നോമ്പാൽ ബാബേലിൽ സിംഹങ്ങൾ തൻ വായ് ബന്ധിച്ചു...." (പേജ് 127).
- ❖ ജോയേൽ ദീർഘദർശിയും, ചാക്കുധരിച്ച് വിലാപത്തോടെ ഉപവസിച്ച് പ്രാർത്ഥിച്ചു (ജോയേൽ 1:13 ff)
- ❖ 40 ദിവസം ഉപവസിച്ച് പ്രാർത്ഥിച്ച ഏലിയാ ദീർഘദർശിയെപ്പറ്റിയും വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു (1 രാജാ. 19:8 ff) "മൂശാനിബി ഏലിയായും നാൽപതുനാൾ ഉപവസിച്ചല്ലോ...." (വലിയനോമ്പിലെ പ്രാർത്ഥനക്രമം, പേജ് 72).
- ❖ കർത്താവ് ആഗ്രഹിക്കുന്ന യഥാർത്ഥ ഉപവാസത്തെപ്പറ്റി ഏശയ്യാ പറയുന്നത് ശ്രദ്ധിക്കുക:

  "നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല. ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്... ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിന് സ്വീകാര്യമായ ദിവസമെന്നും വിളിക്കുക" (ഏശ. 58:4-5).
- ❖ പരസ്യജീവിതത്തിനുമുമ്പ് 40 ദിവസം മരുഭൂമിയിൽ ഉപവസിച്ച് പ്രാർത്ഥിക്കുന്ന യേശുവിനെ നാം കാണുന്നു (മത്താ. 4:2). "നാഥൻ താനുപവാസത്താൽ രിപുവാം സാത്താനെ വെന്നു..." (പേജ് 72).
- ❖ സ്നാപക യോഹന്നാനും അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും സന്ദേശം നൽകുന്നു (മർക്കോ. 1:1-4).
- ❖ നോമ്പിനും ഉപവാസത്തിനും യഹൂദന്മാരും പ്രാധാന്യം നൽകിയിരുന്നു. തിങ്കളും വ്യാഴവും അവർക്ക് ഉപവാസദിനമായിരുന്നു.

www.malankaralibrary.com

തിങ്കളാഴ്ച, മോശ സീനായ്മലയിലേക്ക് കയറിയതിനെയും, വ്യാഴാഴ്ച, മോശ സീനായ്മലയിൽ നിന്ന് ഇറങ്ങി വന്നതിനെയും അനുസ്മരിച്ചാണ് അവർ പ്രത്യേകം ഉപവസിച്ചിരുന്നത്.

❖ ആദിമ ക്രൈസ്തവരും ഉപവാസത്തിനും നോമ്പിനും പ്രാധാന്യം കൊടുത്തു. പ്രത്യേകിച്ചും ബുധൻ, വെള്ളി ദിവസങ്ങളിൽ അവർ ഉപവസിച്ചിരുന്നു. ബുധനാഴ്ച, യഹൂദന്മാരുടെ നിയമ കോടതി യേശുവിനെ വധിക്കുവാൻ തീരുമാനിച്ചതിനെ ഓർത്തും, വെള്ളിയാഴ്ച യേശുവിനെ വധിച്ചതിനെയോർത്തുമാണ് ഇപ്രകാരം ആ ദിവസങ്ങളിൽ ഉപവസിച്ചിരുന്നത്.

ഇങ്ങനെ നോമ്പിനും ഉപവാസത്തിനും തപശ്ചര്യകൾക്കും വിശ്വാസജീവിതത്തിൽ വലിയ പ്രാധാന്യമുണ്ടെന്ന് വിശുദ്ധ ഗ്രന്ഥവും അനേക വ്യക്തികളും നമ്മെ പഠിപ്പിക്കുന്നു.

**നോമ്പും പ്രാർത്ഥനയും മലങ്കര ആരാധനക്രമത്തിൽ**

മലങ്കര ആരാധനക്രമത്തിൽ, പ്രത്യേകിച്ച് മൂന്നുനോമ്പിന്റെയും വലിയനോമ്പിന്റെയും പ്രാർത്ഥനകളും ഗീതങ്ങളും നോമ്പിന്റെ അർത്ഥത്തെയും നോമ്പാചരണത്തിന്റെ ഫലങ്ങളെയും നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ഏതാനും ചില പ്രാർത്ഥനകൾ ശ്രദ്ധിക്കുക:

❖ "നോമ്പ് നല്ലതാണ്. എന്നാൽ ഒരുവൻ സ്നേഹം കൂടാതെ നോമ്പ് നോറ്റാൽ അവന്റെ വ്യതംകൊണ്ട് യാതൊരു പ്രയോജനവുമില്ല" (വലിയനോമ്പിലെ പ്രാർത്ഥനക്രമം, പേജ് 83).

❖ "പ്രാർത്ഥന നല്ലതാണ്. എന്നാൽ സ്നേഹം അതിനെ കരേറ്റുന്നില്ലെങ്കിൽ അതിന്റെ ചിറക് ബലഹീനമത്രേ" (പേജ് 83,75,79).

❖ "ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും, ശത്രുവായ ദുഷ്ടനു നേരെ തോൽക്കാത്ത ആയുധവുമാണ്" (പേജ് 17,26).

❖ "നോമ്പ് സ്വർഗ്ഗത്തിലേക്ക് കരേറുവാനുള്ള ഗോവണിയും, പ്രാർത്ഥന സ്വർഗ്ഗത്തിന്റെ താക്കോലുമാണ്" (പേജ് 12-13).

❖ "ഈ നോമ്പിന്റെ അവസാനത്തിൽ ഞങ്ങൾ പ്രശോഭിതരായി തീരണമേ....വിശുദ്ധിയുടെ തുറമുഖത്തേക്ക് ഞങ്ങളെ നോമ്പിലൂടെ അടുപ്പിക്കണമേ... ദുഷ്ടതകളെ പിഴുതു കളയുകയും തിന്മകളെ അകറ്റുകയും ചെയ്യണമേ.... ഈ നോമ്പ് സ്വർഗ്ഗത്തിലേക്ക് കരേ

www.malankaralibrary.com

റ്റുന്ന വിസ്മയനീയ നോമ്പത്രേ.... നോമ്പ് ശരീരത്തെ കീഴ്പ്പെടുത്തുന്നു, ആത്മാവിനെ വെൺമയുള്ളതാക്കുന്നു" (പേജ് 14).

- ❖ പ്രാർത്ഥന നോമ്പുകളാൽ സാത്താനോട് പൊരുതി വിജയിച്ചീടാനും നിൻ സഭയെ....(പേജ് 10).
- ❖ തിരുഹിതമതുപോലെ നോമ്പാചരിപ്പാനും, പാപങ്ങളെയെല്ലാം മായ്ച്ചീടാനും..." (പേജ് 10).
- ❖ പാവന നോമ്പല്ലോ വിജയത്തിന്നുടെ അടയാളം, രിപുവിനെതിരായി തോൽക്കാത്തായുധമാകുന്നു (പേജ് 15).
- ❖ ദുഷ്ടനെതിരായി തുണ ചെയ്കീശാ, ആയുധമാത്മാൽ തിരുനാമത്തിൽ മുദ്രിതമാക്കി രക്ഷിക്കെന്നെ (പേജ് 24).
- ❖ അലസന്മാരെ എഴുന്നേൽപ്പിൻ പോരാട്ടത്തിൽ മടുക്കരുതേ, നോമ്പിൽ ജാഗ്രതയായ് ജീവൻ നേടാനായി യത്നിപ്പിൻ (പേജ് 44).
- ❖ മിശിഹാ ദേവേശാ കൃപയോട് നോമ്പാൽ, സാത്താനെ ലജ്ജിപ്പിച്ചു, ദുഷ്ടൻ ശക്തിയെ നീ വെന്നു... (പേജ് 67).
- ❖ സകലേശൻ മിശിഹാ നമ്മൾക്കായ് ഉപവാസം ചെയ്തുപദേശം നൽകി (പേജ് 73).
- ❖ സോദരരേ അതിശക്തമതും നന്മ നിറഞ്ഞതുമാം നോമ്പ് (പേജ് 91).
- ❖ പാവന നോമ്പിതുതന്നെന്ന നിബിവചനം കേൾ, എങ്ങനെ പാലിക്കണമെന്നും ഘോഷിച്ചീടുന്നു. വഞ്ചനയിൻ കെട്ടുകളെ പൊട്ടിക്കേണം, മുട്ടുള്ളോർക്കായ് അപ്പം വിഭജിക്കേണം, പരദേശിക്ക് അഭയം നൽകേണം (പേജ് 100).
- ❖ വരുവിൻ പാപക്കറകൾ പെരുത്തു ദുഷ്ടതയാലും, ശുദ്ധി വെടിഞ്ഞോരാത്മാവിനെ അനുതാപത്താലും കണ്ണീരാലും ശുചിയാക്കാം (പേജ് 126).

ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും നോമ്പിൽ ലയിച്ച് ചേർന്നിരിക്കുന്നു. നോമ്പ് നോക്കുന്നവനും ഉപവസിക്കുന്നവനും ദാനധർമ്മത്തിനുകൂടി തയ്യാറാകണം. അവന്റെ ഉപവാസവും വർജ്ജനയുമൊക്കെ ഭക്ഷണമില്ലാത്തവന് ഭക്ഷണം കൊടുക്കുവാനും ദാനധർമ്മം നടത്തുവാനും സഹായിക്കണം. താഴെപ്പറയുന്ന ഗീതങ്ങൾ ശ്രദ്ധിക്കുക:

www.malankaralibrary.com

- നാൽപതു നോമ്പതു നോക്കുക നീ, തീറ്റുക തീനില്ലാത്തവനെ ...... (പേജ് 30).
- ഭക്ഷണപാനീയം വെടിയും നോമ്പതു ലഘുവല്ലോ, പുണ്യത്തിൻ നോമ്പതു നാഥൻ ദൃഷ്ടിയിൽ വലുതല്ലോ, ഉപവാസമോടെ ദാനം ചേർക്കുന്നോൻ വൻപ്രതിഫലവും പ്രാപിച്ചീടുന്നു, ദാനം ചെയ്‌വാൻ ഇല്ലാത്തോൻ, സ്നേഹം പകരേണം (പേജ് 130).

ഒരു ക്രൈസ്തവന്റെ നോമ്പ് എന്താണെന്നും ആ നോമ്പാചരണം എങ്ങനെയായിരിക്കണമെന്നും, അതിലൂടെ സംഭവിക്കുന്നത് എന്താണെന്നുമൊക്കെ മേൽപ്പറഞ്ഞ പ്രാർത്ഥനകളും ഗീതങ്ങളും വെളിപ്പെടുത്തുന്നു. സാത്താനോട് പൊരുതി വിജയിക്കുവാൻ, ദുഷ്ടതകളെ പിഴുതുകളയാൻ, തിന്മകളെയും പാപങ്ങളെയും മായ്ക്കാൻ, ദൈവസന്നിധിയിൽ പ്രശോഭിതരാകാൻ, വിശുദ്ധിയുടെ തുറമുഖത്തേക്ക് കൂടുതൽ അടുക്കാൻ, സ്വർഗ്ഗത്തിലേക്ക് കരേറുവാൻ, ആത്മാവിനെ വെണ്മയുള്ളതാക്കാൻ, വഞ്ചനയുടെ കെട്ടുകളെ പൊട്ടിക്കാൻ, അനശ്വരജീവൻ പ്രാപിക്കുവാൻ, മുട്ടുള്ളോർക്കായ് അപ്പത്തെ വിഭജിച്ചീടാൻ... എന്നീ ആശയങ്ങളിലൂടെ ക്രിസ്തീയ നോമ്പും നോമ്പാചരണവും എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുന്നു. അതോടൊപ്പം ദൈവത്തോടും മനുഷ്യരോടും അനുരഞ്ജനപ്പെടുവാനുമുള്ള അവസരവുമാണ് നോമ്പ്. വലിയ നോമ്പിന്റെ ആരംഭ ദിവസമായ തിങ്കളാഴ്ച നടത്തുന്ന ശുബ്ക്കോനോ (ക്ഷമ, അനുരഞ്ജനം, രമ്യത) എന്ന ശുശ്രൂഷയിലെ പ്രാർത്ഥനകളും ഗീതങ്ങളും ഈ അർത്ഥം വെളിവാക്കുന്നു. നോമ്പാചരണത്തിലേക്ക് പ്രവേശിക്കുന്നതിനും, നോമ്പാചരണം ഫലപ്രദമാകുന്നതിനും അനുരഞ്ജനവും രമ്യതയും ആവശ്യമാണെന്ന് സഭ നമ്മെ ഓർമ്മിപ്പിക്കുന്നു. അതിന്റെ പ്രതീകമായി ഈ ശുശ്രൂഷയുടെ അവസാനത്തിൽ എല്ലാവരും പരസ്പരം സമാധാനം നൽകുകയും ചെയ്യുന്നു.

www.malankaralibrary.com

## അധ്യായം 4
# കൂദാശകൾ: മാമ്മോദീസാ

ക്രിസ്തു സ്ഥാപിച്ചതും സഭയെ ഭരമേൽപ്പിച്ചതുമായ കൂദാശകൾ, കൃപാവരത്തിന്റെ ഫലദായകങ്ങളായ അടയാളങ്ങളാണ്. അവയിലൂടെ ദൈവിക ജീവൻ നമുക്ക് നൽകപ്പെടുന്നു. കൂദാശകൾ വിശ്വാസികളെ അവരുടെ ആത്മീയ പുരോഗതിയ്ക്കും വിശുദ്ധിയിലുള്ള വളർച്ചയ്ക്കും സഹായിക്കുന്നു. കൂദാശകൾ വിശ്വാസികൾക്ക് രക്ഷയുടെ അനിവാര്യമായ മാർഗങ്ങളാണ്, ഓരോ കൂദാശയിലൂടെയും അത് സ്വീകരിക്കുന്നവർക്ക് പ്രത്യേക കൃപ ലഭിക്കുന്നു, ഉദാഹരണത്തിന്, മാമോദീസാ ക്രിസ്തുവിലേക്കും സഭയിലേക്കുമുള്ള ഉൾച്ചേരലിനും, കുമ്പസാരം പാപമോചനത്തിനും, പൗരോഹിത്യം പ്രത്യേക സേവനത്തിനുള്ള സമർപ്പണത്തിനുവേണ്ടിയും കൃപ സ്വീകരിക്കുന്നു. മനുഷ്യരെ വിശുദ്ധീകരിക്കുക, ക്രിസ്തുവിന്റെ മൗതികശരീരം പടുത്തുയർത്തുക, ദൈവത്തിന് ആരാധന സമർപ്പിക്കുക എന്നിവയാണ് കൂദാശകളുടെ ലക്ഷ്യം (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, നമ്പർ 1123).

ഒരു കൂദാശ പരികർമ്മം ചെയ്യുന്ന വ്യക്തിയുടെ വ്യക്തിപരമായ വിശുദ്ധി പരിഗണിക്കാതെതന്നെ ആ കൂദാശയുടെ ഫലം, പരികർമ്മം ചെയ്യുന്നു എന്നതിനാൽ തന്നെ (ex opere operato) സ്വീകരിക്കുന്ന വ്യക്തിക്ക് ലഭിക്കുന്നുവെന്ന് സഭ പഠിപ്പിക്കുന്നു. കൂദാശകൾ കാർമ്മികന്റെയോ സ്വീകരിക്കുന്ന വ്യക്തിയുടെയോ നീതിയാലല്ല, പിന്നെയോ ദൈവത്തിന്റെ ശക്തിയാലാണ് പ്രവർത്തിക്കുന്നത് (CCC നം. 1128). കൂദാശകൾ ഫലമണിയുവാൻ വിശ്വാസം പരമപ്രധാനമാണ്. കൂടാതെ, വിശ്വാസത്തെ വാക്കുകളിലൂടെയും ആചാരപരമായ അനുഷ്ഠാനങ്ങളിലൂടെയും, പോഷിപ്പിക്കുകയും ശക്തിപ്പെടുത്തുകയും പ്രകടിപ്പിക്കുകയും ചെയ്യേണ്ടതാണ്. എന്നെന്നും ജീവിക്കുന്നതും ജീവൻ നല്കുന്നതുമായ ക്രിസ്തുവിന്റെ ശരീരത്തിൽനിന്ന് 'പ്രവഹിക്കുന്ന ശക്തികൾ' ആണ് കൂദാശകൾ (CCC, നം.1116). കൂദാശകൾ പ്രസാദവരം പ്രദാനം ചെയ്യുന്നുവെന്ന് മാത്രമല്ല, ആ പ്രസാദവരം ഫലപ്രദമായി സ്വീകരിക്കുന്നതിന് വിശ്വാസികളെ ഒരുക്കുകയും ചെയ്യുന്നു (SC 59). ഏഴു കൂദാശകളും ക്രൈസ്തവ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളെയും സുപ്രധാന നിമിഷങ്ങളെയും സ്പർശിക്കുന്നു. അവ ക്രൈസ്തവന്റെ

www.malankaralibrary.com

വിശ്വാസ ജീവിതത്തിന് അനുഗ്രഹവും വളർച്ചയും രോഗവിമുക്തിയും ദൗത്യവും നല്കുന്നു (CCC നം. 1210). ക്രൈസ്തവ ജീവിതത്തിലേക്കുള്ള ഔപചാരിക പ്രവേശനത്തിന്റെ കൂദാശകളായ മാമോദീസ, സ്ഥൈര്യലേപനം, വി. കുർബ്ബാന എന്നീ പ്രാരംഭ കൂദാശകൾ (പ്രവേശക കൂദാശകൾ) ക്രൈസ്തവ ജീവിതത്തിന് മുഴുവനായി അടിസ്ഥാനമിടുന്നു (CCC നം. 1212).

പൗരസ്ത്യ പാരമ്പര്യത്തിൽ, കൂദാശ എന്നത് പഴയതിൽനിന്ന് പുതിയതിലേക്കുള്ള ഒരു 'കടന്നു പോകലിനെയും' രൂപാന്തരീകരണത്തെയും, അന്ധകാരത്തിന്റെ ആധിപത്യത്തിൽ നിന്നുള്ള മോചനത്തെയും (കോളോ. 1:13) സൂചിപ്പിക്കുന്നു. ഓരോ കൂദാശയും ഈ ലോകത്തിൽനിന്ന് ദൈവരാജ്യത്തിലേക്കുള്ള വഴിത്തിരിവാണ്. ഉദാഹരണത്തിന്, മാമോദീസായിൽ ഒരാൾ തന്റെ പാപത്തിൽനിന്ന് മോചിതനാകുക മാത്രമല്ല, പഴയതിൽനിന്ന് പുതിയതിലേക്ക് മാറ്റപ്പെടുകയും ചെയ്യുന്നു. (2 കൊറി 5:17). കൂദാശ 'പവിത്രവും നിഗൂഢവുമായ കാര്യത്തിന്റെ പ്രതീകമാണ്'. അത് ദൃശ്യവും അദൃശ്യവുമായ യാഥാർത്ഥ്യമാണ്. ഇന്ദ്രിയങ്ങൾ വഴി മനസ്സിലാക്കുന്നതിലൂടെ അത് ദൃശ്യമാണ്, നൽകപ്പെടുന്ന കൃപയിലൂടെ അദൃശ്യവുമാണ്. അങ്ങനെ, കൂദാശ കൃപയിലൂടെ ഒരു വ്യക്തിയെ വിശുദ്ധീകരിക്കുന്നതിന്റെ ഫലപ്രദമായ അടയാളമാണ്. കൂദാശയുടെ മൂന്ന് പ്രധാന ഘടകങ്ങൾ ഇവയാണ്: 1. ദൃശ്യമായ അടയാളം, 2. അദൃശ്യമായ കൃപ, 3. ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടത്. കൂദാശയുടെ പ്രതീകാത്മകത വെറും ആലങ്കാരികമല്ല, മറിച്ച് ഫലദായകമാണ്. 'എന്തോ ഒന്ന് ഇന്ദ്രിയങ്ങൾക്ക് ദൃശ്യമാണ്, പക്ഷേ അദൃശ്യവും മറഞ്ഞിരിക്കുന്നതുമാണ് അതിനെ വിശുദ്ധമാക്കുന്നത്'. കൂദാശകൾ മൂലമുണ്ടാകുന്ന അദൃശ്യ യാഥാർത്ഥ്യത്തെയാണ് കൃപാവരം എന്ന് വിളിക്കുന്നത്. നമ്മെ സുഖപ്പെടുത്തുവാനായി ക്രിസ്തു കൂദാശകളിലൂടെ നമ്മെ നിരന്തരം 'സ്പർശിച്ചുകൊണ്ടിരിക്കുന്നു' (CCC നം. 1504).

**പ്രാരംഭ കൂദാശകൾ**: മാമോദീസാ, മുറോനഭിഷേകം (സ്ഥൈര്യലേപനം), വി. കുർബാന. ഈ മൂന്നു കൂദാശകൾ, ക്രൈസ്തവ ജീവിതത്തിലേക്കുള്ള ഔപചാരിക പ്രവേശനത്തിന്റെ കൂദാശകളാണ്.

**രോഗശാന്തി കൂദാശകൾ**: കുമ്പസാരം (പാപമോചനം), രോഗികളുടെ തൈലാഭിഷേകം

www.malankaralibrary.com

**ദൈവവിളിയുടെ കൂദാശകൾ**: വൈദികാഭിഷേകം, വിവാഹം

സഭയുടെ സ്വത്വത്തിന്റെ പ്രതീകാത്മക അടയാളങ്ങളും, കൃപയുടെ ഫലപ്രദമായ പ്രതീകാത്മക അടയാളങ്ങളുമാണ് കൂദാശകൾ. മാമോദീസാ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നീ മൂന്നു കുദാശകൾ കൃപാവരത്തിനു പുറമേ, കൗദാശികമായ ഒരു 'മുദ്ര' അഥവാ 'അടയാളം' കൂടി നല്കുന്നു. അതിനാൽ ഈ കൂദാശകൾ ആവർത്തിക്കാവുന്നവയല്ല.

## 1. മാമോദീസ – അടിസ്ഥാന ദൈവശാസ്ത്രം (Baptism)

ക്രൈസ്തവസഭയുടെ ഏഴ് കൂദാശകളിൽ ഒന്നാണ് മാമോദീസാ. ഇതിനെ 'ആദ്യ കൂദാശ', 'മറ്റ് കൂദാശകളുടെ വാതിൽ', 'സഭയുടെ വാതിൽ' എന്നിങ്ങനെ വിളിക്കുന്നു. ക്രിസ്തുവിനെയും അവന്റെ പെസഹാരഹസ്യങ്ങളെയും, സഭയുമായും അവന്റെ ശരീരവുമായും ഒന്നിപ്പിക്കുന്ന കൂദാശയാണിത്. കഴുകൽ എന്നർത്ഥം വരുന്ന 'ബാപ്റ്റോ' (bapto) അല്ലെങ്കിൽ വെള്ളത്തിലേക്കുള്ള മുക്കൽ, ക്രിസ്തുവിന്റെ മരണത്തിലേക്കുള്ള സ്നാനാർത്ഥിയുടെ കബറടക്കമാണ് സൂചിപ്പിക്കുക. അവിടെനിന്ന് ആ വ്യക്തി ക്രിസ്തുവിനോടൊപ്പം പുതിയ സൃഷ്ടിയായി ഉയർത്തെഴുന്നേൽക്കും (CCC നം. 1214). Baptizio എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് സ്നാനം എന്ന പദം ഉരുത്തിരിഞ്ഞത്. അതിനാൽ ഈ കൂദാശയുടെ അനിവാര്യമായ ആശയമാണ് കഴുകൽ (ക്ഷാളനം). ആത്മാവിനെ പാപത്തിൽനിന്ന് ശുദ്ധീകരിക്കുന്ന കൗദാശികമായ കഴുകലാണ് ഇത്. മാമോദീസാ മറ്റ് പേരുകളിലും അറിയപ്പെടുന്നു; പുനർജനനത്തിന്റെ ക്ഷാളനം, പ്രകാശം, ജനനം, പരിശുദ്ധാത്മാവിനാലുള്ള നവീകരണം, ദൈവത്തിന്റെ മുദ്ര, കൃപാദാനം, ത്രിത്വത്തിന്റെ കൂദാശ, അഭിഷേകം, അമർത്യതയുടെ വസ്ത്രം.... നോഹയുടെ സമയത്തെ ജലപ്രളയം, നോഹയുടെ പെട്ടകം, ചെങ്കടൽ കടക്കൽ തുടങ്ങിയ പഴയനിയമ സംഭവങ്ങൾ പുതിയനിയമ മാമോദീസായുടെ പ്രതിരൂപങ്ങളായി കാണുന്നു (1 പത്രോ. 3:20) പഴയനിയമത്തിലെ രക്ഷയുടെ പെട്ടകം പോലെയാണ് പുതിയ നിയമത്തിലെ രക്ഷയുടെ പെട്ടകമായ മാമോദീസാ. യേശുവിന്റെ സുവിശേഷത്തിൽ വിശ്വസിക്കുന്ന ആളുകൾക്കും മാനസാന്തരത്തിലൂടെ പാപത്തിന്റെ അടിമത്തത്തിൽനിന്ന് രക്ഷിക്കപ്പെട്ട മനുഷ്യർക്കും ദൈവം നൽകുന്ന രക്ഷാകരമായ ദാനമാണിത്.

മാമോദീസ എന്ന കൂദാശയാണ് ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനം. അത് ആത്മീയ ജീവിതത്തിലേക്ക് പ്രവേശിക്കുവാനുള്ള കവാടവും, മറ്റു കൂദാശകളെ സ്വീകരിക്കുവാനുള്ള വാതിലുമാണ്.

www.malankaralibrary.com

“മാമോദീസായിലൂടെ നാം പാപവിമുക്തരാകുകയും, ദൈവമക്കളായി വീണ്ടും ജനിക്കുകയും, ക്രിസ്തുവിന്റെ അവയവങ്ങളായി തീരുകയും, സഭയുടെ ശരീരത്തിലേക്ക് ചേർക്കുകയും, അവളുടെ ദൗത്യത്തിൽ പങ്കുകാരാകുകയും ചെയ്യുന്നു” (CCC 1213). സ്നാനപ്പെടുത്തുക (ഗ്രീക്ക് ഭാഷയിൽ baptizein) എന്നതിന് ‘മുക്കുക’, ‘താഴ്ത്തുക’ എന്നാണർത്ഥം. വെള്ളത്തിലേക്കുള്ള മുക്കൽ, ക്രിസ്തുവിന്റെ മരണത്തിലേക്കുള്ള സ്നാനാർത്ഥിയുടെ കബറടക്കവും, വെള്ളത്തിൽനിന്നുള്ള ഉയർത്തൽ ക്രിസ്തുവിന്റെ ഉയർത്തെഴുനേൽപ്പിന്റെ പ്രതീകവുമാണ്. പൗലോസ് അപ്പസ്തോലൻ മാമോദീസായെപ്പറ്റി ഇപ്രകാരം പറയുന്നു: മാമോദീസ സ്വീകരിക്കുന്ന ഒരു വ്യക്തി ക്രിസ്തുവിന്റെ മരണവുമായി ഐക്യപ്പെടുകയും, അവിടുത്തോടൊപ്പം സംസ്കരിക്കപ്പെടുകയും അവിടുത്തോടൊപ്പം ഉയർക്കുകയും ചെയ്യുന്നു.

ജോർദാൻ നദിയിൽ വച്ച് സ്നാപകയോഹന്നാൻ നല്കിയ മാമോദീസ സ്വീകരിച്ചതിനുശേഷമാണ് യേശു തന്റെ പരസ്യജീവിതം ആരംഭിച്ചത്. തന്റെ അപ്പസ്തോലന്മാർക്കും പിന്നീട് ഇതേ ദൗത്യം യേശു നല്കി. “ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും പഠിപ്പിക്കുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ” (Mt. 28:19-20, Mk. 16:15-16). മാമോദീസ സ്വീകരിക്കുന്നവർ ‘ക്രിസ്തുവിനെ ധരിക്കുകയും’ (Gal. 3:27) ക്രിസ്തുവിനോടുകൂടി ഉത്ഥാനം ചെയ്യുകയും ചെയ്യുന്നു എന്നതിന്റെ പ്രതീകമായാണ് വെള്ള വസ്ത്രം ധരിക്കുക. മാമോദീസ സ്വീകരിക്കുന്ന വ്യക്തി ദൈവത്തിന്റെ പുത്രനായി/പുത്രിയായി തീരുകയും, ദൈവത്തെ ‘സ്വർഗ്ഗസ്ഥനായ പിതാവേ’ എന്ന് വിളിക്കുവാൻ യോഗ്യനായിത്തീരുകയും ചെയ്യുന്നു.

പൗരസ്ത്യ സഭകളിൽ, പ്രത്യേകിച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ മാമോദീസായോടൊപ്പം മൂറോനഭിഷേകം (സ്ഥൈര്യലേപനം) എന്ന കൂദാശയും നല്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രതീകമായ മൂറോൻകൊണ്ടുള്ള ഈ അഭിഷേകം, മാമോദീസായിലെ അഭിഷേകത്തെയും ഏറ്റു പറഞ്ഞ വിശ്വാസത്തെയും ‘സ്ഥിരീകരിക്കുകയും പൂർത്തീകരിക്കുകയും’ ചെയ്യുന്നു. മാമോദീസായ്ക്കും മൂറോനഭിഷേകത്തിനുംശേഷം വി. കുർബ്ബാന നല്കുന്നത് നവജീവന്റെ ഭക്ഷണമായ ക്രിസ്തുവിന്റെ ശരീരവും രക്തവും സ്വീകരിച്ച് ക്രൈസ്തവാരംഭത്തിന്റെ

www.malankaralibrary.com

ഐക്യത്തെപ്പറ്റിയുള്ള അവബോധം നില നിർത്തുന്നതിനാണ്. അതോടൊപ്പം, മാമോദീസായിലൂടെ യേശുക്രിസ്തുവിന്റെ മൗതിക ശരീരമാകുന്ന സഭയിൽ അംഗമാകുന്ന വ്യക്തി, യേശുക്രിസ്തുവിന്റെ ശരീരവും രക്തവും സ്വീകരിച്ച് അത് പൂർത്തിയാക്കുകയും ചെയ്യുന്നു.

മാമോദീസ വിശ്വാസത്തിന്റെ കൂദാശയാണ്. മാമോദീസായ്ക്ക് ആവശ്യമായ വിശ്വാസം പരിപൂർണ്ണവും പരിപക്വവുമായ വിശ്വാസമല്ല, മറിച്ച് വളർച്ച ആവശ്യമായിട്ടുള്ള ഒരു ആരംഭമാണ്. മാമോദീസ സ്വീകരിച്ച എല്ലാവരുടെയും വിശ്വാസം, അവർ ശിശുക്കളായാലും മുതിർന്നവരായാലും മാമോദീസായ്ക്ക് ശേഷം വളരണം (CCC 1253-1254). മാമോദീസ, ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിന്റെ ഉറവിടവും രക്ഷയ്ക്ക് അത്യാവശ്യവുമാണ് (Jn. 3:5). മാമോദീസ പുനർജനനത്തെയും നവീകരിക്കലിനെയും സൂചിപ്പിക്കുന്നു. അതിലൂടെയുള്ള രണ്ട് പ്രധാന ഫലങ്ങളാണ് പാപങ്ങളിൽനിന്നുള്ള ശുദ്ധീകരണവും, പരിശുദ്ധാത്മാവിലുള്ള പുതിയ ജനനവും. മാമോദീസായിലൂടെ എല്ലാ പാപങ്ങളും – ഉത്ഭവ പാപവും വ്യക്തിപരമായ പാപങ്ങളും – ക്ഷമിക്കപ്പെടുകയും, പാപത്തിനുള്ള ശിക്ഷ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. മാമോദീസായിലൂടെ വീണ്ടും ജനിച്ചവരിൽ ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം തടയുന്ന ഒന്നും നിലനില്ക്കുകയില്ല. മാമോദീസായിലൂടെ ഒരു വ്യക്തി 'പുതിയ സൃഷ്ടി 'യും, ദൈവത്തിന്റെ ദത്തുപുത്രനും, ദൈവികസ്വഭാവത്തിൽ പങ്കുകാരനും, ക്രിസ്തുവിന്റെ ആലയവും, പരിശുദ്ധാത്മാവിന്റെ ആലയവുമായിത്തീരുന്നു (CCC 1263-1265).

മാമോദീസായിലൂടെ ദൈവിക പുണ്യങ്ങളിൽ വളരുവാനും, പരിശുദ്ധാത്മാവിന്റെ ദാനങ്ങൾവഴി ജീവിക്കുവാനും ധാർമ്മിക പുണ്യങ്ങളിലൂടെ നന്മയിൽ വളരുവാനും ഇടയാകുന്നു. മാമോദീസാ, ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായി നമ്മെ മാറ്റുകയും, സഭയിലേക്ക് ഉൾച്ചേർക്കുകയും ചെയ്യുന്നു. അതോടൊപ്പം, ക്രിസ്തുവിന്റെ പൗരോഹിത്യപരവും പ്രവാചകപരവും രാജകീയവുമായ ദൗത്യത്തിൽ ഭാഗഭാക്കുകളാക്കുകയും ചെയ്യുന്നു (1 പത്രോസ് 2:9). മാമോദീസ എല്ലാ ക്രൈസ്തവരും തമ്മിലുള്ള ഐക്യത്തിന്റെ അടിസ്ഥാനമാണ്. മാമോദീസ മായ്ക്കാനാവാത്ത ആദ്ധ്യാത്മിക മുദ്രകൊണ്ട് (indelible seal) ക്രൈസ്തവനെ അടയാളപ്പെടുത്തുകയും അവൻ ക്രിസ്തുവിന്റെ സ്വന്തമായി തീരുകയും ചെയ്യുന്നു.  അതിനാൽ മാമോദീസ എന്നേക്കുമായി ഒരിക്കൽ മാത്രം നടത്തപ്പെടുന്നതാകയാൽ അത് ആവർത്തിക്കുവാൻ സാദ്ധ്യമല്ല.

www.malankaralibrary.com

### 1.1 നിർവചനം

മാമോദീസാ എന്നത്, നമ്മുടെ ആത്മാക്കൾക്ക് വിശുദ്ധീകരിക്കുന്ന കൃപാവരത്തിന്റെ ജീവിതം നൽകുന്ന പ്രാരംഭ കൂദാശയാണ്, അതിലൂടെ നാം ദൈവത്തിന്റെ മക്കളും സഭയിലെ അംഗങ്ങളും സ്വർഗ്ഗത്തിന്റെ അവകാശികളും ആയിത്തീരുന്നു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം മാമോദീസാ എന്ന കൂദാശയെ ജലത്തിലൂടെ വചനത്തിലുള്ള പുനർജനനത്തിന്റെ കൂദാശയായി നിർവചിക്കുന്നു (per aquam in verbo no. 1273). ഇത് കഴുകൽ എന്ന കർമ്മത്തിന്റെയും ത്രിത്വത്തിന്റെ പ്രാർത്ഥനയുടെയും പ്രവർത്തനമാണ്, അതിലൂടെ നാം ആത്മീയ ജീവിതത്തിലേക്ക് ജനിക്കുന്നു. പുനർജനനം എന്ന പദം സ്നാനത്തെ മറ്റ് എല്ലാ കൂദാശകളിൽ നിന്നും വേർതിരിക്കുന്നു, വീണ്ടും ജനനത്തേക്കാൾ അധികമായി മരണത്തിൽനിന്ന് നമ്മെ തിരികെ കൊണ്ടുവരുന്നു. ഇത് ഒരു വ്യക്തിയെ ദൈവത്തിന്റെ പുത്രനായി/പുത്രിയായി ദത്തെടുക്കുന്ന അവസ്ഥയിലേക്ക് മാറ്റുന്നു. ഈ നിർവചനം മാമോദീസായുടെ രണ്ട് പ്രധാന ഘടകങ്ങൾ സൂചിപ്പിക്കുന്നു - വെള്ളം (matter) ഉപയോഗിച്ച് കഴുകൽ, പരിശുദ്ധ ത്രിത്വത്തിന്റെ (form) ആവാസം. ദൈവികജീവൻ നമ്മുടെ ആത്മാവിലേക്ക് സന്നിവേശിപ്പിക്കുകയും, ക്രിസ്തുവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയുടെ രഹസ്യം പൂർണ്ണമായും നമുക്ക് വെളിപ്പെടുത്തുകയും ചെയ്യുന്ന കൂദാശയാണിത്. ക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലുള്ള പങ്കുചേരലായും (റോമ. 6:3–4) ക്രിസ്തുവിലേക്കുള്ള ഉൾച്ചേരലായും (ഗലാ. 3:27) മാമോദീസാ ചിത്രീകരിക്കപ്പെടുന്നു (Christopher O'Donnell, Ecclesia, A Michael Glazier Book, Collegevile, Minnesota 1996, p. 40).

### 1.2 സ്നാന സ്ഥാപനവും അതിന്റെ ബൈബിൾ അടിസ്ഥാനവും

നമ്മുടെ കർത്താവായ യേശുക്രിസ്തു മാമോദീസാ എന്ന കൂദാശ സ്ഥാപിച്ചു. സുവിശേഷങ്ങളും കത്തോലിക്കാസഭയുടെ പാരമ്പര്യവും ഇത് തെളിയിക്കുന്നു. പുരാതന സ്നാനങ്ങൾ അല്ലെങ്കിൽ യോഹന്നാന്റെ സ്നാനങ്ങൾ പോലുള്ള മറ്റെല്ലാ പ്രബലമായ സ്നാനങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു സ്നാനം കർത്താവ് സ്ഥാപിച്ചുവെന്ന് ബൈബിളിൽനിന്ന് വ്യക്തമാണ്. നിക്കോദേമോസിനോട് ക്രിസ്തു പറഞ്ഞു, ജലത്താലും ആത്മാവാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല (യോഹ. 3:5). ക്രിസ്തുവിന്റെ

www.malankaralibrary.com

മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകന്റെ പ്രസംഗം കേട്ട പലരും പാപങ്ങൾ ഏറ്റുപറഞ്ഞ് സ്നാനം സ്വീകരിച്ചതായി സുവിശേഷം പ്രഖ്യാപിക്കുന്നു (മത്തായി 3:6, യോഹ. 1:31). "മാംസത്തിൽ നിന്ന് ജനിക്കുന്ന മാംസമാണ്, ആത്മാവിൽനിന്ന് ജനിക്കുന്നത് ആത്മാവും" (യോഹന്നാൻ 3:6) എന്ന് ക്രിസ്തു പറഞ്ഞു. "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനംപ്പെടുത്തുവിൻ..." (മത്താ.28:19). "വിശ്വസിക്കുകയും സ്നാനം സ്വീകരിക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" (മർക്കോ. 16:16). പത്രോസ് പറഞ്ഞു; "നിങ്ങൾ മാനസാന്തരപ്പെടുവിൻ, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി നിങ്ങളോരോരുത്തരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടട്ടെ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾ ലഭിക്കും". (അപ്പ. പ്രവ. 2:38-41, 8:12-13). സ്നാനം ക്രിസ്തു സ്ഥാപിച്ചതും അപ്പസ്തോലന്മാരിലൂടെ സഭയിൽ ആരംഭിച്ചതുമായ കൂദാശയാണ്. ഈ കൂദാശ സ്ഥാപിച്ചതിന്റെ സമയം നമുക്ക് കൃത്യമായി ചൂണ്ടികാണിക്കാൻ കഴിയില്ലെങ്കിലും, സാധ്യതയുള്ള വിവിധ സന്ദർഭങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഉദാഹരണത്തിന്, ക്രിസ്തു ജോർദ്ദാൻനദിയിൽ സ്നാനമേറ്റപ്പോൾ (മത്തായി 3:13–16, ലൂക്ക. 3:21–22), പുനർജനത്തിന്റെ ആവശ്യകതയെക്കുറിച്ച് നിക്കോദേമൂസിനോട് പറഞ്ഞപ്പോൾ (യോഹ. 3:5), പ്രസംഗിക്കാനും സ്നാനപ്പെടുത്താനും തന്റെ അപ്പസ്തോലന്മാരെ അയച്ചപ്പോൾ (മർക്കോ. 16:15–16) തുടങ്ങിയവ.

### 1.3. മാമോദീസായുടെ ആവശ്യകത

പുതിയനിയമം സ്നാനത്തിന്റെ ആവശ്യകതയെ പഠിപ്പിക്കുകയും ഊന്നിപ്പറയുകയും ചെയ്യുന്നു. ജലത്താലും ആത്മാവാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല (യോഹ. 3:5 മർക്കോ. 16:16). അതിനാൽ സ്നാനം രക്ഷയുടെ മാർഗ്ഗമായി കണക്കാക്കപ്പെടുന്നു. ക്രിസ്തു ഈ നിയമത്തിന് ഒരു ഒഴിവും നല്കുന്നില്ല, പൊതുവായ പ്രയോഗത്തിൽ, അത് മുതിർന്നവരെയും ശിശുക്കളെയും ഉൾക്കൊള്ളുന്നു. പുനർജനനത്തിന്റെ കഴുകലോ അതിന്റെ ആഗ്രഹമോ കൂടാതെ നീതികരണം ലഭിക്കില്ലെന്ന് ട്രെന്റ് കൗൺസിൽ (സെക്ഷൻ IV cap vi) പഠിപ്പിക്കുന്നു. അതിനാൽ

www.malankaralibrary.com

നമ്മുടെ കർത്താവ് നൽകിയ രക്ഷ ഉറപ്പാക്കുന്ന ഏക മാർഗ്ഗം സ്നാനം മാത്രമാണ്. മാമോദീസാ മുങ്ങിയ വ്യക്തി ക്രിസ്തുവിനെ ധരിച്ചു എന്നും ക്രിസ്തുവിനോടുകൂടി ഉത്ഥാനം ചെയ്തുവെന്നും വെള്ള വസ്ത്രം സൂചിപ്പിക്കുന്നു. (CCC നം 1243)

### 1.4 സ്നാനത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ

രണ്ടാം വത്തിക്കാൻ കൗൺസിൽ സ്നാനത്തെപ്പറ്റി ഇപ്രകാരം പഠിപ്പിക്കുന്നു. മാമോദീസാമുഖേന സഭാശരീരത്തിൽ അംഗങ്ങളായി തീരുന്ന വിശ്വാസികൾ അതിന്റെ മുദ്രയാൽ ക്രിസ്തീയ മതാനുഷ്ഠാനത്തിന് പ്രതിഷ്ഠിക്കപ്പെടുന്നു. ദൈവമക്കളായി പുനർജനനം പ്രാപിച്ചവർ സഭവഴി ദൈവത്തിൽനിന്ന് തങ്ങൾക്ക് ലഭിച്ച വിശ്വാസം മനുഷ്യരുടെ മുമ്പിൽ ഏറ്റുപറയണം. Lumen Gentium 14,17 - ൽ സ്നാനത്തിന്റെ ആവശ്യകതയെയും സ്നാനപ്പെടുത്താനുള്ള സഭയുടെ ദൗത്യത്തെയും കുറിച്ച് സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിലുള്ള ഉൾചേരലായി സ്നാനത്തെക്കുറിച്ച് Sacrosanctum concilium 7-ൽ പറയുന്നു.

### 1.5 സ്നാനത്തെക്കുറിച്ചുള്ള കാനോൻ നിയമസംഹിത

കാനോൻ നിയമസംഹിത മാമോദീസായെയും അതിന്റെ ഫലങ്ങളെയുംപറ്റി ഇപ്രകാരം വിവരിക്കുന്നു: "രക്ഷയ്ക്ക് ആവശ്യമായ കൂദാശകളിലേക്കുള്ള കവാടമായ മാമോദീസാ, ദൈവമക്കളായി നമ്മെ പുനർജനിപ്പിക്കുകയും, പാപങ്ങളിൽനിന്ന് വിടുവിക്കുകയും മുദ്രയാൽ ക്രിസ്തുവിലേക്ക് ഉൾച്ചേർക്കുകയും, സഭയിൽ അംഗങ്ങളായി തീരുകയും ചെയ്യുന്നു. ജലം ഉപയോഗിച്ച് ആവശ്യമായ ഫോർമുല ഉപയോഗിച്ച് ത്രിത്വനാമത്തിൽ മാമോദീസാ മുക്കപ്പെടുന്ന മാത്രമാണ് സാധുതയുള്ളത്" (CCEO 675-691; CIC 849). CCEO 675-691 - ലെ കാനോനുകൾ കൂദാശയുടെ പരികർമ്മം, അതിന്റെ കാർമ്മികൻ, അതിന്റെ ദൈവശാസ്ത്രം, ശൈശവ സ്നാനം, പരികർമ്മം ചെയ്യേണ്ട വ്യക്തി, പരികർമ്മം ചെയ്യേണ്ട സ്ഥലം മുതലായവ കൈകാര്യം ചെയ്യുന്നു.

### 1.6 മാമോദീസായുടെ ദൈവശാസ്ത്ര ചിന്തകൾ

എല്ലാ കൂദാശകളിലേക്കുമുള്ള കവാടമാണ് സ്നാനം. മാമോദീസാ സ്വീകരിക്കുന്നില്ലെങ്കിൽ, നമുക്ക് മറ്റ് കൂദാശകളൊന്നും സ്വീകരിക്കാൻ യോഗ്യതയില്ല, മാമോദീസായുടെ പ്രധാന ദൈവശാസ്ത്ര ചിന്തകൾ ഇവയാണ്.

www.malankaralibrary.com

### 1.6.1 സ്നാനം – ദൈവാത്മാവിനെ സ്വീകരിക്കുന്ന കൂദാശ

ഓരോ കൂദാശയുടെയും അടിസ്ഥാനം ദൈവവും മനുഷ്യനും തമ്മിലുള്ള ഐക്യമാണ്. മാമോദീസാ ദൈവവുമായി മനുഷ്യനെ ഒന്നിപ്പിക്കുന്ന ആദ്യ കൂദാശയാണ്. "ദൈവമായ കർത്താവ് പൂഴിമണ്ണുകൊണ്ട് മനുഷ്യനെ മെനഞ്ഞെടുക്കുകയും ജീവശ്വാസം അവന്റെ നാസാദ്വാരങ്ങളിലേക്ക് ഊതുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു" (ഉൽപ. 2:7) എന്നാൽ ആദ്യ മാതാപിതാക്കളുടെ പാപം മൂലം മനുഷ്യവർഗ്ഗത്തിന് ദൈവത്തിന്റെ ഛായ അല്ലെങ്കിൽ ദൈവത്തിന്റെ ആത്മാവ് നഷ്ടപ്പെട്ടു. എന്നാൽ ദൈവം തന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് വീണ്ടും ദൈവിക ഛായയും ആത്മാവും നൽകാൻ ആഗ്രഹിച്ചു. അതിനായി അവൻ തന്റെ സ്വന്തം പുത്രനെ ഈ ലോകത്തിലേക്ക് അയയ്ക്കാൻ തീരുമാനിച്ചു. അങ്ങനെ ദൈവവും മനുഷ്യനും തമ്മിലുള്ള ഐക്യം വീണ്ടും ഉടലെടുത്തു. ആത്മാവിനെ നഷ്ടപ്പെട്ട മനുഷ്യവംശം വീണ്ടും എന്നെന്നേക്കുമായി ആത്മാവിനെ നേടി. എന്നാൽ ഓരോ വ്യക്തിയും മാമോദിസായിലൂടെ അത് വ്യക്തിപരമായി സ്വീകരിക്കണം.

വെള്ളത്താലും ആത്മാവിനാലും ഒരു വ്യക്തിയെ ശുദ്ധീകരിക്കുകയും, ദൈവത്തിന്റെ ആത്മാവും ദൈവത്തിന്റെ ഛായയും നൽകുകയും ചെയ്യുന്ന അടിസ്ഥാന കൂദാശയാണ് മാമോദീസാ. മാമോദീസായിൽ പ്രാർത്ഥിക്കുന്നു "ദൈവമായ കർത്താവേ, നിന്റെ ഏകജാതൻ വിശുദ്ധ ശ്ലീഹന്മാരിൽ ഊതിയ ദൈവികശ്വാസം ഈ ദാസന്/ദാസിക്ക് നല്കണമെ. നിന്റെ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിന് ഈ ദാസനെ/ദാസിയെ നീ ഒരുക്കുന്നതോടൊപ്പം വിഗ്രഹാരാധനയുടെ സകല അവശേഷിപ്പും ഈ ദാസനിൽ/ദാസിയിൽനിന്ന് അകറ്റണമേ". (കൂദാശക്രമം, പേജ് 16) ദൈവം ആദ്യ മനുഷ്യനിൽ നിശ്വസിച്ച ദൈവിക ശ്വാസംപോലെ, യേശുക്രിസ്തു അപ്പസ്തോലന്മാരിൽ നിശ്വാസിച്ച ദൈവിക ശ്വാസം പോലെ, കാർമ്മികൻ മാമോദിസാ സമയത്ത് സ്വീകരിക്കുന്നയാളുടെമേൽ നിശ്വസിക്കുമ്പോൾ സ്നാനാർത്ഥിക്ക് പരിശുദ്ധാത്മാവ് ലഭിക്കുന്നു.

### 1.6.2 മാമോദീസാ – ഉത്ഭവ പാപത്തിനെതിരായ ശക്തി

നമ്മുടെ ആത്മാവിൽ നിന്ന് ഉത്ഭവ പാപത്തിന്റെ എല്ലാ കറകളും നീക്കം ചെയ്യാൻ കഴിയുന്ന ഒരേയൊരു കൂദാശയാണ് മാമോദീസാ. ആദാമും ഹവ്വായും അനുസരണക്കേട് മൂലം ഏദൻതോട്ടത്തിൽ പാപം

www.malankaralibrary.com

ചെയ്തപ്പോൾ ഏറ്റവും വലിയ ശിക്ഷയായി അവർക്ക് കൃപ നഷ്ട പ്പെട്ടു. ആദാമിന്റെയും ഹവ്വായുടെയും മക്കളായ എല്ലാ മനുഷ്യരിലും ഉത്ഭവപാപത്തിന്റെ അംശം നിലനിൽക്കുന്നതിനാൽ മാമോദീസയുടെ ശുദ്ധീകരണ ജലത്തിലൂടെ മാത്രമാണ് അത് നീക്കം ചെയ്യുന്നത്. ഉത്ഭവ പാപം എന്നത് ഒരാൾക്ക് ദൈവത്തിന്റെ ആത്മാവ് ഇല്ലാത്ത സാഹ ചര്യമാണ്. കുട്ടി ഒരു പാപവും ചെയ്തിട്ടില്ലെങ്കിലും, അത് ആദിമാതാ പിതാക്കളുടെ ആദിപാപത്തിൽ പങ്കുചേരുന്നു. ആദാമിന്റെയും ഹവ്വാ യുടെയും പാപത്തിന്റെ അനന്തരഫലങ്ങൾ മരണവും പറുദീസ നഷ്ട വുമാണെന്ന് വി. അംബ്രോസ് പറയുന്നു. ഇതിനുള്ള പരിഹാരമാണ് മാമോദീസ. അതിനാൽ ഓരോ വ്യക്തിയിലും മാമോദീസാ വളരെ പ്രാധാന്യമർഹിക്കുന്നതും ആവശ്യമുള്ളതുമാണ്.

### 1.6.3 മാമോദീസാ – വിശ്വാസത്തിന്റെ കൂദാശ

മാമോദീസയിലൂടെ നാം വിശ്വാസികളുടെ കൂട്ടായ്മയിലേക്ക് പങ്കു ചേരുകയും ദൈവജനത്തിന്റെ ഭാഗമാകുകയും ചെയ്യുന്നു. സഭാപിതാ ക്കന്മാർ മാമോദീസായെ വിശ്വാസത്തിന്റെ കൂദാശ എന്നാണ് വിളിക്കു ന്നത്. മാമോദീസായുടെ പ്രാർത്ഥനകളിൽ ഇത് വളരെ വ്യക്തമാണ്. മാമോദീസായുടെ പ്രധാന ഘടകങ്ങൾ വിശ്വാസപ്രഖ്യാപനവും വെള്ള ത്തിൽ മുങ്ങലുമാണ്. വിശ്വാസപ്രമാണം ചൊല്ലിയതിനുശേഷം മാത്ര മാണ് വെള്ളമൊഴിച്ചുള്ള സ്നാനം. സ്നാനാർത്ഥി കുട്ടിയാണെങ്കിൽ തലതൊട്ടപ്പൻ/തലതൊട്ടമ്മ വിശ്വാസം പ്രഖ്യാപിക്കുന്നു. "മിശിഹാ തമ്പുരാനേ, നിന്നിലും പരിശുദ്ധന്മാരായ പ്രവാചകന്മാർ, ശ്ലീഹന്മാർ, പിതാക്കന്മാർ എന്നിവരിൽകൂടെ ദൈവികമായി നീ ഭരമേൽപ്പിച്ചിട്ടുള്ള സകല ഉപദേശങ്ങളിലും പൂർണ്ണമായി വിശ്വസിക്കുന്നു. (കൂദാശക്ര മം, പേജ് 20). വിശ്വാസവും മാമോദീസായും രക്ഷയുടെ രണ്ട് പ്രധാന ഘട്ടങ്ങളാണ്. അടിസ്ഥാനപരമായി അവ ഏറ്റം ഐക്യപ്പെട്ടിരിക്കുന്നു. വിശ്വാസപ്രമാണം ഒരു പ്രഖ്യാപനം മാത്രമല്ല, അത് കർത്താവും രക്ഷ കനുമായ യേശുക്രിസ്തുവിനോടുള്ള നമ്മുടെ പ്രതിബദ്ധതയാണ്.

### 1.6.4 മാമോദീസാ – വിശ്വാസ പ്രഖ്യാപനത്തിന്റെ കൂദാശയും ഐക്യ ത്തിന്റെ അടിസ്ഥാന ബന്ധവും

മാമോദീസായിലൂടെ പുനർജനിച്ച എല്ലാവരെയും യേശുക്രിസ്തു വിൽ ബന്ധിപ്പിക്കുന്ന ഐക്യത്തിന്റെ കൂദാശ കൂടിയാണ് മാമോദീ സാ. എല്ലാ ക്രിസ്ത്യാനികളുടെയും ഐക്യത്തിന്റെ അടിത്തറയാണിത്. സ്നാനമേറ്റ നാം ക്രിസ്തുവിൽ സഹോദരീസഹോദരന്മാരായി ഒരു

www.malankaralibrary.com

മിച്ച് ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന കൂദാശ. മാമോദീസ സ്വീകരിക്കുന്ന ഏതൊരു വ്യക്തിയും, അതിനുമുമ്പേ മാമോദീസ സ്വീകരിച്ചവരുമായുള്ള കൂട്ടായ്മയിലേക്കും ഐക്യത്തിലേക്കും പ്രവേശിക്കുന്നു. മാമോദീസായിൽ നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായ ക്രിസ്തുവിനെ പ്രഖ്യാപിക്കുന്നു. മാമോദീസാ ക്രിസ്തുവിലുള്ള പൂർണ്ണമായ സമർപ്പണത്തിന്റെയും അവിടുത്തെ വിളിയോടുള്ള പ്രതികരണവുമാണ്. അതുകൊണ്ടാണ് മാമോദീസാ ശുശ്രൂഷയിൽ പുരോഹിതൻ ആ വ്യക്തിയുടെ നെറ്റിയിൽ കുരിശ് വരയ്ക്കുന്നത്. അത് ക്രിസ്തുവുമായുള്ള പൂർണ്ണമായ ഐക്യത്തെ സൂചിപ്പിക്കുന്നു. വിശ്വാസത്തെ സംബന്ധിച്ച രേഖയായ Baptism, Eucharist and Ministry (1982) ഇങ്ങനെ കുറിക്കുന്നു: ''മാമോദീസാ നമ്മുടെ പൊതു ശിഷ്യത്വത്തിന്റെ അടയാളവും മുദ്രയമാണ്. മാമോദീസായിലൂടെ, ക്രിസ്ത്യാനികൾ ക്രിസ്തുവുമായും, എല്ലാ കാലത്തും എല്ലാ സ്ഥലത്തുമുള്ള സഭയുമായും, പരസ്പരമുള്ള ഐക്യത്തിലേക്കും പ്രവേശിക്കുന്നു. വിശ്വാസത്തിൽ ക്രിസ്തുവിലേക്ക് നമ്മെ ഒന്നിപ്പിക്കുന്ന നമ്മുടെ മാമോദീസാ, അങ്ങനെ ഐക്യത്തിന്റെ അടിസ്ഥാന ബന്ധവും സൃഷ്ടിക്കുന്നു''.

### 1.6.5 മാമോദീസാ - ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളിലുള്ള പങ്കുചേരൽ

മാമോദീസായിലൂടെ ഒരാൾ ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളിൽ പങ്കുചേരുന്നു. മാമോദീസാ ക്രിസ്തുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടും ബന്ധപ്പെട്ടിരിക്കുന്നു. രക്ഷ പ്രാപിക്കണമെങ്കിൽ, ഈ പെസഹാ രഹസ്യങ്ങളെ നമ്മുടെ ജീവിതത്തിലും പുനഃസൃഷ്ടിക്കണം. യേശു കടന്നുപോയതിലൂടെ നാമും കടന്നുപോകണം. ''യേശു ക്രിസ്തുവിനോട് ഐക്യപ്പെടുവാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവിടുത്തെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ. ജ്ഞാനസ്നാനത്താൽ നാം അവിടുത്തോടൊപ്പം സംസ്കരിക്കപ്പെട്ടു...... ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവിടുത്തോടൊത്ത് സംസ്കരിക്കപ്പെട്ടത്'' (Rom. 6:3-5, Col. 2:12).

ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിൽ രണ്ട് പ്രധാന ഘട്ടങ്ങൾ നാം കാണുന്നു - ഒന്നാമത്, ക്രൂശീകരണം-മരണം-മൃതസംസ്കാരം, രണ്ടാമത്തേത്, പുനരുത്ഥാനം മാമോദീസാ സ്വീകരിക്കുന്നവരിലും

www.malankaralibrary.com

രണ്ട് വ്യത്യസ്ത ഘട്ടങ്ങൾ നമുക്ക് കാണാൻ കഴിയും - പാപത്തിന് അടിമപ്പെട്ട പഴയ മനുഷ്യന്റെ മരണവും മൃതസംസ്കാരവും, പുതിയ മനുഷ്യനായി പുതിയ ജനനത്തിലേക്കുള്ള ഉയിർത്തെഴുന്നേൽപ്പും. മാമോദീസ സ്വീകരിക്കുന്നയാൾ പഴയ മനുഷ്യനെ അടക്കം ചെയ്യുകയും ക്രിസ്തുവിന്റെ പുതിയ വ്യക്തിത്വം ധരിക്കുകയും ചെയ്യുന്നു. മിശിഹായിൽ സ്നാനം സ്വീകരിച്ച നിങ്ങൾ അവനെ അണിഞ്ഞിരിക്കുന്നുവെന്ന് വിശുദ്ധ പൗലോസ് പറയുന്നു. പഴയനിയമത്തിലെ പുറപ്പാട് സംഭവത്തിന്റെ പൂർത്തീകരണമായും, ചെങ്കടൽ കടക്കലിന്റെ പ്രതീകമായും വിശുദ്ധ അംബ്രോസ് മാമോദീസായെ ചിത്രീകരിക്കുന്നു. മാമോദീസാ ഭൗമിക കാര്യങ്ങളിൽനിന്ന് സ്വർഗ്ഗീയ കാര്യങ്ങളിലേക്കുള്ള ഒരു കടന്നുപോക്കാണ്, മരണത്തിൽനിന്ന് ജീവനിലേക്കുള്ള കടന്നുപോക്കാണ്, പാപത്തിൽ നിന്ന് കൃപയിലേക്കുള്ള കടന്നുപോക്കാണ്, അശുദ്ധിയിൽനിന്ന് വിശുദ്ധിയിലേക്കുള്ള കടന്നുപോക്കാണ്.... ജഡികതയിൽനിന്ന് ആത്മീയ ജനനത്തിലേക്കുള്ള കടന്നുപോക്കാണ്.

### 1.6.6 മാമോദീസാ - പുതിയ ജീവിതത്തിന് വഴിയൊരുക്കുന്നു

മാമോദീസായിലൂടെ ഒരു വ്യക്തി പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കുന്നു. അവൻ ക്രിസ്തുവിൽ പുതുതായി സൃഷ്ടിക്കപ്പെടുന്നു. കബാസിലാസിന്റെ അഭിപ്രായത്തിൽ, സ്നാനത്തിൽ ഒരാൾ നവീകരിക്കപ്പെടുകയും പുനർജനിക്കപ്പെടുകയും, ക്രിസ്തുവിന്റെ ജീവിതത്തിൽ പങ്കുചേരുകയും ചെയ്യുന്നു (Nicholas Cabasilas, La Vita in Cristo, 2,2, cf C.Giraudo, La Dinamica Sacramentale, pp. 53-54). വിശുദ്ധ അഗസ്റ്റിനെ സംബന്ധിച്ചിടത്തോളം, അമ്മയായ സഭ അമ്മ എന്ന നിലയിൽ മാമോദീസായിലൂടെ ഒരു വ്യക്തിക്ക് ജന്മം നൽകുന്നു. പഴയ ജീവിതത്തിൽ നിന്ന് പുതിയ ജീവിതത്തിലേക്ക്, ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക്, അടിമത്വത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്ക്, സാത്താന്റെ രാജ്യത്തിൽനിന്ന് ക്രിസ്തുവിന്റെ രാജ്യത്തിലേക്ക് അവൻ പ്രവേശിക്കുന്നു. മാമോദീസാജലം ക്രിസ്തുവിൽ ജനിച്ച പുതിയ മനുഷ്യന്റെ ശവകുടീരവും ഗർഭപാത്രവുമാണെന്ന് (tomb and womb). മോപ്സുവെസ്റ്റിയയിലെ തിയോഡോർ പറയുന്നു. മാമോദീസ സ്വീകരിക്കുന്ന വ്യക്തി വെള്ളത്തിൽ മുങ്ങുന്നത് പാപത്തിൽ മരിക്കുന്നതിന്റെയും കബറടക്കപ്പെടുന്നതിന്റെയും പ്രതീകമാണ്. മുങ്ങലിനുശേഷം ആ വ്യക്തി പുനരുത്ഥാനത്തിന്റെ അടയാളമായി വെള്ളത്തിൽനിന്ന് എഴുന്നേൽക്കുന്നു. അങ്ങനെ അവൻ ക്രിസ്തു

www.malankaralibrary.com

വിൽ പുതിയ പ്രതിച്ഛായയും സ്വത്വവും സ്വീകരിക്കുകയും ഒരു പുതിയ സൃഷ്ടിയായി തീരുകയും ചെയ്യുന്നു.

**1.6.8 മാമോദീസാ - ആത്മീയ ജീവിതത്തിലേക്കുള്ള കവാടം**

തോമസ് അക്വിനാസിന്റെ (+1274) ഒരു കൃതിയെ ഉദ്ധരിച്ച്, ഫ്ളോറൻസ് കൗൺസിൽ (1431-1445) പഠിപ്പിക്കുന്നത് ഇപ്രകാരമാണ്; മാമോദീസാ "ആത്മീയ ജീവിതത്തിലേക്കുള്ള കവാടമാണ്; അതിലൂടെ നാം ക്രിസ്തുവിന്റെ അംഗങ്ങളാക്കപ്പെടുകയും അവന്റെ ശരീരമായ സഭയുടെ ഭാഗമാകുകയും ചെയ്യുന്നു" എന്നാണ്. മാമോദീസ ഒരു മുദ്ര പതിപ്പിക്കുന്നു. മാമോദീസായുടെ ഫലങ്ങൾ ഒരു വ്യക്തിയെ യഥാർത്ഥ ത്തിൽ മാറ്റുന്നുവെന്ന് ട്രെന്തോസ് കൗൺസിൽ പറയുന്നു.

## മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മാമോദീസ ശുശ്രൂഷ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനക്രമ പൈതൃകം അന്ത്യോക്യൻ സഭയുടെ ആരാധനക്രമവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. അന്ത്യോക്യൻ അല്ലെങ്കിൽ പാശ്ചാത്യ സുറിയാനി റീത്തിന് രണ്ട് സ്നാന ക്രമങ്ങളുണ്ട്: അവയിലൊന്ന് അലക്സാണ്ട്രിയയിലെ തീമോത്തിയുടേതും മറ്റൊന്ന് അന്ത്യോക്യയിലെ സെവേറിയോസിന്റെയും ആണ്. മോർ സെവേറിയോസിന്റെ ക്രമമാണ് നിലവിൽ മലങ്കര സുറിയാനി സഭകളിൽ - കത്തോലിക്കാ, ഓർത്തഡോക്സ് സഭകളിൽ ഉപയോഗത്തിലുള്ളത്. അലക്സാണ്ട്രിയയിലെ തീമോത്തിയുടെ പേരിലുള്ള സ്നാനക്രമം ഇപ്പോൾ ഉപയോഗിക്കുന്നില്ല. യഥാർത്ഥ ക്രമം അന്ത്യോക്യയിലെ സെവേറിയോസ് രചിച്ചതാകാമെങ്കിലും, ഇത് ഗ്രീക്കിൽനിന്ന് സുറിയാനിയിലേക്ക് എഡേസ്സയിലെ യാക്കോബ് വിവർത്തനം ചെയ്യുകയും, പതിമൂന്നാം നൂറ്റാണ്ടിൽ ഗ്രിഗറി ബാർ ഹെബ്രായ പരിഷ്കരിക്കുകയും നിലവിൽ ഉപയോഗിക്കുന്ന ക്രമത്തിന് രൂപം നൽകുകയും ചെയ്തു.

**1. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മാമോദീസാക്രമത്തിന്റെ ഘടന:**

1. കൗമ, പ്രാരംഭപ്രാർത്ഥന, കുക്കിലിയോൻ, എനിയോനോ, പ്രുമിയോൻ- സെദറാ, കോലോ, എത്രോ, വി. ഗ്രന്ഥവായനകൾ, രഹസ്യ പ്രാർത്ഥനകൾ, കുരിശാകൃതിയിൽ മുഖത്ത് ഊതൽ, മുദ്രകുത്തൽ
2. സാത്താനെ ഉപേക്ഷിക്കൽ

www.malankaralibrary.com

3. വിശ്വാസപ്രഖ്യാപനം (മിശിഹായെ ഏറ്റുപറയൽ)
4. സന്തോഷതൈലം (സൈത്ത്) കൊണ്ടുള്ള അഭിഷേകം
5. മാമോദീസാ വെള്ളം വാഴ്ത്തൽ, മൂറോൻ കലർത്തൽ, സ്നാനം
6. മൂറോൻ കൊണ്ടുള്ള അഭിഷേകം
7. വിശുദ്ധ മദ്ബഹായിലേക്കുള്ള പ്രവേശനവും കിരീടധാരണവും (വിശുദ്ധ കുർബാന സ്വീകരണം ഉൾപ്പെടെ)
8. സമാപന ആശീർവാദം (cf. മലങ്കര കത്തോലിക്കാ വേദപാഠം, Std. 8, പാഠം 9)

**2. മലങ്കര ആരാധനക്രമത്തിലെ സ്നാനാഘോഷം**

മലങ്കര മാമോദീസക്രമത്തെ രണ്ട് ഭാഗങ്ങളായി തിരിക്കാം. ആദ്യ ഭാഗത്ത് സ്നാനാർത്ഥിയുടെ നാമകരണം, സാത്താനെ ത്യജിക്കൽ, ക്രിസ്തുവിനെ പ്രഖ്യാപിക്കൽ, സൈത്തുകൊണ്ടുള്ള മുദ്രയിടൽ തുടങ്ങിയവ കാണാം. രണ്ടാം ഭാഗത്ത് മാമോദീസാജലം വാഴ്ത്തൽ, വെള്ളത്തിലുള്ള സ്നാനം മുതലായവ വിവരിച്ചിരിക്കുന്നു. മലങ്കര ആരാധനക്രമത്തിൽ മാമോദീസാ പരികർമ്മം ചെയ്യുമ്പോൾ (സന്തോഷത്തിന്റെ തൈലം), മൂറോൻ (പ. ആത്മാവിന്റെ പ്രതീകം) എന്നീ തൈലങ്ങൾ ഉപയോഗിക്കുന്നു.

**ആദ്യഭാഗം**

ആമുഖ പ്രാർത്ഥനയ്ക്ക്ശേഷം, പ്രൂമിയോൻ സെദറാ, എത്രോ, സുവിശേഷം..... മുതലായവയ്ക്ക് ശേഷം കാർമ്മികൻ സ്നാനാർത്ഥിയുടെ നേരെ തിരിഞ്ഞ് മുഖത്ത് കുരിശാകൃതിയിൽ മൂന്ന് പ്രാവശ്യം ഊതുന്നു. ഇത് ക്രിസ്തു ശിഷ്യന്മാരിൽ ഊതിയ ദൈവികശ്വാസത്തെ പ്രതീകപ്പെടുത്തുന്നു. തുടർന്ന് കാർമ്മികൻ സ്നാനാർത്ഥിയുടെ നെറ്റിയിൽ തൈലമില്ലാതെ മുദ്രയിടുന്നു. പ്രാർത്ഥനകളിൽ, മുദ്ര എന്ന പദം പല തവണ നാം കാണുന്നു. ഇത് ക്രിസ്തുവിന്റെ കൃപയുടെ, പരിശുദ്ധാത്മാവിന്റെ, ജീവന്റെ മുദ്രയിടലിനെ സൂചിപ്പിക്കുന്നു. ശുശ്രൂഷയിൽ സ്നാനാർത്ഥിയെ രണ്ട് തവണ കുരിശിന്റെ അടയാളം കൊണ്ട് മുദ്രയിടുന്നു. ഒന്ന് തൈലമില്ലാതെ, ഒന്ന് തൈലം കൊണ്ട്. പൗരസ്ത്യ പിതാക്കന്മാർ മുദ്രയിടലിനെ ദൈവം സ്വന്തമാക്കുന്നതിന്റെയും കൈവശപ്പെടുത്തുന്നതിന്റെയും സുരക്ഷയുടെയും പരിചരണത്തിന്റെയും പ്രതീകമായി കണക്കാക്കുന്നു. സ്നാനസമയത്ത് മുദ്രയിടുന്നത് ദൈവം നമ്മുടെമേൽ അവകാശം നേടുകയും നമ്മെ സ്വന്തമാക്കുകയും

www.malankaralibrary.com

ചെയ്യുന്നതിന്റെ അടയാളമാണെന്ന് ഗ്രിഗറി നസിയാൻസൻ പറയുന്നു. മോപ്സുവെസ്റ്റിയയിലെ തിയോഡോറും മുദ്രയിടലിനെ കൈവശത്തിന്റെയും സ്വന്തമാക്കുന്നതിന്റെയും അടയാളമായി കണക്കാക്കുന്നു. സ്നാനമേറ്റയാൾ ആട്ടിൻകൂട്ടത്തിലെ കുഞ്ഞാടും, ദൈവത്തിന്റെ സൈന്യത്തിലെ പടയാളിയും, ദൈവരാജ്യത്തിന്റെ പൗരനുമായി മാറുന്നു. വിശുദ്ധ പൗലോസിന്റെ ദർശനത്തിൽ, മുദ്രയിടലിന് യഹൂദന്മാരുടെ പരിച്ഛേദനയുമായി ബന്ധമുണ്ട് എന്ന് സൂചിപ്പിക്കുന്നു (കൊളൊ. 2:11-12). പഴയനിയമത്തിൽ, പരിച്ഛേദനം ദൈവം മനുഷ്യനുമായി ഉണ്ടാക്കിയ ഉടമ്പടിബന്ധത്തിന്റെ ദൃശ്യമായ അടയാളമായിരുന്നു. പുതിയ നിയമത്തിൽ, സ്നാനം ഒരു പുതിയ ഇസ്രായേലാകുന്നതിന്റെയും, സഭയിലേക്ക് പ്രവേശിക്കുന്നതിന്റെയും ദൃശ്യമായ അടയാളമാണ്. അത് പുതിയ ബന്ധത്തിന്റെ അടയാളവുമാണ്. നെറ്റിയിൽ കുരിശ് വരയ്ക്കപ്പെടുന്നത് സാത്താനെ ഉപേക്ഷിക്കലായി കാണുന്നു, അത് അവനെ തിന്മയുടെ ശക്തിയിൽനിന്ന് രക്ഷിക്കുന്നു. ആ വ്യക്തിക്ക് പുതിയ പേര് നൽകി സഭാംഗമായി സ്വീകരിക്കപ്പെടുന്നു.

**സാത്താനെ ഉപേക്ഷിക്കൽ**

സ്നാനാർത്ഥിക്ക് പേര് നൽകിയതിനുശേഷം, സാത്താനെ ഉപേക്ഷിച്ചു പറയുവാനുള്ള വാചകം മൂന്നു പ്രാവശ്യം ചൊല്ലുന്നു. കാർമ്മികൻ സ്നാനാർത്ഥിയുടെ തലയിൽ കൈകൾ വച്ച് പ്രാർത്ഥിക്കുന്നതിന് വലിയ പ്രാധാന്യമുണ്ട്. പൗരോഹിത്യസ്വീകരണസമയം, സാത്താനെ ഉപേക്ഷിക്കലിന്റെ സമയം, പാപികളുടെ മാനസാന്തരം തുടങ്ങിയ നിരവധി സന്ദർഭങ്ങളിൽ തലയിൽ കൈവയ്പ് നടത്താറുണ്ട്. യേശു ദുരാത്മാവ് ബാധിച്ച സ്ത്രീയുടെമേൽ കൈകൾ വച്ച് അവളെ അതിൽനിന്ന് മോചിപ്പിച്ചതായി സുവിശേഷത്തിൽ നാം കാണുന്നു (ലൂക്ക.13:10-13). സാത്താനെ ഉപേക്ഷിക്കാനുള്ള പ്രാർത്ഥനയുടെ ഉള്ളടക്കം ഒന്നാമതായി, സ്നാനാർത്ഥി ദുരാത്മാവിൽനിന്ന് മോചിതനാകുകയും, അവന്റെ ബുദ്ധിയും മനസ്സും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു എന്നതാണ്. രണ്ടാമതായി, അവൻ ദൈവത്തിന്റെയും പരിശുദ്ധാത്മാവിന്റെയും ആലയമായി മാറുന്നു. അതിനാൽ സാത്താന് അവനിൽ പ്രവേശനമില്ല, ദൈവം അവനിൽ വസിക്കുന്നു.

**മിശിഹായെ ഏറ്റുപറയൽ**

സ്നാനാർത്ഥി സാത്താനെ ഉപേക്ഷിച്ച് ഉപേക്ഷണവാചകം ചൊല്ലിയശേഷം മിശിഹായിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്നു. സ്നാനത്തിൽ

www.malankaralibrary.com

കുട്ടിയുടെ വസ്ത്രം ഉരിഞ്ഞുമാറ്റുന്നത് പ്രതീകാത്മകമായി പഴയ മനുഷ്യനെയും അവന്റെ പ്രവൃത്തികളെയും ത്യജിക്കുകയും, പുതിയ വസ്ത്രം ധരിക്കുന്നത് പുതിയ മനുഷ്യനായി മാറുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. വി. കൂറിലോസിന്റെ (313-386) വ്യാഖ്യാനമനുസരിച്ച്, ക്രിസ്തു കുരിശിൽ നഗ്നനായതുപോലെ, കുട്ടി മാമോദീസായിൽ നഗ്നനാകുന്നു. പറുദീസയിൽ നഗ്നനായ ആദാമിന്റെ പ്രതിച്ഛായയെയും അത് സൂചിപ്പിക്കുന്നു (cf. Cirillo, Mistagogical Catechesis, 2,2 cf., Giraudo, La Dinamica Sacramentale, p. 44). ദൈവകൃപ നഷ്ടപ്പെട്ടതിനാൽ ആദാം നഗ്നനായി. ആദാം തന്റെ കൃപയുടെ ഭവനത്തിൽ നിന്ന് നഗ്നതയിലേക്ക് നടന്നു, എന്നാൽ ദൈവകൃപ സ്വീകരിക്കാൻ സ്നാനത്തിൽ നാം നഗ്നരാക്കപ്പെടുന്നു (Nicholas Cabasilas, Vita in Cristo, 2,25, cf. Giraudo SJ, La Dinamica Sacramentale, p. 59). മാമോദീസ സ്വീകരിക്കുന്ന വ്യക്തി സാത്താനെ ത്യജിക്കുമ്പോൾ പടിഞ്ഞാറോട്ട് തിരിയുകയും, മിശിഹായെ ഏറ്റുപറയുമ്പോൾ കിഴക്കോട്ട് തിരിയുകയും ചെയ്യുന്നു. അത് വളരെ പ്രതീകാത്മകവും അർത്ഥവത്തായതുമാണ്. പടിഞ്ഞാറ് സൂര്യാസ്തമയ സ്ഥലമാണ്, സുര്യാസ്തമയത്തിനു ശേഷം നമുക്ക് ഇരുട്ട് അനുഭവപ്പെടുന്നു. ഇരുട്ട് പിശാചിന്റെയും ദുഷ്ടശക്തികളുടെയും പ്രതീകമാണ്. പ്രതീകാത്മകമായി പടിഞ്ഞാറോട്ട് തിരിയുമ്പോൾ, നിങ്ങൾ ഇരുട്ടിനെയും അതിന്റെ ശക്തികളെയും ഉപേക്ഷിക്കുകയാണ്. നിക്കോളാസ് കബാസിലാസിന്റെ അഭിപ്രായത്തിൽ, പടിഞ്ഞാറോട്ട് തിരിയുമ്പോൾ, നമ്മൾ ദുഷ്ടന്മാരെ നിരസിക്കുകയും വെറുപ്പു നിറഞ്ഞ ബന്ധങ്ങളെ ഉപേക്ഷിക്കുകയും ചെയ്യുന്നു. കിഴക്കോട്ട് തിരിയുമ്പോൾ നമ്മൾ സൂര്യനെ അന്വേഷിക്കുന്നു, കർത്താവിനെ പൂർണ്ണമായും മനസ്സിലാക്കുന്നു, പൂർണ്ണ മനസ്സോടും ആത്മാവോടും കൂടി അവനെ സേവിക്കാൻ തയ്യാറെടുക്കുന്നു. സ്നാനാർത്ഥി കിഴക്കോട്ട് തിരിഞ്ഞ് മിശിഹായിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്നു. കിഴക്ക് ഉദയസൂര്യന്റെ ദിക്കാണ്. ഉദയസൂര്യൻ ക്രിസ്തുവിന്റെ പ്രതീകമാണ്. അതുകൊണ്ടാണ് പല പൗരസ്ത്യരും അവരുടെ പ്രാർത്ഥനകൾക്ക് കിഴക്കോട്ട് തിരിയുന്നത്. സഭാപിതാക്കന്മാരും ഈ നിലപാടിനെ ന്യായീകരിക്കുന്നു. സാത്താനെ ത്യജിക്കുന്നവൻ ക്രിസ്തുവിലേക്ക് തിരിയുകയും ദൈവത്തെ മുഖാമുഖം കാണുകയും ചെയ്യുന്നുവെന്ന് വിശുദ്ധ അംബ്രോസ് പറയുന്നു. കിഴക്കോട്ട് തിരിഞ്ഞ് യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞശേഷം സ്നാനാർത്ഥി സമൂഹത്തോടു ചേർന്നു വിശ്വാസപ്രമാണം ചൊല്ലുന്നു.

www.malankaralibrary.com

വിശ്വാസ പ്രമാണത്തിനുശേഷം സൈത്തുകൊണ്ട് സ്നാനാർത്ഥി യുടെ നെറ്റിയിൽ കുരിശടയാളത്തിൽ മുദ്രയിടുന്നു. ഇത് ശുദ്ധീകരണ ത്തെയും പുതുജനനത്തെയും സൂചിപ്പിക്കുന്നു. സ്നാനാർത്ഥിയെ സഭ യിൽ സ്വീകരിക്കുകയും നിത്യജീവനിലേക്ക് മുദ്ര കുത്തുകയും ചെയ്യു ന്നു. ജറുസലേമിലെ കൂറിലോസിന്റെ അഭിപ്രായത്തിൽ, ഒലിവെണ്ണ ഉപയോഗിച്ചുള്ള അഭിഷേകം നല്ല ഒലിവ് മരമായ യേശുക്രിസ്തുവു മായുള്ള കൂട്ടായ്മയെ (കൊയ്നോണിയ) പ്രതീകപ്പെടുത്തുന്നു (cf Giraudo, La Dinamica Sacramentale, p. 44). അദ്ദേഹത്തിന്റെ മതബോധന വ്യാഖ്യാനപ്രകാരം അഭിഷേകങ്ങൾ രണ്ടാണ്: ഒന്ന്, സ്നാനത്തിന് മുമ്പ് ദുരാത്മാക്കളുടെ നിഷ്ക്കാസനത്തിനുവേണ്ടിയും മറ്റൊന്ന് പരിശുദ്ധാത്മാ വിന്റെ സ്ഥിരീകരണത്തിനായി സ്നാനത്തിന് തൊട്ടുപിന്നാലെയും (cf. Arranz, Battesimo di Oriente ed i Occidente, p.29). ജറുസലേം സഭ യുടെ പഴയ ക്രമത്തിലും രണ്ടു തരത്തിലുള്ള അഭിഷേകം നാം കാണു ന്നുണ്ട്. 1. സ്നാനത്തിനുമുമ്പ് പിശാചിനെ ബഹിഷ്കരിക്കലുമായി ബന്ധപ്പെട്ടത് 2. സ്നാനത്തിനുശേഷം പരിശുദ്ധാത്മാവിന്റെ ദാനത്തെ സൂചിപ്പിച്ചുള്ളത്.

**രണ്ടാം ഭാഗം**

രണ്ടാം ഭാഗം മാമോദീസാജലത്തിന്റെ വാഴ്ത്തലാണ്. സൈത്ത് ഉപയോഗിച്ച് നെറ്റിയിൽ മുദ്രയിട്ടശേഷം കാർമ്മികൻ ജ്ഞാനസ്നാന മാതാപിതാക്കൾ, സ്നാനാർത്ഥി, മറ്റുള്ളവർ.... മാമോദീസാത്തൊട്ടിയു ടെയടുത്തേക്ക് പോകുന്നു. വി. കൂറിലോസിന്റെ അഭിപ്രായത്തിൽ ഈ ഘോഷയാത്ര ക്രിസ്തുവിന്റെ ശരീരം കുരിശിൽനിന്ന് കബറിങ്കലേക്ക് കൊണ്ടുപോകുന്നതിനെ പ്രതീകപ്പെടുത്തുന്നു. ഇവിടെ രണ്ട് കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്നാനത്തിനായി വെള്ളം തയ്യാറാക്കലും വെള്ള ത്തിൽ മുക്കലും (മലങ്കര ആരാധനക്രമത്തിൽ മുക്കുന്നതിനു പകരം സ്നാനാർത്ഥിയുടെ തലയിൽ വെള്ളം ഒഴിക്കുക എന്നതാണ് സാധാ രണയായി ചെയ്യുന്നത്). തുടർന്ന് കാർമ്മികൻ തണുത്ത വെള്ളവും ചൂടു വെള്ളവും തന്റെ രണ്ട് കൈകളിലും എടുത്ത് വലതുകൈ ഇടതു കൈയുടെ മുകളിൽ കുരിശാകൃതിയിൽ വയ്ക്കുകയും വെള്ളത്തിന്മേ ലുള്ള പ്രാർത്ഥന ആരംഭിക്കുകയും ചെയ്യുന്നു. ചൂടുള്ളതും തണുത്ത തുമായ വെള്ളത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ക്രിസ്തു സ്നാനം സ്വീകരിച്ച ജോർദാൻനദിയിലേക്ക് ചൂടുള്ളതും തണുത്തതു

www.malankaralibrary.com

മായ വെള്ളത്തിന്റെ രണ്ട് സ്രോതസ്സുകൾ ഒഴുകിയെത്തിയിരുന്നതായി പറയപ്പെടുന്നു. കുരിശിൽ കിടന്നപ്പോൾ തിരുവിലാവിൽനിന്ന് ഒഴുകിയ രക്തത്തിന്റെയും വെള്ളത്തിന്റെയും പ്രതീകമാണെന്നും മറ്റൊരു വ്യാഖ്യാനമുണ്ട്. ചൂടുള്ളതും തണുത്തതുമായ വെള്ളത്തിന്റെ സംയോജനത്തെ സ്നാനജലത്തിലേക്ക് ഇറങ്ങുന്ന ദിവ്യശക്തിയുടെ വരവായി മനസ്സിലാക്കാം. തുടർന്നുള്ള റൂഹാ ആവാസപ്രാർത്ഥനയിലും മൂറോന്റെ മിശ്രിതസമയത്ത് നടത്തുന്ന പ്രാർത്ഥനയിലും ഇത് കൂടുതൽ വ്യക്തമാണ്. സ്നാനജലത്തെ ആത്മീയവും അക്ഷയവുമായ ഗർഭപാത്രം എന്ന് വിളിക്കുന്നു, കാരണം സ്നാനാർത്ഥി അതിൽനിന്ന് പുതിയ ജീവൻ സ്വീകരിക്കുന്നു. സ്വർണ്ണം തീയിൽ ശുദ്ധീകരിക്കുന്നതുപോലെ സ്നാനജലം അത് സ്വീകരിക്കുന്നയാളെ ശുദ്ധീകരിക്കുന്നു. ഇതിന്റെ ഫലം ആത്മീയ വസ്ത്രം സ്വീകരിക്കുകയും പാപത്തിന്റെ അടിമത്വത്തിൽ നിന്നുള്ള മോചനവുമാണ്. ആത്മീയ വസ്ത്രം പരിശുദ്ധാത്മാവ് തന്നെയാണ്. ബാഹ്യവസ്ത്രമല്ല, മറിച്ച് ആത്മീയ വസ്ത്രമാണ് ജീവൻ നൽകുകയും അവനെ ദൈവത്തിന്റെ ദത്തുപുത്രനാക്കുകയും ചെയ്യുന്നത്. വെള്ളം ശുദ്ധീകരണത്തിന്റെ പ്രതീകമാണ്. മാമോദീസാ സ്വീകരിക്കുന്ന വ്യക്തി ശുദ്ധീകരിക്കപ്പെടുകയും ദൈവത്തിന്റെ ആത്മാവിനെ സ്വീകരിക്കുകയും ദൈവത്തിന്റെ പുത്രനാക്കപ്പെടുകയും ചെയ്യുന്നു. ഇനി മുതൽ അവൻ പിശാചുക്കളുടെ വാസസ്ഥലമല്ല, മറിച്ച് ദൈവത്തിന്റെ ആലയമാകുന്നു. സ്നാനത്തിലൂടെ ഒരുവൻ ക്രിസ്തുവിനോടും അവന്റെ സഭയോടും അവന്റെ ശരീരത്തോടും ഐക്യപ്പെടുന്നു. സഭ സ്നാനം നൽകുകയും, സ്നാനമേറ്റവരെ സഭയിലേക്ക് സ്വീകരിക്കുകയും ചെയ്യുന്നു. അല്ലയോ വിശുദ്ധ സഭയേ, മാമോദീസാ വെള്ളത്തിൽ നിന്നും പരിശുദ്ധാത്മാവ് ജനിപ്പിച്ച കളങ്കമില്ലാത്ത ഈ കുഞ്ഞാടിനെ നിന്റെ ചിറകുകൾ വിരിച്ച് സ്വീകരിച്ചാലും (കൂദാശക്രമം, പേജ് 32). വെള്ളം ഒഴിച്ചതിനുശേഷം കാർമ്മികൻ മാമോദീസാതൊട്ടിയുടെ മുകളിൽ ഒരു കുരിശ് സ്ഥാപിച്ച് ശോശപ്പായിട്ട് മൂടുന്നു, പ്രാർത്ഥനയ്ക്കുശേഷം കാർമികൻ പടിഞ്ഞാറുനിന്ന് കിഴക്കോട്ടും, തെക്കുനിന്ന് വടക്കോട്ടും വെള്ളത്തിൽ മൂന്നു പ്രാവശ്യം നിശ്വസിക്കുകയും, കർത്താവേ കൃപാകടാക്ഷമുണ്ടായി ഈ വെള്ളത്തെ ശുദ്ധീകരിക്കണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കാർമ്മികൻ വീണ്ടും വെള്ളം ശുദ്ധീകരിക്കാൻ പരിശുദ്ധാത്മാവിനെ ക്ഷണിച്ചുകൊണ്ട് കൈകൾ

www.malankaralibrary.com

ആവസിപ്പിക്കുന്നു. കബാസിലാസിന്റെ അഭിപ്രായത്തിൽ, ഈ വെള്ളം ഒരു ജീവിതത്തെ നശിപ്പിക്കുകയും മറ്റൊന്നിന് തുടക്കം കുറിക്കുകയും ചെയ്യുന്നു. കാർമ്മികൻ വീണ്ടും മൂറോൻ കുപ്പി കൈയിൽ എടുത്ത് പ്രാർത്ഥിക്കുന്നത് കർത്താവിന്റെ സ്നാനത്തെ സൂചിപ്പിക്കുന്നു. തുടർന്ന് വെള്ളത്തിൽ കുരിശാകൃതിയിൽ മൂറോൻ ഒഴിച്ച് ത്രിത്വത്തിന്റെ നാമത്തിൽ വെള്ളത്തെ ആശീർവദിക്കുന്നു. ശുദ്ധീകരണ ചടങ്ങിൽ ത്രിത്വത്തിന്റെ പ്രത്യേക പങ്ക് ഇത് സൂചിക്കുന്നു. കാർമ്മികൻ മാമോദീസാതൊട്ടിയുടെ കിഴക്കുവശത്തുനിന്ന് തന്റെ വലതു കൈ സ്നാനാർത്ഥിയുടെ തലയിൽ വച്ച് ഇടതുകൈകൊണ്ട് മൂന്നു പ്രാവശ്യം വെള്ളം എടുത്ത് ഒഴിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു: "ജീവന്റെയും പാപമോചനത്തിന്റെയും പ്രത്യാശയിൽ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ (പേര്) നിത്യജീവനായി മാമോദീസാ മുക്കപ്പെടുന്നു" (കൂദാശക്രമം, പേജ് 30).

വി. അംബ്രോസിന്റെ മതബോധനവ്യാഖ്യാനത്തിൽ, വെള്ളത്തിൽ മുങ്ങുന്നത് അവരോഹണത്തെയും വെള്ളത്തിൽനിന്ന് പുറത്തു വരുന്നത് ആരോഹണത്തെയും സൂചിപ്പിക്കുന്നു. മാമോദീസാത്തൊട്ടി കബർ പോലെയാണ്. മാമോദീസാത്തൊട്ടിയിലേക്കുള്ള ഇറക്കം ക്രിസ്തുവിനോടൊപ്പം സംസ്കരിക്കപ്പെടുന്നതിനെയും, മാമോദീസാത്തോട്ടിയിൽനിന്നുള്ള ആരോഹണത്തിലൂടെ അവനോടൊപ്പം ഉയിർത്തെഴുന്നേൽക്കുന്നതിനെയും സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ മരണം, മൃതസംസ്കാരം, പുനരുത്ഥാനം എന്നിവയുടെ സാദൃശ്യമാണ് മാമോദീസ (Ambrogio di Milano, De Sacramentis, La Mistagogia del Secondo Giorno 2,23). റോമക്കാർക്കെഴുതിയ ലേഖനത്തിൽ വിശുദ്ധ പൗലോസ് ഇതേ ആശയം പറയുന്നു: നാം അവന്റെ കഷ്ടപ്പാടുകളിൽ പങ്കാളികളാകുന്നു (റോമ. 6:3-4). ജറുസലേമിലെ വി. കൂറിലോസിന്റെ അഭിപ്രായത്തിൽ, മൂന്ന് തവണ വെള്ളം ഒഴിക്കുന്നത്, ക്രിസ്തു കല്ലറയിൽ ചെലവഴിച്ച മൂന്ന് ദിവസത്തെ പ്രതീകപ്പെടുത്തുന്നു. ഭൂമിയുടെ ഹൃദയത്തിൽ മൂന്ന് പകലും മൂന്ന് രാത്രിയും ക്രിസ്തു അവിടെ തുടർന്നു (cf. Mystagogical Catechesis 2:4).

തുടർന്ന് കാർമ്മികൻ പൈതലിനെ തലതൊട്ടപ്പനെയും തലതൊട്ടമ്മയെയും ഏൽപ്പിക്കുന്നു. അവരുടെ പ്രത്യേക പങ്കും ഉത്തരവാദിത്തവും ഉദ്ബോധിപ്പിക്കുന്നു. അവർ ആരാധനയിലെ പങ്കാളികൾ മാത്രമല്ല, മറിച്ച് കുട്ടിയുമായുള്ള ബന്ധം ആത്മീയ കരുതലിന്റെയും വളർച്ചയുടെയും പ്രോത്സാഹനത്തിന്റേതുമാണ്. അതിനാൽ അവർ ആഴമായ

www.malankaralibrary.com

വിശ്വാസവും പ്രാർത്ഥനയും ആത്മീയതയും ഉള്ളവരായിരിക്കണം. കുട്ടിയുടെ ആത്മീയ വളർച്ചയിലുള്ള താൽപര്യം, ഉയർന്ന ധാർമ്മിക ബോധം, മാമോദീസാ എന്ന കൂദാശയെക്കുറിച്ചുള്ള നല്ല അവബോധം എന്നിവയും അവർക്ക് ഉണ്ടായിരിക്കണം. സാധാരണയായി മലങ്കര ആരാധനക്രമത്തിൽ, മാമോദീസായോടൊപ്പം പൈതലിന്, മൂറോനഭി ഷേകമെന്ന കൂദാശയും, വി. കുർബാനയും നൽകപ്പെടുന്നു.

മാമോദീസാ എന്ന കൂദാശ പാപജീവിതത്തിലുള്ള മരണവും, ദൈവികജീവന്റെ പങ്കുവയ്ക്കലുമാണ്. മാമോദീസായിൽ ഇപ്രകാരം ഉദ്ഘോഷിക്കുന്നു; "ഒരു ശിശു ജനിച്ചിരിക്കുന്നു". ലോകസൃഷ്ടിയേ ക്കാൾ വലിയ പ്രവൃത്തിയാണിതെന്ന് വിശുദ്ധ അഗസ്റ്റിൻ പറയുന്നു, കാരണം അത് നമ്മുടെ പാപത്തിന്റെ കടം മായ്ച്ചുകളയുകയും നമ്മെ പുതിയ സൃഷ്ടിയാക്കുകയും ചെയ്യുന്നു. സ്നാനത്തിലൂടെ നാം ക്രിസ്തുവിലുള്ള പരിപൂർണ്ണ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു; നാം അവന്റേതായി മാറുന്നു. എന്നാൽ ജ്ഞാനസ്നാനമെന്നത് അതിന്റെ തുടക്കം മാത്രമേ ആകുന്നുള്ളൂ. കാരണം അത് പൂർണ്ണമായും ക്രിസ്തു വിലുള്ള ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കുന്നു (cf. Unitatis Redintegratio, No.22). സ്നാനത്തിലൂടെ പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിന്റെ ജീവിതം നയിക്കാൻ നമുക്ക് പ്രാപ്തിയാകുന്നു. നമ്മി ലുള്ള ആത്മാവ് ചലിക്കുന്ന ആത്മാവാണ്, നമ്മുടെ മനസ്സിനെ പ്രകാ ശിപ്പിക്കുകയും നമ്മെത്തന്നെ വിശുദ്ധീകരിക്കാനുള്ള ഇച്ഛാശക്തിയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു (റോമ. 8:26).

www.malankaralibrary.com

അധ്യായം 5

# സ്ഥൈര്യലേപനം (മൂറോനഭിഷേകം)

പ്രവേശക കൂദാശകളിലെ രണ്ടാമത്തെ കൂദാശയാണ് സ്ഥൈര്യ ലേപനം. മാമോദീസായിലൂടെ ലഭിച്ച കൃപയെ സ്ഥിരീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനാലാണ് ഇതിനെ സ്ഥൈര്യലേപനം എന്ന് വിളിക്കുന്നത്. ഇതിനെ മൂറോനഭിഷേകമെന്നും വിളിക്കുന്നു. കാരണം, ഈ കൂദാശയിൽ സ്നാനാർത്ഥിയെ പരിശുദ്ധാത്മാവിന്റെ പ്രതീകമായ മൂറോൻകൊണ്ട് അഭിഷേകം ചെയ്യുന്നു. മാമോദീസായിലെ കൃപാവരത്തിന്റെ പൂർത്തീകരണത്തിന് സ്ഥൈര്യലേപനം അത്യാവശ്യ മാണ്. സ്ഥൈര്യലേപനം സ്വീകരിക്കുന്ന ഒരു വ്യക്തി സഭയോട് പൂർണ്ണ മായി ഐക്യപ്പെടുകയും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കൂടുതൽ ശക്തിപ്പെടുകയും ചെയ്യുന്നു. അതിനാൽ വിശ്വാസത്തെ വാക്കു കൊണ്ടും പ്രവർത്തികൊണ്ടും ജീവിതംകൊണ്ടും കൂടുതൽ പ്രചരി പ്പിക്കുവാനും സാക്ഷ്യപ്പെടുത്തുവാനും സ്ഥൈര്യലേപനത്തിലൂടെ കട മയുള്ളവരായിത്തീരുന്നു. ക്രിസ്തുവിന്റെ ഹിതം നിറവേറ്റിക്കൊണ്ട്, പുതുതായി മാമോദീസ സ്വീകരിച്ചവർക്ക് അപ്പസ്തോലന്മാർ, മാമോ ദീസായുടെ കൃപാവരത്തെ പൂർണ്ണമാക്കുന്ന പരിശുദ്ധാത്മാവിന്റെ ദാനം കൈവയ്പുവഴി നല്കിയിരുന്നു. ഇത്തരത്തിലുള്ള മാമോദീസായെയും കൈവയ്പ്പിനെയുംപറ്റി ഹെബ്രായലേഖനത്തിൽ പരാമർശിക്കുന്നു (Heb. 6:2).

പരിശുദ്ധാത്മാവിന്റെ ദാനത്തെ സൂചിപ്പിക്കുവാനാണ് സുഗന്ധ തൈലം (മൂറോൻ) കൊണ്ടുള്ള അഭിഷേകം നടത്തുക. ഈ അഭിഷേകം, ഓരോ ക്രൈസ്തവനും പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്ത അഭിഷിക്തനാണെന്ന് സൂചിപ്പിക്കുന്നു. വിശുദ്ധ മൂറോൻകൊണ്ടുള്ള അഭിഷേകം പ്രതിഷ്ഠയുടെ അടയാളമാണ്. മൂറോനഭിഷേകംവഴി അഭിഷിക്തരായവർ യേശുക്രിസ്തുവിന്റെ ദൗത്യത്തിലും പരിശുദ്ധാ ത്മാവിന്റെ നിറവിലും പൂർണ്ണമായി പങ്കുപറ്റുകയും, അതിലൂടെ അവ രുടെ ജീവിതം 'ക്രിസ്തുവിന്റെ പരിമളം' പരത്തുകയും ചെയ്യുന്നു (CCC 1294). മൂറോനഭിഷേകം സ്വീകരിക്കുന്നവർ പരിശുദ്ധാത്മാവിന്റെ മുദ്രയും അടയാളവും സ്വീകരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഈ മുദ്ര ഉടമസ്ഥതയുടെ അടയാളമാകയാൽ, നാം പൂർണ്ണമായും ക്രിസ്തുവിന്റേ താണെന്നും, അവിടുത്തെ ശുശ്രൂഷയ്ക്കായി എന്നേക്കും തിരഞ്ഞെ

www.malankaralibrary.com

ടുക്കപ്പെട്ടവരാണെന്നും സൂചിപ്പിക്കുന്നു. മാമോദീസായിൽ സ്വീകരിച്ച പൊതു പൗരോഹിത്യത്തെ ഈ മുദ്ര പൂർണ്ണമാക്കുന്നു.

സ്ഥൈര്യലേപനമെന്ന കൂദാശയിലൂടെ, പെന്തക്കുസ്താദിനത്തിൽ അപ്പസ്തോലന്മാർക്ക് നല്കപ്പെട്ട പരിശുദ്ധാത്മാവിന്റെ സമ്പൂർണ്ണ വർഷിക്കപ്പെടലാണ് സംഭവിക്കുക. മാമോദീസായിലെ കൃപാവരത്തിന്റെ വർദ്ധനവിനും ആഴപ്പെടലിനും അത് കാരണമാകുന്നു. അത് നമ്മെ ക്രിസ്തുവിനോട് ഗാഢമായി ഐക്യപ്പെടുത്തുവാനും, നമ്മിൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ വർദ്ധിപ്പിക്കുവാനും, സഭയോടുള്ള ബന്ധത്തെ കൂടുതൽ പൂർണ്ണമാക്കുവാനും ഇടയാക്കുന്നു. ക്രിസ്തുവിന്റെ സാക്ഷികൾ എന്ന നിലയിൽ ജീവിതസാക്ഷ്യം നിർവ്വഹിക്കുവാനും ശക്തി ലഭിക്കുന്നു. മാമോദീസ സ്വീകരിച്ച്, സ്ഥൈര്യലേപനം സ്വീകരിച്ചിട്ടില്ലാത്ത ഏതൊരു വ്യക്തിക്കും സ്ഥൈര്യലേപനമെന്ന കൂദാശ സ്വീകരിക്കാം. ഈ കൂദാശയുടെ ഫലങ്ങൾ സ്വീകരിക്കുവാൻ, സ്വീകരിക്കുന്ന വ്യക്തി കൃപാവരത്തിന്റെ അവസ്ഥയിലായിരിക്കുകയും വേണം. ഈ കൂദാശയുടെ കാർമ്മികൻ മെത്രാനോ പുരോഹിതനോ ആയിരിക്കുകയും വേണം. മലങ്കര സഭയുടെ ആരാധനാപാരമ്പര്യത്തിൽ സ്ഥൈര്യലേപനം, മാമോദീസ എന്ന കൂദാശയോടൊപ്പമാണ് പരികർമ്മം ചെയ്യുക. മൂറോൻ കൊണ്ടുള്ള അഭിഷേകം പരിശുദ്ധാത്മാവിന്റെ അഭിഷേകത്തെ സൂചിപ്പിക്കുന്നു. മാമോദീസ, മൂറോനഭിഷേകം, തിരുപ്പട്ടം എന്നീ കൂദാശകൾ പരിശുദ്ധാത്മാവിൽ മായാത്ത മുദ്രയും സ്വഭാവവും പതിപ്പിക്കുന്നു. അതിനാലാണ് ഈ കൂദാശകൾ ഒരിക്കൽ മാത്രമേ സ്വീകരിക്കാൻ സാധ്യമാകൂ എന്ന് പറയുന്നത്.

## 1. സ്ഥൈര്യലേപനം എന്ന കൂദാശയുടെ ദൈവശാസ്ത്ര ചിന്തകൾ

1. സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെ ഒരു വ്യക്തി പരിശുദ്ധാത്മാവിന്റെ ഏഴ് ദാനങ്ങൾ - ജ്ഞാനം, ബുദ്ധി, ആലോചന, ആത്മശക്തി, അറിവ്, ഭക്തി, ദൈവഭയം - സ്വീകരിക്കുന്നു. ഇവ ക്രിസ്തീയ ജീവിതം നയിക്കുവാൻ ആ വ്യക്തിയുടെ കഴിവിനെ ശക്തിപ്പെടുത്തുന്നു.
2. ഈ കൂദാശ സ്വീകരിക്കുന്ന വ്യക്തിയിലേക്ക് പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് ആവസിച്ച് ക്രിസ്തീയ വിശ്വാസം പ്രഘോഷിക്കുവാൻ കരുത്തും ശക്തിയും നൽകുന്നു.
3. ഈ കൂദാശ ഒരു വ്യക്തിയെ വിശ്വാസത്തിൽ ശക്തിപ്പെടുത്തുകയും ആഴപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം, ഈ ലോകത്തെ

www.malankaralibrary.com

രൂപാന്തരപ്പെടുത്തുവാനുള്ള ദൗത്യവും, മാമോദീസായിൽ പ്രഖ്യാപിച്ച വിശ്വാസത്തിന് സാക്ഷ്യം നല്കുവാനും, വിശ്വാസത്തിൽ ക്രിസ്തുവിനെ അനുഭവിച്ചറിയുവാനും, സഭാകൂട്ടായ്മയെ പടുത്തുയർത്തുവാനും സഹായിക്കുന്നു.

4. സ്ഥൈര്യലേപനം ഒരു വ്യക്തിയെ യഥാർത്ഥ ക്രിസ്ത്യാനിയും യേശുക്രിസ്തുവിന്റെ പടയാളിയുമാക്കി മാറ്റുന്നു. ഈ കൂദാശ ഒരു വ്യക്തിയെ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാനും മറ്റുള്ളവരെ കൂടുതൽ സ്നേഹിക്കുവാനും സഹായിക്കുന്നു.
5. മാമോദീസായിലൂടെ ദൈവിക ജീവൻ സ്വീകരിക്കുന്ന ഒരു വ്യക്തി സ്ഥൈര്യലേപനത്തിലൂടെയാണ് ആ ദൈവിക ജീവൻ ശക്തിപ്പെടുത്തുന്നത്.
6. മാമോദീസായിൽ പരിശുദ്ധാത്മാദാനമായി സ്വീകരിച്ച വിത്ത് സ്ഥൈര്യലേപനത്തിലൂടെ വളരുകയും ശക്തിപ്പെടുകയും ചെയ്യുന്നു.
7. മാമോദീസായിൽ വിശ്വാസം സ്വീകരിച്ച വ്യക്തി സ്ഥൈര്യലേപനത്തിലൂടെ മുദ്രയും അടയാളവും സ്വീകരിക്കുന്നു. മുദ്രയാൽ അടയാളപ്പെട്ട വ്യക്തി മുദ്ര കുത്തിയവന്റെ സ്വന്തമായി മാറുന്നു.

സ്ഥൈര്യലേപന കൂദാശയിലെ പ്രാർത്ഥനകൾ ദൈവശാസ്ത്രചിന്തകൾ വ്യക്തമായി അവതരിപ്പിക്കുന്നു: കർത്താവേ, മാമോദീസാമുഖാന്തരം ലഭിച്ച വിശ്വാസത്താൽ നിന്റെ ഭക്തന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടിരിക്കുന്ന ഈ ദാസനെ നിന്റെ തിരുനാമത്തിൽ ഈ വിശുദ്ധ മുദ്രയും അടയാളവും സ്വീകരിക്കുവാൻ ഇടയാക്കണമെ. മുഴുവൻ പരിമളവാസനയാകുന്ന ഈ മൂറോനാൽ ഈ ദാസൻ ആദ്ധ്യാത്മിക സുഗന്ധത്താൽ നിറയട്ടെ. പ്രതികൂല സൈന്യങ്ങൾക്ക് ഇവൻ വിധേയനാകരുതേ. ഇനിമേൽ ഈ ദാസൻ ദുഷ്പ്രഭുക്കളായ പിശാചുക്കളെയും അന്ധകാരശക്തികളെയും ഭയപ്പെടാതിരിക്കട്ടെ. നിന്റെ പ്രകാശത്തിൽകൂടെ സഞ്ചരിക്കുന്നതിനും പ്രകാശത്തിന്റെ പുത്രൻ ആയിത്തീരുന്നതിനും നിന്നിൽ ജീവിച്ച് നിന്റെ പക്കൽ വന്നു ചേരുന്നതിനും ഇടയാക്കണമെ (കൂദാശക്രമം, പേജ് 33).

സ്ഥൈര്യലേപനത്തിലൂടെ ഒരു വ്യക്തി അടയാളവും മുദ്രയും സ്വീകരിക്കുന്നു: മിശിഹായുടെ പരിമളവാസനയും സത്യവിശ്വാസത്തിന്റെ മുദ്രയും അടയാളവും പരിശുദ്ധാത്മ നൽവര പൂർണതയുമായ വിശുദ്ധ മൂറോൻകൊണ്ട് നിത്യ ജീവനിലേക്ക് (പേര്) പിതാവിന്റെ നാമത്തിലും പുത്രന്റെ നാമത്തിലും ജീവനുള്ള പരിശുദ്ധ റൂഹായുടെ നാമത്തിലും മുദ്ര കുത്തപ്പെടുന്നു (കൂദാശക്രമം, പേജ് 34). വിശുദ്ധ മുദ്രയും അടയാളവും പരിശുദ്ധാത്മാവിനെയും, സൃഷ്ടാവിന് സൃഷ്ടികളിന്മേലുള്ള അധികാരത്തെയും സൂചിപ്പിക്കുന്നു.

www.malankaralibrary.com

## 2. മദ്ബഹായിലേക്കുള്ള പ്രവേശനം

മാമോദീസാ സ്വീകരിച്ചവരെ മദ്ബഹായിൽ പ്രവേശിപ്പിച്ച് മൂന്നു പ്രാവശ്യം ത്രോണോസിന് പ്രദക്ഷിണം വയ്പ്പിച്ച് ത്രോണോസിന്റെ കോണുകൾ മുത്തിപ്പിക്കുന്നു. ഇത് മാമോദീസ സ്വീകരിച്ച വ്യക്തി ഭൂമിയിലെ പറുദീസയായ സഭയിലേക്ക് പ്രവേശിക്കുന്നതിനെ സൂചിപ്പിക്കുന്നു.

## 3. കിരീടധാരണം

കിരീടധാരണം, മാമോദീസായിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും ഒരു വ്യക്തി സ്വീകരിച്ച മഹത്വത്തെ സൂചിപ്പിക്കുന്നു. പിശാചിന്റെ പ്രേരണയാൽ ഏദൻതോട്ടത്തിൽ ആദിമാതാപിതാക്കൾക്ക് നഷ്ടപ്പെട്ട കിരീടം, മാമോദീസ സ്വീകരിച്ച വ്യക്തിക്ക് ലഭ്യമാകുന്നു. കിരീടധാരണത്തിന്റെ പ്രാർത്ഥനയിൽ ഇപ്രകാരം കാണുന്നു: ദൈവമായ കർത്താവേ, നിന്റെ ഈ ദാസനെ മഹത്വത്താലും പ്രഭയാലും കിരീടം ധരിപ്പിക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ഈ ദാസന്റെ ജീവിതം നിന്റെ കർത്തൃത്വത്തിനും തിരുനാമ മഹത്വത്തിനും പ്രീതികരവും അനുയോജ്യവുമായി തീരണമെ (കൂദാശക്രമം, പേജ് 35). കിരീടം സത്യത്തിന്റെയും വിജയത്തിന്റെയും രക്ഷയുടെയും അടയാളമാണ് (ഏശ. 28:5, ജറ. 13:18, സങ്കീ. 21:4).

## 4. വി. കുർബാന സ്വീകരണം

മാമോദീസായും സ്ഥൈര്യലേപനവും സ്വീകരിച്ച വ്യക്തിക്ക് വി. കുർബാന നൽകുന്നത്, യേശുക്രിസ്തുവിന്റെ മൗതീക ശരീരമായ സഭയിൽ അംഗമായിത്തീർന്ന വ്യക്തി, യേശുക്രിസ്തുവിന്റെതന്നെ ശരീരവും രക്തവും സ്വീകരിച്ച് യേശുക്രിസ്തുവുമായി അഭേദ്യമായ ബന്ധം സ്ഥാപിച്ച് യേശുക്രിസ്തുവിനോടൊപ്പമുള്ള യാത്ര ആരംഭിക്കുന്നതിനെ സൂചിപ്പിക്കുന്നു. വി. കുർബാന ജീവന്റെ ഔഷധമായ ഏദൻതോട്ടത്തിലെ വൃക്ഷത്തിന്റെ ഫലമാണ്. പറുദീസായിലെ ഈ വൃക്ഷത്തിന്റെ ഫലമാണ് ആദാമിന് രുചിച്ചുനോക്കാൻ കഴിയാതെ വന്നത്. ഈ ആശയം വി. കുർബാന നൽകുന്ന അവസരത്തിൽ ഗീതമായി ചൊല്ലുന്നത് ഇപ്രകാരമാണ്: പറുദീസായിലാദാം രുചി നോക്കാഞ്ഞ ഫലം സാമോദം വയ്ക്കുന്നീനാൾ നിൻ നാവിൽ.

തുടർന്നുള്ള ഹൂത്തോമോ പ്രാർത്ഥനയോടുകൂടി സ്ഥൈര്യലേപനത്തിന്റെ ശുശ്രൂഷ അവസാനിക്കുന്നു.

www.malankaralibrary.com

അധ്യായം 6

# വിശുദ്ധ കുർബാന
## ഒരു പഠനം

### ആമുഖം

കത്തോലിക്കാസഭയിൽ 24 വ്യക്തിഗത സഭകൾ ഉണ്ട്. ഓരോ സഭയ്ക്കും അതിന്റേതായ പ്രത്യേക ആരാധനക്രമമുണ്ട്. അന്ത്യോക്യൻ സുറിയാനി ആരാധനക്രമമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ ഉപയോഗിക്കുന്നത്. ജറുസലേം സഭയുടെ പ്രഥമാധ്യക്ഷനും നമ്മുടെ കർത്താവിന്റെ സഹോദരനും അപ്പസ്തോലനുമായ മാർ യാക്കോബ് ശ്ലീഹാ, വിശുദ്ധ കുർബാനയുടെ ക്രമം ആദ്യ നൂറ്റാണ്ടിൽ തന്നെ ക്രോഡീകരിച്ചിരുന്നു എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. ജറുസലേമിൽ രൂപം പ്രാപിച്ച 'മാർ യാക്കോബിന്റെ തക്സാ' (ക്രമം) പിൽക്കാലത്ത് അന്ത്യോക്യൻ സഭ സ്വീകരിക്കുകയും തങ്ങളുടെ ആരാധനക്രമമായി വളർത്തിയെടുക്കുകയും ചെയ്തു. മാർ യാക്കോബിന്റെ കുർബാനക്രമത്തെ അടിസ്ഥാനമാക്കി എഴുപതിൽപ്പരം വിവിധങ്ങളായ ക്രമങ്ങൾ അന്ത്യോക്യൻ സുറിയാനി പാരമ്പര്യത്തിലുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഉപയോഗിക്കുന്ന അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തിലെ വിശുദ്ധ കുർബാനയെക്കുറിച്ചാണ് ഈ ലഘു ഗ്രന്ഥത്തിൽ വിവരിക്കുന്നത്.

വി. മർക്കോസിന്റെ സുവിശേഷം 1:15-ൽ ഇപ്രകാരം നാം വായിക്കുന്നു: "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ". പരസ്യജീവിതത്തിൽ യേശുവിന്റെ നാവിൽനിന്ന് വരുന്ന ആദ്യത്തെ വാക്കുകളാണ് ഇവ. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ 16:15) എന്ന വാക്കുകളോടുകൂടിയാണ് വി. മർക്കോസിന്റെ സുവിശേഷം അവസാനിക്കുന്നത്. സുവിശേഷം വിശ്വസിക്കുവാൻ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ആഹ്വാനം ചെയ്ത യേശു വിശ്വസിച്ച സുവിശേഷം ലോകമെങ്ങും പോയി പ്രഘോഷിക്കുവാൻ അവസാനം ശിഷ്യന്മാർക്ക് യേശു ദൗത്യം നൽകുന്നു. ചുരുക്കത്തിൽ സുവിശേഷമാണ് വിശ്വസിക്കേണ്ടതും പ്രഘോഷിക്കേണ്ടതും.

www.malankaralibrary.com

എന്താണ് ഈ സുവിശേഷം അഥവാ സദ്‌വാർത്ത? പ്രപഞ്ച സൃഷ്ടിയിൽ ആരംഭിച്ച് മനുഷ്യസൃഷ്ടിയിലൂടെ മുന്നേറി അബ്രഹാമിന്റെ വിളിയിലൂടെ തുടർന്ന് ഇസ്രയേലിന്റെ ചരിത്രത്തിൽ യാഥാർഥ്യമായി യേശുക്രിസ്തുവിൽ പൂർണമായ ദൈവീക വെളിപാടിന്റെ ചരിത്രമാണ് സുവിശേഷം. ഇത് രക്ഷയുടെ ചരിത്രമാണ്. ദൈവം മനുഷ്യനെ സ്നേഹിച്ചതിന്റെ ചരിത്രമാണ്. ഇത് ദൈവവചനത്തിന്റെകൂടി ചരിത്രമാണ്. ചുരുക്കത്തിൽ, അനാദിയിലെ പിതാവിൽനിന്ന് ജനിച്ച്, പഴയനിയമത്തിൽ അദൃശനായും പുതിയനിയമത്തിൽ ദൃശ്യനായും തന്നെത്തന്നെ വെളിപ്പെടുത്തിയ യേശു എന്ന വ്യക്തിയും അവന്റെ വാക്കുകളും പ്രവർത്തികളും എല്ലാമാണ് സുവിശേഷം എന്നതുകൊണ്ട് അർഥമാക്കുക.

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ 16:15) എന്ന പ്രേഷിതദൗത്യത്തിൽ അടിസ്ഥാനപ്പെടുത്തിയാണ് സഭയുടെ എല്ലാ ശുശ്രൂഷകളെയും സഭ വ്യാഖ്യാനിക്കുന്നത്. സുവിശേഷം പ്രഘോഷിക്കുക എന്ന അടിസ്ഥാന ദൗത്യമാണ് സഭയ്ക്കുള്ളത്. സുവിശേഷം പ്രഘോഷിക്കുക എന്നതിന് സുവിശേഷം പഠിപ്പിക്കുക, സുവിശേഷം ആഘോഷിക്കുക, സുവിശേഷം ജീവിക്കുക എന്നീ മൂന്ന് മാനങ്ങളുണ്ട്... പ്രഘോഷിക്കപ്പെട്ട സുവിശേഷം മാനുഷിക ഭാഷയിൽ എഴുതപ്പെട്ടപ്പോൾ അത് വി. ലിഖിതമായി അഥവാ ബൈബിളായി. ആ സുവിശേഷം അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും ആഘോഷിച്ചപ്പോൾ അത് ആരാധനക്രമമായി അഥവാ വി. കുർബാനയായി. ആ സുവിശേഷം വിശ്വാസംകൊണ്ടും ബുദ്ധികൊണ്ടും വ്യാഖ്യാനിച്ചപ്പോൾ അത് ദൈവശാസ്ത്രമായി. ആ സുവിശേഷം ജീവിച്ചപ്പോൾ അത് ആദ്ധ്യാത്മികതയായി, ധാർമിക മൂല്യങ്ങളായി. ആ സുവിശേഷം ക്രോഡീകരിച്ചപ്പോൾ അത് വിശ്വാസപ്രമാണമായി. സുവിശേഷം ആഘോഷിക്കുക എന്നതിലടിസ്ഥാനപ്പെടുത്തിയാണ് സഭ വി. കുർബാനയെയും ആരാധനക്രമത്തെയും പൊതുവായി വ്യാഖ്യാനിക്കുക.

www.malankaralibrary.com

**ദൈവാലയത്തിന്റെ ഘടന**

| | | | |
|---|---|---|---|
| മോണ്ടളം | പ്രപഞ്ചം | പുറത്തെ പ്രാകാരം<br>സ്നാനാർഥികൾ | ജറുസലേം<br>ദൈവാലയത്തിന്റെ<br>പുറത്തെ പ്രാകാരം |
| ഹൈക്കലാ | ഭൂമി | ദൈവജനം | ജറുസലേം<br>ദൈവാലയത്തിന്റെ<br>അകത്തെ പ്രാകാരം |
| കെസ്ത്രൂമാ | ഭൗമീക<br>പറുദീസ | അഴിയ്ക്കകം<br>നമസ്കാരമേശ<br>പുരോഹിതസംഘം | ജറുസലേം<br>ദൈവാലയത്തിന്റെ<br>വിശുദ്ധ സ്ഥലം |
| മദ്ബഹാ | സ്വർഗ്ഗം | ത്രോണോസ്<br>ബലിയർപ്പിക്കുന്ന<br>സ്ഥലം<br>കാർമികൻ | ജറുസലേം<br>ദൈവാലയത്തിന്റെ<br>മഹാ വിശുദ്ധസ്ഥലം<br>നിയമപേടകം |

ക്രൂശിൽ കിടക്കുന്ന കർത്താവിന്റെ ശരീരത്തിന്റെ മാതൃകയിൽ ദൈവാലയത്തെ വ്യാഖ്യാനിക്കാറുണ്ട്. നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക. മൂന്ന് ദിവസത്തിനകം ഞാനത് പുനരുദ്ധരിക്കും... അവൻ പറഞ്ഞത് തന്റെ ശരീരമായ ആലയത്തെപറ്റിയാണ് (യോഹ 3:19-21). പള്ളിയുടെ പടിഞ്ഞാറേ വാതിൽ കർത്താവിന്റെ പാദപീഠവും ഹൈക്കലാ കർത്താവിന്റെ ശരീരവും മദ്ബഹാ കർത്താവിന്റെ ശിരസുമായി വ്യാഖ്യാനിക്കപ്പെടുന്നു. വിലാപുറത്ത് കുന്തം കൊണ്ട് കുത്തി, അതിലൂടെ രക്തവും വെള്ളവും ഒഴുകി. അതിനാൽ മാമോദിസാ തൊട്ടി ഹൈക്കലായിൽ മുൻവശത്തെ വാതിലിനോടുചേർന്ന് തെക്കുഭാഗത്ത് ക്രമീകരിച്ചിരിക്കുന്നു. ചെവിയുടെ ഭാഗത്ത് കെസ്ത്രൂമായിൽ കുമ്പസാരവും (സൗകര്യാർത്ഥം മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഇപ്പോൾ ഹൈക്കലായുടെ പടിഞ്ഞാറാണ് നാം കുമ്പസാരക്കൂട് ക്രമീകരിച്ചിരിക്കുന്നത്) മദ്ബഹായുടെ നടുക്ക് കർത്താവിന്റെ നാവിന്റെ സ്ഥലത്തുനിന്ന് ഏവൻഗേലിയോൻ വായിക്കുന്നതും ഈ ആശയത്തെ വ്യക്തമാക്കുന്നു.

## ധൂർത്തപുത്രന്റെ പിതൃഭവനത്തിലേക്കുള്ള തീർത്ഥാടനം

വി. കുർബാനയ്ക്കുമുമ്പുള്ള പ്രഭാത പ്രാർഥന കറുത്ത കുപ്പായം

www.malankaralibrary.com

അണിഞ്ഞാണ് പുരോഹിതൻ ആരംഭിക്കുന്നത്. ധൂർത്തപുത്രൻ പിതാവിന്റെ ഭവനത്തിലേക്ക് മുഷിഞ്ഞ വസ്ത്രവുമായി കടന്നുവരുന്നതിനെ അനുതാപത്തിന്റെ പ്രതീകമായ കറുത്ത കുപ്പായം സൂചിപ്പിക്കുന്നു (ലൂക്കാ 15:21, 18:13). ഓരോ വിശ്വാസിയും ഞായറാഴ്ച വി. കുർബാനയ്ക്കു ദൈവാലയത്തിലേക്ക് വരുമ്പോൾ ധൂർത്തപുത്രൻ പിതൃഭവനത്തിലേക്ക് തിരികെ വന്ന് പിതാവിനോട് മാപ്പപേക്ഷിക്കുന്ന രംഗത്തെയാണ് ഇത് അനുസ്മരിക്കുന്നത്. ധൂർത്തപുത്രനെ സ്വീകരിച്ച പിതാവ് അവനെ മേൽത്തരം വസ്ത്രങ്ങൾ അണിയിക്കുന്നതിന്റെ പ്രതീകമായിട്ടാണ് പുരോഹിതൻ കാപ്പ ധരിക്കുന്നത്. തുർന്ന് പിതാവ് പുത്രന് ഒരുക്കിയ വിരുന്നാണ് വി. കുർബാനയിൽ നാം കാണുക.

## വിശുദ്ധ കുർബാനയുടെ ഘടന

വിശുദ്ധ കുർബാന ദൈവത്തിന്റെ രക്ഷാകര ചരിത്രത്തോട് അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. വിശുദ്ധ കുർബാന മുഴുവനും വെളിപാടിന്റെ രഹസ്യങ്ങളുടെ അഥവാ രക്ഷാകര ചരിത്രത്തിന്റെ അനുസ്മരണവും ആഘോഷവുമാണ്. പ്രപഞ്ചസൃഷ്ടി, മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ പാപം, അബ്രഹാമിന്റെ വിളി, ഇസ്രയേലിന്റെ ചരിത്രം, യേശുവിന്റെ ജനനം, മാമ്മോദിസാ, പരസ്യജീവിതം, പീഡാനുഭവം, കുരിശുമരണം, കബറടക്കം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, പെന്തക്കോസ്തി മുതൽ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനം വരെയുള്ള രക്ഷാകര സംഭവങ്ങൾ എല്ലാംതന്നെ വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. വിശുദ്ധ കുർബാനയുടെ ആരംഭത്തിലെ ഗാനം ഈ ആശയം വ്യക്തമാക്കുന്നു:

> "നാഥാ, നിൻ ജനനം, സ്നാനം, പീഡ, ക്രൂശേറ്റം
> മൃതി, ഉത്ഥാനം, സ്വർഗ്ഗാരോഹണമെന്നിവയേയും
> ആദിപിതാക്കളെയും ഞങ്ങൾ
> ഓർത്തിടുന്നീ യാഗത്തിൽ".

സുറിയാനി പിതാക്കന്മാർ വിശുദ്ധ കുർബാനയെ നാലുഭാഗങ്ങളായി തിരിച്ചിരിക്കുന്നു: ഒരുക്ക ശുശ്രൂഷ, വചന ശുശ്രൂഷ, ബലി അർപ്പണം, ബലി വിരുന്ന്. മലങ്കര കുർബാനയിലെ ഒരുക്ക ശുശ്രൂഷയെക്കുറിച്ചാണ് ആദ്യം ചർച്ച ചെയ്യുന്നത്.

www.malankaralibrary.com

# വി. കുർബാന – ഒന്നാം ഭാഗം

## ഒരുക്ക ശുശ്രൂഷ

മലങ്കര കുർബാനയുടെ ഒന്നാം ഭാഗമായ ഒരുക്ക ശുശ്രൂഷ 'തൂയോബോ' എന്ന പേരിലാണ് സുറിയാനിയിൽ അറിയപ്പെടുന്നത്. വിശുദ്ധ കുർബാനയുടെ ആരംഭം മുതൽ പരസ്യ ശുശ്രൂഷയുടെ ആരംഭം വരെയുള്ള ഭാഗമാണ് ഒരുക്ക ശുശ്രൂഷയിൽ ഉൾപ്പെട്ടിരിക്കുന്നത്.

മലങ്കര സഭയിൽ വിശുദ്ധ കുർബാന ആരംഭിക്കുന്നത് യാമ നമസ്കാരത്തോടുകൂടിയാണ്. പ്രഭാതനമസ്കാരം ആരംഭിക്കുന്നതിനുമുമ്പ് ശുശ്രൂഷകൻ മദ്ബഹായ്ക്കുള്ളിൽ പ്രവേശിച്ച് ത്രോണോസിന്റെ മധ്യഭാഗത്തെ കുരിശിനു മുമ്പിലുള്ള മെഴുകുതിരി കത്തിക്കുന്നു. ഈ കർമത്തിലൂടെ "വെളിച്ചം ഉണ്ടാകട്ടെ" (ഉത്പ 1:3) എന്നു പറഞ്ഞ് ദൈവം പ്രപഞ്ച സൃഷ്ടി ആരംഭിച്ചതിനെ അനുസ്മരിക്കുന്നു. തുടർന്ന് മറ നീക്കുന്നു. തിരശീല അഥവാ മറ ഉപയോഗിച്ച് വിശുദ്ധ മദ്ബഹാ മറയ്ക്കുന്നതിന് വലിയ അർത്ഥം ഉണ്ട്. മദ്ബഹാ സ്വർഗ്ഗത്തിന്റെയും ഹൈക്കലാ ഭൂമിയുടെയും പ്രതീകമാണ്. സ്വർഗവും ഭൂമിയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന പ്രതീകമാണ് മറ. സ്വർഗ്ഗത്തെയും ഭൂമിയെയും വേർതിരിക്കുന്ന മേഘമായും മറയെ കരുതുന്നു. യാമനമസ്കാരത്തിന്റെ ആരംഭത്തിൽ തിരി കത്തിച്ച് മറ വലിക്കുന്നതിലൂടെ പ്രപഞ്ചസൃഷ്ടിയിലൂടെയുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിനെയും സ്വർഗ്ഗം തുറക്കപ്പെടുന്നതിനെയും സൂചിപ്പിക്കുന്നു. ഇപ്രകാരം സൃഷ്ടികർമവും തുടർന്നുള്ള ദൈവപരിപാലനയും ഓർത്തുകൊണ്ടാണ് വിശ്വാസികൾ യാമനമസ്കാരം വഴി ദൈവത്തോട് സംഭാഷണം ചെയ്യുന്നത്.

പ്രഭാതപ്രാർഥനയിലൂടെ, പ്രപഞ്ചം സൃഷ്ടിച്ച ദൈവത്തെ സൃഷ്ടവസ്തുക്കളോട്ചേർന്ന് ദൈവജനം ആരാധിക്കുകയാണ്. 'പ്രകാശത്തിന്റെ സ്രഷ്ടാവിന് സ്തുതി...,, 'ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു...' എന്നീ സങ്കീർത്തനങ്ങൾ ഇത് സൂചിപ്പിക്കുന്നു. അതുപോലെ ദൈവപുത്രനിലൂടെ പിതാവായ ദൈവം മനുഷ്യവംശത്തെ സ്നേഹിച്ചതിന്റെയും യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളെയും അനുസ്മരിച്ചുകൊണ്ട് ദൈവത്തെ വിശ്വാസികൾ പ്രഭാതപ്രാർത്ഥനയിലൂടെ സ്തുതിക്കുന്നു. പ്രഭാതനമസ്കാരത്തിന്റെ അവസരത്തിൽ വൈദികൻ കറുത്ത പുറങ്കുപ്പായമാണ് ധരിക്കുന്നത്.

www.malankaralibrary.com

മനുഷ്യന്റെ പാപാവസ്ഥ അനുതാപത്തിലേക്ക് വിരൽ ചൂണ്ടുന്നതിനെ ഇത് സൂചിപ്പിക്കുന്നു. കാർമികൻ ശുശ്രൂഷയ്ക്കായി ഉപയോഗിക്കുന്ന ഔദ്യോഗിക വസ്ത്രമാണ് കറുത്ത കുപ്പായം.

പ്രഭാതപ്രാർത്ഥനയ്ക്കുശേഷം പുരോഹിതൻ മദ്ബഹായിൽ പ്രവേശിച്ച് വിശ്വാസികളുടെ സമൂഹത്തോട് പ്രാർത്ഥന യാചിച്ചതിനു ശേഷം മറയിടുന്നു. ഇസ്രായേൽ മക്കൾക്ക് ന്യായപ്രമാണങ്ങൾ വാങ്ങു വാനായി മഹത്വപൂർണ്ണനായ യഹോവയുടെ സാന്നിധ്യംകൊണ്ട് നിറ ഞ്ഞിരിക്കുന്ന സീനായ് മലയിലേക്ക് മോശ കരേറിയതിനെ ഈ മദ്ബഹാ പ്രവേശനം സൂചിപ്പിക്കുന്നു. ആചാര്യനായ സ്കറിയാ മഹാ വിശുദ്ധ സ്ഥലത്ത് പ്രവേശിച്ചതിനെയും ഇത് സൂചിപ്പിക്കുന്നു.

പുരോഹിതൻ മദ്ബഹായിൽ പ്രവേശിക്കുമ്പോൾ മറയിടുന്നതി ലൂടെ ആദിമാതാപിതാക്കളുടെ പാപവും തുടർന്നുള്ള പഴയനിയമ കാലഘട്ടവും സൂചിപ്പിക്കുന്നു. ആദ്യ മനുഷ്യന്റെ പാപം നിമിത്തം സ്വർഗവും ഭൂമിയും, ദൈവവും മനുഷ്യനും, മാലാഖമാരും മനുഷ്യനും തമ്മിലുമു ള്ള ബന്ധം നഷ്ടപ്പെടുന്നു. ഈ ചിന്തകളെല്ലാം മറ ഇടുന്നതുവഴി അർത്ഥമാക്കുന്നു. രക്ഷകനായ യേശുവിനെ പ്രതീക്ഷിച്ചു കഴിഞ്ഞി രുന്ന പഴയനിയമ കാലഘട്ടത്തെ, രഹസ്യമായ ഒരുക്ക ശുശ്രൂഷയി ലൂടെ പ്രത്യേകം സൂചിപ്പിക്കുന്നു. അതോടൊപ്പം അനാദിയിലേ പിതാ വിനൊപ്പം അദൃശ്യനായിരിക്കുന്ന പുത്രനെയും ഇത് അർത്ഥമാക്കുന്നു.

പുരോഹിതൻ മദ്ബഹായിൽ പ്രവേശിച്ച് പ്രാർത്ഥന യാചിച്ച തിനുശേഷം ത്രോണോസിന്റെ മുമ്പിൽ വന്ദിച്ച് ത്രോണോസിന്റെ കോണുകളിൽ മുത്തുന്നു. അതിനുശേഷം ദർഗായിൽ കയറിനിന്ന് മെൽക്കിസെദെക്കിന്റെയും അഹറോന്റെയും ക്രമം നടത്തുന്നു.

### മെൽക്കിസെദെക്കിന്റെ ക്രമം

അപ്പവും വീഞ്ഞും ത്രോണോസിന്മേൽ ഒരുക്കിവയ്ക്കുന്ന ശുശ്രൂ ഷയാണ് മെൽക്കിസെദെക്കിന്റെ ക്രമം. സാലേമിലെ രാജാവും അത്യു ന്നതനായ ദൈവത്തിന്റെ പുരോഹിതനുമായിരുന്ന മെൽക്കിസെദെക്ക് അപ്പവും വീഞ്ഞും എടുത്തുകൊണ്ട് അബ്രഹാമിനെ എതിരേറ്റ സംഭവ ത്തെയാണ് ഇത് അനുസ്മരിക്കുന്നത് (ഉത്പ 14:18). ഹെബ്രായർക്കുള്ള ലേഖനത്തിൽ മെൽക്കിസെദെക്കിന്റെ ക്രമപ്രകാരം എന്നേയ്ക്കുമുള്ള പുരോഹിതൻ (ഹെബ്രാ 6:20) എന്ന് യേശുവിനെ വിശേഷിപ്പിച്ചിരി ക്കുന്നു. സാലേമെന്നത് ജറുസലേമിന്റെ പഴയ പേരാണ്. മെൽക്കി സെദെക്ക് എന്ന പേരിന് ഒന്നാമത് നീതിയുടെ രാജാവെന്നും രണ്ടാ

www.malankaralibrary.com

മതായി സമാധാനത്തിന്റെ രാജാവെന്നുമാണ് അർത്ഥം (ഹെബ്രാ 7:2). യഹൂദമതത്തിൽ പൗരോഹിത്യം സ്ഥാപിക്കപ്പെടുന്നതിന് മുമ്പുതന്നെ പുറജാതികളുടെ എല്ലാം പ്രതിനിധിയായി ദൈവമുമ്പാകെ നിന്ന പുരോഹിതനാണ് മെൽക്കിസെദെക്ക്. മെൽക്കിസെദെക്കിന്റെ ക്രമപ്രകാരം നിത്യാചാര്യനായ ക്രിസ്തു സ്വജാതിക്കാരായ ഇസ്രായേലിന്റെ മാത്രമല്ല സകല ജനതകളുടെയും പുരോഹിതനായിരുന്നു. എല്ലാ പൗരോഹിത്യത്തിന്റെയും പൂർണത യേശുവിലാണ് എന്ന് മെൽക്കിസെദെക്കിന്റെ ക്രമം സൂചിപ്പിക്കുന്നു. (മൽക്കിസദേക്കിൻ കാഴ്ചപോലെ ബലിയിത് സ്വീകൃതമാകണമേ... എന്ന ഗാനം ഇവിടെ അർഥവത്താണ്).

കാർമികൻ വലിയ ഓസ്തിയും ചെറിയ ഓസ്തിയും, നിർദേശിച്ചിരിക്കുന്ന പ്രാർത്ഥനകളോടും കർമങ്ങളോടും കൂടി പീലാസായിൽ ക്രമീകരിക്കുന്നു. തുടർന്ന് കാസായിൽ വീഞ്ഞും വെള്ളവും കലർത്തുന്നു. പുത്രൻതമ്പുരാനായ യേശുവിൽ ദൈവത്വവും മനുഷ്യത്വവും ഒരേപോലെ യോജിച്ചതിനെ ഇത് സൂചിപ്പിക്കുന്നു.

കുർബാനയിൽ അപ്പവും വീഞ്ഞും കാർമികൻ ക്രമീകരിക്കുന്നത് പുറങ്കുപ്പായം മാത്രം ധരിച്ചാണ്. അപ്പവും വീഞ്ഞും ഒരുക്കിവച്ചതിനുശേഷം പുരോഹിതൻ അനുതാപത്തിന്റെ പ്രുമിയോനും സെദറായും ചൊല്ലുന്നു. ഈ സമയത്ത്, ശുശ്രൂഷകരിലൊരാൾ പഴയനിയമത്തിൽ നിന്ന് വായിക്കുന്നു. സുറിയാനിയിൽ 'തൂയോബോ' എന്നറിയപ്പെടുന്ന ഒരുക്ക ശുശ്രൂഷയിലെ പ്രാർത്ഥനകളും തിരുക്കർമ്മങ്ങളും ക്രിസ്തുവിന്റെ രാജത്വത്തെ വെളിവാക്കുന്നവയാണ്.

## അഹറോന്റെ ക്രമം

ഈ ശുശ്രൂഷ വൈദികൻ അംശവസ്ത്രങ്ങൾ ധരിച്ചുകൊണ്ടാണ് നടത്തുന്നത്. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവത്തിന്റെ പുരോഹിതന്മാർ അംശവസ്ത്രങ്ങൾ ധരിച്ചിരുന്നത് ദൈവത്തിന്റെ മഹത്വത്തിനും പൗരോഹിത്യശുശ്രൂഷ നിർവഹിക്കുവാനായി ദൈവത്തിൽ നിന്നു പ്രാപിച്ച വിശുദ്ധിയുടെ അടയാളവുമായിട്ടാണ്. പഴയനിയമത്തിൽ ക്രിസ്തുവിന്റെ മറ്റൊരു പ്രതിരൂപമാണ് ആചാര്യനായ അഹറോൻ. അദ്ദേഹത്തിന്റെ പൗരോഹിത്യ ശുശ്രൂഷയെയും ധൂപാർപ്പണത്തെയും അനുസ്മരിക്കുന്നതാണ് അഹറോന്റെ ക്രമം. പ്രധാന പുരോഹിതനായ അഹറോനും ലേവി ഗോത്രത്തിൽപ്പെട്ട മറ്റു പുരോഹിതന്മാരും ധരിച്ചിരുന്ന അംശവസ്ത്രങ്ങളെയും അവർ അർപ്പിച്ചിരുന്ന ധൂപ

www.malankaralibrary.com

ത്തെയും അനുസ്മരിപ്പിക്കുമാറ് പുതിയനിയമത്തിലെ വൈദികൻ സ്ഥാനവസ്ത്രങ്ങൾ ധരിക്കുകയും യാഗവസ്തുക്കളിന്മേൽ ധൂപം അർപ്പിക്കുകയും ചെയ്യുന്നു.

അഹറോന്റെ ക്രമത്തിൽ കാർമികൻ കാസായും പീലാസായും കുരി ശാകൃതിയിൽ പിടിച്ചുകൊണ്ട് ദൈവത്തിന്റെ രക്ഷാകര സംഭവങ്ങൾ അനുസ്മരിക്കുകയും ആദവും ഹവ്വായും മുതൽ ഇന്നുവരെയുള്ള എല്ലാ സുപ്രധാന വ്യക്തികളെ ഓർക്കുകയും സകല മരിച്ചുപോയവരെ അനുസ്മരിക്കുകയും വിശുദ്ധ കുർബാനയുടെ നിയോഗത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

തുടർന്ന് മഹത്വമുള്ളവന്റെ തേജസ് ആകാശം കൊണ്ട് മൂടപ്പെട്ടി രിക്കുന്നു എന്നു ചൊല്ലി കാസായും പീലാസായും ശോശപ്പാ കൊണ്ട് മൂടുന്നു. സ്വർഗത്തെ ആവരണം ചെയ്യുന്ന ആകാശവിതാനത്തെയാണ് ശോശപ്പാ ഇവിടെ പ്രതിനിധീകരിക്കുന്നത്. തുടർന്ന് ശോശപ്പായുടെ മേൽ ധൂപാർപ്പണം നടത്തി സഭ മുഴുവനെയും അനുസ്മരിക്കുന്നു. സഭ ജീവിച്ചിരിക്കുന്നവരുടെ സമൂഹം മാത്രമല്ല ജീവിക്കുന്നവരും മരിച്ചവരും ചേർന്ന സമൂഹമാണ്. ഇവർ എല്ലാവരും ആത്മീയമായി വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നു. ഈ ധൂപാർപ്പണത്തെ അഹറോന്റെ ധൂപാർപ്പണത്തോടാണ് ഉപമിച്ചിരിക്കുന്നത്. അഹറോൻ വിശുദ്ധിയുടെ വിശുദ്ധസ്ഥലത്ത് അർപ്പിച്ച ധൂപാർപ്പണം ക്രിസ്തുവിന്റെ കാൽവരി യിലെ ബലിയുടെ പ്രതീകമായാണ് ചിത്രീകരിക്കപ്പെടുന്നത്.

മറയ്ക്കുള്ളിലെ ഈ രഹസ്യ ശുശ്രൂഷയിലൂടെ ആദിമാതാ പിതാക്കൾ മുതൽ അബ്രഹാംവരെയും അബ്രഹാംമുതൽ അഹറോൻ വരെയും അഹറോൻമുതൽ യേശുക്രിസ്തുവരെയുമുള്ള പഴയ നിയമ രക്ഷാകര ചരിത്രം പ്രത്യേകം അനുസ്മരിക്കുന്നു.

www.malankaralibrary.com

# വി. കുർബാന – രണ്ടാം ഭാഗം

## വചന ശുശ്രൂഷ (പരസ്യ ശുശ്രൂഷ)

വിശുദ്ധ കുർബാനയുടെ രണ്ടാം ഭാഗമായ വചന ശുശ്രൂഷയാണ് ഈ ഭാഗത്ത് പ്രതിപാദിക്കുന്നത്. പരസ്യ ശുശ്രൂഷയുടെ ആരംഭം മുതൽ വിശ്വാസപ്രമാണംവരെയുള്ള ഭാഗങ്ങളാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്.

വിശുദ്ധ കുർബാന പരസ്യമായി ആരംഭിക്കുമ്പോൾ മദ്ബഹായുടെ മറ നീക്കി കാർമികൻ ധൂപകലശത്തിൽ കുന്തിരിക്കമിട്ട് ത്രോണോസിന് ധൂപം വീശുകയും കോണുകളിൽ മുത്തി പ്രദക്ഷിണം വയ്ക്കുകയും ചെയ്യുന്നു. തദവസരത്തിൽ കാർമികൻ ഉച്ചത്തിൽ: "കർത്താവേ, നിന്നെ പ്രസവിച്ച മറിയാമും നിനക്ക് മാമോദീസാ നല്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും. ഞങ്ങളോട് കരുണ ചെയ്യണമേ" എന്ന് ചൊല്ലുകയും "സ്വഭാവപ്രകാരം മരണമില്ലാത്തവനും" അഥവാ "മാതാ പരിശുദ്ധന്മാർ" എന്ന കീർത്തനം ജനം ആലപിക്കുകയും ചെയ്യുന്നു.

മറ നീക്കി മദ്ബഹായുടെ വാതിൽ തുറക്കുന്നതിനാൽ മനുഷ്യപാപംമൂലം അടയ്ക്കപ്പെട്ടിരുന്ന സ്വർഗം തുറക്കപ്പെട്ട് അദൃശ്യനായ ദൈവം ആരാധനാസമൂഹത്തിന് ദർശനമരുളുന്നു എന്ന് വ്യക്തമാക്കുന്നു. ആദ്യപാപംമൂലം നഷ്ടപ്പെട്ട ദൈവമനുഷ്യബന്ധവും സ്വർഗവും ഭൂമിയും തമ്മിലുള്ള ബന്ധവും ദൈവവും മാലാഖമാരും തമ്മിലുള്ള ബന്ധവും പുനഃസ്ഥാപിക്കുന്നതിനെ മറ നീക്കുന്നത് സൂചിപ്പിക്കുന്നു. പഴയനിയമം അവസാനിച്ച് പുതിയനിയമം ആരംഭിക്കുന്നതിനെയും നമ്മുടെ കർത്താവിന്റെ ജനനത്തെയും പരസ്യജീവിതത്തെയും പരസ്യശുശ്രൂഷയിൽ പ്രത്യേകം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു.

ത്രോണോസ് ചുറ്റിയുള്ള പ്രദക്ഷിണത്തിൽ മെഴുകുതിരിയോടുകൂടി മുമ്പേ പോകുന്ന പ്രധാന ശുശ്രൂഷകൻ സ്നാപകയോഹന്നാനെ സൂചിപ്പിക്കുന്നു. മദ്ബഹാ ബേത്ലഹേം ഗോശാലയായും ത്രോണോസ് പരിശുദ്ധ കന്യകമറിയത്തിന്റെ മടിത്തട്ടായും അപ്പവും വീഞ്ഞും ഉണ്ണിയേശുവായും അവയെ മൂടിയിരിക്കുന്ന ശോശപ്പാ യേശുവിനെ പുതപ്പിച്ചിരിക്കുന്ന പിള്ളക്കച്ചയായും പരിഗണിക്കപ്പെടുന്നു.

www.malankaralibrary.com

ഗാനാലാപനം സ്വർഗീയ മാലാഖമാർ കീർത്തനം പാടിയതിനെ കുറിക്കുന്നു. വൈദികൻ ത്രോണോസ് ധൂപിച്ച് കോണുകളിൽ മുത്തുന്നത് ആട്ടിടയരും ജ്ഞാനികളും വന്ന് യേശുവിനെ ആരാധിച്ചതിനെയും ബഹുമാനിച്ചതിനെയും സൂചിപ്പിക്കുന്നതോടൊപ്പം വൈദികൻ ഉണ്ണിയേശുവിനെ ആലിംഗനം ചെയ്ത് അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനെയും സൂചിപ്പിക്കുന്നു. സ്വഭാവപ്രകാരം മരണമില്ലാത്തവനും ... (മാതാ പരിശുദ്ധന്മാർ...) എന്ന അന്തോക്യയിലെ മാർ സേവേറിയോസിന്റെ സ്തുതിപ്പ് (മാനീസാ) ചൊല്ലിക്കൊണ്ടാണ് പ്രദക്ഷിണം ആരംഭിക്കുന്നത്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യങ്ങളെ സംബന്ധിച്ച ദൈവശാസ്ത്രമാണ് ഈ പ്രാർത്ഥനയിൽ പ്രതിപാദിച്ചിരിക്കുന്നത്.

കർത്താവിന്റെ മനുഷ്യാവതാരവുമായി അഭേദ്യം ബന്ധമുള്ള അവിടുത്തെ അമ്മയായ പരിശുദ്ധ കന്യകമറിയാമിന്റെയും യേശുവിന്റെ പരസ്യജീവിതത്തിന് മുന്നോടിയായിരുന്ന സ്നാപകയോഹന്നാന്റെയും മാധ്യസ്ഥം അപേക്ഷിച്ചുകൊണ്ടാണ് പരസ്യശുശ്രൂഷ ആരംഭിക്കുന്നത്.

## ത്രൈശുദ്ധ കീർത്തനം

'ദൈവമേ, നീ പരിശുദ്ധനാകുന്നു....' എന്നു തുടങ്ങുന്ന ത്രൈശുദ്ധ കീർത്തനം മനുഷ്യാവതാരം ചെയ്ത യേശുവിനോടുള്ള ആദരവും ആരാധനയും പ്രകടിപ്പിക്കുന്ന പ്രാർത്ഥനയാണ്. മലങ്കരക്രമത്തിൽ ഈ പ്രാർത്ഥന ക്രിസ്തോന്മുഖമാണ് (Christological). കാരണം, മനുഷ്യനായി പിറന്ന യേശുക്രിസ്തുവിന്റെ ദൈവത്വത്തിലുള്ള ഒരു വിശ്വാസപ്രഖ്യാപനമാണ് ഈ പ്രാർത്ഥന. ഏശയ്യായുടെ ദർശനത്തിൽനിന്നും എടുത്തിട്ടുള്ള പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നുള്ള മാലാഖമാരുടെ കീർത്തനത്തിന് പ്രത്യുത്തരമായി വിശ്വാസികൾ, 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോടു കരുണ ചെയ്യണമേ' എന്ന് ചൊല്ലുന്നു (ഏശ 6:3).

യേശുവിന്റെ കുരിശുമരണ അവസരത്തിൽ സ്വർഗീയ വാനവ്യൂഹം കുരിശിൽ കിടക്കുന്ന യേശുവിന്റെ അവസ്ഥ കണ്ട് ഇപ്രകാരം പാടി: നീ രണ്ടു കള്ളന്മാരുടെ മധ്യേ ക്രൂശിക്കപ്പെട്ടവനാണെങ്കിലും ദൈവമേ നീ പരിശുദ്ധനാകുന്നു. നീ ബലഹീനനായി കാണപ്പെടുന്നുവെങ്കിലും ബലവാനേ, നീ പരിശുദ്ധനാകുന്നു. നീ മരണപ്പെട്ടവനായി കാണപ്പെടുന്നുവെങ്കിലും മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു. മാലാഖ

www.malankaralibrary.com

മാരുടെ വ്യൂഹം ചൊല്ലിയ ഈ സ്തുതിപ്പ് കേട്ടുകൊണ്ട് കുരിശിൻചുവട്ടിൽ നിന്ന ജോസഫും നിക്കോദേമോസും, കൂടെ നിന്നവരും "ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോടു കരുണ ചെയ്യണമേ" എന്നു പ്രാർത്ഥിച്ചുവെന്നാണ് പാരമ്പര്യം. ദുഃഖശനിയാഴ്ചത്തെ ആറാം മണിയുടെ സെദറാ പ്രാർത്ഥനയിൽ നാം ഇത് കാണുന്നു.

## കുറിയേലായിസോൻ (Threefold Kyrie elaison)

കർത്താവേ ഞങ്ങളോട് കരുണയായിരിക്കണമേ എന്ന അർത്ഥത്തിൽ മൂന്ന് പ്രാവശ്യം ചൊല്ലുന്ന കുറിയേലായിസോൻ പ്രാചീന ഗ്രീക്ക് ആരാധനയുടെ ഭാഗമാണ്. ഇത് ലത്തീൻ ആരാധനക്രമത്തിലും ഉപയോഗിക്കുന്നു.

## വേദപുസ്തക വായനകൾ - വചന ശുശ്രൂഷ

വിശുദ്ധ കുർബാനയിൽ സാക്ഷാത്കരിക്കപ്പെടുന്ന പരിത്രാണ രഹസ്യങ്ങൾ ദൈവവചനംവഴി ആരാധനാസമൂഹത്തോട് പ്രഖ്യാപിക്കപ്പെടുകയാണ് വേദപുസ്തക വായനയിലൂടെയും അതിന്റെ വിശദീകരണത്തിലൂടെയും നടക്കുന്നത്. ഈ ഭാഗം പ്രബോധനപരമാണ്. നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷയിലെ പ്രബോധനങ്ങളും അദ്ഭുതപ്രവർത്തനങ്ങളുമാണ് കുർബാനയിലെ വചന ശുശ്രൂഷ സൂചിപ്പിക്കുന്നത്.

പഴയനിയമത്തിൽനിന്ന് നാലും പുതിയനിയമത്തിൽനിന്ന് മൂന്നും കൂടി ഏഴ് വേദഭാഗവായനകളാണ് വിശുദ്ധ കുർബാനയിൽ ഉള്ളത്. പഴയനിയമ വേദഭാഗങ്ങൾ യാമനമസ്കാരത്തിന് ശേഷം ഒരുക്ക ശുശ്രൂഷ നടത്തുന്ന സമയത്ത് വായിക്കുന്ന പതിവാണ് ഇന്നുള്ളത്. പഴയനിയമത്തിന്റെ പ്രവചനസ്വഭാവം പുതിയനിയമത്തിന്റെ വെളിച്ചത്തിൽ കൂടുതൽ വ്യക്തമാകുന്നു എന്ന വസ്തുത പരിഗണിച്ചാണ് ആരാധനയിൽ പഴയനിയമ വായന ചേർത്തിരിക്കുന്നത്. പഴയനിയമത്തിൽനിന്നുള്ള വായനകൾ: 1. പഞ്ചഗ്രന്ഥിയിൽനിന്ന് (ഒറൈത്ത) 2. ചരിത്ര പുസ്തകങ്ങളിൽനിന്ന് 3. വിജ്ഞാനഗ്രന്ഥങ്ങളിൽനിന്ന് 4. പ്രവചന ഗ്രന്ഥങ്ങളിൽനിന്ന്.

മറയ്ക്കുള്ളിൽ പുരോഹിതൻ പഴയനിയമ രഹസ്യങ്ങൾ അനുസ്മരിക്കുന്ന സമയത്ത് പഴയനിയമത്തിൽ നിന്നുള്ള വായനകൾ നടത്തുന്നത് ഏറെ അർത്ഥവത്താണ്. രക്ഷകനായ ക്രിസ്തുവിനെ സ്വീകരിക്കുവാനായി പഴയനിയമ ജനത്തെ ഒരുക്കിയതുപോലെ

www.malankaralibrary.com

യേശുമിശിഹായെ ഹൃദയത്തിലേക്ക് സ്വീകരിക്കുവാൻ ദൈവജനത്തെ പ്രത്യേകം ഒരുക്കുക എന്നതാണ് ഈ വായനകളുടെ അർത്ഥം. പഴയനിയമ വായനകൾ കെസ്ത്രൂമായിൽനിന്നും, ലേഖനവായനകൾ മദ്ബഹായുടെ ഒരു പടി താഴെനിന്നും, സുവിശേഷ വായന മദ്ബഹായിൽ നിന്നുമാണ് നടത്തുന്നത്. ഈ ക്രമം വായനകളുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

പുതിയനിയമത്തിലെ വായനകൾ ത്രൈശുദ്ധ കീർത്തനവും കുറിയേലായിസോനും കഴിഞ്ഞ് ആരംഭിക്കുന്നു. ഒന്നാമത്തെ വായന അപ്പസ്തോല പ്രവർത്തനങ്ങളിൽനിന്നോ കാതോലിക ലേഖനങ്ങളിൽനിന്നോ വെളിപാടു പുസ്തകത്തിൽനിന്നോ സന്ദർഭോചിതമായി വായിക്കുന്നു. വായനയ്ക്കുമുമ്പ് "ഭൂവിലശേഷം ....." എന്ന ഗാനം മർക്കോസിന്റെ സുവിശേഷം 16:15-നെ ആസ്പദമാക്കി ആലപിക്കുന്നു. രണ്ടാം വായന വിശുദ്ധ പൗലോസ് ശ്ലീഹായുടെ ഏതെങ്കിലും ഒരു ലേഖനത്തിൽനിന്നായിരിക്കും. വായനയ്ക്കുമുമ്പ് "പൗലോസ് ശ്ലീഹാ ധന്യൻ........" എന്ന ഗാനം സമൂഹം ആലപിക്കുന്നു. ഈ ഗീതം വിശുദ്ധ പൗലോസ് ശ്ലീഹാ ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനം 1:8-ന്റെ ഗാനരൂപമാണ്. സുവിശേഷവായനയ്ക്കു മുമ്പുള്ള ഗീതത്തിന് 'ഹൂലോലോ' എന്നാണ് പറയുന്നത്. പ്രസ്തുത ഗീതത്തിലുപയോഗിക്കുന്ന ഹാലേലുയ്യായിൽനിന്നാണ് 'ഹൂലോലോ' എന്ന വാക്ക് ഉരുത്തിരിഞ്ഞിരിക്കുന്നത്. തുടർന്ന് കാർമികൻ നമ്മുടെ കർത്താവിന്റെ പരിശുദ്ധ സുവിശേഷം വായിക്കുന്നു. വായനയ്ക്കുശേഷം ആരാധനക്രമവത്സരത്തിലെ കാലത്തിന് അനുസൃതമായ ഗാനം സമൂഹം പാടുമ്പോൾ കാർമികൻ ജീവദായകമായ ദൈവവചനത്തിന് കൃതജ്ഞതയർപ്പിച്ചുകൊണ്ട് രഹസ്യപ്രാർത്ഥന നിർവഹിക്കുന്നു. വായിച്ചുകേട്ട വചനത്തെ ആസ്പദമാക്കി കാർമികൻ സുവിശേഷപ്രസംഗം നടത്തുന്നു. വിശുദ്ധ കുർബാനമധ്യേ സുവിശേഷം വായിക്കുമ്പോൾ യേശുക്രിസ്തുതന്നെ സംസാരിക്കുന്നു എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം വളരെ അർത്ഥവത്താണ്.

മലങ്കര ആരാധനക്രമത്തിൽ ബലി അർപ്പിക്കുന്ന പുരോഹിതൻ ജനത്തിന്റെയും ദൈവത്തിന്റെയും പ്രതിനിധിയായിട്ടാണ് വർത്തിക്കുന്നത്. ജനം നിൽക്കുന്ന ദിശയിൽ പുരോഹിതൻ കിഴക്കോട്ട് അഭിമുഖമായി നിൽക്കുമ്പോൾ ജനത്തിന്റെ പ്രതിനിധിയായിട്ടാണ് അവിടെ നിൽക്കുക. ജനത്തിന്റെ പ്രതിനിധി എന്ന നിലയിൽ ജനത്തിന്റെ

www.malankaralibrary.com

സന്തോഷവും ദുഃഖവും ആകുലതകളും അപേക്ഷകളും ജനത്തിനു വേണ്ടി പുരോഹിതൻ ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ പുരോഹിതൻ ജനത്തിനുനേരെ തിരിയുമ്പോൾ ദൈവത്തിന്റെ പ്രതിനിധിയായിട്ടാണ് നിൽക്കുന്നത്. രണ്ടു കാര്യങ്ങൾക്കുമാത്രമേ പുരോഹിതൻ കുർബാനമധ്യേ ജനത്തിനു നേരെ തിരിയുകയുള്ളു: ദൈവത്തിന് ജനത്തോട് എന്തെങ്കിലും പറയുവാനുണ്ടെങ്കിലോ എന്തെങ്കിലും നല്കുവാനുണ്ടെങ്കിലോ വേദവായന, പ്രസംഗം മുതലായ കാര്യങ്ങൾക്കും സമാധാനം, ആശിർവാദം, വിശുദ്ധ കുർബാന നല്കൽ മുതലായ കാര്യങ്ങൾക്കും പുരോഹിതൻ ജനത്തിനു നേരെ തിരിയുമ്പോൾ ദൈവത്തിന്റെ പകരക്കാരനായിട്ടാണ് അവിടെ പ്രവർത്തിക്കുന്നത്.

ആരാധനക്രമവത്സരത്തിലെ ഏഴ് കാലങ്ങളിലെ വചനവായനകളിലൂടെ സൃഷ്ടി മുതൽ മനുഷ്യാവതാരം വരെയും, മനുഷ്യാവതാരം മുതൽ രണ്ടാം വരവു വരെയുമുള്ള സമഗ്രമായ രക്ഷാകര പദ്ധതി ആരാധക സമൂഹത്തിന് വെളിപ്പെടുന്നു. വചനിപ്പുകാലത്തെ (സൂബോറോ) വായനകൾ ലോകത്തിലേക്ക് വരുവാനിരിക്കുന്ന 'വചന'ത്തെ സ്വീകരിക്കുവാൻ വിശ്വാസസമൂഹത്തെ ഒരുക്കുന്നു. യൽദാ-ദനഹാ കാലത്തെ വായനകൾ 'പ്രകാശ'മായി അവതരിച്ച് മനുഷ്യനായി പിറന്ന രക്ഷകനെ ഹൃദയത്തിൽ സ്വീകരിക്കുവാൻ സഹായിക്കുന്നു. വലിയ നോമ്പുകാലത്തെ (സൗമോ റാബോ) വായനകൾ അനുതാപ ചിന്തകളിലൂടെ തങ്ങളെത്തന്നെ ഒരുക്കുവാനും വിശുദ്ധീകരിക്കുവാനും വിശ്വാസത്തിൽ ശക്തിപ്പെടുവാനും അതിലൂടെ ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുവാനും യോഗ്യരാക്കുന്നു. കൃംതാകാലത്തെ വായനകൾ നമ്മുടെ കർത്താവിന്റെ ഉത്ഥാനം മനസിലാക്കുവാനും അനുഭവിക്കുവാനും കഴിയുന്ന വിധത്തിൽ നമ്മെ രൂപാന്തരപ്പെടുത്തുന്നു. പെന്തിക്കോസ്തിക്കാലത്തെ വായനകൾ പരിശുദ്ധാത്മ അഭിഷേകത്താൽ ശക്തരാക്കപ്പെടുന്നതിന് സഹായിക്കുന്നു. തേജസ്ക്കരണ കാലത്തെ വായനകൾ താബോർമലയിലെ അനുഭവം പോലെ പ്രാർത്ഥനയിലൂടെയും ദൈവിക സംസർഗ്ഗത്തിലൂടെയും രൂപാന്തരപ്പെടുവാൻ നമ്മെ സഹായിക്കുന്നു. സ്ലീബാക്കാലത്തെ വായനകൾ വി. കുരിശിനെപ്പറ്റിയും അതിലൂടെ കരഗതമായ രക്ഷയെക്കുറിച്ചും, പീഢകളിലും സഹനങ്ങളിലും സ്വീകരിക്കേണ്ട മനോഭാവത്തെപ്പറ്റിയും നമ്മെ ഓർമ്മിപ്പിക്കുന്നു. വചനവായനകൾ ശ്രദ്ധയോടെ

www.malankaralibrary.com

കേൾക്കുന്നതിലൂടെയും, തുടർന്നുള്ള അതിന്റെ വ്യാഖ്യാനത്തിലൂടെയും ദൈവത്തിന്റെ സ്വരം ശ്രവിച്ച് അതേപ്പറ്റി ധ്യാനിക്കുവാനും വചനത്തിന്റെ ശക്തിയിലൂടെ രൂപാന്തരപ്പെടുവാനും ഇടയാകുന്നു.

## പ്രുമിയോൻ, ഹൂസോയോ, സെദറാ

പ്രുമിയോൻ എന്ന വാക്കിന്റെ അർത്ഥം മുഖവുര എന്നും ഹൂസോയോ എന്ന വാക്കിന്റെ അർത്ഥം പാപപരിഹാരം എന്നും സെദറാ എന്ന വാക്കിന്റെ അർത്ഥം ക്രമമായുള്ള അഥവാ നിരനിരയായുള്ള പ്രാർത്ഥനകൾ എന്നുമാണ്.

## പാപപരിഹാര പ്രാർത്ഥനകൾ

പാപക്ഷമ ലഭിക്കാതെ വിശുദ്ധ രഹസ്യങ്ങളെ സമീപിക്കുവാൻ സാധ്യമല്ല (ലേവ്യ 19:2). അതിനാൽ ബലിയുടെ മർമപ്രധാനമായ ഭാഗങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് പ്രുമിയോൻ, ഹൂസോയോ, സെദറാ എന്നീ പ്രാർത്ഥനകൾ ക്രമമായി നടത്തുന്നു. സെദറാ പ്രാർത്ഥനയുടെ അവസാനം പാപമോചനപ്രാർത്ഥന ചൊല്ലിക്കൊണ്ട് പൊതുവായ പാപമോചനം ജനത്തിന് ആശംസിക്കുന്നു: "ദൈവത്തിൽനിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടു ലോകങ്ങളിലും എന്നേയ്ക്കും നാം പ്രാപിക്കുമാറാകട്ടെ". ഇപ്രകാരം വിശുദ്ധീകരിക്കപ്പെട്ടവരായിട്ടാണ് വിശുദ്ധ കുർബാനയുടെ പ്രധാന ഭാഗത്തേയ്ക്ക് വിശ്വാസികൾ പ്രവേശിക്കുന്നത്. ബലി അർപ്പണത്തിനു മുമ്പ് ആരാധനാസമൂഹത്തിന് പൊതുവായി പാപമോചനം നല്കിയിരുന്ന ആദിമസഭയുടെ പാരമ്പര്യത്തിന്റെ തുടർച്ചയാണിത്. വചനശുശ്രൂഷയിലൂടെയും പാപപരിഹാര പ്രാർത്ഥനയിലൂടെയും ദൈവജനത്തെ പാപത്തിൽനിന്ന് വിടുവിച്ച് ഒരു വിശ്വാസ സമൂഹമായി രൂപപ്പെടുത്തുകയും ആ ജനം വിശ്വാസത്തിന് ഏറ്റവും പരമമായ വിശ്വാസ പ്രമാണം ചൊല്ലികൊണ്ട് ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായി മാറുന്ന ഭാഗമാണ് തുടർന്നുള്ളത്.

## ധൂപക്കുറ്റി വാഴ്വ്

ത്രിത്വൈക ദൈവത്തിലുള്ള പരിശുദ്ധിയും, ആ ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും ഏറ്റുപറയുകയാണ് ധൂപക്കുറ്റി വാഴ്വിലൂടെ നടക്കുന്നത്. അതേ സമയം യേശുക്രിസ്തുവിന്റെ മാമോദീസായും ഈ അവസരത്തിൽ അനുസ്മരിക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ ഏറ്റവും വലിയ വെളിപ്പെടുത്തൽ യേശുവിന്റെ മാമോദീസാ സമയ

www.malankaralibrary.com

ത്താണല്ലോ നടന്നത്. പുത്രൻ തമ്പുരാൻ മാമോദീസാ സ്വീകരിച്ച സമയത്ത് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ വന്ന് ആവസിക്കുകയും പിതാവായ ദൈവത്തിന്റെ സ്വരം 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' കേൾക്കപ്പെടുകയും ചെയ്തു (മത്താ 3:13-17). ധൂപക്കുറ്റി സഭയുടെയും ലോകത്തിന്റെയും പ്രതീകമായതിനാൽ ധൂപക്കുറ്റി വാഴ്ത്തുന്ന ശുശ്രൂഷ സഭയാകുന്ന ആരാധനാസമൂഹത്തെ വാഴ്ത്തുന്ന ശുശ്രൂഷയാണ്. അതുപോലെ സഭയുടെയും ലോകത്തിന്റെയും ശുദ്ധീകരണത്തെ ഇത് സൂചിപ്പിക്കുന്നു. പാപമോചനം ലഭിച്ചതിന്റെ പ്രതികരണമായി വിശുദ്ധ ത്രിത്വത്തെ പ്രകീർത്തിച്ചുകൊണ്ടും ആരാധിച്ചുകൊണ്ടും ധൂപക്കുറ്റി വാഴ്ത്തൽ കാർമികൻ ആരംഭിക്കുന്നു. ധൂപക്കുറ്റിയുടെ അടിത്തട്ട് ഭൂമിയെയും, മേൽത്തട്ട് സ്വർഗ്ഗത്തെയും സൂചിപ്പിക്കുന്നു. അടിത്തട്ടിലുള്ള കരി, പാപികളായ മനുഷ്യരെയും അഗ്നി പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു. കുന്തിരിക്കം വിശ്വാസികളുടെ വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളെ അടയാളപ്പെടുത്തുന്നു. പുക മേല്പോട്ടുയരുന്നതുപോലെ വിശ്വാസികളുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിലേക്ക് ഉയരുന്നു (സങ്കീ. 141:2). അതിന്റെ സുഗന്ധം ചുറ്റുമുള്ളവർക്ക് സന്തോഷം നല്കുന്നതുപോലെ നമ്മുടെ ആരാധനയും സുകൃത ജീവിതവും മനുഷ്യർക്കും ദൈവത്തിനും സന്തോഷം പ്രദാനം ചെയ്യേണ്ടതാണ്. അന്ത്യോക്യയിലാണ് ഈ ആരാധനക്രമം രൂപംകൊണ്ടത്. ജറുസലേമിനും അന്ത്യോക്യയ്ക്കും തെക്കായിട്ടാണ് ജോർദാൻ നദി. യോർദാനെ നോക്കികൊണ്ടാണ് കർത്താവിന്റെ മാമോദിസാ കാർമികൻ അനുസ്മരിക്കുന്നത്. അതിനാലാണ് മദ്ബഹായുടെ തെക്കുഭാഗത്തേക്ക് തിരിഞ്ഞുനിന്ന് പുരോഹിതൻ ധൂപക്കുറ്റി വാഴ്ത്തുന്നത്.

ധൂപക്കുറ്റി വാഴ്വ് പ്രതീകാത്മക കർമ്മമാണ്. ധൂപക്കുറ്റിയിലെ അഗ്നി ദൈവമാതാവിൽ വസിച്ച അഗ്നിയായ പുത്രൻതമ്പുരാനെ കുറിക്കുന്നു. ധൂപക്കുറ്റിയുടെ ചങ്ങലയിലെ 72 കണ്ണികൾ അറിയിപ്പുകാരെയും ചങ്ങലയിലെ 12 മണികൾ അപ്പസ്തോലന്മാരെയും സൂചിപ്പിക്കുന്നു. ധൂപക്കുറ്റി വാഴ്ത്തുമ്പോൾ ഒന്നാമത്തെ ചങ്ങല പിടിച്ചുകൊണ്ട് 'പരിശുദ്ധനായ പിതാവ് പരിശുദ്ധൻ' എന്നും, രണ്ടും മൂന്നും ചങ്ങലകൾ പിടിച്ചുകൊണ്ട് 'പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ' എന്നും നാലാമത്തെ ചങ്ങല പിടിച്ചുകൊണ്ട് 'പരിശുദ്ധ റൂഹാ പരിശുദ്ധൻ'

www.malankaralibrary.com

എന്നും കാർമികൻ പ്രഖ്യാപിക്കുന്നു. ഒന്നാമത്തെ ചങ്ങല പിതാവിനെയും രണ്ടും മൂന്നും ചങ്ങലകൾ യേശുവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും നാലാമത്തെ ചങ്ങല പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു. ധൂപക്കുറ്റി വാഴ്ത്തുമ്പോൾ വിശ്വാസികൾ ത്രിത്വൈക ദൈവത്തിന് ആരാധനയും മഹത്വവും അർപ്പിച്ചുകൊണ്ട് ആമ്മീൻ എന്നു ചൊല്ലുന്നു. ധൂപക്കുറ്റി വാഴ്ത്തിയ ശേഷം പുരോഹിതൻ ജനത്തിനു ധൂപം വീശുന്നു. തുടർന്ന് ശുശ്രൂഷകൻ മദ്ബഹായ്ക്കുള്ളിലും ഹൈക്കലായുടെ പടിഞ്ഞാറുഭാഗം വരെയും ധൂപം വീശുന്നു. ദൈവത്തിന് എല്ലാവരോടുമുള്ള താല്പര്യവും ദൈവത്തിന്റെ കാരുണ്യവും സൂചിപ്പിക്കുവാനാണ് ശുശ്രൂഷകൻ ദേവാലയം മുഴുവനും ധൂപം വീശുന്നത്. അതുപോലെ ജനത്തെ മുഴുവനും ധൂപത്താൽ വിശുദ്ധീകരിച്ച് കുർബാനയുടെ പ്രധാന ഭാഗത്തേക്ക് ആനയിക്കുന്നു. ആദിമസഭയിൽ മാമോദീസാ സ്വീകരിക്കാത്തവർക്ക് പുറത്തുപോകുവാനുള്ള സൂചനയായും ഇത് കരുതപ്പെട്ടിരുന്നു. മാമോദീസാ സ്വീകരിക്കാത്ത അർത്ഥികൾക്ക് വചന ശുശ്രൂഷവരെ സംബന്ധിക്കുവാനുള്ള അവകാശമേ ആദിമസഭയിൽ ഉണ്ടായിരുന്നുള്ളു.

## കൈകഴുകൽ (Washing of the Hands)

വിശുദ്ധ കുർബാനയുടെ ഏറ്റം മർമ്മ പ്രധാനമായ ഭാഗത്തേക്ക് പ്രവേശിക്കുന്നതിന് മുമ്പായുള്ള ആചാരപരമായ തയ്യാറെടുപ്പിനെയാണ് കരങ്ങൾ കഴുകി ശുദ്ധമാക്കുന്നത് ഓർമ്മിപ്പിക്കുന്നത്. ജറുസലേമിലെ വി. കൂറിലോസ് ഇതിനെക്കുറിച്ച് ഇപ്രകാരം അഭിപ്രായപ്പെടുന്നു, 'കൈകൾ പ്രവർത്തനത്തിന്റെ പ്രതീകമാണ്, അതിനാൽ അവ കഴുകുന്നത് നാം ശുദ്ധരാക്കപ്പെടുന്നതിന്റെയും, പാപകരവും നിയമവിരുദ്ധവുമായ എല്ലാ പ്രവർത്തികളിൽനിന്നും മുക്തരായിരിക്കേണ്ടതിന്റെയും അടയാളമാണ്'.

പുരോഹിതൻ വിശ്വാസസമൂഹത്തിന്റെ പ്രാർത്ഥനാസഹായം ആവശ്യപ്പെടുന്ന നാല് സന്ദർഭങ്ങളുണ്ട് – മദ്ബഹായിൽ പ്രവേശിക്കുമ്പോൾ, വിശ്വാസപ്രമാണ സമയം, വിശുദ്ധ ശരീരവും രക്തവും സ്വീകരിക്കുന്നതിനുമുമ്പ്, സമാപന ആശീർവാദ സമയം.

## വിശ്വാസപ്രമാണം

ആദിമസഭയിൽ അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണമാണ് ചൊല്ലിയിരുന്നത്. അതിനുശേഷം എ.ഡി. 325 ലെ നിഖ്യാ സുന്നഹദോസിൽ തയ്യാറാക്കിയ വിശ്വാസപ്രമാണം, പിന്നീട് എ.ഡി. 381 ൽ

www.malankaralibrary.com

കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസിൽ അല്പം കൂടി പുതുക്കിയ താണ് ഇപ്പോൾ നാം ചൊല്ലുന്ന വിശ്വാസപ്രമാണം.

ആദ്യ നൂറ്റാണ്ടുകളിൽ നിലനിന്നിരുന്ന വിവിധ പാഷണ്ഡത കൾക്കെതിരെയുള്ള സഭയുടെ ഔദ്യോഗികമായ പ്രബോധനങ്ങളാണ് വിശ്വാസപ്രമാണത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. "ദൈവത്തിന്റെ ഏക പുത്രനും, സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽനിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും...." എന്നീ പ്രബോധനങ്ങൾ ഇതിന് ഉദാഹരണങ്ങൾ ആണ്. വിശ്വാസപ്രമാണത്തിൽ, സ്രഷ്ടാവായ ദൈവ ത്തിലും, രക്ഷകനായ പുത്രനിലും, സകലവും പൂർത്തിയാക്കുന്ന പരി ശുദ്ധാത്മാവിലും, തിരുസഭയിലും, പാപമോചനത്തിനുള്ള മാമോദീസാ യിലും, മരിച്ചവരുടെ ഉയിർപ്പിലും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനിലും വിശ്വസിക്കുന്നു എന്ന് ഓരോ വ്യക്തിയും പ്രഖ്യാ പിക്കുന്നു. അതിനാൽ വിശ്വാസപ്രമാണം ഏറ്റം ആദരവോടും ശ്രദ്ധ യോടും ബോധ്യത്തോടും ചൊല്ലേണ്ടതാണ്.

വചന ശുശ്രൂഷയിലൂടെ ദൈവം തന്റെ മക്കളോട് സംസാരിച്ച കാര്യങ്ങളും അവിടുത്തെ വെളിപ്പെടുത്തലുകളിലുള്ള വിശ്വാസവും ഉറക്കെ പ്രഖ്യാപിക്കുകയാണ് വിശ്വാസപ്രമാണം ചൊല്ലുകവഴി നിറ വേറ്റുന്നത്. വിശ്വാസത്തിന്റെ സത്യങ്ങൾ എല്ലാം വിശ്വാസപ്രമാണ ത്തിൽ അടങ്ങിയിട്ടുണ്ട്. വിശ്വാസപ്രമാണ സമയത്ത് ആത്മീയ ഒരു ക്കത്തെ സൂചിപ്പിക്കുവാനായി കാർമികൻ കൈകൾ കഴുകി മൗനപ്രാർത്ഥന നടത്തുന്നു. തുടർന്ന് കാർമികൻ ത്രോണോസിന്റെ മുമ്പിൽ കുമ്പിട്ട് രഹസ്യത്തിൽ ദൈവാനുഗ്രഹം യാചിക്കുകയും മധ്യ സ്ഥപ്രാർത്ഥന നടത്തുകയും വിശുദ്ധ കുർബാനയുടെ നിയോഗം നവീ കരിക്കുകയും ചെയ്യുന്നു.

മതപീഡനകാലത്ത്, ക്രിസ്ത്യാനികൾ വിശ്വാസത്തെപ്രതി അതി ക്രൂരമായി പീഡിപ്പിക്കപ്പെട്ടിരുന്നു – മൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കുക, തിളച്ച എണ്ണ ശരീരത്തിൽ ഒഴിച്ച് പൊള്ളിക്കുക എന്നീ പീഡന ങ്ങളുടെയും സഹനങ്ങളുടെയും നടുവിൽ വിശ്വാസം ഉറക്കെ പറഞ്ഞ് രക്തസാക്ഷികളായവരെയാണ് മൗദ്യാനന്മാർ എന്ന് വിളിക്കുക. മരണത്തെ വിശ്വാസപ്രമാണം ചൊല്ലി അവർ സ്വീകരിച്ചു. മരണത്തിന്

www.malankaralibrary.com

തൊട്ട് മുമ്പ് വിശ്വാസപ്രമാണം ചൊല്ലുക എന്ന ഒരു പാരമ്പര്യം ഇന്നും നമുക്ക് ഉള്ളത് ഈ പശ്ചാത്തലത്തിലാണ്.

വിശുദ്ധ കുർബാനയുടെ പ്രധാന ഭാഗത്തേക്ക് പ്രവേശിക്കുവാനായി ജനത്തെ ഒരുക്കുന്നതിന് സ്തൗമെൻകാലോസ് (നമുക്ക് നന്നായി നില്ക്കാം) എന്ന് ശുശ്രൂഷകൻ ചൊല്ലുകയും 'കർത്താവേ, ഞങ്ങളോട് കരുണയുണ്ടാകണമേ' എന്നർത്ഥമുള്ള കുറിയേലായിസോൻ എന്ന് ജനം പ്രത്യുത്തരം നല്കുകയും ചെയ്യുന്നു.

www.malankaralibrary.com

# വി. കുർബാന – മൂന്നാം ഭാഗം

## ബലി അർപ്പണം (അനാഫൊറ)

വിശുദ്ധ കുർബാനയിൽ സമാധാന പ്രാർത്ഥനമുതൽ യാത്രപറച്ചിൽവരെയുള്ള ഭാഗത്തിന് പൊതുവേ അനാഫൊറാ എന്നാണ് പറയുന്നത്. 'അനാഫൊറാ' എന്ന ഗ്രീക്കുപദത്തിന് സമർപ്പിക്കുക, അർപ്പിക്കുക, കരേറ്റുക, ഉയർത്തുക എന്നും പൊതുവിൽ യാഗാർപ്പണം എന്നും അർത്ഥമുണ്ട്. കുർബാന എന്ന സുറിയാനി പദത്തിന്റെയും പൊരുൾ അതുതന്നെയാണ്. അന്ത്യ അത്താഴ സമയത്ത് കർത്താവ് ചൊല്ലിയ കൃതജ്ഞതാ പ്രാർത്ഥനയും അനുഷ്ഠിച്ച കർമ്മങ്ങളുമാണ് അനാഫൊറായിലെ ഉള്ളടക്കം.

വിശുദ്ധ കുർബാനയിൽ അനാഫൊറാ എന്ന ഭാഗത്ത് രഹസ്യവും പരസ്യവുമായ 66 പ്രാർത്ഥനകളാണുള്ളത്. 33 പ്രാർത്ഥനകൾ യേശുവിന്റെ ദൈവത്വത്തെയും 33 പ്രാർത്ഥനകൾ യേശുവിന്റെ മനുഷ്യത്വത്തെയും സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ 33 വർഷത്തെ ഇഹലോക ജീവിതത്തോട് ബന്ധപ്പെടുത്തിയാണ് 33 രഹസ്യവും പരസ്യവുമായ പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നത്. അനാഫൊറായുടെ ആരംഭമായ സമാധാനപ്രാർത്ഥന മുതൽ മധ്യസ്ഥപ്രാർത്ഥനവരെയുള്ള ഭാഗത്തിന് ബലി അർപ്പണം എന്നാണ് പറയുന്നത്. ഈ പാഠത്തിൽ ബലി അർപ്പണത്തെക്കുറിച്ചാണ് വിവരിക്കുന്നത്.

### സമാധാന പ്രാർത്ഥന

പുരോഹിതൻ ദർഗായിൽ (ത്രോണോസിന്റെ മുമ്പിലുള്ള പടി) കയറി നിന്നുകൊണ്ടാണ് സമാധാനത്തിന്റെ പ്രാർത്ഥനയാരംഭിക്കുന്നത്. ക്രിസ്തു തന്റെ സുവിശേഷ പ്രഘോഷണ പദ്ധതികൾ പൂർത്തിയാക്കിയശേഷം മർക്കോസിന്റെ ഭവനമായ സെഹിയോൻ മാളികയിൽ പെസഹാ അനുഷ്ഠിക്കുന്നതിന് പ്രവേശിച്ചതിനെ ദർഗാപ്രവേശനം അനുസ്മരിപ്പിക്കുന്നു. ഇവിടെ വചനശുശ്രൂഷയ്ക്കുശേഷം ബലി അർപ്പണം ക്രമീകരിച്ചിരിക്കുന്നതും അർത്ഥവത്താണ്. ഭൗമികമായ സകലത്തിൽ നിന്നും താൻ ഉയർന്നിരിക്കുന്നുവെന്നും സ്വർഗീയ കാര്യങ്ങളെപ്പറ്റി മാത്രമാകുന്നു തന്റെ ചിന്തയെന്നും ദർഗാപ്രവേശനം സൂചിപ്പിക്കുന്നു.

ബലി അർപ്പിക്കുന്നതിനുമുമ്പ് ദൈവത്തോടും സഹോദരങ്ങളോടും രമ്യതയിലായിരിക്കണം എന്ന കർതൃകല്പനയനുസരിച്ചാണ്

www.malankaralibrary.com

(മത്താ 5:23, 6:12) സമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനയും സമാധാനചുംബനവും നടത്തുന്നത്. തമ്മിൽ തമ്മിൽ വിരോധമുള്ളവർ ഇവിടെവച്ച് രമ്യപ്പെട്ട് സ്വർഗീയ സമാധാനം കൈവരിക്കണം, അന്യോന്യം നിരപ്പാകാതെ യാഗത്തിൽ സംബന്ധിച്ചുകൂടാ, കടക്കാരോടു ക്ഷമിക്കുവാൻ മനസില്ലാത്തവർക്ക് ഇനിയും നടക്കുന്ന രഹസ്യത്തിൽ പങ്കില്ല എന്നീ ചിന്തകൾ ഈ സമയത്ത് അനുസ്മരിക്കപ്പെടുന്നു.

നമ്മുടെ കർത്താവിന്റെ സിംഹാസനമായ ത്രോണോസിൽനിന്നും വൈദികനിലൂടെ ശുശ്രൂഷകൻ മുഖേനയാണ് സമാധാനം ജനങ്ങൾക്ക് നല്കുന്നത്. ജനം പരസ്പരം സമാധാനം കൈമാറുകയും സമാധാനം ആശംസിക്കുകയും ചെയ്യുന്നു. ബാഹ്യമായ സമാധാനം ആന്തരികമായ സമാധാനവും രമ്യതയും ഓരോ വ്യക്തിക്കും നല്കുന്നു.

## ആശിർവാദ പ്രാർത്ഥന

സമാധാനശുശ്രൂഷയ്ക്കുശേഷം തലകുനിച്ചു നിൽക്കുന്നവർക്കുവേണ്ടി അനുഗ്രഹങ്ങൾ യാചിക്കുന്ന പ്രാർത്ഥനയാണിത്. ഇതിന് ജനങ്ങളുടെമേലുള്ള പ്രാർത്ഥനയെന്നും കൈവയ്പ്പിന്റെ പ്രാർത്ഥനയെന്നും പേരുണ്ട്. തലകുനിച്ചു നിൽക്കുന്നത് ദൈവാരാധനയുടെയും സമ്പൂർണ്ണ സമർപ്പണത്തിന്റെയും അടയാളമാണ്. കർത്താവിന്റെ മുമ്പിൽ തല കുനിക്കാതെ പ്രാർത്ഥിക്കുവാനും അനുഗ്രഹം പ്രാപിക്കുവാനും സാധ്യമല്ല. ഈ പ്രാർത്ഥനാസമയം മുഴുവൻ വിശ്വാസികൾ തല കുനിച്ചുനിന്ന് അനുഗ്രഹം പ്രാപിക്കുകയും ആമ്മീൻ എന്ന് മറുപടി പറഞ്ഞ് നിവർന്നു നിന്ന് കുരിശുവരച്ച് ആശിർവാദം സ്വീകരിക്കുകയും ചെയ്യുന്നു.

## സമർപ്പണ പ്രാർത്ഥനയും ശോശപ്പാ ആഘോഷവും

വിശുദ്ധ രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന കാസായും പീലാസായും മൂടിയിരിക്കുന്ന പട്ടുതുണിയാണ് ശോശപ്പാ. ആവരണം, മൂടി, തൂവാല എന്നൊക്കെ ഇതിന് അർത്ഥമുണ്ട്. യൽദാകാലത്ത് നക്ഷത്രത്തിന്റെ അടയാളമുള്ളതും ദനഹായ്ക്കും പെന്തിക്കൊസ്തിക്കും പ്രാവിന്റെ രൂപമുള്ളതും സ്ലീബാകാലത്ത് കുരിശിന്റെ രൂപമുള്ളതുമായ ശോശപ്പായാണ് ഉപയോഗിക്കുന്നത്. ശോശപ്പാമേലുള്ള പ്രാർത്ഥനയ്ക്കുശേഷം വൈദികൻ ശോശപ്പാ മൂന്നു പ്രാവശ്യം ഉയർത്തി ചലിപ്പിച്ച് ആഘോഷിക്കുന്നു. തദവസരത്തിൽ ശുശ്രൂഷകൻ ഈ ശുശ്രൂഷയുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്നു.

www.malankaralibrary.com

ശോശപ്പാ ഉയർത്തി ആഘോഷിക്കുന്നത് സ്വർഗ്ഗം തുറക്കപ്പെടുന്നതും സ്വർഗ്ഗീയ രഹസ്യങ്ങൾ വിശുദ്ധ കുർബാനയിലൂടെ ഭൂമിയിൽ വെളിപ്പെടുന്നതും സൂചിപ്പിക്കുന്നു. ഇവിടെ സ്വർഗവും ഭൂമിയും സമ്മേളിക്കുന്നു. നാം സ്വർഗ്ഗീയ ജറുസലേമിലേക്ക് ആരോഹണം ചെയ്യുകയും സ്വർഗ്ഗീയർ നമ്മുടെ ഇടയിലേക്ക് അവരോഹണം ചെയ്യുകയും ചെയ്യുന്നു. ഇക്കാരണത്താലാണ് ശോശപ്പാ മുകളിലോട്ടും താഴോട്ടും ചലിപ്പിക്കുന്നത്. അതിനാൽ ശോശപ്പായെ യാക്കോബ് ബഥേലിൽ കണ്ട ഗോവണിയോടും ആ ഗോവണിയിലൂടെ കയറുകയും ഇറങ്ങുകയും ചെയ്യുന്ന മാലാഖമാരോടും സദൃശ്യപ്പെടുത്തിയിരിക്കുന്നു (ഉത്പ 28:12). ഈ ഗോവണിയിലൂടെയാണല്ലോ മാലാഖമാർ ഭൂമിയിലേക്ക് ഇറങ്ങുകയും സ്വർഗ്ഗത്തിലേക്ക് കയറുകയും ചെയ്തത്.

ശോശപ്പാ ആഘോഷ സമയത്ത് വൈദികൻ രഹസ്യമായി ചൊല്ലുന്ന പ്രാർത്ഥനയിലൂടെ ശോശപ്പായെ, ഇസ്രായേല്യർക്ക് വെള്ള മൊഴുക്കി കൊടുത്ത പാറയോട് സദൃശ്യപ്പെടുത്തിയിരിക്കുന്നു (സംഖ്യ 20:2-13). പാറയിൽ നിന്ന് ധാരാളം വെള്ളം ഒഴുകിയതുപോലെ ക്രിസ്തുവാകുന്ന ആത്മീയ പാറയിൽ നിന്ന് ദൈവകൃപയാകുന്ന ജീവജലം (ജറെ 2:13) സഭയിലേക്ക് ധാരാളമായി ഒഴുകുന്നു. കർത്താവിന്റെ കബറിടത്തിൽ വയ്ക്കപ്പെട്ട പാറയ്ക്കു സദൃശമാണ് ശോശപ്പാ. ഉയിർപ്പു സമയത്തുണ്ടായ ഭൂകമ്പത്തെയും ശോശപ്പാ ചലനം സൂചിപ്പിക്കുന്നു. കർത്താവിന്റെ കബറിൽ വയ്ക്കപ്പെട്ട പാറ മാറിയപ്പോഴാണ് കർത്താവിന്റെ ഉയിർപ്പ് യാഥാർത്ഥ്യമായത്. ശോശപ്പാ മാറ്റുമ്പോൾ ഉയിർത്തെഴുന്നേറ്റ യേശുവിനെയാണ് ആരാധനാസമൂഹം ദർശിക്കുന്നത്.

ശുശ്രൂഷകന്റെ പ്രഖ്യാപനത്തിനു മറുപടിയായി ജനം ചൊല്ലുന്ന പ്രാർത്ഥന വളരെ അർത്ഥവത്താണ്: "ഈ കുർബാന അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്നു".

## ശ്ലൈഹിക ആശിർവാദം

ദേവാലയത്തിൽ സമ്മേളിച്ചിരിക്കുന്ന വിശ്വാസികൾക്ക് പുരോഹിതൻ ശ്ലൈഹിക ആശിർവാദം നല്കി അവരെ ത്രിത്വത്തിന് ഭരമേല്പിക്കുന്നു:

"പിതാവായ ദൈവത്തിന്റെ സ്നേഹവും + ഏകജാതന്റെ കൃപയും + പരിശുദ്ധാത്മാവിന്റെ സംസർഗവും ആവാസവും + എന്റെ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ".

ഈ ആശിർവാദം പൗലോസ് ശ്ലീഹാ കോറിന്തോസുകാരെ

www.malankaralibrary.com

അഭിവാദനം ചെയ്ത വാക്കുകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. അതിനാലാണ് ഇതിനെ ശ്ലൈഹിക ആശിർവാദം എന്നു പറയുന്നത് (2 കോറി 13:13-14, 1 കോറി 1:3, 2 കോറി 1:2). ബലി അർപ്പണം ത്രിത്വത്തിൽ കേന്ദ്രീകൃതമാണെന്ന് ത്രിത്വനാമത്തിലുള്ള ഈ ആശിർവാദം സൂചിപ്പിക്കുന്നു.

## ഹൃദയങ്ങൾ ദൈവത്തിങ്കലേക്ക് ഉയർത്തൽ

"ഈ സമയത്ത് നാമെല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് മിശിഹാതമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിലായിരിക്കണം" എന്ന് പറഞ്ഞുകൊണ്ട് തുറക്കപ്പെട്ടിരിക്കുന്ന സ്വർഗത്തിലേക്ക് സമൂഹത്തിന്റെ ശ്രദ്ധയെ പ്രത്യേകമായി ക്ഷണിക്കുന്നു. ക്രിസ്തുവിനോടൊപ്പം നിങ്ങൾ ഉയർപ്പിക്കപ്പെട്ടെങ്കിൽ ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതങ്ങളിൽ ഉള്ളവയെ അന്വേഷിക്കുവിൻ. ഭൂമിയിലുള്ള വസ്തുക്കളിൽ അല്ല, പ്രത്യുത ഉന്നതങ്ങളിലുള്ളവയെ ശ്രദ്ധിക്കുവിൻ എന്ന് ഇത് അർത്ഥമാക്കുന്നു. തുറക്കപ്പെട്ട സ്വർഗത്തിന്റെ അനുഭവത്തിൽനിന്നുകൊണ്ട് "ഭയഭക്തിയോടുകൂടി കർത്താവിനെ നമുക്കു സ്തോത്രം ചെയ്യാം" എന്ന് പുരോഹിതൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. ഈ സ്തോത്രാർപ്പണം ബലി അർപ്പണത്തിന്റെ അടിസ്ഥാന ഘടകമാണെന്നും ഇപ്രകാരം ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നത് യുക്തവും ന്യായവുമാണെന്നും തുറക്കപ്പെട്ട സ്വർഗത്തിന്റെ അനുഭവത്തിൽനിന്നുകൊണ്ട് വിശ്വാസികൾ ഏറ്റുപറയുന്നു.

## മാലാഖമാരുടെ സ്തുതിപ്പ്

പ്രതീകാത്മകമായി സ്വർഗം തുറക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ സ്വർഗീയരും ഭൗമികരും മാലാഖമാരും മനുഷ്യരും പ്രപഞ്ചം മുഴുവനും ഒന്നുചേർന്ന് ദൈവത്തെ 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന് പാടി സ്തുതിക്കുന്നു.

മാലാഖമാരുടെ ഈ കീർത്തനം വഴി ഭൗമികസഭയും സ്വർഗത്തിലെ വിജയസഭയും ഒന്നുചേർന്ന് ദൈവത്തെ സ്തുതിക്കുന്നതിന് ഇടയാകുന്നു. നമ്മുടെ ഹൃദയങ്ങളെ ദൈവത്തിലേക്കുയർത്തുകയും മാലാഖമാരോടൊന്നിച്ച് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്ന സമയം മുതൽ നാം സ്വർഗത്തിലേക്ക് ആത്മീയമായി ഉയരുകയും നമ്മിൽ സ്വർഗീയ അനുഭൂതി ഉളവാകുകയും ചെയ്യുന്നു. മാലാഖമാരോടൊന്നിച്ചുള്ള ഈ

www.malankaralibrary.com

ഗാനാലാപനം വഴി സ്വർഗീയ ജറുസലേമിൽ നിത്യമായി ദൈവത്തെ സ്തുതിക്കുവാൻ സഭ നമ്മെ ഒരുക്കുകയാണ് ചെയ്യുന്നത്.

"തന്റെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, ഉയരങ്ങളിൽ ഊശാന. ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി''. ഏശയ്യാ പ്രവാചകനുണ്ടായ ദർശനവും (ഏശ 6:3, വെളി 4:8), യേശുവിന്റെ ജറുസലേം പ്രവേശനസമയത്തെ ഓശാനാലാപനവും (മത്താ 21:9, ലൂക്കാ 19:38, സങ്കീ 118:26) ഒന്നിച്ച് ചേർത്തുള്ള ഒരു കീർത്തനമാണ് ഇത്. സുറിയാനി പിതാക്കന്മാരുടെ ചിന്തയനുസരിച്ച് ഏശയ്യാ സ്വർഗീയ സിംഹാസനത്തിൽ കണ്ടത് പുത്രൻതമ്പുരാനെയാണ്. ഈ കീർത്തനത്തിലൂടെ വിശുദ്ധ കുർബാനയുടെ സ്വർഗീയ ഭാവത്തെ സൂചിപ്പിക്കുന്നു. മനുഷ്യൻ മാലാഖമാരുടെ കൂടെ സ്വർഗീയ സിംഹാസനത്തിന്റെ അരികിൽ നിൽക്കുന്നതും സ്വർഗീയ അനുഭവത്തിൽ പങ്കാളിയാകുന്നതും ഈ ശുശ്രൂഷ അർത്ഥമാക്കുന്നു. പരിശുദ്ധൻ എന്ന് മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നതും ദൈവമായ കർത്താവ് എന്ന് ഒരു പ്രാവശ്യം പറഞ്ഞിരിക്കുന്നതും ഏകദൈവം മൂന്നായി പ്രഘോഷിപ്പിക്കപ്പെടുന്നു എന്നു കാണിക്കുവാനാണ്. സ്തുതിപ്പിന്റെ സമയത്ത് പുരോഹിതൻ അപ്പത്തിന്റെയും വീഞ്ഞിന്റെയും മേൽ കൈകൾ ആവസിപ്പിക്കുന്നത് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ദിവ്യരഹസ്യത്തിന്മേൽ വന്നാവസിക്കുന്നതിനെ സൂചിപ്പിക്കുവാനാണ്. പുരോഹിതൻ നടത്തുന്ന രഹസ്യപ്രാർത്ഥനയിൽ പരിശുദ്ധ ത്രിത്വത്തിലെ ഓരോ വ്യക്തിയെയും പ്രത്യേകം സ്തുതിക്കുകയും യേശുവിന്റെ രക്ഷാകര പ്രവൃത്തികളെ അനുസ്മരിക്കുകയും ചെയ്യുന്നു.

## സ്ഥാപന വചനങ്ങൾ

യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ തുടർച്ചയെന്നവണ്ണം സെഹിയോൻ മാളികയിൽ വച്ച് യേശു അന്ത്യ അത്താഴസമയത്ത് അപ്പവും വീഞ്ഞും എടുത്ത് വാഴ്ത്തി തന്റെ ശരീരവും രക്തവുമാക്കി മാറ്റി ശിഷ്യന്മാർക്കു നല്കിയതിനെ ഈ സമയത്ത് അനുസ്മരിക്കുകയും വിവരിക്കുകയും ചെയ്യുന്നു. കാർമികൻ ക്രിസ്തുവിന്റെ പ്രതിനിധിയായി നിന്നുകൊണ്ട് ചരിത്രത്തിൽ ക്രിസ്തു ചെയ്ത രക്ഷാകര പ്രവർത്തികൾ അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ചെയ്തു

www.malankaralibrary.com

കൊണ്ട് ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തികളെ വീണ്ടും യാഥാർത്ഥ്യ മാക്കിത്തീർക്കുന്നു.

പുരോഹിതൻ അപ്പം കൈയിലെടുത്ത് ഇപ്രകാരം ചൊല്ലുന്നു: "പാപമില്ലാത്തവൻ പാപികളായ ഞങ്ങൾക്കുവേണ്ടി തിരുവിഷ്ട പ്രകാരം മരണം കൈവരിക്കുവാൻ ഒരുങ്ങിയപ്പോൾ വിശുദ്ധ കൈക ളിൽ അപ്പമെടുത്ത് സ്തോത്രം ചെയ്തു. വാഴ്ത്തി + +, ശുദ്ധീകരിച്ചു +, മുറിച്ചു, വിശുദ്ധ ശ്ലീഹന്മാർക്കു നല്കിക്കൊണ്ട് അരുളിച്ചെയ്തു, വാങ്ങി ഭക്ഷിക്കുവിൻ. ഇത് എന്റെ ശരീരം ആകുന്നു. ഇത് നിങ്ങൾക്കു വേണ്ടിയും അനേകർക്കുവേണ്ടിയും മുറിക്കപ്പെടുകയും പാപമോചന ത്തിനും നിത്യജീവനുമായി നല്കപ്പെടുകയും ചെയ്യുന്നു". ഈ അനു സ്മരണത്തിൽ മനുഷ്യാവതാര രഹസ്യങ്ങൾ മുഴുവനും അടങ്ങി യിരിക്കുന്നു. "അപ്പമെടുത്ത്" എന്നത് കന്യകയിൽ നിന്ന് യേശു ജഡമെടുത്തതിനെയും, "സ്വർഗത്തിലേക്ക് നോക്കി സ്തോത്രം ചെയ്തു" എന്നത് പിതാവിന്റെ അനുമതി യാചിച്ചതിനെയും, "വാഴ്ത്തി ശുദ്ധീകരിച്ചു" എന്നത് തന്റെ ശരീരം ലോകർക്കുവേണ്ടി ശുദ്ധീകരിച്ചു എന്നതിനെയും, "മുറിച്ചു" എന്നത് തന്റെ കഷ്ടാനു ഭവത്തെയും കുരിശുമരണത്തെയും തന്റെ ശരീരം ലോകത്തിനായി നുറുക്കപ്പെട്ടതിനെയും, "ശിഷ്യർക്ക് നല്കി" എന്നത് വിശ്വാസി കൾക്ക് ഭരമേല്പിച്ചു എന്നതിനെയും സൂചിപ്പിക്കുന്നു. "എടുത്തു, വാഴ്ത്തി, മുറിച്ചു, കൊടുത്തു" എന്നീ പ്രയോഗങ്ങൾ വഴി വിശുദ്ധ കുർബാന ഒരു അനുസ്മരണം മാത്രമല്ല ഒരു അനുഷ്ഠാനം കൂടി യാണെന്ന് സൂചിപ്പിക്കുന്നു.

പുരോഹിതൻ വീഞ്ഞ് എടുത്ത് ഇപ്രകാരം ചൊല്ലുന്നു: "അപ്ര കാരം കാസായും എടുത്ത് സ്തോത്രം ചെയ്തു. വാഴ്ത്തി ++, ശുദ്ധീ കരിച്ചു +, വിശുദ്ധ ശ്ലീഹന്മാർക്ക് നല്കിക്കൊണ്ട് അവരോട് കല്പി ച്ചു. നിങ്ങളെല്ലാവരും വാങ്ങി ഇതിൽനിന്നും പാനം ചെയ്യുവിൻ. ഇത് എന്റെ രക്തമാകുന്നു. ഇത് നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേ ണ്ടിയും ചിന്തപ്പെടുകയും പാപമോചനത്തിനും നിത്യജീവനുമായി നല്കപ്പെടുകയും ചെയ്യുന്നു". ഇവിടെ "നിങ്ങൾക്കുവേണ്ടി" എന്നതു കൊണ്ട് യേശു തന്റെ രക്തം ചിന്തിയത് എല്ലാവർക്കുംവേണ്ടിയാ ണെന്നും മനുഷ്യവംശത്തിനുവേണ്ടിയാണെന്നും സൂചിപ്പിക്കുന്നു. "അനേകർക്കുവേണ്ടി" എന്നതിലൂടെ ലോകാവസാനം വരെയുള്ള ധാരാളം ആളുകൾ ഇതിൽനിന്നും ഫലം ഉൾക്കൊള്ളും എന്ന് അർത്ഥ

www.malankaralibrary.com

മാക്കുന്നു. "ചിന്തപ്പെടുന്ന" എന്ന പദത്തിലൂടെ ബലിപീഠത്തിൽ അറുക്കപ്പെടുന്ന മൃഗത്തിന്റെ രക്തത്തെ സൂചിപ്പിച്ചുകൊണ്ട് യേശുവിന്റെ കാൽവരിയിലെ രക്തംചിന്തലിനെയും കുരിശുമരണത്തേയും അനുസ്മരിക്കുന്നു.

അപ്പവും വീഞ്ഞും യേശുവിന്റെ ശരീരവും രക്തവുമാക്കി നല്കുന്നത് ഒന്നാമതായി പാപമോചനത്തിനും രണ്ടാമതായി നിത്യജീവനും വേണ്ടിയാണെന്ന് ഈ വിവരണം സൂചിപ്പിക്കുന്നു.

## ഓർമയാചരണം

അന്ത്യ അത്താഴത്തിനുശേഷം യേശു ശിഷ്യരോട് കല്പിച്ചു: "ഇത് എന്റെ ഓർമയ്ക്കായി ചെയ്യുവിൻ". വിശുദ്ധ കുർബാനയുടെ സ്ഥാപനവചനങ്ങൾക്കുശേഷം പുരോഹിതൻ ഈ കല്പന പ്രത്യേകം അനുസ്മരിച്ച് ഏറ്റുപറയുന്നു. 'ഇത് എന്റെ ഓർമയ്ക്കായി ചെയ്യുവിൻ' എന്ന ആഹ്വാനത്തിലൂടെ വിശുദ്ധ കുർബാന എന്നത് യേശുവിന്റെ രക്ഷാകര സംഭവങ്ങളുടെ മുഴുവൻ അനുസ്മരണമാണെന്ന് അർത്ഥമാക്കുന്നു. യേശുവിന്റെ ജനനം, പരസ്യജീവിതം, മരണം, കബറടക്കം, ഉത്ഥാനം, സ്വർഗാരോഹണം, രണ്ടാമത്തെ വരവ് ഇവയെല്ലാം ഓർമിക്കുവാനും അനുസ്മരിക്കുവാനുമാണ് യേശു കല്പിച്ചത്.

യേശുവിന്റെ രക്ഷാകര സംഭവങ്ങൾ വിശുദ്ധ കുർബാനയിൽ ഓർമിക്കുക മാത്രമല്ല ചെയ്യുന്നത്, പിന്നെയോ അത് അനുസ്മരിക്കുകയും (Anamnesis) അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ആരാധനയുടെ പശ്ചാത്തലത്തിൽ യേശുവിന്റെ രക്ഷാകര സംഭവങ്ങൾ അടയാളത്തിലൂടെയും അനുഷ്ഠാനത്തിലൂടെയും അനുസ്മരിക്കുമ്പോൾ അത് വർത്തമാനകാലത്ത് യാഥാർത്ഥ്യമായിത്തീരുകയും ഫലദായകമായിത്തീരുകയും ചെയ്യും. അങ്ങനെ ഈ രക്ഷാകര ചരിത്രത്തിന്റെ അനുസ്മരണം വഴി യേശുവിന്റെ രക്ഷാകര സംഭവങ്ങളിൽ നാം പങ്കുപറ്റുകയും അതിന്റെ ഫലം പ്രാപിക്കുകയും ചെയ്യുന്നു.

കല്പനാനുസ്മരണ പ്രാർത്ഥന ചൊല്ലുമ്പോൾ വൈദികൻ ഇടതുവശത്തുനിന്നും സ്പൂൺ എടുത്ത് കാസായിലും പീലാസായിലും തബലീത്തായിലും നെറ്റിയിലും തൊട്ട് വലതുവശത്തേയ്ക്ക് ഉയർത്തി കാട്ടുന്നതുവഴി യേശുവിന്റെ രക്ഷാകരസംഭവങ്ങളെയാണ് അനുസ്മരിക്കുന്നത്. ശരീരവും രക്തവും വെവ്വേറെ വച്ചിരിക്കുന്ന പീലാസാ

www.malankaralibrary.com

യിലും കാസായിലും സ്പൂൺ കൊണ്ട് തൊടുന്നതുവഴി യേശുവിന്റെ മരണത്തെയും, തബലീത്തായിൽ തൊടുന്നതുവഴി കബറടക്കത്തെയും, നെറ്റിയിൽ തൊടുന്നതുവഴി പുനരുത്ഥാനത്തെയും, സ്പൂൺ ഇടതു നിന്നും വലതുഭാഗത്തേക്ക് ഉയർത്തി പെട്ടെന്ന് താഴ്ത്തുന്നത് യേശുവിന്റെ രണ്ടാമത്തെ വരവിനെയും സൂചിപ്പിക്കുന്നു. ഇടതുവശത്തു നിന്നും സ്പൂൺ വലതുവശത്തു വയ്ക്കുന്നത് ന്യായവിധിയിൽ ക്രിസ്തു പിതാവിന്റെ വലതുവശത്ത് ഇരിക്കുന്നതിനെയും സൂചിപ്പിക്കുന്നു.

## റൂഹാക്ഷണ പ്രാർത്ഥന

പൗരസ്ത്യ ദർശനമനുസരിച്ച് എല്ലാ കൂദാശകളും പൂർത്തീകരിക്കുന്നത് പരിശുദ്ധാത്മാവിന്റെ വരവോടെയാണ്. പരിശുദ്ധ രഹസ്യങ്ങളുടെമേൽ പുരോഹിതൻ കൈകൾ ആഘോഷപൂർവം ചലിപ്പിക്കുന്നത് പരിശുദ്ധാത്മാവ് പ്രതാപത്തോടുകൂടി ഇറങ്ങിവരുന്നതിനെയാണ് സൂചിപ്പിക്കുന്നത്. പരിശുദ്ധാത്മ പ്രതീകമായ പ്രാവ് പറക്കുന്നതുപോലെയാണ് പുരോഹിതൻ കൈകൾ ചലിപ്പിക്കുന്നത്. ഇത് പരിശുദ്ധാത്മാവ് ദിവ്യരഹസ്യങ്ങളുടെമേൽ വന്നാവസിക്കുന്നതിനെ സൂചിപ്പിക്കുന്നു. അപ്പവും വീഞ്ഞും യേശുവിന്റെ ശരീരവും രക്തവുമാക്കി പൂർത്തീകരിക്കുവാൻ പരിശുദ്ധാത്മാവിനെ ക്ഷണിക്കുന്ന പ്രാർത്ഥനയാണ് റൂഹാക്ഷണം. ശുശ്രൂഷകൻ റൂഹായുടെ ആവാസത്തെക്കുറിച്ചുള്ള പ്രഖ്യാപനം നടത്തുമ്പോൾ പുരോഹിതൻ കൈ ചലിപ്പിച്ചു കൊണ്ട് നടത്തുന്ന രഹസ്യപ്രാർത്ഥനയിൽ ബലിവസ്തുക്കളിലും ആരാധക സമൂഹത്തിന്റെമേലും പരിശുദ്ധാത്മാവിനെ അയച്ചുതരണമേ എന്നാണ് പ്രാർത്ഥിക്കുന്നത്. ഈ സമയത്ത് പരിശുദ്ധാത്മാവിന്റെ ആവാസത്താൽ അപ്പവും വീഞ്ഞും യേശുവിന്റെ ശരീരവും രക്തവുമായി രൂപാന്തരപ്പെടുന്നു. അതുപോലെ വിശ്വാസികളുടെ ഹൃദയത്തിൽ ആത്മാവിന്റെ സാന്നിധ്യം മൂലം രൂപാന്തരം ഉണ്ടാകണമേ എന്നതാണ് സഭയുടെ പ്രാർത്ഥന.

ശുശ്രൂഷകന്റെ ആഹ്വാനത്തിനുശേഷം പുരോഹിതൻ അപ്പത്തിന്റെമേലും വീഞ്ഞിന്റെമേലും പ്രത്യേകം കൈ ആവസിപ്പിച്ച് അവയെ കർത്താവിന്റെ ശരീരവും രക്തവുമാക്കി പൂർത്തിയാക്കുന്നു. ബലിവസ്തുക്കളിന്മേലുള്ള പരിശുദ്ധാത്മാവിന്റെ ആവാസം ബലിയിൽ ദൈവം സംപ്രീതനായിരിക്കുന്നു, ദൈവം അത് സ്വീകരിച്ചിരിക്കുന്നു

www.malankaralibrary.com

എന്ന് സൂചിപ്പിക്കുന്നു. ഏലിയാ പ്രവാചകന്റെ കാലത്ത് ബാലിന്റെയും അഷേരായുടെയും 850 പ്രവാചകന്മാർ ബലിപീഠത്തിൽ കാളയെ അറുത്തുവെച്ച് അഗ്നിയിറങ്ങി ബലി ദഹിപ്പിക്കുവാനായി പ്രാർത്ഥിച്ചുവെങ്കിലും അഗ്നിയിറങ്ങി ബലി ദഹിപ്പിച്ചില്ല. എന്നാൽ ഏലിയാ ബലിപീഠം പണിത് കാളയെ അറുത്ത് ബലിപീഠത്തിൽവെച്ച് ബലിപീഠത്തിനുചുറ്റും വെള്ളം ഒഴുക്കി. അതിനുശേഷം ഏലിയാ പ്രാർത്ഥിച്ചു. കർത്താവേ എന്റെ പ്രാർത്ഥന കേൾക്കണമേ. അപ്പോൾ അഗ്നിയിറങ്ങി ബലിവസ്തുവും വിറകും എല്ലാം ദഹിപ്പിച്ചു. ഇപ്രകാരം പുരോഹിതൻ 'കർത്താവേ എന്നോട് ഉത്തരമരുളണമേ' എന്ന് വിളിച്ചപേക്ഷിക്കുമ്പോൾ പരിശുദ്ധാത്മാവാകുന്ന അഗ്നിയിറങ്ങി ബലിപീഠത്തിൽ ഒരുക്കിയിരിക്കുന്ന അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരവും രക്തവുമായി രൂപാന്തരപ്പെടുത്തുന്നു (അ. പ്ര 2:1, 2 ദിന 7:1, 1 രാജാ 18:38). പരിശുദ്ധാത്മാവ് കന്യകയുടെ ഗർഭത്തിൽ ഇറങ്ങിവസിച്ച് ദൈവപുത്രന് ശരീരം നല്കിയതുപോലെ പരിശുദ്ധാത്മാവ് ത്രോണോസിലെ അപ്പത്തിന്റെയും വീഞ്ഞിന്റെയും മേൽ ഇറങ്ങി വസിച്ച് യേശുവിന്റെ ശരീരവും രക്തവുമാക്കി മാറ്റുന്നു.

## മധ്യസ്ഥ പ്രാർത്ഥന

മധ്യസ്ഥ പ്രാർത്ഥനയെ 'തുബ്ദേൻ' എന്നാണ് സുറിയാനിയിൽ പറയുന്നത്. "എന്നാൽ വീണ്ടും" എന്നാണിതിനർത്ഥം. ഈ പ്രാർത്ഥനകൾ റൂഹാക്ഷണ പ്രാർത്ഥനയുടെ തുടർച്ചയാണ്. പരിശുദ്ധാത്മാവ് കാഴ്ചവസ്തുക്കളിൽ മാത്രമല്ല വിശ്വാസികളുടെ എല്ലാ ആവശ്യങ്ങളിലും വന്ന് പ്രവർത്തിക്കണം എന്ന് അപേക്ഷിക്കുകയാണ് 'വീണ്ടും' എന്ന പ്രയോഗം അർത്ഥമാക്കുന്നത്. ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളുടെ സാന്നിധ്യത്തിൽ നടത്തപ്പെടുന്ന മധ്യസ്ഥ പ്രാർത്ഥനയ്ക്ക് പ്രത്യേക ഫലമുള്ളതിനാലാണ് റൂഹാക്ഷണ പ്രാർത്ഥനയ്ക്കുശേഷം മധ്യസ്ഥ പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നത്.

ശുശ്രൂഷകൻ ഉറക്കെ ചൊല്ലുന്ന ആറു പ്രാർത്ഥനകളും കൂടാതെ പുരോഹിതൻ രഹസ്യമായും പരസ്യമായും ചൊല്ലുന്ന 12 പ്രാർത്ഥനകളും ഉൾപ്പെടെ 18 പ്രാർത്ഥനകളാണ് മധ്യസ്ഥപ്രാർത്ഥനയിലുള്ളത്. മധ്യസ്ഥപ്രാർത്ഥനയിലെ ആദ്യത്തെ മൂന്നു പ്രാർത്ഥനകൾ ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയും ബാക്കി മൂന്നു പ്രാർത്ഥനകൾ മരിച്ചവരെ ഉദ്ദേശിച്ചുമാണ്.

www.malankaralibrary.com

സഭയെ നയിക്കുന്നവരെയും വിശ്വാസികളെയും പ്രത്യേകിച്ച് രോഗികളെയും പീഡിതരെയും അനാഥരെയും ദുഃഖിതരെയും ഭരണാധികാരികളെയും പരിശുദ്ധ ദൈവമാതാവിനെയും സഭയിൽ സത്യവിശ്വാസം പഠിപ്പിച്ച പിതാക്കന്മാരെയും മരിച്ചുപോയവരെയും ഈ സമയത്ത് പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കുന്നു. ഈ സമയത്ത് ഓരോരുത്തരുടെയും വ്യക്തിപരമായ അപേക്ഷകൾ ദൈവസന്നിധിയിൽ സമർപ്പിക്കാവുന്നതാണ്.

വിശുദ്ധ കുർബാനയിൽ ത്രിത്വത്തിന്റെ ആശിർവാദത്തോടുകൂടി ഈ ഭാഗം സമാപിക്കുന്നു. കാർമികൻ സമാധാനം ആശംസിച്ച് മഹോന്നത ദൈവവും നമ്മുടെ രക്ഷകനുമായ യേശുമിശിഹായുടെ നാമത്തിൽ ജനത്തെ ആശിർവദിക്കുന്നു.

www.malankaralibrary.com

# വി. കുർബാന – നാലാം ഭാഗം

## ബലി വിരുന്ന്

വിശുദ്ധ കുർബാനയിൽ അപ്പം മുറിക്കൽ ശുശ്രൂഷ മുതൽ സമാപനാശിർവാദം വരെയുള്ള ഭാഗത്തിന് ബലി വിരുന്ന് എന്നാണ് പറയുന്നത്. അനാഫൊറായുടെ രണ്ടാം ഭാഗമായി ഇതിനെ പരിഗണിക്കുന്നു. വിശുദ്ധ കുർബാനയുടെ അവസാനഭാഗമായ ബലി വിരുന്നാണ് നാമിവിടെ പഠനവിഷയമാക്കുന്നത്.

### അപ്പം മുറിക്കൽ ശുശ്രൂഷ

തിരുശരീരം മുറിക്കുകയും അത് പീലാസായിൽ ക്രമപ്പെടുത്തി വയ്ക്കുകയും തിരുശരീരവും തിരുരക്തവും തമ്മിൽ കലർത്തുകയും ചെയ്യുന്ന അതിപ്രധാനമായ ശുശ്രൂഷയാണ് മറയ്ക്കുള്ളിൽ രഹസ്യാത്മകമായി ഈ സമയത്ത് കാർമികൻ നിർവഹിക്കുന്നത്. ഇതിനെ അപ്പം മുറിക്കൽ ശുശ്രൂഷ അഥവാ ഖണ്ഡിപ്പിന്റെ ശുശ്രൂഷ എന്നു പറയുന്നു. ഈ സമയത്ത് "അൻപുടയോനെ നിൻ വാതിൽ", "സ്രാപ്പികളെ കണ്ടേശായ", "നീതിജ്ഞൻ താതാ കാൺക" തുടങ്ങിയ ഗാനങ്ങൾ ആലപിക്കുന്നു.

അപ്പം മുറിക്കുക എന്നത് യഹൂദരുടെ ഭക്ഷണക്രമത്തിലെ സുപ്രധാന ഘടകമായിരുന്നു. പുതിയ നിയമത്തിൽ വി. കുർബാനയെ അപ്പം മുറിയ്ക്കൽ ശുശ്രൂഷ എന്നാണ് വിശേഷിപ്പിക്കുന്നത്. അപ്പം മുറിയ്ക്കൽ ശുശ്രൂഷയ്ക്ക് മൂന്ന് ഘടകങ്ങൾ ഉണ്ട്. ഒന്ന്, തിരുശരീരം മുറിക്കുന്ന കർമം. രണ്ട്, തിരുരക്തംകൊണ്ട് തിരുശരീരത്തിൽ കുരിശാകൃതിയിൽ മുദ്രയിടുക (റൂശ്മാ), മൂന്ന്, തിരുശരീരം തിരുരക്തത്തിൽ കലർത്തുന്നത്. ഈ സമയത്ത് യേശുക്രിസ്തുവിന്റെ പീഡാനുഭവവും മരണവുമാണ് പ്രധാനമായും അനുസ്മരിക്കുന്നത്.

കാർമികൻ തിരുശരീരം കൈയിലെടുത്ത് ഉയർത്തി രണ്ടായി മുറിക്കുന്നതുവഴി വചനമായ ദൈവം സത്യമായി ശരീരത്തിൽ കഷ്ടതയനുഭവിച്ചെന്നും കുരിശിൽ ബലികഴിക്കപ്പെട്ടെന്നും ശരീരം നുറുക്കപ്പെട്ടെന്നും സൂചിപ്പിക്കുന്നു. ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് അറുക്കപ്പെട്ടതിനെ അപ്പം മുറിക്കുന്നത് അർത്ഥമാക്കുന്നു (യോഹ 1:29). മുറിക്കപ്പെട്ട തിരുശരീരം പീലാസായിൽ ക്രമീകരിക്കുന്നത് പഴയനിയമത്തിൽ ദഹനയാഗമനുസരിച്ച് അറുക്കപ്പെട്ട

www.malankaralibrary.com

മൃഗത്തെ ബലിപീഠത്തിൽ ക്രമീകരിക്കുന്നതിനോട് സാമ്യപ്പെടുത്തുന്നു. മുറിക്കപ്പെട്ട അപ്പത്തിന്റെ ഒരു ഭാഗം തിരുരക്തത്തിൽ മുക്കി അപ്പത്തിന്റെ മുറിക്കപ്പെട്ട ഭാഗത്ത് പുരട്ടുന്നതിലൂടെ മുറിക്കപ്പെട്ട ശരീരം അവിടുത്തെ രക്തത്താൽ നനഞ്ഞു എന്നും അവിടുന്ന് രക്തം ചിന്തി മരിച്ചു എന്നും അർത്ഥമാക്കുന്നു. അവസാനം മൂന്നു പ്രാവശ്യം തിരുരക്തം തിരുശരീരത്തിൽ പുരട്ടി യോജിപ്പിക്കുന്നതിലൂടെ യേശുവിന്റെ ഉയിർത്തെഴുന്നേല്പിനെ സൂചിപ്പിക്കുന്നു. കാരണം രക്തം ആത്മാവാണ് (ലേവ്യ 17:11). ശരീരത്തിന്റെ ജീവൻ രക്തത്തിലാണിരിക്കുന്നത്. ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തപ്പോൾ ആത്മാവ് ശരീരത്തോട് ചേർന്നു. ഇതുമുതൽ കർത്താവിന്റെ ശരീരം, ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ മഹത്ത്വീകരിക്കപ്പെട്ട ശരീരമാണ്. ചുരുക്കത്തിൽ അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെ യേശുവിന്റെ പീഡാനുഭവം, കുരിശുമരണം, പുനരുത്ഥാനം എന്നീ രക്ഷാകരരഹസ്യങ്ങളെ കാർമികൻ പ്രതീകാത്മകമായി അനുസ്മരിക്കുന്നു.

ക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ പ്രതീകങ്ങളിലൂടെ രഹസ്യാത്മകമായിട്ടാണ് വൈദികൻ അനുഷ്ഠിക്കുന്നത്. ഈ രഹസ്യാത്മകതയെ സൂചിപ്പിക്കുവാനാണ് മറയിടുന്നത്. ക്രിസ്തുവിന്റെ കുരിശുമരണ സമയത്ത് ആറാം മണിമുതൽ ഒമ്പതാം മണിവരെ ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചതിലൂടെ പ്രകൃതിപോലും യേശുവിന്റെ കുരിശുമരണം നേരിൽ കാണാതെ മറഞ്ഞുനിന്നതിനെ മറയിടുന്നത് സൂചിപ്പിക്കുന്നു. ഈ സമയത്ത് മറയിട്ട് മദ്ബഹാ അടയ്ക്കുന്നതുവഴി കർത്താവിന്റെ മരണത്തെ പ്രത്യേകമായി അനുസ്മരിക്കുന്നു. മറ തുറക്കുന്നതുവഴി കർത്താവിന്റെ പുനരുത്ഥാനത്തെയും അനുസ്മരിക്കുന്നു.

## കർത്തൃപ്രാർത്ഥന

അപ്പം മുറിക്കൽ ശുശ്രൂഷയുടെ അവസാനം മറ നീക്കിക്കൊണ്ട് കാർമികൻ കർത്തൃപ്രാർത്ഥനയ്ക്കായി ജനത്തോട് ആഹ്വാനം നടത്തുന്നു. ഇവിടെ മറ തുറക്കുന്നത് കർത്താവിന്റെ കുരിശുമരണ സമയത്ത് ജറുസലേം ദേവാലയത്തിലെ തിരശീല മുകൾതൊട്ട് അടിവരെ രണ്ടായി കീറിയതിനെ ഓർമിപ്പിക്കുന്നു (ലൂക്കാ 23:45). പാപം മൂലം നഷ്ടപ്പെട്ട പറുദീസായിലേക്കും സ്വർഗപിതാവിന്റെ സന്നിധിയിലേക്കും യേശുവിന്റെ കുരിശുമരണവും ഉത്ഥാനവും വഴി മനുഷ്യവംശത്തിന് പ്രവേശനം ലഭിച്ചതിനെ മറ മാറ്റുന്നത് സൂചിപ്പിക്കുന്നു.

www.malankaralibrary.com

മറയ്ക്കുള്ളിൽ കർത്താവിന്റെ കുരിശുമരണവും ഉയിർപ്പും അനുസ്മരിച്ച ശേഷം മറ നീക്കുന്നത് സ്വർഗം തുറക്കുന്നതിനെയും ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ ശ്ലീഹന്മാർക്ക് പ്രത്യക്ഷപ്പെട്ടതിനേയും ദ്യോതിപ്പിക്കുന്നു.

കർത്താവിന്റെ പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയിലൂടെ ദൈവമക്കളായിതീർന്ന നാം ആത്മധൈര്യത്തോടെ ദൈവത്തെ "സ്വർഗസ്ഥനായ പിതാവേ" എന്ന് വിളിച്ചു പ്രാർത്ഥിക്കുന്നു. ക്രിസ്തീയ സഭയുടെ കുടുംബപ്രാർത്ഥന എന്നു ജറുസലേമിലെ വിശുദ്ധ കൂറിലോസ് കർത്തൃപ്രാർത്ഥനയെ വിശേഷിപ്പിച്ചിട്ടുണ്ട്. മാമോദീസാ സ്വീകരിച്ച ക്രിസ്ത്യാനികളുടെ വലിയ അവകാശമാണ് കർത്തൃപ്രാർത്ഥന. കാരണം മാമോദീസായിലൂടെ ലഭിച്ച പരിശുദ്ധാത്മാവിന്റെ കൃപയാലാണ് ദൈവത്തെ നാം പിതാവെന്ന് വിളിക്കുന്നത്. അതിന് നമ്മെ യോഗ്യരാക്കിയത് യേശുക്രിസ്തുവിന്റെ മരണവും ഉത്ഥാനവുമാണ്. അവിടുത്തെ കൃപയാലത്രേ നാം ദൈവമക്കളായിരിക്കുന്നത്. മലങ്കര കുർബാനയിൽ കർത്താവിന്റെ മരണവും ഉത്ഥാനവും അനുസ്മരിച്ച ശേഷം കർത്തൃപ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നത് വളരെ അർത്ഥവത്താണ്.

കർത്തൃപ്രാർത്ഥനയിൽ ഏഴ് അപേക്ഷകളാണുള്ളത്. ആദ്യത്തെ മൂന്ന് അപേക്ഷകൾ - നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണം, രാജ്യം വരണം, ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണം. പിന്നീടുള്ള നാല് അപേക്ഷകൾ - അപ്പം തരണമെ, കടങ്ങളും പാപങ്ങളും ക്ഷമിക്കണമെ, പരീക്ഷയിലേക്ക് പ്രവേശിപ്പിക്കരുതെ, ദുഷ്ടനിൽനിന്ന് രക്ഷിക്കണമെ. ഈ ഏഴ് അപേക്ഷകൾ ഏഴ് കൂദാശകളെ സൂചിപ്പിക്കുന്നു.

1. മാമോദീസയിലൂടെ ലഭിച്ച കൃപയാലാണ് നാം ദൈവത്തെ 'സ്വർഗസ്ഥനായ പിതാവേ' എന്ന് വിളിക്കുന്നത്. നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ (മാമോദീസ).
2. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ (സ്ഥൈര്യലേപനം)
3. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം നൽകണമെ (വി. കുർബാന)
4. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കേണമേ (കുമ്പസാരം)
5. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. ദുഷ്ടനിൽനിന്ന് രക്ഷിക്കണമെ (രോഗീലേപനം)

www.malankaralibrary.com

6. എന്തെന്നാൽ രാജ്യവും (പൗരോഹിത്യം)
7. ശക്തിയും മഹത്വവും (വിവാഹം)

## ആശിർവാദപ്രാർത്ഥന

കർത്തൃപ്രാർത്ഥനയ്ക്കുശേഷമുള്ള പ്രാർത്ഥനയിലൂടെ കാർമികൻ കർത്തൃപ്രാർത്ഥനയിലെ അപേക്ഷ വീണ്ടും ആവർത്തിക്കുന്നു. അതിനുശേഷം തലവണങ്ങി നിൽക്കുന്ന വിശ്വാസികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു. തലകുനിച്ചു നിൽക്കുന്നത് അനുസരണത്തിന്റെ പ്രധാന ഭാവമാണ്. ഇവിടെ തലകുനിച്ചു നിൽക്കുന്നതിലൂടെ വിശുദ്ധ കുർബാന സ്വീകരിക്കുവാൻ നാം യോഗ്യരല്ല എന്നും അയോഗ്യരായ നമുക്ക് വിശുദ്ധ കുർബാന ദൈവം നല്കുന്ന മഹത്തായ ദാനമാണെന്നും അതിനാൽ നാം ഇത് സ്വീകരിക്കുന്നത് ദൈവത്തോടുള്ള വിധേയത്വത്തിലും അനുസരണത്തിലുമായിരിക്കണമെന്നും സൂചിപ്പിക്കുന്നു (1 കോറി 11:28).

മറ നീക്കിയശേഷം പട്ടക്കാരൻ നല്കുന്ന ഒന്നിലധികം സമാധാനാശംസകൾ നമ്മുടെ കർത്താവ് ഉയിർപ്പിനുശേഷം പല പ്രാവശ്യം ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ട് അവർക്ക് സമാധാനം ആശംസിച്ചതിനെ അർത്ഥമാക്കുന്നു. മൂന്നാമത്തെ ആശിർവാദത്തിലൂടെ സ്വർഗാരോഹണ സമയത്ത് യേശു ശിഷ്യന്മാരെ ഒലിവുമലയിലേക്കു കൊണ്ടുപോയി തന്റെ തൃക്കൈകളുയർത്തി അവരെ അനുഗ്രഹിച്ചതിനെ സൂചിപ്പിക്കുന്നു. അനന്തരം ത്രിത്വത്തിന്റെ നാമത്തിലുള്ള ആശിർവാദമാണ് ഇവിടെ നൽകപ്പെടുന്നത്. ഏഴ് സവിശേഷതകളാണ് ഇതിൽ ത്രിത്വത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. 1. വിശുദ്ധിയും 2. മഹത്വവും ഉള്ളതും 3. സൃഷ്ടിയല്ലാത്തതും 4. ഉണ്മയായതും 5. ആദ്യന്തമില്ലാത്തതും 6. വന്ദിക്കത്തക്കതും 7. സാരാംശത്തിൽ ഒന്നായിരിക്കുന്ന ത്രിത്വം. ഈ ആശീർവാദം നമ്മുടെ മിശിഹാതമ്പുരാൻ സ്വർഗാരോഹണത്തിനുമുമ്പ് അപ്പസ്തോലന്മാരെ ഒലിവുമലയിൽ കൊണ്ടുപോയി കൈകൾ ഉയർത്തി അനുഗ്രഹിച്ചതിനെ സൂചിപ്പിക്കുന്നു (ലൂക്കാ 24:50).

## തിരുശരീര രക്തങ്ങളുടെ ആഘോഷം

“വിശുദ്ധ രഹസ്യങ്ങൾ വിശുദ്ധിയും വെടിപ്പുമുള്ളവർക്ക് നല്കപ്പെടുന്നു” എന്ന് ഉച്ചരിച്ചുകൊണ്ട് വിശുദ്ധ രഹസ്യങ്ങൾ മുകളിലേക്ക് ഉയർത്തി ആഘോഷിക്കുന്ന ശുശ്രൂഷയാണിത്. ഇപ്രകാരം തിരുശരീരവും തിരുരക്തവും ഉയർത്തി ആഘോഷിക്കുന്നത് കർത്താവിന്റെ

www.malankaralibrary.com

സ്വർഗാരോഹണത്തെ സൂചിപ്പിക്കുന്നു. സ്വർഗാരോഹണ സമയത്ത് രണ്ട് മാലാഖമാർ ഇരുവശത്തായി കാണപ്പെട്ടതിനെ (അ.പ്ര. 1:10) അനുസ്മരിപ്പിക്കത്തക്കവണ്ണം കാർമികന്റെ ഇരുവശത്തും മെഴുകുതിരികൾ കത്തിച്ച് ഉയർത്തിപ്പിടിക്കുന്ന പാരമ്പര്യം ഉണ്ട്. വിശുദ്ധ കുർബാന വിശുദ്ധിയിലേക്കുള്ള ഒരു ക്ഷണം കൂടിയാണ് എന്ന് വൈദികന്റെ ഈ ആഹ്വാനം അർത്ഥമാക്കുന്നു. ഈ വിരുന്ന് വിശുദ്ധിയും വെടിപ്പുമുള്ളവർക്കായി സജ്ജീകരിച്ചിരിക്കുന്നു എന്നാണർത്ഥം. എന്നാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും അല്ലാതെ പരിശുദ്ധനില്ല എന്ന് ചൊല്ലിക്കൊണ്ട് വിശ്വാസികൾ തങ്ങളുടെ ബലഹീനത ഏറ്റുപറയുന്നു. ഈ ഏറ്റുപറച്ചിൽ വിശുദ്ധ കുർബാനയാകുന്ന വിരുന്നിൽ സംബന്ധിക്കുവാൻ വിശ്വാസികൾക്ക് യോഗ്യത നല്കുന്നു.

സ്വർഗാരോഹണത്തിലൂടെ ക്രിസ്തുവിന്റെ ചരിത്രപരവും നേരിട്ടുള്ളതുമായ സാന്നിധ്യം നഷ്ടമായെങ്കിലും കൂടുതൽ യഥാർത്ഥമായ ഒരു പുതിയ സാന്നിധ്യം പരിശുദ്ധാത്മാവ് മുഖേന നമുക്ക് ലഭിച്ചു. ഈ പുതിയ സാന്നിധ്യത്തിന്റെ പരമോന്നതാവസ്ഥയാണ് വിശുദ്ധ കുർബാനയിലെ കർത്താവിന്റെ സാന്നിധ്യം. ദൈവപുത്രന്റെ സാന്നിധ്യമുള്ളിടത്ത് പിതാവും പുത്രനും പരിശുദ്ധാത്മാവും സന്നിഹിതരാണ് (യോഹ 14:23). ഇക്കാരണത്താലാണ് 'പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മോടുകൂടെ' എന്ന് പൂജാപാത്രങ്ങൾ രണ്ടു കൈകളിലും കുരിശാകൃതിയിൽ പിടിച്ചുകൊണ്ട് വൈദികൻ പറയുന്നത്. ഇപ്രകാരം വിശുദ്ധ കുർബാനയിലെ കർത്താവിന്റെ സാന്നിധ്യത്തിലൂടെ പരിശുദ്ധ ത്രിത്വത്തിന്റെ സജീവസാന്നിധ്യത്തെ കാർമികൻ ഏറ്റുപറയുകയും സ്തുതിക്കുകയും ചെയ്യുന്നു. ഈ ത്രിത്വ രഹസ്യത്തിൽ ഭാഗഭാക്കാകുവാൻ യോഗ്യരാകുന്നതിനുവേണ്ടിയുള്ള ക്ഷണമായി ഈ പ്രാർത്ഥനയെ മനസിലാക്കാം.

## വിശുദ്ധന്മാരോടുള്ള സംസർഗം

പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിധ്യം പൂർണമായി, വിശുദ്ധ കുർബാനയിലൂടെ വിശുദ്ധ ത്രോണോസിൽ സന്നിഹിതമായിരിക്കുന്ന അവസരത്തിൽ ത്രിത്വൈക ദൈവത്തോട് ഏറ്റവും അടുത്തിരിക്കുന്നവരെ പ്രത്യേകം ഓർക്കുകയും അവരോട് മാധ്യസ്ഥ്യം അപേക്ഷിക്കുകയുമാണ് കുക്കിലിയോൻ എന്ന് പറയുന്ന ധൂപപ്രാർത്ഥനയിലൂടെ ചെയ്യുന്നത്. കുക്കിലിയോൻ എന്ന വാക്കിന്റെ അർത്ഥം വൃത്തം

www.malankaralibrary.com

എന്നാണ്. ഒരു വട്ടം പൂർണമായി പ്രാർത്ഥന ചൊല്ലുന്നു എന്ന അർത്ഥ ത്തിലാണ് കുക്കിലിയോൻ എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. സങ്കീർത്തനങ്ങളുടെ മദ്ധ്യേ ഹാലേലുയ്യാ എന്ന് ചേർത്ത് പാടുന്ന രീതി യാണ് കുക്കിലിയോനിലുള്ളത്. പരിശുദ്ധ ദൈവമാതാവ്, പരിശുദ്ധ ന്മാർ, പരേതരായ ആചാര്യന്മാർ, പരേതരായ വിശ്വാസികൾ, വിശുദ്ധ സ്ലീബാ എന്നിങ്ങനെ അഞ്ചു കുക്കിലിയോനുകളാണുള്ളത്.

| | | |
|---|---|---|
| നിന്നാൾ സ്തുതിയൊടു രാജമകൾ.................. | സങ്കീ. | 45:9-11 |
| നീതിമാൻ പനപോലെ തളിർത്തിടുമേ............. | ” | 92:12-14 |
| ചാർത്തും നീതിയെ നിന്നാചാര്യന്മാരും......... | ” | 132:9-12 |
| മക്കളിലപ്പൻ കൃപ ചെയ്വതുപോലെ............. | ” | 103:13-15 |
| നിന്നാൽ വൈരിയെ വീഴ്ത്തീടും ഞങ്ങൾ.... | ” | 45:5-7 |

മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ വിശ്വാസികളും ഒന്നുചേർന്നാണ് വിശുദ്ധ കുർബാന അർപ്പിക്കുന്നത്. അതിനാൽ ദൈവമാതാവും പരിശുദ്ധന്മാരും പരേതരും എല്ലാം വിശുദ്ധ കുർബാ നയിൽ പ്രാർത്ഥിക്കുന്നുണ്ട്. നമ്മുടെ പ്രാർത്ഥനയോടൊപ്പം അവരുടെ പ്രാർത്ഥനയും സുഗന്ധധൂപത്തോടൊപ്പം ദൈവസന്നിധിയിലേക്കുയ രുന്നു. ഇത് പ്രതീകാത്മകമായി കാണിക്കുവാനാണ് ധൂപാർപ്പണത്തോ ടുകൂടി കുക്കിലിയോൻ ചൊല്ലുന്നത്. ജീവിച്ചിരിക്കുന്നവരുടെയും മരി ച്ചുപോയവരുടെയും കൂട്ടായ്മ എല്ലാ ആരാധനയിലുമുണ്ട് എന്നു കാണി ക്കുവാനാണ് എല്ലാ ആരാധനയും ധൂപാർപ്പണത്തോടുകൂടിയ കുക്കി ലിയോൻ ചൊല്ലി അവസാനിപ്പിക്കുന്നത്.

കർത്താവിന്റെ സ്വർഗാരോഹണത്തോടുകൂടി കർത്താവ് അദൃശ്യ മായതിനെ സൂചിപ്പിക്കുവാനും യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വര വിനെ നോക്കിപ്പാർക്കുന്നതിനെ സൂചിപ്പിക്കുവാനുമായി കുക്കിലി യോൻ ചൊല്ലിക്കഴിയുമ്പോൾ തിരശീലയിടുന്നു.

## വിശുദ്ധ കുർബാന എഴുന്നെള്ളിക്കൽ

മറയ്ക്കുള്ളിൽ കാർമികൻ ത്രോണോസിനുമുമ്പിൽ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചതിനുശേഷം വിശുദ്ധ കുർബാന സ്വീകരിക്കുന്നു. മറ തുറന്ന് കാർമികൻ കൈയിൽ തിരുശരീരരക്തങ്ങൾ എടുത്തുകൊണ്ട് ആഘോഷപൂർവം ജനത്തിനു നേരേ വരുകയും ദൈവജനത്തെ ആശിർ വദിക്കുകയും ചെയ്യുന്നു. വിശുദ്ധ കുർബാനയിലെ ഈ ആശിർവാദം മലങ്കര കുർബാനയുടെ ഒരു പ്രത്യേകതയാണ്. ഇത് സ്വർഗം തുറക്ക

www.malankaralibrary.com

പ്പെട്ടതിനെയും നമ്മുടെ കർത്താവിന്റെ മഹത്ത്വപൂർണമായ രണ്ടാമത്തെ വരവിനെയും സൂചിപ്പിക്കുന്നു. കാർമികൻ ആഘോഷമായി പടിഞ്ഞാറോട്ട് വരുമ്പോൾ പള്ളി മണികൾ മുഴക്കുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവിലെ കാഹളനാദത്തെ അനുസ്മരിപ്പിക്കുന്നു. ഇരുവശങ്ങളിലും കത്തിച്ചുപിടിച്ച തിരികളുമായി നിൽക്കുന്ന ശുശ്രൂഷകർ കർത്താവിന്റെ രണ്ടാമത്തെ വരവിലെ മാലാഖമാരുടെ അകമ്പടിയെ സൂചിപ്പിക്കുന്നു. ശുശ്രൂഷകരുടെ വെള്ളവസ്ത്രം പരിശുദ്ധന്മാരുടെ നിലയങ്കിയെ (മഹത്വത്തിന്റെ വസ്ത്രം) അർത്ഥമാക്കുന്നു.

## വിശുദ്ധ കുർബാന സ്വീകരണം

വിശുദ്ധ കുർബാന കൂദാശയും യാഗവും മാത്രമല്ല യാഗവിരുന്നു കൂടിയാണ്. പുരോഹിതൻ കൈയിൽ കാസായും പീലാസായും ഏന്തി ജനത്തിനു നേരെ തിരിഞ്ഞ് വിശുദ്ധ കുർബാന സ്വീകരണത്തിനായി അവരെ ക്ഷണിക്കുന്നത്, സ്വർഗീയ ജറുസലേമിൽ കർത്താവ് ഒരുക്കുന്ന വലിയ വിരുന്നിലേക്ക് അവിടുന്ന് തന്റെ രണ്ടാമത്തെ വരവിലൂടെ മനുഷ്യവംശത്തെ ക്ഷണിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഒരുങ്ങിയിരുന്നവരൊക്കെ അവനോടൊത്ത് മണവറയിൽ പ്രവേശിച്ച് വിരുന്ന് ആസ്വദിക്കും. നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവിടുത്തോടൊപ്പമുള്ള നിത്യവിരുന്നിന്റെ മുന്നാസ്വാദനമാണ് ഓരോ വിശുദ്ധ കുർബാന സ്വീകരണവും. ധൂർത്തപുത്രനുവേണ്ടി പിതാവ് ഒരുക്കിയിരിക്കുന്ന വിരുന്നായും, സ്വർഗീയ മണവാളൻ മണവാട്ടിയായ സഭയ്ക്കുവേണ്ടി സ്വന്തം ശരീരവും രക്തവും കൊണ്ട് ഒരുക്കിയ വിവാഹവിരുന്നായും വിശുദ്ധ കുർബാന സ്വീകരണത്തെ മനസിലാക്കാം.

ഏശയ്യാ ദീർഘദർശിക്ക് അവന്റെ മാലിന്യം നീക്കപ്പെടുന്നതിനും പാപം ക്ഷമിക്കപ്പെടുന്നതിനുംവേണ്ടി സെറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്ന് കൊടിൽകൊണ്ട് തീക്കനൽ നല്കുന്നതുപോലെയാണ് (ഏശ 6:6-7) തിരുശരീരരക്തങ്ങളാകുന്ന തീക്കട്ട പാപമോചനത്തിനും നിത്യജീവനുംവേണ്ടി വിശ്വാസികൾക്ക് നല്കപ്പെടുന്നത്.

വിശുദ്ധ കുർബാന സ്വീകരണത്തിനുശേഷം വീണ്ടും ജനത്തിനു നേരേ തിരിഞ്ഞ് ന്യായവിധിയെ സൂചിപ്പിക്കുമാറ് കാസായും പീലാസായും വഹിച്ചിരിക്കുന്ന കൈകൾ ഇടത്തോട്ടും വലത്തോട്ടും മാറ്റുന്നു. തിന്മചെയ്തവരെ ഇടതുവശത്തേക്കും നന്മചെയ്തവരെ വലതുവശത്തേക്കും അന്ത്യവിധിയിൽ മാറ്റുമെന്ന് ഇത് സൂചിപ്പിക്കുന്നു. വിധിക്കുശേഷം തിരഞ്ഞെടുക്കപ്പെട്ടവരെ തന്നോടൊപ്പം പിതാവിന്റെ ഭവ

www.malankaralibrary.com

നത്തിലേക്ക് (യോഹന്നാൻ 14:3) കർത്താവ് കൂട്ടിക്കൊണ്ടുപോകുന്നതിന്റെ സൂചനയാണ് ദിവ്യരഹസ്യങ്ങളുമായി കാർമികൻ ത്രോണോസിലേക്ക് മടങ്ങിപ്പോകുന്നത്. അവിടെ എല്ലാവരും ചേർന്ന് യേശുക്രിസ്തുവിന് "ഭൂവാകെ നമിക്കും നിന്നെ" എന്ന സ്തോത്രം പാടുന്നു.

## കൃതജ്ഞതാപ്രാർത്ഥനകൾ

തിരുശരീരരക്തങ്ങൾ അനുഭവിക്കുവാനിടയാക്കിയ കരുണയ്ക്കായി കാർമികൻ കൃതജ്ഞത പ്രകാശിപ്പിക്കുന്ന പ്രാർത്ഥനകളാണിവ. ഇതിൽ ആദ്യത്തെ പ്രാർത്ഥന രക്ഷണീയ കൃത്യങ്ങൾ ഏർപ്പെടുത്തിയ പിതാവായ ദൈവത്തോടുള്ള കൃതജ്ഞതാർപ്പണമാണ്. രണ്ടാമത്തെ പ്രാർത്ഥന രക്ഷണീയകൃത്യം നിർവഹിച്ച പുത്രൻതമ്പുരാനോടുള്ള നന്ദിപ്രകാശനമാണ്. ദൈവികമായ വിരുന്നിൽ സന്തുഷ്ടരായ ദൈവജനം ദൈവത്തിന്റെ കൃപയെ വാഴ്ത്തുന്നു.

## സമാപനാശിർവാദം

സമാപനാശിർവാദത്തിന് മുമ്പ് ചൊല്ലുന്ന ഗീതമാണ് ഹൂത്തോമോ. മുദ്രവയ്ക്കൽ, ഉറപ്പിക്കൽ എന്നൊക്കെയാണ് ഈ സുറിയാനി വാക്കിന്റെ അർത്ഥം. വിശുദ്ധ കുർബാനയുടെ സംസർഗത്തിലൂടെ നാം ദൈവവുമായി ഉടമ്പടി ചെയ്യുകയാണ്. അനുദിന ജീവിതത്തിൽ നാം ദൈവികമായി ജീവിച്ചുകൊള്ളാമെന്ന് ഈ മുദ്രയിടൽ കർമത്തിലൂടെ ഏറ്റുപറയുകയാണ് ചെയ്യുന്നത്.

അവസാനമായി ആശിർവാദം നല്കി പരിശുദ്ധ ത്രിത്വത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും അർഹരാക്കി വിശുദ്ധ കുർബാനയാകുന്ന യാത്രാഭക്ഷണത്തോടുകൂടി വിശ്വാസികളെ കാർമികൻ പറഞ്ഞയയ്ക്കുന്നു. അവസാനം ബലഹീനനായ തനിക്കുവേണ്ടിയും എപ്പോഴും പ്രാർത്ഥിക്കണമെന്ന് കാർമികൻ ആരാധക സമൂഹത്തോട് അപേക്ഷിക്കുന്നു. ആശിർവാദശേഷം മറയിടുന്നതുവഴി ലോകസമയം അവസാനിച്ചെന്നും പുതിയ ലോകം ആരംഭിച്ചെന്നും സൂചിപ്പിക്കുന്നു.

ആശിർവാദം കഴിഞ്ഞ് മറയിട്ടശേഷം കാർമികൻ ത്രോണോസിന്റെ മുമ്പാകെ മുട്ടുകുത്തി രഹസ്യപ്രാർത്ഥന ചൊല്ലുന്നു. അതിനുശേഷം കാർമികൻ കാസായിലും പീലാസായിലുമുള്ള തിരുശരീരരക്തങ്ങൾ ഉൾക്കൊള്ളുകയും കാസായും പീലാസായും കഴുകി വെടിപ്പാക്കുകയും

www.malankaralibrary.com

ചെയ്യുന്നു. "പരിശുദ്ധവും പാപപരിഹാരപ്രദവുമായ ബലിപീഠമേ സമാധാനത്തോടെ വസിക്കുക" എന്നു പറഞ്ഞു മൂന്നു പ്രാവശ്യം ബലിപീഠം മുത്തി ബലിപീഠത്തോട് വിടപറഞ്ഞ് വിശുദ്ധ കുർബാന അവസാനിപ്പിക്കുന്നു. ഈ സമയത്ത് "എന്റെ കടങ്ങളശേഷം നിൻ" എന്ന ഗാനം ആലപിക്കുന്നു. അവസാനം പുരോഹിതന്റെ കരങ്ങൾ മുത്തി വിശ്വാസികൾ പിരിഞ്ഞുപോകുന്നു.

www.malankaralibrary.com

അധ്യായം 7

# വി. കുമ്പസാരം
# അനുരജ്ഞനകൂദാശ

## ആമുഖം

ദൈവവും മനുഷ്യനും തമ്മിലുള്ള സംസർഗ്ഗ വേദിയാണല്ലോ കൂദാശകൾ - ദൃശ്യമായ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും അദൃശ്യമായ ദൈവകൃപ മനുഷ്യരിലേക്ക് ചൊരിയപ്പെടുന്ന സഭയുടെ ആരാധനയാണ് അഥവാ പ്രവർത്തിയാണ് കൂദാശകൾ. ഇപ്രകാരം ഏഴു കൂദാശകൾ സഭയിലുണ്ട്. അതിലൊന്നാണ് വി. കുമ്പസാരം. കാദേശ് എന്ന സുറിയാനി വാക്കിൽ നിന്നുമാണ് കൂദാശ എന്ന പദം രൂപപ്പെട്ടിട്ടുള്ളത്. വിശുദ്ധീകരിക്കുന്ന കർമ്മം എന്നാണ് ഇതിന്റെ അർത്ഥം. പാപിയായ മനുഷ്യൻ യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ തുടർച്ചയായ സഭയിലെ പുരോഹിതന്റെ അടുക്കൽ പാപം ഏറ്റു പറഞ്ഞ് പുരോഹിതനിലൂടെ യേശുവിൽനിന്നും പാപമോചനം പ്രാപിക്കുന്ന സഭാപരമായ കർമ്മമാണ് വി. കുമ്പസാരം. ദൈവകരുണയിൽ പങ്കുചേരുന്നതിന്റെ ജീവസുറ്റ അനുഭവമാണ് കുമ്പസാരം എന്ന കൂദാശ പ്രദാനം ചെയ്യുന്നത്.

## 1. യേശുവിന്റെ പൗരോഹിത്യ ശുശ്രൂഷയും പാപമോചനവും

### 1.1. യേശു പുരോഹിതനാണോ?

അനാദിയിലേ പിതാവിൽനിന്നും ജനിച്ച ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തിയായ യേശുക്രിസ്തു ദൈവപുത്രനും മിശിഹായും ആണെന്ന് വി. പത്രോസ് തന്റെ വിശ്വാസപ്രഖ്യാപനത്തിൽ ഏറ്റു പറഞ്ഞു. യേശു അത് അംഗീകരിക്കുകയും പത്രോസിനെ പ്രശംസിക്കുകയും ചെയ്തു (മത്താ 16:16). ദൈവപുത്രൻ എന്നതിലൂടെ യേശുവിന്റെ നിത്യ ജനനവും മിശിഹാ അഥവാ അഭിഷിക്തൻ എന്നതിലൂടെ പഴയനിയമ ജനത പ്രതീക്ഷിച്ച നിത്യ പ്രവാചകനും നിത്യ പുരോഹിതനും നിത്യ രാജാവും ആയ അഭിഷിക്തൻ അഥവാ മിശിഹാ ആണ് യേശു എന്ന് പത്രോസ് ഏറ്റു പറയുകയായിരുന്നു. ആദ്യ മനുഷ്യനായ ആദത്തെ സൃഷ്ടിച്ചപ്പോൾ മിശിഹായ്ക്കടുത്ത പ്രവാചക, പുരോഹിത, രാജകീയ ദൗത്യം ദൈവം ആദത്തിന് നൽകി. (ഉല്പ. 2: 27).

www.malankaralibrary.com

ദുഃഖവെള്ളിയാഴ്ച മൂന്നാം മണിയുടെ സെദറാ പ്രാർത്ഥനയിൽ ആദത്തിന് പറുദീസായിൽവെച്ച് പ്രവാചക-പുരോഹിത-രാജകീയ ദൗത്യം നൽകുന്നതായി നാം വായിക്കുന്നു. എന്നാൽ ആദം പാപം ചെയ്തതുമൂലം ഈ പരിശുദ്ധാത്മാഭിഷേകം നഷ്ടപ്പെടുത്തിയതിനാൽ ഈ ദൗത്യം നിർവഹിക്കാൻ ആദത്തിന് സാധിച്ചില്ല. ഈ ത്രിവിധ ദൗത്യം ദൈവം ഭാഗികമായി സീനായ് മലയിൽ മോശയ്ക്കു നൽകി. മോശ തുടർന്ന് അഹറോനും, തുടർന്ന് സ്നാപകയോഹന്നാൻ വരെ നൽകി. ദൈവപുത്രൻ മനുഷ്യനായി യേശു എന്ന് പേര് സ്വീകരിച്ചു. അവനെ എല്ലാവരും വരാനിരിക്കുന്ന പ്രവാചക, പുരോഹിത, രാജകീയ പ്രതീകമായ അഭിഷിക്തൻ അഥവാ മിശിഹാ ആയി കാണുകയും അംഗീകരിക്കുകയും ഏറ്റു പറയുകയും ചെയ്തു. അതിനാൽ യേശു, മിശിഹായെന്ന നിലയിൽ നിത്യ പുരോഹിതനാണ്, മഹാപുരോഹിതനാണ് (ഹെബ്രാ 7:16-17, 8:1).

### 1.2. യേശു പാപമോചനശുശ്രൂഷ നടത്തിയിരുന്നോ?

യേശു മിശിഹായെന്ന നിലയിൽ തന്റെ പരസ്യജീവിതത്തിൽ പ്രവാചക, പുരോഹിത രാജകീയ ദൗത്യങ്ങൾ നിർവഹിച്ചു. പ്രവാചകനെന്ന നിലയിൽ പഠിപ്പിച്ചു. പുരോഹിതനെന്ന നിലയിൽ പാപമോചനം നൽകുകയും കുരിശിൽ പാപപരിഹാര ബലിയർപ്പിക്കുകയും ചെയ്തു. അനേകരെ വിശുദ്ധീകരിച്ചു, രോഗസൗഖ്യം നൽകിയും വിശക്കുന്നവർക്ക് ആഹാരം നൽകിയും വിവിധ ശുശ്രൂഷകളിലൂടെ തന്റെ രാജകീയ ദൗത്യം നിർവഹിച്ചു.

യേശുവിന്റെ പൗരോഹിത്യം ലേവായ പൗരോഹിത്യത്തിന്റെ തുടർച്ചയായിരുന്നില്ല. യേശു ലേവായഗോത്രത്തിൽപ്പെട്ടവനല്ലാത്തതിനാൽ ലേവായ പൗരോഹിത്യകർമ്മം നിർവഹിച്ചില്ല. എന്നാൽ യേശു യൂദാ ഗോത്രത്തിൽപ്പെട്ടവനും നിത്യപുരോഹിതനുമാകയാൽ പൗരോഹിത്യത്തിന്റെ വിശുദ്ധീകരിക്കുന്ന ശുശ്രൂഷകൾ യേശു പരസ്യജീവിതത്തിൽ നിർവഹിച്ചു. യേശു തന്റെ പരസ്യജീവിതത്തിൽ തളർവാതരോഗിയുടെ പാപം മോചിച്ച് തനിക്ക് പാപമോചനാധികാരമുണ്ടെന്ന് തെളിയിച്ചു (മത്താ 9:6). പാപിനിയായ സ്ത്രീയുടെയും വ്യഭിചാരിണിയുടെയും മറ്റനേകരുടെയും പാപം മോചിച്ചു. കൂടാതെ പുരോഹിതർ ജറുസലേം ദൈവാലയത്തിൽ അർപ്പിക്കുന്ന പാപപരിഹാരബലി യേശു കുരിശിൽ അർപ്പിച്ച് പുരോഹിതനെന്ന നിലയിൽ മനുഷ്യവംശത്തിന്റെ മുഴുവൻ പാപത്തിനും പരിഹാരം ചെയ്തു.

www.malankaralibrary.com

പാപമോചനം പൗരോഹിത്യവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. പഴയനിയമത്തിൽ പുരോഹിതരാണ് പാപപരിഹാരബലിയിലൂടെ ജനത്തിന് പാപപരിഹാരം നൽകിയിരുന്നത്. യേശു മഹാപുരോഹിതനും നിത്യപുരോഹിതനുമാകയാൽ തന്റെ പരസ്യജീവിതത്തിൽ പുരോഹിതനടുത്ത പാപമോചനം നൽകി പാപമോചനാധികാരം നിർവഹിച്ചു. യേശു കാൽവരിയിൽ പാപപരിഹാര ബലിയർപ്പിച്ച് പൗരോഹിത്യ ബലിയർപ്പണം നടത്തി മനുഷ്യവംശത്തിന്റെ പാപം മോചിച്ചു.

**1.3. യേശു പൗരോഹിത്യവും പാപമോചനാധികാരവും അപ്പസ്തോലന്മാർക്കു നൽകിയോ? അവർ അവരുടെ പിൻഗാമികൾക്കു നൽകിയോ?**

യേശുവിന് മിശിഹായെന്ന നിലയിൽ അനാദിയിലേ ലഭിച്ച പ്രവാചക പുരോഹിത രാജകീയ ദൗത്യം, യേശു തന്റെ പരസ്യജീവിതത്തിലൂടെ ഈ ത്രിവിധ ദൗത്യങ്ങൾ നിറവേറ്റി. ഉത്ഥാനശേഷം മനുഷ്യവംശത്തിന്റെ പുനരുദ്ധാരണം പൂർത്തീകരിച്ച് ദൃശ്യമായ സഭയുടെ അടിസ്ഥാന തൂണുകളായ അപ്പസ്തോലൻമാർക്കു ഈ ദൗത്യങ്ങൾ നൽകി. ''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അരുളിച്ചെയ്തു, നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ ക്ഷമിക്കപ്പെട്ടിരിക്കും. ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും'' (യോഹ 20: 21-23). അപ്രകാരം 12 അപ്പസ്തോലന്മാരുടെമേൽ നിശ്വസിച്ച് പരിശുദ്ധാത്മാ അഭിഷേകം നൽകി മിശിഹായ്ക്കടുത്ത പ്രവാചക പുരോഹിത രാജകീയ ദൗത്യം അവർക്കു നൽകി. യേശു മിശിഹായെന്ന നിലയിൽ തന്റെ പരസ്യജീവിതത്തിൽ നിർവഹിച്ചവ പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും നയിക്കുവാനുമുള്ള പ്രവാചക പുരോഹിത രാജകീയ ദൗത്യം അപ്പസ്തോലന്മാരെ ഭരമേൽപിച്ചു. അപ്പസ്തോലന്മാർ ഈ ദൗത്യം അവരുടെ പിൻഗാമികളായ മെത്രാന്മാർക്കും മെത്രാന്മാർ പുരോഹിതർക്കും നൽകി (1 തിമോ1:19, 2 തിമോ1:6, 2:2). ഈ ത്രിവിധ ദൗത്യത്തിൽ വിശുദ്ധീകരിക്കുന്ന കർമ്മമാണ് പൗരോഹിത്യത്തിലുള്ളത്. യേശുവിന്റെ ഈ വിശുദ്ധീകരിക്കുന്ന ദൗത്യം ഇന്നും പുരോഹിതർ പാപമോചനത്തിലൂടെയും ബലി അർപ്പണത്തിലൂടെയും മറ്റ് വിശുദ്ധീകരണ കർമ്മങ്ങളിലൂടെയും തുടരുന്നു.

www.malankaralibrary.com

സുവിശേഷ പ്രഘോഷണത്തിലൂടെ പഠിപ്പിക്കാൻ പുരോഹിതന ധികാരമുണ്ടെങ്കിൽ (മത്താ 15:16, മത്താ 28: 18) ''ഇത് എന്റെ ഓർമയ്ക്കായി ചെയ്യുവിൻ'' (ലൂക്കാ 22: 18) എന്ന ആഹ്വാനത്തിലൂടെ വി. ബലി അർപ്പി ക്കാൻ പുരോഹിതന് അധികാരമുണ്ടെങ്കിൽ, പാപമോചനത്തിനുള്ള അധികാരവും പുരോഹിതന് നൽകപ്പെട്ടിരിക്കുന്നു (യോഹ 20: 21–23).

## 2. പൗരോഹിത്യവും പാപമോചനവും നിഷേധിക്കുന്ന പ്രോട്ടസ്റ്റന്റ് പെന്തക്കൊസ്ത് സമൂഹങ്ങൾ

16–ാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂഥറിന്റെ നേതൃത്വത്തിൽ പ്രൊട്ട സ്റ്റന്റിസം ആരംഭിക്കുന്നതുവരെ പൗരസ്ത്യ പാശ്ചാത്യ സഭകൾ എല്ലാം പൗരോഹിത്യത്തെയും പാപമോചനത്തെയും സഭയുടെ വിശ്വാസ ത്തിന്റെ അടിസ്ഥാന ഘടകമായി മനസിലാക്കിയിരുന്നു. എന്നാൽ ലൂഥർ വിശ്വാസികളുടെ പൊതു പൗരോഹിത്യത്തിന് ഊന്നൽ നൽകുകയും (1 പത്രോസ് 2:9) 1500 വർഷം സഭയിൽ നിലനിന്നിരുന്ന ശുശ്രൂഷാ പൗരോഹിത്യത്തെയും പൗരോഹിത്യ അധികാരത്തെയും പൂർണ്ണമായി നിഷേധിക്കുകയും ചെയ്തു. വി.മാമോദീസായും വി. കുർബാനയും മാത്രം കൂദാശകളായി അദ്ദേഹം അംഗീകരിച്ചു. വി. കുർബാന അന്ത്യ അത്താഴത്തിന്റെ അനുസ്മരണം മാത്രമായ വിരുന്നു മാത്രമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. കാൽവരിയിലെ യേശുവിന്റെ ബലിയുമായി വി. കുർബാനയ്ക്കു ബന്ധമില്ലെന്നും, അതിനാൽ വി. കുർബാന ബലി അല്ല എന്നും ലൂഥർ പഠിപ്പിച്ചു. പാപമോചനത്തിനും ബലിയർപ്പണ ത്തിനും പുരോഹിതൻ ആവശ്യമാണ്. അതിനാലാണ് ലൂഥർ പ്രത്യേക പൗരോഹിത്യത്തെ എതിർത്തതും വി. കുർബാനയിലെ ബലി അർപ്പ ണത്തെയും കുമ്പസാരമെന്ന കൂദാശയെയും പൂർണമായി തള്ളിക്കള ഞ്ഞതും. പൗരോഹിത്യത്തിനു പകരം ordained minister മതിയെന്നും സമൂഹത്തെ നയിക്കാൻ ഒരു ലീഡർ അഥവാ ഒരു പാസ്റ്റർ മതി എന്ന തുമായിരുന്നു ലൂഥറിന്റെ കാഴ്ചപ്പാട്. അതിനാലാണ് പ്രൊട്ടസ്റ്റന്റ് പൗരോഹിത്യത്തെ കത്തോലിക്കാസഭ അംഗീകരിക്കാത്തത്. ചുരുക്ക ത്തിൽ പ്രൊട്ടസ്റ്റന്റ് – പെന്തക്കൊസ്ത് സമൂഹങ്ങൾ കുമ്പസാരമെന്ന പാപമോചനകൂദാശയെയോ പ്രത്യേക പൗരോഹിത്യത്തെയോ അംഗീ കരിക്കുന്നില്ല. ഈ ചിന്താധാര 500 വർഷമായി യൂറോപ്പിൽ ശക്തി പ്രാപിച്ചു. അതിനാൽ കുമ്പസാരത്തെ തള്ളിക്കളയുന്ന ചിന്താധാര പൊതുസമൂഹത്തിൽ വ്യാപകമായി.

www.malankaralibrary.com

### 3. എന്തിന് പുരോഹിതനോട് പാപം ഏറ്റു പറയണം? യേശുവിനോട് നേരിട്ട് പാപം ഏറ്റു പറഞ്ഞാൽ പാപമോചനം ലഭിക്കില്ലേ?

യേശു നിത്യ പുരോഹിതനും മഹാപുരോഹിതനുമായിരിക്കേ പരസ്യജീവിതകാലത്ത് തന്റെ അടുക്കൽ വന്ന തളർവാത രോഗിയുടെയും പാപിനിയായ സ്ത്രീയുടെയും വ്യഭിചാരിണിയുടെയും പാപങ്ങൾ മോചിച്ചു. യേശു പരസ്യജീവിതത്തിൽ നിർവഹിച്ച പാപമോചനാധികാരം ഉത്ഥാനശേഷം അപ്പസ്തോലന്മാർക്ക് നൽകി (യോഹ 20: 21-23). അവർ പിൻഗാമികളായ മെത്രാന്മാർക്കും, അവർ പുരോഹിതർക്കും നൽകി. ആദിമസഭയുടെ ആരംഭം മുതൽ തുടങ്ങിയ പൗരോഹിത്യത്തിലൂടെയുള്ള പാപമോചനം സഭയിൽ ഇന്നും തുടരുന്നു. പുരോഹിതനോട് പാപം ഏറ്റു പറഞ്ഞ് കുമ്പസാരിച്ച് പാപമോചനം പ്രാപിക്കുന്നത് ബൈബിൾ അധിഷ്ഠിതമാണെന്ന് സഭയുടെ വിശുദ്ധ പാരമ്പര്യത്തിൽ വ്യക്തമായി കാണുന്നു. യേശു പാപമോചനാധികാരം അപ്പസ്തോലന്മാർക്ക് നൽകിയതിലൂടെ, പാപിയായ വ്യക്തിയും യേശുവുമായുള്ള സ്വകാര്യ ഏറ്റുപറച്ചിലിലൂടെയല്ല പാപമോചനം പ്രാപിക്കേണ്ടത്, പിന്നെയോ സഭയിലൂടെയാണ് എന്നത് വ്യക്തമാണ്. എ. ഡി. 70 ൽ എഴുതപ്പെട്ട ആദ്യകാല കൃതിയായ "ഡിഡാക്കെ" എന്ന സഭാജീവിതത്തെ സംബന്ധിച്ച പുസ്തകത്തിൽ ഇപ്രകാരം പറയുന്നു, 'താനും ദൈവവും തനിച്ച് സ്വകാര്യതയിൽ, ഏകാന്തതയിൽ ചെയ്യേണ്ട പ്രവർത്തിയല്ല കുമ്പസാരം, പിന്നെയോ ഇത് സഭയിൽ പരസ്യമായി ചെയ്യേണ്ടതാണ്.'

ആദിമ സഭയിൽ വിശ്വാസത്യാഗം, കൊലപാതകം, വ്യഭിചാരം എന്നീ പാപങ്ങൾ സഭയുടെ മുമ്പാകെ പരസ്യമായി ഏറ്റു പറഞ്ഞ് പാപമോചനം സ്വീകരിക്കുന്ന രീതി നിലവിലുണ്ടായിരുന്നു. ആശ്രമങ്ങളിൽ ആശ്രമശ്രേഷ്ഠന്റെ മുമ്പിൽ പാപങ്ങൾ രഹസ്യമായി ഏറ്റു പറഞ്ഞ് പാപമോചനം സ്വീകരിക്കുന്ന പതിവുണ്ടായിരുന്നു. ക്രമേണ രഹസ്യ കുമ്പസാരം സഭയിൽ വ്യാപകമായി.

ശിരസും പുരോഹിതനുമായ യേശുവും അവന്റെ ശരീരമായ സഭയിലെ വിശ്വാസികളായ ദൈവജനവും ഒന്നു ചേർന്നു പരസ്യമായി നിർവഹിക്കുന്ന സഭയുടെ ആരാധനയുടെ പ്രവൃത്തിയാണ് സഭയിലെ ഏഴു കൂദാശകൾ. അതിനാൽ വിശുദ്ധീകരിക്കുന്ന കർമമായ കൂദാശക

www.malankaralibrary.com

ളിലൊന്നായ കുമ്പസാരവും സഭയുടെ പൊതുവായ പ്രവൃത്തിയാണ്. അവിടെ യേശുവിന്റെ പ്രതിനിധിയായ പുരോഹിതന്റെ സ്ഥാനം അനിവാര്യമാണ്. മെത്രാനോ മെത്രാന്റെ പകരക്കാരനായ പുരോഹിതനോ ഇല്ലാതെ ഒരു കൂദാശയും സഭയിൽ നിർവഹിക്കപ്പെടുകയില്ല. ചുരുക്കത്തിൽ ദൈവത്തോട് സ്വകാര്യമായി പാപം ഏറ്റു പറയുന്നതുവഴി കുമ്പസാരമെന്ന കൂദാശ വഴി സഭയിലൂടെ ലഭിക്കുന്ന കൃപാവരത്തിന്റെ പൂർണതയും ഉറപ്പും നേരിട്ടുള്ള പാപമോചനാനുഭവവും ലഭിക്കുകയില്ല. യേശു പാപമോചനാധികാരം അപ്പസ്തോലന്മാരെ അഥവാ സഭയെയാണ് ഭരമേൽപിച്ചിരിക്കുന്നത്. അതിനാൽ സഭയിൽ കുമ്പസാരമെന്ന കൂദാശിലൂടെയാണ് പാപമോചനത്തിന്റെ പൂർണതയും ഉറപ്പും ലഭിക്കുക.

## 4. പാപത്തിന്റെ അനന്തരഫലവും അതിന്റെ സ്വാധീനവും പാപമോചന പ്രക്രിയയും

ക്രിസ്തീയത യേശുക്രിസ്തുവുമായും പരിശുദ്ധ ത്രിത്വവുമായുമുള്ള ആഴപ്പെട്ട വ്യക്തിബന്ധമാണ്. സ്നേഹത്തിന്റെ നിരസനമാണ് പാപം. കല്പനകളുടെ ലംഘനമാണ് പാപം. ദൈവത്തെ സ്നേഹിക്കുക, മനുഷ്യനെ സ്നേഹിക്കുക. ഈ സ്നേഹത്തിനെതിരായ എല്ലാ പ്രവൃത്തിയും പാപമാണ്. യേശു മണവാളനും സഭ മണവാട്ടിയും എന്ന പ്രതീകത്തിലൂടെയാണ് വി. പൗലോസ്ശ്ലീഹാ വിശ്വാസിയും യേശുവും തമ്മിലുള്ള ബന്ധത്തെ വിവരിക്കുക (എഫേ 5: 26). മണവാളനായ യേശുവിന് ഇഷ്ടമില്ലാത്തത് മണവാട്ടി ചെയ്യുമ്പോൾ, യേശു ചെയ്യണമെന്നാഗ്രഹിക്കുന്നത് മണവാട്ടി ചെയ്യാതിരിക്കുമ്പോൾ, മണവാളനായ യേശു വേദനിക്കും. ഇവിടെ മണവാട്ടി യേശുവിനോട് ക്ഷമ ചോദിക്കുന്നു. യേശുവിനോടുള്ള സ്നേഹത്തിൽനിന്നും ഉളവാകുന്ന പശ്ചാത്താപമാണ്, അനുതാപമാണ് പൂർണ അനുതാപം. മണവാളനായ യേശുവിനെ ശിക്ഷയുടെ പേരിൽ ഭയപ്പെട്ടോ, ഭൗതിക അനുഗ്രഹങ്ങൾ കുറഞ്ഞുപോകുമെന്നതിന്റെ പേരിലോ, മണവാട്ടിയിലുണ്ടാകുന്ന അനുതാപം ഭാഗികമാണ്, പൂർണമല്ല. ചുരുക്കത്തിൽ യേശുവിനോടുള്ള സ്നേഹത്തെപ്രതി മണവാട്ടിയുടെ ഹൃദയത്തിൽ രൂപപ്പെടുന്ന പാപത്തെക്കുറിച്ചുള്ള അനുതാപചിന്തകൾ അവൾ യേശുവിന്റെ സന്നിധിയിലേക്ക് ഉയർത്തുകയാണ്. പാപമോചന പ്രക്രിയയുടെ ഒന്നാം ഭാഗം മാത്രമാണിത്. പാപമോചനം പൂർണമാകണമെങ്കിൽ നാലു തലത്തിലുള്ള അനുരഞ്ജനം സംഭവിക്കണം.

www.malankaralibrary.com

## പാപം നാലു തലത്തിലുള്ള ബന്ധത്തെ ബാധിക്കും

**ഒന്നാമതായി** ഞാനും ദൈവവുമായുള്ള ബന്ധത്തെ അത് ബാധിക്കും. അതിനാൽ പാപി യേശുവിനോട് അനുരജ്ഞനപ്പെടണം, രമ്യപ്പെടണം.

**രണ്ടാമതായി** പാപം ചെയ്യുമ്പോൾ ഞാൻ എന്നെത്തന്നെ മുറിപ്പെടുത്തുന്നു. ഞാൻ ചെയ്യുന്ന എല്ലാ പാപവും എന്നിൽ ഒരു ആഘാതം സൃഷ്ടിക്കുന്നു. അതിന്റെ തീവ്രതയിൽ ആഴമായ കുറ്റബോധവും ചിലപ്പോൾ വിഷാദ രോഗവും ഉണ്ടാകും. അതിനാൽ ഞാൻ എന്നോടുതന്നെ രമ്യപ്പെടണം.

**മൂന്നാമതായി** ഞാൻ പാപം ചെയ്യുമ്പോൾ ഞാൻ ആയിരിക്കുന്ന സമൂഹത്തെ, സഭയാകുന്ന ശരീരത്തെ മുറിപ്പെടുത്തുന്നു. സഭയാകുന്ന ശരീരത്തിന്റെ ശിരസ്സ് യേശുക്രിസ്തുവാണ്. ആ ശരീരത്തിലെ അവയവങ്ങളാണ് ഓരോ വിശ്വാസിയും. അതിനാൽ വിവിധ വ്യക്തികൾ ഉൾപ്പെടുന്ന ഈ ശരീരത്തിൽ ഒരു വ്യക്തി, ഒരു അവയവം, വേദനിച്ചാൽ സഭയാകുന്ന ശരീരം മുഴുവൻ വേദനിക്കും. അതിനാൽ സഭാഗാത്രവുമായി, സമൂഹവുമായി, അനുരജ്ഞനപ്പെടണം, രമ്യതപ്പെടണം. കൂടാതെ ഏതെങ്കിലും വ്യക്തിയെ എന്റെ പാപംമൂലം ഞാൻ മുറിപ്പെടുത്തിയെങ്കിൽ ആ വ്യക്തിയോടും അനുരഞ്ജനപ്പെടാൻ ഞാൻ കടപ്പെട്ടിരിക്കുന്നു.

**നാലമതായി** പാപം ചെയ്യുന്നതുവഴി പ്രകൃതിയുടെ സന്തുലിതാവസ്ഥയെ അത് ബാധിക്കും. മനുഷ്യനും പ്രകൃതിയും തമ്മിൽ ഒരു താളമുണ്ട്, ലയമുണ്ട്. പാപം ചെയ്യുന്നതുവഴി അതിന്റെ തിക്തഫലം പ്രകൃതിയിലേക്കും കടന്നുവരും. അതിനാൽ പാപി പ്രകൃതിയോട് അനുരജ്ഞനപ്പെടണം, രമ്യപ്പെടണം.

കുമ്പസാരത്തിനു മുമ്പുള്ള അനുതാപ ചിന്തകളിൽ അനുരജ്ഞനത്തിന്റെ ഈ നാലു തലങ്ങളും കടന്നു വരേണ്ടിയിരിക്കുന്നു. ഒന്നാമതായി ഞാൻ മണവാളനായ യേശുവിനോട് ആഴമായ പശ്ചാത്താപത്തിലൂടെ രമ്യപ്പെടണം, രണ്ടാമതായി ഞാൻ എന്നോടുതന്നെ രമ്യപ്പെടണം. മൂന്നാമതായി ഞാൻ ഏതെങ്കിലും വ്യക്തികൾക്ക് മുറിവുണ്ടാക്കിയെങ്കിൽ അവരോട് വ്യക്തിപരമായി രമ്യപ്പെടണം. അതുപോലെ ഞാൻ മൂലം സഭാഗാത്രത്തിൽ വേദനയുണ്ടായിട്ടുണ്ട് എന്നതിനാൽ സഭാ ഗാത്രത്തോട് രമ്യപ്പെടണം. നാലമതായി പ്രകൃതിയോട് രമ്യപ്പെടണം. അതിനായി അനുതാപത്തിലൂടെയും പശ്ചാത്താപത്തി

www.malankaralibrary.com

ലൂടെയും എല്ലാവരോടും മാപ്പപേക്ഷിച്ച് യേശു പാപമോചനാധികാരം നൽകിയ അപ്പസ്തോല പിൻഗാമികളായ സഭയുടെ പ്രതിനിധിയായ പുരോഹിതന്റെ അടുക്കൽ പാപം ഏറ്റു പറഞ്ഞ് പാപമോചനം പ്രാപിക്കുക എന്നത് തികച്ചും വേദപുസ്തകാടിസ്ഥാനത്തിലുള്ളതും സഭയുടെ ആദ്യകാലം മുതലുള്ള വിശുദ്ധ പാരമ്പര്യത്തിലധിഷ്ടിതവും മനശാസ്ത്രപരവും സാമൂഹികവുമായ യുക്തിയിലധിഷ്ഠിതവുമാണ്. കുമ്പസാരത്തിലൂടെ ലഭിക്കുന്ന പാപമോചനത്തിന്റെ ഉറപ്പും ദൈവ കൃപയുടെ അനുഭവവും മറ്റെങ്ങും ലഭിക്കില്ല. മനസ്സിന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിനും, വിഷാദരോഗത്തിന് അടിമപ്പെടാതിരിക്കുന്നതിനും പാപത്തിൽ നിന്നും പൂർണ്ണ വിടുതൽ പ്രാപിച്ചു എന്ന ബോധ്യം ലഭിക്കുന്നതിനും പുരോഹിതന്റെ അടുക്കൽ നടത്തുന്ന കുമ്പസാരം ഗുണം ചെയ്യുന്നു എന്ന് മനശാസ്ത്രം പഠിപ്പിക്കുന്നുണ്ട്.

## 5. പാപമോചനം ഒരു തുടർ പ്രക്രിയയാണ്

പാപമോചനം ഒരു നിമിഷം നടക്കുന്ന സംഭവമല്ല. അത് ക്രമേണ നടക്കുന്ന ഒരു തുടർ പ്രക്രിയയാണ്. ഒരു വ്യക്തി പാപം ചെയ്തതിനുശേഷം അനുതപിച്ച് യേശുവിനോട് സ്വകാര്യതയിൽ പാപം ഏറ്റു പറഞ്ഞ് പാപമോചനത്തിനായി അപേക്ഷിക്കുന്ന നിമിഷം പാപമോചനം ആരംഭിച്ചു എന്നു പറയാം. അത് പൂർത്തിയായിട്ടില്ല. ഇവിടെ യേശുവിനോടു മാത്രമാണ് അനുരഞ്ജനപ്പെട്ടത്, രമ്യതപ്പെട്ടത്. ഇത് പാപമോചനത്തിന്റെ ഒന്നാമത്തെ തലമാണ്. ഇനിയും ഞാൻ അനുതാപത്തോടെ പാപം ഏറ്റു പറഞ്ഞ് എന്നോടും ഏതെങ്കിലും വ്യക്തിക്ക് മുറിവുണ്ടാക്കിയെങ്കിൽ ക്ഷമ യാചിച്ച് ആ വ്യക്തിയോടും പ്രകൃതിയോടും സഭാഗാത്രത്തോടും രമ്യപ്പെട്ട് യേശുവിന്റെയും ദൃശ്യസഭയുടെയും പ്രതിനിധിയായ പുരോഹിതനോട് പാപം ഏറ്റു പറഞ്ഞ് പുരോഹിതനിൽ നിന്നും ലഭിക്കുന്ന പാപമോചനത്തിന്റെ ഉറപ്പിലൂടെയാണ് പാപമോചന പ്രക്രിയ പൂർണമാകുന്നത്. അതിനുശേഷം ഞാൻ വിശുദ്ധ കുർബാന സ്വീകരിക്കുമ്പോഴാണ് പാപത്താൽ നഷ്ടമായ എല്ലാ ബന്ധങ്ങളും പുനരുദ്ധരിക്കപ്പെടുക. അതിനാൽ പാപമോചനം പശ്ചാത്താപത്തിലാരംഭിച്ച് യേശുവിനോടും സഹോദരങ്ങളോടും പ്രകൃതിയോടും സഭയോടും അനുരഞ്ജനപ്പെട്ട് പൂർത്തീകരിക്കേണ്ടതാണ്.

## 6. പാപം സഭാശരീരത്തിനു ദോഷം

യേശുവിന്റെ ശരീരമാണ് സഭ. ശരീരത്തിന് വിവിധ അവയവങ്ങൾ ഉള്ളതുപോലെ സഭാശരീരത്തിൽ വിവിധ വ്യക്തികൾ ഉണ്ട്.

www.malankaralibrary.com

ശരീരത്തിൽ ഏതെങ്കിലും അവയവത്തിന് മുറിവുണ്ടായാൽ അതു ശരീരം മുഴുവൻ ബാധിക്കും. ശരീരത്തിനു മുഴുവനായാണ് നാം ചികിത്സ നൽകുന്നത്. മുറിവ് വ്രണമായാൽ ശരീരം മുഴുവൻ വേദന അനുഭവിക്കും. മുറിവു കരിഞ്ഞാൽ ശരീരം മുഴുവൻ സന്തോഷിക്കും. അതിനാൽ സഭാശരീരത്തിൽപെട്ട ഒരു വ്യക്തിയുടെ പാപം ആ വ്യക്തിക്കു മാത്രമല്ല സഭാഗാത്രത്തിനു മുഴുവൻ ദോഷം ചെയ്യുന്നു. പാപത്തിൽ വീഴുന്ന ഒരു വ്യക്തി, വ്യക്തിപരമായ നാശം മാത്രമല്ല വരുത്തുന്നത് സഭാശരീരത്തിനു മുഴുവൻ നാശം വരുത്തുന്നു. വേദന നൽകുന്നു. അതിനാൽ പാപം ചെയ്ത വ്യക്തി അനുതാപത്തിലൂടെ അവനുൾപ്പെട്ട സഭാ കൂട്ടായ്മയുമായി അനുരഞ്ജനത്തിൽ എത്തണം. അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സഭ മുഴുവനും സ്വർഗ്ഗത്തിലെ മാലാഖമാരും സന്തോഷിക്കുന്നു.

## 7. പാപം രോഗമാണ്

പാപത്തിൽ വീണ മനുഷ്യവർഗ്ഗത്തോട് ഒരു രോഗിയോടെന്ന പോലെ സഹതാപത്തോടും കരുണയോടും കൂടിയാണ് ദൈവം ഇടപെടുന്നത്. ഒരാൾ സ്വന്ത തെറ്റുകൊണ്ട് രോഗിയായാൽ പോലും അയാളെ ശിക്ഷിക്കുകയല്ല ചികിത്സിക്കുകയാണ് ചെയ്യുന്നത്. കുറ്റവും ശിക്ഷയും എന്നതല്ല, ചികിത്സയും സൗഖ്യവുമാണ് പ്രധാന ചിന്ത. സഭ തന്റെ മക്കളുടെ പാപങ്ങളെ രോഗാരംഭമായി കണ്ട് ചികിത്സിക്കാൻ ആഗ്രഹിക്കുന്നു. അതു രോഗിയെ നശിപ്പിക്കാനല്ല, സുഖപ്പെടുത്താനാണ്, രക്ഷിക്കാനാണ്. ഇതാണ് കർത്താവ് നല്ല വൈദ്യനായി വന്നതിന്റെ കാരണം. ലോകത്തെ വിധിക്കുന്ന ന്യായാധിപതി എന്നതിനേക്കാൾ മനുഷ്യരുടെ ശാരീരികവും ആത്മീകവുമായ രോഗങ്ങളിൽ നിന്നു സുഖപ്പെടുത്തി നിത്യജീവനിലേക്കു നയിക്കുന്ന മഹാവൈദ്യനാണ് ക്രിസ്തു. കുമ്പസാരം എന്ന കൂദാശയിലൂടെ ഈ വൈദ്യശുശ്രൂഷയാണ് സഭ നിർവഹിക്കുന്നത്.

## 8. സഭ പാപമോചനം നൽകുന്നു

'നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും' (മത്താ. 18:18, യോഹ. 20:22-23) എന്നു പറഞ്ഞ് കർത്താവ് കൊടുത്ത അധികാരം പ്രഥമമായി സഭയ്ക്കു നൽകിയ അധികാരമാണ്. സഭയിലൂടെ അതു മേൽപ്പട്ടക്കാർക്കും പട്ടക്കാർക്കും ലഭിച്ചിരിക്കുന്നു. ആദിമസഭയിൽ പരസ്യമായി പാപം ഏറ്റുപറയുന്ന രീതിയായിരുന്നു.

www.malankaralibrary.com

എന്നാൽ പല അസൗകര്യങ്ങൾ കാരണം രഹസ്യ കുമ്പസാരം ആരംഭിച്ചു. സഭയാണ് വ്യക്തിയുടെ കുമ്പസാരം (ഏറ്റുപറച്ചിൽ) കേൾക്കുന്നതും പാപപരിഹാരം നൽകുന്നതും. പട്ടക്കാരൻ സഭയുടെ പ്രതിനിധി യായിട്ടാണ് കുമ്പസാരം കേൾക്കുന്നത്. യേശുവിന്റെ പ്രതിനിധിയായും സഭയുടെ പ്രതിനിധിയായും നിന്ന് യേശു നൽകിയ പാപമോചനം സഭയിലൂടെ, വൈദികനിലൂടെ നൽകപ്പെടുന്നു. സഭാശരീരവുമായി ബന്ധപ്പെട്ടാണ് ഏറ്റുപറച്ചിൽ നടക്കുന്നതും പാപങ്ങൾ മോചിക്കുന്നതും.

## 9. അനുരഞ്ജനത്തിന്റെ കൂദാശ

ദൈവസ്നേഹത്തിൽനിന്നും മനുഷ്യസ്നേഹത്തിൽനിന്നും നമ്മെ അകറ്റുന്നതെല്ലാം പാപമാണ്. ക്രിസ്തീയ വിശ്വാസത്തിൽ ഒരു പ്രമാണമേയുള്ളു. അത് സ്നേഹത്തിന്റെ പ്രമാണമാണ്. ഒരാൾ പാപം മൂലം ദൈവത്തിൽനിന്നും മനുഷ്യരിൽനിന്നും അകലുന്നു. ദൈവവും മനുഷ്യനുമായി വീണ്ടും കൂട്ടിച്ചേർക്കപ്പെടുന്ന അനുരഞ്ജനത്തിന്റെ കൂദാശയാണ് കുമ്പസാരം. ഇപ്രകാരം അനുതാപത്തിലൂടെയും ഏറ്റുപറച്ചിലിലൂടെയും ഒരു വ്യക്തി യേശുവുമായും, യേശുവിന്റെ ശരീരമായ സഭാഗാത്രവുമായും അനുരഞ്ജനത്തിലാകുകയും കൂട്ടായ്മയിലാകുകയും ചെയ്യുന്നു.

## 10. എപ്പോഴെല്ലാം കുമ്പസാരിക്കണം?

മലങ്കര സഭയുടെ നിയമമനുസരിച്ച് ആണ്ടിലൊരിക്കലെങ്കിലും വിശ്വാസികൾ - പ്രായപൂർത്തിയായവർ - കുമ്പസാരിച്ചു വിശുദ്ധ കുർബാന സ്വീകരിക്കേണ്ടതാണ്. കൂടാതെ എല്ലാ നോമ്പുകളിലും സൗകര്യാനുസരണം കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കു ന്നതിന് സഭ ഉപദേശിക്കുന്നു. കൂടെക്കൂടെയുള്ള കുമ്പസാരവും കുർബാന സ്വീകരണവും വഴി ആദ്ധ്യാത്മിക ജീവിതത്തിൽ സഭാമക്കൾ അനുദിനം വളർന്നു വരണമെന്നുള്ളതാണ് സഭാമാതാവിന്റെ ആഗ്രഹം. മാരകമായ ഏതെങ്കിലും പാപത്തിൽ വീഴാൻ ഇടവന്നാൽ എത്രയും വേഗത്തിൽ പുരോഹിതന്റെ മുമ്പാകെ പാപങ്ങൾ ഏറ്റു പറഞ്ഞ് ദൈവ ത്തോടു രമ്യപ്പെടുവാൻ ഓരോരുത്തർക്കും കടമയുണ്ട്. പ്രായപൂർ ത്തിവന്ന ഒരു അക്രൈസ്തവൻ മാമോദീസാ സ്വീകരിക്കുന്നതിന് ആഗ്രഹിക്കുന്നുവെങ്കിൽ അതിനുമുമ്പായി അയാളുടെ പാപങ്ങൾ ഏറ്റുപറയണമെന്ന് നടപടിക്രമം നിർദ്ദേശിക്കുന്നുണ്ട്. വിവാഹത്തിനു മുൻപായി വധൂവരന്മാർ കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരി ക്കുന്നത് ഉത്തമവും ദൈവാനുഗ്രഹപ്രദവുമാണ്. സഭാ നടപടിക്രമ മനുസരിച്ച്, കുമ്പസാരം പള്ളിയിൽ വച്ചാണ് നടത്തേണ്ടത്. സൗകര്യ

www.malankaralibrary.com

ത്തെപ്രതി, കുമ്പസാരത്തിനായി ഇപ്പോൾ മലങ്കര കത്തോലിക്കാ സഭയിൽ കുമ്പസാരക്കൂട് ഉപയോഗിക്കുന്നുണ്ട്.

## 11. കുമ്പസാരത്തെക്കുറിച്ച് സഭാ പിതാക്കന്മാർ

**അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്**: കുമ്പസാരത്തിനാവശ്യമായ അനുതാപത്തെക്കുറിച്ച് പറയുന്നു: "അനുതാപം അനുഷ്ഠിച്ച് സഭയുടെ ഐക്യത്തിലേക്ക് മടങ്ങിവരുന്ന എല്ലാവരും ബിഷപ്പിനോടൊപ്പം യേശുക്രിസ്തുവുമായും പിതാവുമായും ഐക്യത്തിലാകുന്നു' (ഫിലഡെൽഫിയക്കാർക്കുള്ള കത്ത് 3 എ.ഡി. 110 പ). ഭിന്നതയും ക്രോധവും ഉള്ളിടത്ത് ദൈവം വസിക്കുന്നില്ല. അനുതപിച്ച് മാനസാന്തരപ്പെടുന്ന എല്ലാവർക്കും, ദൈവത്തിന്റെ ഐക്യത്തിലേക്കും ബിഷപ്പുമായുള്ള കൂട്ടായ്മയിലേക്കും വീണ്ടും ചേരുവാൻ കർത്താവ് പാപമോചനം നൽകുന്നു (ഫിലഡെൽഫിയക്കാർക്കുള്ള കത്ത്, 8).

**ജോൺ ക്രിസോസ്റ്റം**: "ദൈവം ദൂതന്മാർക്കോ പ്രധാന ദൂതന്മാർക്കോ നൽകിയിട്ടില്ലാത്ത ഒരു ശക്തി പുരോഹിതന്മാർക്ക് ലഭിച്ചിട്ടുണ്ട്. അവരോട് ഇങ്ങനെ പറയപ്പെട്ടു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ അഴിക്കുന്നതെല്ലാം അഴിക്കപ്പെട്ടിരിക്കും. താൽക്കാലിക ഭരണാധികാരികൾക്ക് ബന്ധനശക്തിയുണ്ട്; എന്നാൽ അവർക്ക് ശരീരത്തെ മാത്രമേ ബന്ധിക്കാൻ കഴിയൂ. അദ്ദേഹം പറയുന്നു "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ, അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു; ഇതിനേക്കാൾ വലിയ അധികാരം മറ്റെന്താണ്? പിതാവ് എല്ലാ ന്യായവിധിയും പുത്രന് നൽകിയിട്ടുണ്ട്. ഇപ്പോൾ പുത്രൻ ഈ അധികാരമെല്ലാം മനുഷ്യരുടെ കൈകളിൽ ഏൽപ്പിക്കുന്നത് ഞാൻ കാണുന്നു" (മത്തായി 10:40; യോഹന്നാൻ 20:21-23 (പൗരോഹിത്യം 3:5 എ.ഡി. 387).

**മിലാനിലെ വി. അംബ്രോസ്:** "ഈ അവകാശം പുരോഹിതന്മാർക്ക് മാത്രമേ അനുവദിച്ചിട്ടുള്ളൂ" (പശ്ചാത്താപം 1:1 എ.ഡി. 388).

**തെർത്തുല്ല്യൻ**: തെറ്റുകൾ ലജ്ജ കൂടാതെ ഏറ്റു പറയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഇപ്രകാരം പറയുന്നു: "കുമ്പസാരത്തെ സംബന്ധിച്ചിടത്തോളം, ചിലർ സ്വയം വെളിപ്പെടുത്തലിനു തയ്യാറാകാതെ കുമ്പസാരത്തിൽ നിന്ന് ഓടിപ്പോകുന്നു, അല്ലെങ്കിൽ അത് ദിവസം തോറും മാറ്റിവയ്ക്കുന്നു. ശരീരത്തിന്റെ ഏറ്റവും ലജ്ജാകരമായ ഭാഗങ്ങളിൽ രോഗം പിടിപെട്ട് ഡോക്ടർമാർക്ക് തങ്ങളെത്തന്നെ

www.malankaralibrary.com

വെളിപ്പെടുത്തുന്നത് ഒഴിവാക്കുന്നവരെപ്പോലെ, അവർ രക്ഷയെക്കാൾ കുമ്പസാരം മൂലമുള്ള എളിമപ്പെടലിന്റെ വിഷമം ഒഴിവാക്കാനായി കുമ്പസാരത്തിൽ നിന്ന് വിട്ടു നില്ക്കുന്നു; അങ്ങനെ അവർ ലജ്ജയോടെ നശിച്ചുപോകുന്നു'' (മാനസാന്തരം 10:1 എ.ഡി. 203).

**വി. ജറോം**: സർപ്പം ഒരാളെ രഹസ്യമായി കടിച്ചാൽ, അത് ആ വ്യക്തിയിൽ പാപത്തിന്റെ വിഷം പകരും. കടിയേറ്റയാൾ മൗനം പാലിക്കുകയും തപസ്സുചെയ്യാതിരിക്കുകയും തന്റെ മുറിവ് ഏറ്റുപറയാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്താൽ, അവനു പാപമോചനം നൽകി സുഖപ്പെടുത്താനുള്ള വരമുള്ള പുരോഹിതനുപോലും അവനെ സഹായിക്കാൻ കഴിയില്ല (സഭാപ്രസംഗി 10:11 നെക്കുറിച്ചുള്ള വ്യാഖ്യാനം, എ.ഡി. 388).

**ഒരിജൻ**: ''പാപി തന്റെ പാപം കർത്താവിന്റെ പുരോഹിതനോട് പ്രഖ്യാപിക്കുന്നതിൽ നിന്നും മരുന്ന് തേടുന്നതിൽ നിന്നും പിന്മാറാതെ, 'എന്റെ അകൃത്യം കർത്താവിനോട് ഞാൻ ഏറ്റു പറയും എന്ന് പറയുമ്പോൾ പാപങ്ങൾ ക്ഷമിക്കപ്പെടുന്നു'' (ലേവ്യപുസ്തകം 2:4, എ.ഡി. 248 സംബന്ധിച്ച വചനങ്ങൾ).

**കാർത്തേജിലെ സിപ്രിയാൻ:** ഈ ലോകത്തിൽ നമ്മുടെ കുമ്പസാരം ദൈവത്തിന് സ്വീകാര്യമായിരിക്കുന്നതിനാലും പുരോഹിതന്മാരിലൂടെ ലഭിക്കുന്ന മോചനം ഇപ്പോൾ നമുക്ക് ഉറപ്പു നൽകുമെന്നതിനാലും കർത്താവിന് പ്രസാദകരമായിരിക്കുന്ന ഈ ലോകവാസത്തിൽ വച്ചു തന്നെ ദൈവത്തിന്റെ പുരോഹിതന്മാരോട് തങ്ങളുടെ പാപങ്ങൾ നേരായ രീതിയിലും ദുഖത്തിലും ഏറ്റുപറയുകയും മനസ്സാക്ഷിയുടെ തുറന്ന പ്രഖ്യാപനം നടത്തുകയും ചെയ്യുന്നവർ വലിയ വിശ്വാസവും രക്ഷാകരമായ ഭയവുമാണ് പ്രകടമാക്കുന്നത്. സഹോദരന്മാരേ, പാപം ചെയ്ത എല്ലാവരും ഈ ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ തന്റെ പാപം ഏറ്റുപറയട്ടെ (ദി ലാപ്സ്ഡ്, 28).

**പേർഷ്യൻ സന്യാസിയായ അഫ്രാഹത്ത്:** വൈദ്യനായ ക്രിസ്തുവിന്റെ ശിഷ്യന്മാരായ പുരോഹിതന്മാരേ, രോഗശാന്തി ആവശ്യമുള്ളവർക്ക് രോഗശാന്തി നിഷേധിക്കരുത്. ആരെങ്കിലും നിങ്ങളുടെ മുമ്പിൽ തന്റെ മുറിവ് തുറന്നുകാട്ടിയാൽ, അയാൾക്ക് പശ്ചാത്താപത്തിന്റെ പ്രതിവിധി നൽകുക. തന്റെ ബലഹീനത അറിയിക്കാൻ ലജ്ജിക്കുന്നവൻ അത് നിങ്ങളിൽ നിന്ന് മറയ്ക്കാതിരിക്കാൻ അവനെ പ്രോത്സാഹിപ്പിക്കുക. അവൻ അത് നിങ്ങൾക്ക് വെളിപ്പെടുത്തി

www.malankaralibrary.com

ക്കഴിഞ്ഞാൽ, അത് പരസ്യമാക്കരുത്, കാരണം നമ്മുടെ ശത്രുക്കളും നമ്മെ വെറുക്കുന്നവരും നിരപരാധികളെ കുറ്റവാളികളായി കണക്കാക്കും" (പ്രബന്ധങ്ങൾ 7:3, എ.ഡി. 340) എന്ന് പുരോഹിതന്മാരെ ഉദ്ബോധിപ്പിക്കുന്നു.

**ധന്യൻ മാർ ഈവാനിയോസ് :** "ശരീരത്തിന് കുളി ആവശ്യമായിരിക്കുന്നത് പ്രകാരം ആത്മാവിനും ആവശ്യമാണ്. ആത്മാവ് കുളിക്കുന്നതിനുള്ള വെള്ളം യേശുമിശിഹായുടെ തിരുരക്തമാകുന്നു. അതു ശേഖരിച്ചിരിക്കുന്ന 'കുളം' വിശുദ്ധ കുമ്പസാരമാകുന്നു". ദൈവകരുണയുടെ വളരെ പ്രസ്പഷ്ഠമായ അടയാളമാണ് അനുരഞ്ജന കൂദാശ അഥവാ വിശുദ്ധ കുമ്പസാരം. പാപിനിയായ സ്ത്രീയോട് "ഞാനും നിന്നെ വിധിക്കുന്നില്ല, പൊയ്ക്കൊള്ളുക"; ഇനിമേൽ പാപം ചെയ്യരുത് (യോഹ: 8-11) എന്നുപറഞ്ഞ ഈശോയുടെ സാന്ത്വന ശബ്ദമാണ് കുമ്പസാര കൂട്ടിൽ നിന്ന് പുരോഹിതനിലൂടെ അനുതാപി ശ്രവിക്കുന്നത്.

പാപിയെ കുളിപ്പിച്ച് ശുദ്ധമാക്കുന്നതിനുള്ള കുളം "വിശുദ്ധ കുമ്പസാരമാകുന്നു". ഈ കുളത്തിൽ ഇറങ്ങുന്നത് ദൃഢമായ വിശ്വാസത്തോടും ശരണത്തോടും സ്നേഹത്തോടും ആദരവോടും താഴ്മയോടും, ധൈര്യത്തോടും കൂടെയായിരിക്കണം. കഴിഞ്ഞുപോയ തെറ്റുകൾക്ക് മോചനവും വിശുദ്ധ ജീവിതത്തിനുവേണ്ട കൃപയും വിശുദ്ധ കുമ്പസാരം വഴിയായി ലഭിക്കുമെന്ന് നന്നായി ശരണപ്പെട്ടുകൊൾക.

വിശുദ്ധ കുമ്പസാരംമാകുന്ന വിശുദ്ധിയിൽ വളരുന്നതിനു ആഗ്രഹിക്കുന്നവൻ ദിവസംതോറും ജീവിതശോതന നടത്തണം. അനുതാപത്താൽ ആത്മീയമായി കഴുകപ്പെടുകയും വേണം. അതിനു ആഴ്ചതോറും കുമ്പസാരിക്കണം. വിശുദ്ധ കുമ്പസാരത്തിൽ പട്ടക്കാരൻ തരുന്ന കല്പ്പനകൾ, ഉപദേശങ്ങൾ, ദണ്ഡനങ്ങൾ എന്നിവക്കുറിച്ചിടുകയും വിശ്വസ്തതയോടെ അനുസരിക്കുകയും ചെയ്യണം. ഇവ ശരിയാംവണ്ണം അനുസരിച്ചുവോ എന്ന ജീവിതശോധന നടത്തണം. കഴിഞ്ഞ പ്രാവിശ്യത്തെ കുമ്പസാരത്തിൽ കല്പ്പിച്ചിരുന്നവ പാലിച്ചിരുന്നുവോ എന്ന് ഈ പ്രാവിശ്യത്തെ കുമ്പസാരത്തിൽ പ്രസ്ഥാവിക്കണം. (മാർ ഈവാനിയോസ് മെത്രാപ്പോലിത്ത, വിശുദ്ധ കുമ്പസാരം ഒരു ധ്യാനപഠനം, ബഥനി പബ്ലിക്കേഷൻസ്: കോട്ടയം, 4th edition 2012).

## 12. നല്ല കുമ്പസാരം/പൂർണ്ണ കുമ്പസാരം

കുമ്പസാരം ഒരു യാന്ത്രിക കർമ്മം മാത്രമായി കരുതി നടത്തുമ്പോൾ കുമ്പസാരത്തിൽ നിന്നു ലഭിക്കേണ്ട കൃപകൾ ലഭിക്കാതെ പോകാനും

www.malankaralibrary.com

ചിലപ്പോൾ കൂടുതൽ പാപകരമാകാനും സാധ്യതയുണ്ട്. അതുകൊണ്ട് കുമ്പസാരം നല്ലതും പൂർണ്ണവുമാകാൻ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. വൈദികനിൽ നിന്ന് പാപമോചനാശീർവാദം ലഭിച്ചാൽ എല്ലാമായി എന്ന ചിന്തയും, എത്ര കുമ്പസാരിച്ചാലും പാപത്തിൽ വീണ്ടും വീഴുന്നു എന്നതിനാൽ എന്തിനു കുമ്പസരിക്കണം എന്ന ചിന്തയും അപകടകരമാണ്.

എന്റെ പാപം സകല മനുഷ്യർക്കും അനുഗ്രഹമില്ലായ്മയ്ക്കു കാരണമാകുന്നതുപോലെ എന്റെ വിശുദ്ധി സകല മനുഷ്യർക്കും അനുഗ്രഹത്തിന് കാരണമാകുന്നു എന്ന ചിന്തയിൽ സ്വയം വിശുദ്ധീകരിക്കപ്പെടാനും സകലർക്കും അനുഗ്രഹമാകാനുമുള്ള ആഗ്രഹത്തോടും സമർപ്പണത്തോടും കൂടെ എളിമയോടും ആത്മാർത്ഥമായും നടത്തുന്ന കുമ്പസാരമാണ് നല്ല കുമ്പസാരം. സ്വന്തം തെറ്റുകളുടെ ഉത്തരവാദിത്തം സ്വയം ഏറ്റെടുത്തുകൊണ്ട്, സ്വയം ന്യായീകരിക്കാതെയും, എന്റെ പാപത്തിനു കാരണം മറ്റുള്ളവരാണെന്ന് കരുതാതെയും, കുമ്പസാരം കേൽക്കുന്ന വൈദികന്റെ മുന്നിൽ നല്ലവനായി/നല്ലവളായി കാണപ്പെടണമെന്ന ചിന്തയില്ലാതെയും, ആത്മാർത്ഥമായി മനസ്തപിച്ചും, എല്ലാ പാപങ്ങളും ഏറ്റു പറഞ്ഞുള്ള കുമ്പസാരമാണ് നല്ല കുമ്പസാരം. മനപൂർവം പാപം മറച്ചുവച്ചു കുമ്പസാരിക്കുന്നതും പാപത്തിന്റെ ഗൗരവം കുറച്ചു കാട്ടി കുമ്പസാരിക്കുന്നതും കുമ്പസാരത്തെ അസാധുവാക്കുന്നു. പാപം മറച്ചു വച്ചും പാപത്തിന്റെ ഗൗരവം മറച്ചു വച്ചും കുമ്പസാരിക്കുന്നത് കൂടുതൽ ഗൗരവമായ പാപമാകും. പാപങ്ങൾ മറന്നുപോകാതെ എഴുതിക്കൊണ്ട് പോയി കുമ്പസാരിക്കുന്നത് ഉപകാരപ്രദമായ ഒരു രീതിയാണ്. യഥാർത്ഥ പശ്ചാത്താപം ഇനിമേൽ പാപം ചെയ്യുകയില്ല എന്ന തീരുമാനത്തിലും പാപം ചെയ്യാതിരിക്കാനുള്ള പരിശ്രമത്തിലുമാണ് അടങ്ങിയിരിക്കുന്നത്. പാപസാഹചര്യങ്ങളുപേക്ഷിക്കാനും പാപത്തെ വെറുക്കാനും ദൈവത്തെ കൂടുതൽ സ്നേഹിക്കാനുമുള്ള സന്നദ്ധത യഥാർത്ഥ അനുതാപത്തിന്റെ അടയാളമാണ്.

## പാപങ്ങളെ യഥാർത്ഥമായി കണ്ടുപിടിക്കുന്നതിനു സഹായം ലഭ്യമാകുന്നതിന് പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

'പരിശുദ്ധ റൂഹായായ ദൈവമേ, എഴുന്നെള്ളിവന്ന് എന്റെ ബോധത്തെ പ്രകാശിപ്പിക്കണമെ. എന്റെ പാപങ്ങളെല്ലാം കണ്ടു പിടിപ്പാനും

www.malankaralibrary.com

അവയുടെ തിന്മയേയും കാഠിന്യത്തെയും ഗ്രഹിപ്പാനും അവയെക്കുറിച്ച് പരമാർത്ഥമായി മനസ്താപപ്പെടുവാനും അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിപ്പാനും എനിക്കു കൃപ ചെയ്യണമെ. പാപികളുടെ സങ്കേതമായ മറിയമെ, വ്യാകുലമാതാവെ, എന്റെ പാപങ്ങളെപ്പറ്റി ഉത്തമ മനസ്താപം ഉണ്ടാകുവാൻ എനിക്കുവേണ്ടി അപേക്ഷിക്കണമെ. എന്റെ പ്രിയമുള്ള കാവൽ മാലാഖാ, ഞാൻ കഴിപ്പാൻ പോകുന്ന ഈ കുമ്പസാരം എന്റെ ആയുസ്സിൽ അവസാനത്തേതെന്നവണ്ണം പരമാർത്ഥമായി കഴിപ്പാനും മേലിൽ നല്ലവനായ ദൈവത്തിനു വിരോധമായി പാപം ചെയ്യാതിരിപ്പാനും എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ. ആമ്മീൻ'.

## നല്ല കുമ്പസാരത്തിന് ആവശ്യമായ ഘടകങ്ങൾ

### 12.1. ആത്മശോധന

സൂക്ഷ്മതയോടുകൂടെ ജീവിത പരിശോധന നടത്തുക. ദൈവകല്പനകൾക്കും തിരുസഭയുടെ കല്പനകൾക്കും വിരോധമായി ചെയ്ത പാപങ്ങളെപ്പറ്റി ശരിയായി ആത്മശോധന ചെയ്യുക. കൂടാതെ, നിഗളം, ദ്രവ്യാഗ്രഹം, കോപം, കൊതി, അസൂയ, മടി, മോഹം തുടങ്ങിയ ദുർഗുണങ്ങളെപ്പറ്റി പരിശോധിക്കുക.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞു, 'ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ പാപം പാപബോധം നഷ്ടപ്പെട്ടിരിക്കുന്നു എന്നതാണ്'. പാപബോധത്തിനു പകരം വർദ്ധിക്കുന്നത് കുറ്റബോധമാണ്. കുറ്റബോധം മനുഷ്യനിൽ മാനസികത്തളർച്ച സൃഷ്ടിക്കുകയും അപകടകരമായ അവസ്ഥയിലെത്തിക്കുകയും ചെയ്യുന്നു. അമിതമായ കുറ്റബോധം മനുഷ്യനെ മദ്യം, മയക്കുമരുന്ന്, ഭക്ഷണപ്രിയം, ആത്മഹത്യ, കുറ്റകൃത്യങ്ങൾ എന്നീ വിപത്തുകളിലേക്ക് എത്തിക്കും. നിരാശയും വെറുപ്പും തന്നോടുതന്നെയുള്ള ഇഷ്ടക്കേടും മടുപ്പും എല്ലാം ഇതിന്റെ ഭാഗമാണ്. പാപബോധം എന്നത് പക്വമായ മനസ്സോടും യാഥാർത്ഥ്യബോധത്തോടും കൂടി ഒരുവന്റെ ആത്മിക, മാനസിക അവസ്ഥ തിരിച്ചറിയുന്നതും തന്റെ തെറ്റുകളും പാപങ്ങളും ദൈവസ്നേഹത്തിന് എതിരായുള്ളവയാണെങ്കിലും കരുണാമയനായ ദൈവതിരുമുമ്പിൽ താൻ സ്വീകാര്യനാണ് എന്ന ചിന്തയിൽനിന്ന് വരുന്നതുമായ വിനീത ഭാവമാണ്. കുറ്റബോധത്തിന്റെ അടിസ്ഥാനം, സ്വാർത്ഥസ്നേഹവും അഹംഭാവവുമാണ്. പാപബോധത്തിന്റെ അടിസ്ഥാനമാകട്ടെ ദൈവസ്നേഹവും അവിടുത്തെ കരുണയുമാണ്.

www.malankaralibrary.com

ദൈവസ്നേഹത്തിൽനിന്നും മനുഷ്യസ്നേഹത്തിൽനിന്നും നമ്മെ അകറ്റുന്നതെല്ലാം പാപമാണ്. ക്രിസ്തീയ വിശ്വാസത്തിൽ അടിസ്ഥാനപരമായി ഒരു പ്രമാണമേയുള്ളൂ. അത് സ്നേഹത്തിന്റെ പ്രമാണമാണ്. അതിൽ ദൈവസ്നേഹവും മനുഷ്യസ്നേഹവും ഉൾച്ചേർന്നിരിക്കുന്നു. അതിനാൽ സ്നേഹത്തിന്റെ നിരസനമാണ് പാപം, കൽപനലംഘനമാണ് പാപം. ഒരാൾ പാപം മൂലം ദൈവത്തിൽനിന്നും മനുഷ്യരിൽനിന്നും അകലുന്നു. ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനുമായി കൂട്ടിച്ചേർക്കപ്പെടുന്ന അനുരഞ്ജനത്തിന്റെ കൂദാശയാണ് വി.കുമ്പസാരം. സ്നേഹത്തിന്റെ നിരസനമായ പാപത്തിന് പരിഹാരം സ്നേഹമാണ്. കുമ്പസാരത്തിലൂടെ ഒരാൾ സ്നേഹത്തിലേക്ക് തിരിച്ചുവരുന്നു.

## ആത്മശോധനയ്ക്കുതകുന്ന ചിന്തകൾ

പത്തു കല്പനകളും തിരുസഭയുടെ അഞ്ചു കല്പനകളും അതു നൽകുന്ന ചിന്തകളും അനുതാപത്തിലേക്കു നയിക്കും. പത്തു കല്പനയിലെ ആദ്യത്തെ മൂന്നു കല്പനകൾ ദൈവസ്നേഹവുമായി ബന്ധപ്പെട്ടതാണ്. മണവാളൻ മണവാട്ടി ബന്ധത്തിൽ ഇത് കൂടുതൽ മനസിലാകും. മണവാളനായ യേശുവിന് മണവാട്ടിയായ ഞാൻ ഒന്നാം സ്ഥാനം നൽകുന്നുണ്ടോ? ആരാധന ദൈവത്തിന് മാത്രം അർപ്പിക്കുന്നുണ്ടോ? മറ്റ് ദൈവങ്ങളെയോ മറ്റ് വസ്തുക്കളെയോ ആരാധിക്കുന്നുണ്ടോ? ദൈവനാമത്തിന്റെ പരിശുദ്ധി ഞാൻ സംരക്ഷിക്കുന്നുണ്ടോ? ദൈവനാമത്തിൽ വൃഥാ ആണയിടുകയും ദൈവനാമത്തെ ദുഷിക്കുകയും ചെയ്യുന്നുണ്ടോ?

ദൈവികസ്ഥലങ്ങൾ, ദൈവിക വ്യക്തികൾ എന്നീ കാര്യങ്ങൾക്ക് ബഹുമാനവും ആദരവും നൽകുന്നുണ്ടോ? ദേവാലയത്തെയും ദേവാലയ ശുശ്രൂഷകരായ പുരോഹിതരെയും സമർപ്പിതരെയും അപമാനിക്കുകയും ഉചിതമായ ബഹുമാനം നൽകാതിരിക്കുകയും ചെയ്യുന്നുണ്ടോ? കർത്താവിന്റെ ദിവസമായ ഞായറാഴ്ച ഒരുക്കത്തോടെ വി. കുർബാനയിൽ പൂർണമായി, ബോധപൂർവ്വം, സജീവമായി പങ്കെടുക്കുന്നുണ്ടോ? മറ്റു കൂദാശകളിൽ, പ്രത്യേകിച്ച് വി, കുമ്പസാരത്തിൽ ഞാൻ എപ്രകാരമാണ് ഉൾച്ചേരുന്നത്? വി. അഗസ്തീനോസ് പറഞ്ഞു. 'നീ പ്രാർഥിക്കുമ്പോൾ ദൈവത്തോടു സംസാരിക്കും. വി. വേദപുസ്തകം വായിക്കുമ്പോൾ ദൈവം നിന്നോടു സംസാരിക്കുന്നു.'

www.malankaralibrary.com

മണവാട്ടിയായ ഞാൻ മണവാളനായ യേശുവിന്റെ അടുത്തിരിക്കാനും, പ്രാർത്ഥനയിലൂടെ സംസാരിക്കാനും പരിശ്രമിക്കുന്നുണ്ടോ? സഭ നിഷ്കർഷിക്കുന്ന യാമപ്രാർത്ഥനകൾ അപ്രകാരം നിർവഹിക്കുന്നുണ്ടോ? വി. ലിഖിതം വായിച്ച് മണവാളനായ യേശുവിനെ കേൾക്കാൻ ശ്രമിക്കുന്നുണ്ടോ? രാവിലെയും വൈകിട്ടും ലിഖിത വായനയോട് ഞാൻ വിശ്വസ്തത പുലർത്തുന്നുണ്ടോ? സഭ നിഷ്കർഷിക്കുന്ന നോമ്പ്, ഉപവാസം, വർജന ഇവയോട് വിശ്വസ്തത പുലർത്തുന്നുണ്ടോ? മണവാളനായ യേശുവിനോട് ഒത്തു വസിക്കാനും അവന് ഇഷ്ടമില്ലാത്തത് എല്ലാം വർജ്ജിക്കുന്നതുമാണ് നോമ്പിലെ ഉപവാസം, വർജ്ജന എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നോമ്പുകാലം വിശ്വസ്തതയോടെ നിർവഹിച്ചോ?

നാലു മുതൽ പത്തുവരെയുള്ള കല്പനകൾ മനുഷ്യസ്നേഹവുമായി ബന്ധപ്പെട്ടവയാണ്

- മാതാപിതാക്കളെ ഞാൻ വേണ്ടപോലെ ബഹുമാനിക്കുന്നുണ്ടോ?
- അവരെ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ മുറിപ്പെടുത്തുന്നുണ്ടോ?
- അവർക്ക് ഉചിതമായ സ്നേഹവും ശുശ്രൂഷയും സംരക്ഷണവും കരുതലും നൽകുന്നുണ്ടോ?
- അവരെ അവഗണിക്കുന്നുണ്ടോ?
- മാതാപിതാക്കളെന്ന നിലയിൽ മക്കളോടുള്ള എന്റെ കടമ ഞാൻ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നുണ്ടോ?
- ക്രിസ്തീയ മാതാപിതാക്കളെന്ന നിലയിൽ സാക്ഷ്യജീവിതം നയിക്കുന്നുണ്ടോ? (മദ്യപാനം, ധൂർത്ത്)
- കുടുംബാരാധനയിൽ കുഞ്ഞുങ്ങൾക്ക് മാതൃക നൽകുന്നുണ്ടോ?
- അകാരണമായി കുഞ്ഞുങ്ങളെ മുറിപ്പെടുത്തുകയും ശപിക്കുകയും അവഗണിക്കുകയും കുഞ്ഞുങ്ങൾക്ക് നൽകേണ്ട സ്നേഹവും സമയവും നൽകാതിരിക്കുകയും ചെയ്യുന്നുണ്ടോ?
- കുഞ്ഞുങ്ങൾക്ക് നൽകേണ്ട ഭൗതിക, ബൗദ്ധിക സാഹചര്യങ്ങൾ കഴിവനുസരിച്ച് നൽകുന്നുണ്ടോ?
- കൊല്ലരുത് എന്ന അഞ്ചാം പ്രമാണം മനുഷ്യജീവന്റെ മാഹാത്മ്യത്തെ വെളിപ്പെടുത്തുന്നു.
- മനുഷ്യജീവന് ഹാനികരമാകുന്നതെന്തും അഞ്ചാം പ്രമാണത്തിന്റെ ലംഘനമാണ്. ഭ്രൂണഹത്യ, കൊലപാതകം, ദയാവധം, ആത്മഹത്യ

www.malankaralibrary.com

ഇവയെല്ലാം ഈ ഗണത്തിൽപെടും. ഇവയെല്ലാം മാരകപാപങ്ങളുടെ ഗണത്തിൽപ്പെടുന്നു.

- മറ്റുള്ളവരെ നേരിട്ട് മുറിപ്പെടുത്തുന്നതും ആക്രമിക്കുന്നതും നേരിട്ടുള്ള കൊലപാതക ശ്രമമാണ്. വ്യക്തിഹത്യ ചെയ്യുന്നത്, സത്പേര് ഇല്ലാതെയാക്കുന്നത്, വാക്കുകൾകൊണ്ട് മുറിപ്പെടുത്തുന്നത് ഇവയെല്ലാം പരോക്ഷമായ കൊലപാതകം തന്നെയാണ്.
- സ്വന്തം ജീവനു പ്രാധാന്യം നൽകാതെ സ്വന്തം ആരോഗ്യത്തെ ഹനിക്കുന്ന മദ്യപാനം, പുകവലി, ലഹരിയുടെ ഉപയോഗം ഇവയെല്ലാം അഞ്ചാം കല്പനയുടെ പരിധിയിൽപ്പെടുന്നു.
- നാം ജീവിക്കുന്ന ഭൂമിയുടെ ജീവന് ഹാനി വരുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാറുണ്ടോ? മണ്ണ്, വെള്ളം, വായു എന്നിവയുടെ മലിനീകരണത്തിനു കാരണമാകുന്ന പ്രവർത്തികൾ എന്നിൽ നിന്നുണ്ടാകുന്നുണ്ടോ? പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഹാനി വരുത്തുന്ന പ്രവർത്തികൾ എന്നിൽ നിന്നുണ്ടാകുന്നുണ്ടോ?
- ആറും ഒൻപതും കല്പനകൾ ഒന്നിച്ചുപോകുന്നതാണ്. കുടുംബജീവിതത്തിലെ ദാമ്പത്യ വിശ്വസ്തത, സ്വന്ത ശരീരത്തിന്റെ വിശുദ്ധി ഇവ സംരക്ഷിക്കാൻ ഈ കല്പന നിർദേശിക്കുന്നു.
- ഭാര്യാഭർത്താക്കന്മാർ പരസ്പരം നൽകേണ്ട സ്നേഹം മറ്റാർക്കെങ്കിലും ചിന്തയിലോ മനസിലോ പ്രവർത്തിയിലോ നൽകുന്നെങ്കിൽ അത് ഈ കല്പനയ്ക്കു എതിരാണ്.
- വിവാഹത്തിനു പുറത്തും വിവാഹത്തിന് മുമ്പുമുള്ള ലൈംഗിക ബന്ധങ്ങൾ ആറാം കല്പനയുടെ ലംഘനമാണ്.
- മോഷ്ടിക്കരുത്, അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുത് എന്നീ ഏഴും പത്തും കല്പനകൾ ഒന്നിച്ചു പോകുന്നതാണ്.
- എനിക്ക് അർഹതയില്ലാത്തവയെ ഏതെങ്കിലും തരത്തിൽ മറ്റുള്ളവരിൽനിന്നും സ്വന്തമാക്കുന്നതിനെയാണ് മോഷണം എന്നതുകൊണ്ട് മനസിലാക്കേണ്ടത്.
- നേരിട്ടുള്ള മോഷണം, അപഹരണം, കള്ളക്കച്ചവടം, മായം ചേർക്കൽ, തെറ്റായ പരസ്യം, തൂക്കത്തിൽ അവിശ്വസ്തത, ജോലിക്ക് തക്കതായ കൂലി കൊടുക്കാതിരിക്കുക, സമയത്തു കൂലി കൊടുക്കാതിരിക്കുക, പരീക്ഷയ്ക്ക് കോപ്പിയടിക്കുക എല്ലാം ഈ കൽപ്പനയുടെ ലംഘനമാണ്
- എട്ടാം കൽപ്പന സത്യമേ പറയാവൂ, സത്യം മാത്രമേ പറയാവൂ,

www.malankaralibrary.com

പ്രവർത്തിക്കാവൂ, സത്യത്തിന് മാത്രമേ സാക്ഷ്യം നൽകാവൂ എന്ന് പഠിപ്പിക്കുന്നു. കാര്യസാധ്യത്തിന് വേണ്ടി കള്ളം പറയുക, സത്യത്തെ തമസ്കരിക്കുക, സത്യത്തെ മറച്ചുവയ്ക്കുക, സത്യം പറയാതിരിക്കുക, മറ്റുള്ളവർക്കെതിരെ കള്ളസാക്ഷ്യം നൽകുക, എല്ലാം ഈ കല്പനയുടെ ലംഘനമാണ്. തിരുസഭയുടെ കല്പനകൾ എല്ലാം തന്നെ പത്തു കല്പനകളുടെ വിശാലമായ ചിന്തയിൽ ഉൾപ്പെടുന്നതാണ്.

- കർത്താവിന്റെ മലയിലെ പ്രസംഗത്തിൽ പറയുന്ന, മത്തായി 5, 6, 7 അധ്യായത്തിലെ, സുവിശേഷ മൂല്യങ്ങൾ അനുതാപത്തിന് സഹായിക്കും.
- ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലാത്ത ജഡത്തിന്റെ വ്യാപാരങ്ങൾ വിശുദ്ധ പൗലോസ് ഗലാത്യക്കാരെ ഉദ്ബോധിപ്പിക്കുന്നു: വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം എന്നിവയും ഈ ദൃശ്യമായ പ്രവർത്തികളും ആണ്. ഇത്തരം പ്രവർത്തിയിൽ ഏർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല എന്ന് മുമ്പ് ഞാൻ നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു (ഗലാ 5:19-21) വിശുദ്ധ പൗലോസ്ശ്ലീഹാ നിർദേശിക്കുന്ന, മുകളിൽ പറഞ്ഞ 15 കാര്യങ്ങളും ആത്മശോധനയ്ക്ക് വിഷയം ആക്കണം.
- വി. പൗലോസ് ശ്ലീഹാ പറയുന്നു, ഒരു വ്യക്തിയുടെ ആത്മീയതയുടെ അളവുകോൽ ഒരുവനിൽ ആത്മാവിന്റെ ഫലങ്ങൾ ഉണ്ടോ (മത്താ 5:16,20) എന്ന് നോക്കിയാണ്. ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം (ഗലാ 5:22-23) ഇവയാണ്. ഇവയ്ക്കെതിരെ ഒരു നിയമവുമില്ല. കുമ്പസാരത്തിന് മുമ്പ് ഈ ഫലങ്ങൾ എന്നിൽ എത്ര ഉണ്ട് എന്ന് ആത്മശോധന ചെയ്യണം.
- വിശുദ്ധ പൗലോസ്ശ്ലീഹാ ഒന്ന് കോറിന്തോസ് 13-ാം അധ്യായത്തിൽ സ്നേഹകാവ്യം എഴുതിക്കൊണ്ട് സ്നേഹത്തിന്റെ മാഹാത്മ്യം വിവരിക്കുന്നു. സ്നേഹമില്ലെങ്കിൽ, പരിശുദ്ധാത്മ വരങ്ങളായ ഭാഷാവരം, പ്രവചന വരം, വിശ്വാസവരം, എന്നിവ ഉണ്ടെങ്കിലും അതിന് ഒരു പ്രയോജനവുമില്ല. സ്നേഹം ദീർഘക്ഷമയുള്ളതും ദയ ഉള്ളതുമാണ്, സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യു

www.malankaralibrary.com

ന്നില്ല, അഹങ്കരിക്കുന്നില്ല, സ്നേഹം അനുചിതമായി പെരുമാറു ന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല, അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു, സ്നേഹം സകലവും സഹിക്കുന്നു, സകല തും വിശ്വസിക്കുന്നു, സകലവും പ്രത്യാശിക്കുന്നു, സകലത്തെയും അതിജീവിക്കുന്നു, സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല, I കോറിന്തോസ് 13:4-8 ഈ പ്രഭാഷണത്തിലൂടെ വിശുദ്ധ പൗലോസ് സ്നേഹത്തിനെതിരായ പാപങ്ങളുടെ പട്ടിക വിവരിക്കുന്നു. ഇത് ആത്മശോധനയ്ക്ക് സഹായിക്കും. സ്നേഹം എന്ന വാക്കിനു പകരം ഓരോരുത്തരും അവരവരുടെ പേരുകൾ വച്ച് ഈ വചനഭാഗം വായിക്കുന്നത് ആത്മശോധനയ്ക്ക് കൂടുതൽ സഹായകമാകും.

- എനിക്ക് ക്ഷമിക്കാൻ സാധിക്കുന്നുണ്ടോ? അതോ എന്നിൽ പകയും വിദ്വേഷവും ആണോ? ഞാൻ ആരോടെങ്കിലും വിദ്വേഷം പുലർ ത്തുന്നുണ്ടോ? എനിക്ക് മറ്റുള്ളവരോട് ദയ കാണിക്കാൻ സാധിക്കു ന്നുണ്ടോ? അവരോട് സഹതാപം കാണിക്കാനും അവരെ സഹായി ക്കാനും അവരെ കൂടെ നിർത്താനും അവരോട് മനുഷ്യത്വം കാണി ക്കാനും സാധിക്കുന്നുണ്ടോ? മറ്റുള്ളവരുടെ നന്മയിൽ, വളർച്ചയിൽ എന്നിൽ അസൂയ ഉണ്ടാകുന്നുണ്ടോ? അവരെ താഴ്ത്തി കാണി ക്കാൻ, അവരുടെ നന്മയെ അംഗീകരിക്കാതെ അവരോട് മനസ്സുകൊണ്ട് അകലം പാലിക്കുന്നുണ്ടോ? അവരെ സഹായിക്കുന്നുണ്ടോ? എന്റെ കഴിവിലും നന്മയിലും ഞാൻ എല്ലാമാണെന്ന ഭാവത്തിൽ ആത്മ പ്രശംസ തോന്നാറുണ്ടോ? ഞാൻ ആഗ്രഹിക്കുന്ന രീതിയിൽ എന്നെ മറ്റുള്ളവർ പ്രശംസിക്കാതിരിക്കുമ്പോൾ ദുഖവും അവരോട് നീരസവും തോന്നാറുണ്ടോ?
- എന്നിൽ അഹങ്കാരം ഉണ്ടോ? എല്ലാവരും എന്റെ കീഴിൽ നിൽക്കേ ണ്ടവരാണെന്നും ഞാനെന്ന അഹങ്കാര ചിന്തയിലാണോ എന്റെ സംസാരവും പെരുമാറ്റവും? എന്നിൽ എളിമയുണ്ടോ? ഞാൻ അനുചിതമായി പെരുമാറുന്നുണ്ടോ?
- മറ്റുള്ളവർക്ക് വേദനയോ, ഭാരമോ, നഷ്ടമോ, അസന്തോഷമോ, എന്റെ പെരുമാറ്റത്തിൽ നിന്നും ഉണ്ടാകുന്നുണ്ടോ?
- ഞാൻ സ്വാർത്ഥമായി പെരുമാറുന്നുണ്ടോ? ഞാൻ, എന്റേത്, എന്ന ചിന്തയിൽ സ്വാർത്ഥമായിട്ടാണോ ഞാൻ ചിന്തിക്കുന്നതും പെരു മാറുന്നതും? മറ്റുള്ളവരെക്കുറിച്ച് എനിക്ക് എത്രമാത്രം ചിന്തയുണ്ട്?

www.malankaralibrary.com

- ഞാൻ മറ്റുള്ളവരോട് കോപിക്കാറുണ്ടോ? കോപം വഴി അവരെ മുറിപ്പെടുത്താറുണ്ടോ? കോപം എന്റെ സ്വഭാവത്തിന്റെ ഭാഗമായി തീർന്നിട്ടുണ്ടോ?
- ഞാൻ ആരോടെങ്കിലും വിദ്വേഷമോ പകയോ ശത്രുതയോ പുലർത്തുന്നുണ്ടോ?
- ക്ഷമിക്കാതിരിക്കുന്നുണ്ടോ? ഞാൻ അനീതിയിൽ സന്തോഷിക്കുന്നുണ്ടോ?
- അസത്യത്തിൽ ആഹ്ളാദം കൊള്ളുന്നുണ്ടോ?
- എല്ലാം സഹിക്കാനും എല്ലാവരോടും പരിധിയില്ലാതെ ക്ഷമിക്കാനും എനിക്ക് സാധിക്കുന്നുണ്ടോ?
- എന്നിൽ ദൈവിക പുണ്യങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എത്രമാത്രമുണ്ട്?
- ദൈവത്തിൽ പൂർണമായി വിശ്വസിക്കാനും ദൈവത്തിൽ പൂർണ്ണ പ്രത്യാശ വയ്ക്കാനും ദൈവത്തെ പൂർണമായി സ്നേഹിക്കാനും സാധിക്കുന്നുണ്ടോ?
- അവിശ്വാസം, നിരാശ, സ്നേഹമില്ലായ്മ എന്നിവ എന്നിൽ എത്രമാത്രമുണ്ട്?

ഇവയെല്ലാം ആത്മശോധനയ്ക്ക് ഉപകരിക്കും. മൂലപാപങ്ങൾ ആയ അഹങ്കാരം, ദ്രവ്യാഗ്രഹം, അസൂയ, കോപം, വിഷയാസക്തി, അത്യാർത്തി, മടി എന്നിവയും ആത്മശോധനയ്ക്ക് വിഷയം ആക്കാവുന്നതാണ്.

വിവാഹത്തിന്റെ ആദ്യ സമയങ്ങളിൽ ഭാര്യാഭർത്താക്കന്മാർക്കിടയിൽ തീവ്രമായ വൈകാരിക സ്നേഹമുണ്ട്. ഈ സമയത്ത് ഭാര്യാഭർത്താക്കന്മാർ പരസ്പരം ചിന്തയിലോ വാക്കിലോ പ്രവർത്തിയിലോ വേദനിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കും. ചെറിയ ഒരു കുറവുണ്ടായാൽ എത്രയും പെട്ടെന്ന് പരസ്പരം പറഞ്ഞ് സ്നേഹത്തിലാകാൻ ശ്രമിക്കും. മണവാളൻ മണവാട്ടി ബന്ധത്തിൽ മണവാളനായ യേശുവിനെ ഏതെങ്കിലും തരത്തിൽ വേദനിപ്പിച്ചു എന്നുള്ള, മണവാട്ടിയായ വിശ്വാസിയുടെ അതീവ ദുഃഖവും ഏറ്റുപറച്ചിലും ആണ് കുമ്പസാരത്തിന്റെ അടിസ്ഥാനം. അതിനാലാണ് യേശുവുമായി ആഴമായി ബന്ധത്തിൽ ആയിരിക്കുന്നവർക്ക് യേശുവിനെ ഏതെങ്കിലും തരത്തിൽ വേദനിപ്പിച്ചു എന്ന തോന്നൽ പെട്ടെന്ന് ഉണ്ടാകുന്നതും, പെട്ടെന്ന് അനുരഞ്ജന കൂദാശയ്ക്ക് അണയുന്നതും. യേശുവുമായുള്ള ഈ ആഴമായ ബന്ധം കുറയുന്നതിനനുസരിച്ച് യേശുവിനെ വേദനിപ്പിച്ചു എന്ന തോന്നൽ

www.malankaralibrary.com

ഇല്ലാതാകും. പാപബോധം ഇല്ലാതാകും, കുമ്പസാരം നിന്നുപോകും. മാസങ്ങൾ, വർഷങ്ങൾ പാപബോധം ഇല്ലാതെ ജീവിക്കും. ഈ ആരാധനക്രമ വർഷം വഴി അനുരഞ്ജന കൂദാശ, കുമ്പസാരത്തിന്റെ ആഴങ്ങൾ അറിയുവാനും അനുഭവിക്കാനും നമുക്ക് പരിശ്രമിക്കാം.

**12.2. പശ്ചാത്താപം**

പാപത്തെക്കുറിച്ചുള്ള ഹൃദയപൂർവ്വമായ ദുഃഖം പാപമോചനത്തിന് അത്യന്താപേക്ഷിതമാണ്.

മാനസാന്തരപ്പെട്ടവന്റെ കുമ്പസാരമാണ് പാപമോചനത്തെ നൽകുന്നത്. ഇപ്രകാരമുള്ള ഹൃദയദുഃഖം ഉണ്ടാകുന്നതിനായി പ്രാർത്ഥിക്കണം. ദൈവത്തിങ്കലേക്കു തിരിയുന്നതാണ് മാനസാന്തരം. ഹൃദയം നുറുങ്ങിയുള്ള ദുഃഖത്തിൽ കൂടിയാണ് ഒരുവൻ ദൈവത്തിങ്കലേക്ക് തിരിയുന്നത്. താഴെ ചേർത്തിരിക്കുന്ന അനുതാപ പ്രാർത്ഥന ഈ അവസരത്തിൽ ചൊല്ലുന്നത് സന്ദർഭോചിതമാണ്. “സർവ്വശക്തനും നിത്യനുമായ ദൈവമേ, നീ ഉടയവൻ, ഞാനോ നീച അടിമ. ഈ അടിമ സർവ്വനന്മസ്വരൂപിയായിരിക്കുന്ന നിന്നെ ശങ്കിക്കാതെ നിനക്കു വിരോധമായി പാപങ്ങൾ ചെയ്തു. നിനക്കെതിരായി ദ്രോഹങ്ങൾ ചിന്തിച്ചു. കർത്താവേ, എന്റെ പാപങ്ങളാൽ സ്ലീബായിൽ നിന്നെ ഞാൻ തറച്ചു. നിന്റെ തിരുമുറിവുകൾക്കും രക്തച്ചൊരിച്ചിലിനും ഞാനത്രേ കാരണം. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ ഞാൻ നശിപ്പിച്ചു. ഞാൻ പിശാചിന് അടിമയായിപ്പോയി. നിത്യനരകത്തിനു ഞാൻ യോഗ്യനായി. എന്നാൽ മോക്ഷം നഷ്ടമായതിലുള്ള സങ്കടത്തേക്കാളും നരകത്തിൽ പോകുമെന്നുള്ള ഭയത്തേക്കാളും നല്ല പിതാവായ നിന്നെ സങ്കടപ്പെടുത്തിയതിനാൽ ഞാൻ ദുഃഖിക്കുന്നു. പിതാവെ, സ്വർഗ്ഗത്തിൻ മുമ്പാകെയും നിനക്കു വിരോധമായും ഞാൻ തിന്മ ചെയ്തു. എന്നോടു ക്ഷമിക്കണമേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നും എടുത്തു കളയരുതേ. ഇനി മേൽ നിനക്കു വിരോധമായി പാപങ്ങൾ ചെയ്കയില്ലെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു. നിത്യപിതാവേ, നിന്റെ തിരുക്കുമാരനെ ഓർത്ത് എന്നോടു കരുണയുണ്ടാകണമെ.

ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവകുഞ്ഞാടായ എന്റെ യേശുവെ, നിന്റെ തിരുമുറിവുകളുടെ യോഗ്യതകളെ ഓർത്ത് എന്റെ പാപങ്ങൾ ക്ഷമിക്കണമേ. എന്നെ അനുഗ്രഹിക്കണമെ. മറിയം മഗ്ദലനയോടുകൂടി നിന്റെ തൃപ്പാദങ്ങളെ ചുംബിക്കുന്ന ഈ ധൂർത്തനായ പുത്രനെ കൈക്കൊള്ളണമെ. നിന്റെ തിരുമുറിവുകളിൽ നിന്നൊഴുകുന്ന വിലയേറിയ തിരുരക്തത്താൽ എന്റെ ആത്മാവിനെ കഴുകണമെ.

www.malankaralibrary.com

വ്യാകുലയായ മാതാവേ, നീ വഴിയായി ഞാൻ എന്റെ തമ്പുരാനെ വീണ്ടും കണ്ടെത്തട്ടെ. സ്വർഗ്ഗവാസികളായ മാലാഖമാരെ, പരിശുദ്ധന്മാരെ, നിങ്ങളും എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. ആമ്മീൻ".

### 12.3. മേലിൽ പാപം ചെയ്യുകയില്ലെന്നു തീർച്ചയാക്കുക

ശരിയായും ഫലപ്രദമായും കുമ്പസാരിക്കുന്നതിനു വീണ്ടും പാപം ചെയ്കയില്ലെന്നുള്ള അനുതാപിയുടെ തീരുമാനം ആവശ്യമാണ്. ചെയ്തുപോയ പാപങ്ങളെപ്പറ്റി ഹൃദയത്തിന്റെ അനുതാപവും ഇപ്പോൾ അതിൽ നിന്നുള്ള വിടുതലും ഭാവിയിൽ അതിൽനിന്നു വിട്ടുനിൽക്കാനുള്ള ഒരുക്കവുമാണ് കുമ്പസാരത്തിൽനിന്നു നേടുക. ഇനി ഒരിക്കലും പാപം ചെയ്യുകയില്ലെന്നുള്ള അനുതാപിയുടെ ദൃഢനിശ്ചയം പ്രായശ്ചിത്തം അന്വേഷിക്കുന്നു. അതാണ് ഹൃദയപൂർവ്വമായ അനുതാപത്തിന്റെ ലക്ഷണം.

### 12.4. പട്ടക്കാരന്റെ മുമ്പാകെയുള്ള ഏറ്റുപറച്ചിൽ

ആത്മാവിന്റെ രോഗമാകുന്ന പാപം സൗഖ്യമാക്കുന്ന വൈദ്യനാണ് കുമ്പസാരക്കൂട്ടിലെ വൈദികൻ. അതുകൊണ്ട് ആത്മാവിന്റെ രോഗങ്ങളാകുന്ന പാപങ്ങൾ വ്യക്തമായി പറയണം. ഏതൊരു വൈദ്യനും രോഗിയുടെ രോഗത്തിന്റെ നിജസ്ഥിതി അറിഞ്ഞാൽ ശരിയായ ചികിത്സ നൽകുന്നതുപോലെ എല്ലാ പാപങ്ങളും വ്യക്തമായി ഏറ്റുപറഞ്ഞാൽ ആത്മാക്കളുടെ വൈദ്യനായ വൈദികൻ രോഗങ്ങൾക്ക് ശരിയായ സൗഖ്യം നൽകുന്നു. ആത്മാവിന്റെ സൗഖ്യം ക്രമാനുഗതമായാണ് സംഭവിക്കുന്നത്. പാപി തന്നിലേക്കുതന്നെ ആത്മാർത്ഥമായി തിരിഞ്ഞ് തന്റെ ആത്മാവിന്റെ നിജസ്ഥിതി മനസിലാക്കി പാശ്ചാത്താപത്തോടെ വൈദികന്റെ പക്കൽ പാപങ്ങൾ ഏറ്റു പറയുമ്പോൾ സൗഖ്യത്തിനുള്ള മാർഗ നിർദ്ദേശങ്ങൾ നൽകി വൈദികൻ നയിക്കും. ചിന്തകൾ, വാക്കുകൾ, പ്രവൃത്തികൾ, മനോഭാവങ്ങൾ, ഉപേക്ഷകൾ, എല്ലാം വ്യക്തമാക്കിയാൽ ആത്മാവിന്റെ നിജസ്ഥിതി മനസിലാക്കി നയിക്കാൻ വൈദികനു സാധിക്കും. ഇക്കാരണത്താലാണ് സ്ഥിരമായി ഒരു ആത്മീയ പിതാവിന്റെ പക്കൽ കുമ്പസാരിക്കുന്നത് കൂടുതൽ ഫലപ്രദമാണെന്ന് പറയുന്നത്. മനസാക്ഷിയെ രൂപീകരിക്കുന്ന കൂദാശയാണ് വി. കുമ്പസാരം. ശരിയായ മനസാക്ഷി രൂപീകരണത്തിന് ശരിയായ കുമ്പസാരം അനിവാര്യമാണ്.

നിങ്ങൾ ഭൂമിയിൽ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. ആരുടെ പാപങ്ങൾ നിങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും (യോഹ. 20:23) എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നതിനാൽ പട്ടക്കാരന്റെ അടുക്കൽ

www.malankaralibrary.com

പാപങ്ങൾ ലജ്ജ കൂടാതെ ഏറ്റുപറയണം. പാപങ്ങൾ ഏറ്റുപറയുന്നതിനു മുൻപ് 'മൗദ്യോനൂസൊ' ചൊല്ലുന്നു.

**മൗദ്യോനൂസൊ**

'പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യൈക ദൈവത്തിന്റെ തിരുമുമ്പാകെയും ദൈവമാതാവായ വിശുദ്ധ കന്യകാമറിയത്തിന്റെയും സകല വിശുദ്ധന്മാരുടെയും വിശുദ്ധ മാലാഖമാരുടെയും മുമ്പാകെയും ദൈവത്തിന്റെ പട്ടക്കാരാ, പാപങ്ങൾ മോചിപ്പാനും ബന്ധിപ്പാനും ദൈവം അങ്ങേയ്ക്ക് ഭരമേല്പിച്ചിട്ടുള്ള ആചാര്യത്വത്തിന്റെ മുമ്പാകെയും ഞാൻ എന്റെ പാപങ്ങൾ ഏറ്റുപറയുന്നു. ഞാൻ പാപിയാകുന്നു. ഞാൻ പാപിയാകുന്നു. ഞാൻ മഹാപാപിയാകുന്നു.....'

(ഇവിടെ ഏറ്റുപറച്ചിൽ നടത്തണം) എന്റെ പാപങ്ങളെപ്പറ്റി ഞാൻ സത്യമായി ദുഃഖിക്കുന്നു. അവയെല്ലാം ഞാൻ മനഃപൂർവ്വമായി വെറുത്തുപേക്ഷിക്കുന്നു. കർത്താവേശുമിശിഹായുടെ രക്ഷാകരമായ വ്യാപാരങ്ങളിലും കരുണയിലും ഞാൻ ആശ്രയിക്കുന്നു. പിതാവേ, എനിക്കു പാപമോചനം തന്ന് എന്നെ അനുഗ്രഹിക്കണമേ. (ഏറ്റുപറഞ്ഞതിന്റെ ശേഷം). ഞാൻ ഏറ്റുപറഞ്ഞിട്ടുള്ളവയും വിട്ടുപോയിട്ടുള്ളവയുമായ എന്റെ സകല പാപങ്ങൾക്കും പ്രത്യേകം എന്റെ മുൻപാപങ്ങളായ (ഇവയ്ക്കും) മോചനമപേക്ഷിക്കുന്നു.

**മനഃസ്താപപ്രകരണം**

എല്ലാ വസ്തുക്കളെയുംകാൾ സ്നേഹയോഗ്യനായ എന്റെ സർവ്വേശ്വരാ, നിനക്കെതിരായി ഞാൻ പാപം ചെയ്തതിനാൽ ദുഃഖിക്കുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ ഞാൻ മലിനമാക്കിയതിനാലും, സ്വർഗ്ഗഭാഗ്യം നഷ്ടമാക്കി നരകത്തിനു ഞാൻ യോഗ്യനായതിനാലും ഖേദിക്കുന്നു. നിന്റെ വരപ്രസാദത്തിന്റെ സഹായത്താൽ ഇനിമേൽ പാപം ചെയ്കയില്ലെന്നു ഞാൻ നിശ്ചയിച്ചു പാപഹേതുക്കളെയെല്ലാം ഉപേക്ഷിക്കുന്നു. ഇനിയും ഏതെങ്കിലും പാപം ചെയ്യുന്നതിനു മുൻപു മരിപ്പാനും ഞാൻ ഒരുങ്ങിയിരിക്കുന്നു. എന്നെ അനുഗ്രഹിക്കണമെ. ആമ്മീൻ.

തന്റെ ജീവിതത്തിലെ അവസാന കുമ്പസാരമെന്ന ബോധ്യത്തോടെയാണ് ഓരോ കുമ്പസാരവും നടത്തേണ്ടത്.

**12.5. പട്ടക്കാരൻ കല്പിക്കുന്ന പ്രായശ്ചിത്തം വിശ്വസ്തതയോടെ നിറവേറ്റുന്നു**

കുമ്പസാരത്തിൽ പട്ടക്കാരൻ നിർദ്ദേശിക്കുന്ന പ്രായശ്ചിത്തങ്ങൾ

www.malankaralibrary.com

എളിമയോടും മനോദുഃഖത്തോടുംകൂടി താമസംവിനാ നിറവേറ്റേണ്ടതാണ്. അതുപോലെ അദ്ദേഹം തരുന്ന ഉപദേശങ്ങൾ വിശ്വസ്തതയോടെ സ്വീകരിച്ച് പ്രായോഗികമാക്കേണ്ടതാണ്. കുമ്പസാരത്തിൽ കല്പിച്ചിട്ടുള്ള ആത്മദണ്ഡനങ്ങൾ ദൈവത്തിന്റെ മുമ്പാകെ കടമുള്ളതാണെന്നു ഓർത്ത് അവ എത്രയും കർശനമായി നിറവേറ്റണം. ഈ കാര്യത്തിൽ മനഃപൂർവ്വം വീഴ്ച വരുത്തിയാൽ പാപമോചനം ഫലമണിയാൻ പ്രയാസമാണ്. കുമ്പസാരത്തിൽ ഏറ്റു പറഞ്ഞു പാപമോചനം ലഭിക്കുന്നു എന്നതു പോലെ പ്രധാനപ്പെട്ടതാണ് മോചനം ലഭിച്ച പാപങ്ങൾക്കു പരിഹാരം ചെയ്യണം എന്നതും. യേശു തന്റെ പീഡാസഹനങ്ങളിലൂടെയും കുരിശു മരണത്തിലൂടെയും മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരം ചെയ്തു. യേശുവിന്റെ പാപ പരിഹാരത്തോടു ചേർത്ത് എന്റെ പരിഹാരങ്ങളും ഞാൻ സമർപ്പിക്കുമ്പോഴാണ് കുമ്പസാരം പൂർണ്ണമാകുന്നത്.

**13. അവസാനമായി, കുമ്പസാരത്തിനുശേഷം ദൈവത്തിനു ഹൃദയപൂർവ്വം നന്ദിപറയുക.**

ദൈവത്തിന്റെ അളവറ്റ കരുണയെ ഓർത്ത് ദൈവത്തെ ഹൃദയം കൊണ്ടു നന്നായി സ്നേഹിക്കുവാൻ ശ്രമിക്കേണ്ടതാണ്. കുമ്പസാരത്തിൽ ലഭിച്ച കൃപ നിലനിർത്തുന്നതിനും ദൈവമുമ്പാകെ ചെയ്ത നിശ്ചയങ്ങൾ പാലിക്കുന്നതിനും വേണ്ട കൃപയ്ക്കും ശക്തിക്കും വീണ്ടും അപേക്ഷിക്കുക. ഇവിടെ സ്തോത്രപ്രാർത്ഥന ചൊല്ലുന്നു. “മഹാദയാലുവായ ദൈവമേ, നീ എനിക്കു നൽകുന്ന അനുഗ്രഹങ്ങൾക്കു തക്ക സ്തോത്രം ചെയ്യുവാൻ എനിക്കു പ്രാപ്തി പോരാ. ഇതുവരെയും ഞാൻ എന്റെ പാപങ്ങളാൽ പിശാചിനു അടിമയായിരുന്നു. എന്നാൽ, ഇപ്പോൾ ഞാൻ നിന്റെ ദാസനായിരിക്കുന്നു. എന്റെ പാപ കാഠിന്യത്താൽ നിത്യനരകത്തിനു ഞാൻ അർഹനായിരുന്നു. എന്നാൽ, ഇപ്പോൾ പരമാനന്ദ സ്വർഗ്ഗഭാഗ്യത്തിനു ഞാൻ യോഗ്യനായിത്തീർന്നിരിക്കുന്നു. എന്റെ ദോഷങ്ങളാൽ ഞാൻ പിശാചിന്റെ സാദൃശ്യത്തിലായിരുന്നു. ഇപ്പോഴോ യേശുമിശിഹായുടെ തിരുരക്തത്തിന്റെ ഫലത്താൽ മാലാഖമാർക്കു തുല്യനായിരിക്കുന്നു. എന്റെ ദോഷങ്ങളുടെ ബഹുലത നിമിത്തം പാപചങ്ങലകളാൽ ഞാൻ ബന്ധിക്കപ്പെട്ടിരുന്നു. ഇപ്പോൾ നിന്റെ വിശേഷകൃപയാൽ ഞാൻ നിന്റെ സ്നേഹപുത്രരിൽ ഒരുവനായിരിക്കുന്നു.

www.malankaralibrary.com

നല്ലവനായ പിതാവേ, നന്ദിയോടെ നിന്നെ ഞാൻ സ്തുതിച്ചാരാധിക്കുന്നു. നിന്നെ സ്തുതിച്ചു സ്തോത്രം ചെയ്യുവാൻ എന്റെ ആയുസ്സിനെ ഞാൻ നിനക്കു സമർപ്പിക്കുന്നു.

ദൈവമാതാവും സകല പരിശുദ്ധന്മാരും സകല മാലാഖമാരുമേ, എനിക്കു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമെ. ആമീൻ".

## 14. നല്ല കുമ്പസാരത്തിന്റെ ഫലങ്ങൾ

- ചെയ്തുപോയ പാപങ്ങൾ ക്ഷമിക്കപ്പെടുന്നു.
- പാപത്താൽ മലിനമാക്കപ്പെട്ട ആത്മാവിന് പാപമുക്തിയും നില നിൽക്കുന്ന സമാധാനവും ലഭിക്കുന്നു.
- ദൈവത്തോടും സഭാഗാത്രത്തോടും, സഹോദരങ്ങളോടും തന്നോടുതന്നെയും പ്രപഞ്ചത്തോടും രമ്യതയിലാകുന്നു.
- ഇനിമേൽ പാപം ചെയ്യാതിരിക്കാനുള്ള കൃപ ലഭിക്കുന്നു.
- പാപത്തിലേക്കുള്ള അഭിനിവേശവും തിന്മയിലേക്കുള്ള പ്രവണതയും ഇല്ലാതാക്കുന്നു.
- ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളരുന്നു.
- കുഞ്ഞാടിന്റെ വിവാഹത്തിൽ സംബന്ധിക്കാനുള്ള വിവാഹ വസ്ത്രം ലഭിക്കുന്നു.
- വിശുദ്ധിയിൽ വളരാൻ കൃപ ലഭിക്കുന്നു.
- പാപത്തിലേക്ക് വഴുതി വീഴാതിരിക്കാനുള്ള അലൗകിക കൃപകൾ ലഭിക്കുന്നു.
- സ്നേഹത്തിലും വ്യക്തി ബന്ധത്തിലും വളരാൻ കൃപ ലഭിക്കുന്നു.
- പാപം മൂലം അസാദ്ധ്യമായിരുന്നതും എന്നാൽ നിത്യ സമ്മാനത്തിനുതകുന്നതുമായ അതിശ്രേഷ്ഠമായ പ്രവൃത്തികൾ ചെയ്യുവാൻ ആത്മാവിനെ ശക്തമാക്കുന്ന നൽവരങ്ങൾ നൽകുന്നു.
- ദൈവത്തിന് പ്രീതികരവും സ്വീകാര്യവുമായ ജീവിതം നയിക്കുവാൻ ശക്തി (കൃപ) ലഭിക്കുന്നു.
- എല്ലാവർക്കും അനുഗ്രഹകരമാകും വിധം വിശുദ്ധിയിൽ ജീവിക്കാനുള്ള കൃപാവരം ലഭിക്കുന്നു.

www.malankaralibrary.com

അധ്യായം 8

# രോഗികളുടെ തൈലാഭിഷേകം

ജീവിതത്തിന്റെ വ്യത്യസ്ത അവസരങ്ങളിൽ ദൈവവും മനുഷ്യനും പ്രത്യേകമായ വിധത്തിൽ സംസർഗ്ഗത്തിൽ ആകുന്ന നിമിഷം ആണല്ലോ കൂദാശകളുടെ സമയം. രോഗിയായ വ്യക്തിക്ക് ദൈവിക കൃപ (സംസർഗ്ഗം) പ്രത്യേകമായി നൽകി, ആ വ്യക്തിയെ രോഗവിമുക്തനും പാപവിമുക്തനുമാക്കുന്ന കൂദാശയാണ് രോഗികളുടെ തൈലാഭിഷേകം. രോഗീലേപന ശുശ്രൂഷ പാപപരിഹാരം നൽകുന്നതും, സൗഖ്യപ്പെടുത്തുന്നതും, നിത്യജീവനിലേക്ക് നയിക്കപ്പെടുന്നതിനുള്ള മാർഗവുമാണ്.

## 1. തൈലാഭിഷേകം വി. ഗ്രന്ഥത്തിൽ

ക്രിസ്തുനാഥൻ പലസ്തീനാ മുഴുവൻ ചുറ്റി നടന്ന് സുവിശേഷം പ്രസംഗിക്കുകയും നിരവധി രോഗികളെ സുഖപ്പെടുത്തുകയും ചെയ്തതായി വേദപുസ്തകം സാക്ഷിക്കുന്നു. രോഗികളെ സുഖമാക്കുന്ന പ്രവൃത്തി ദൈവരാജ്യത്തിന്റെ ആരംഭമായിട്ടാണ് കർത്താവ് കാണിച്ചുതരുന്നത്. ദൈവരാജ്യത്തിന്റെ സുവിശേഷവും രോഗസൗഖ്യവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. യേശു തന്റെ ശിഷ്യന്മാർക്ക് അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കാനും രോഗങ്ങളും വ്യാധികളും സുഖപ്പെടുത്താനും വേണ്ട അധികാരം നൽകുന്നതായി വി. മത്തായിയുടെ സുവിശേഷത്തിൽ നാം കാണുന്നു (മത്താ 10.1). അതനുസരിച്ച് ശിഷ്യന്മാർ പിശാചുക്കളെ ബഹിഷ്കരിക്കുകയും നിരവധി രോഗികളെ തൈലം പൂശുകയും സുഖപ്പെടുത്തുകയും ചെയ്തു (മത്താ 6.13, 4.23). അതുപോലെ തന്നെ എഴുപത് അറിയിപ്പുകാരെ അയച്ചപ്പോഴും കർത്താവ് അവരോടു പറഞ്ഞു, അവർ ഏതെങ്കിലും പട്ടണത്തിൽ ചെന്നാൽ രോഗികളെ സൗഖ്യമാക്കി ദൈവരാജ്യം നിങ്ങളെ സമീപിച്ചിരിക്കുന്നു എന്നു പറയുവിൻ (ലൂക്കാ 10.9) അപ്പസ്തോലനായ വിശുദ്ധ യാക്കോബ് ശ്ലീഹായും രോഗിലേപനത്തെക്കുറിച്ചും അതുവഴി ലഭിക്കുന്ന ദാനങ്ങളെക്കുറിച്ചും വിവരിക്കുന്നുണ്ട്: "നിങ്ങളിൽ ആരെങ്കിലും രോഗി ആണെങ്കിൽ അവൻ സഭയിലെ പ്രമാണികളെ വിളിക്കട്ടെ അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലം പൂശുകയും അവന്റെമേൽ പ്രാർത്ഥന നടത്തുകയും ചെയ്യട്ടെ. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന

www.malankaralibrary.com

രോഗിയെ രക്ഷിക്കും, കർത്താവ് അവനെ എഴുന്നേൽപ്പിക്കും. പാപം ചെയ്തിട്ടുണ്ടെങ്കിൽ അവന് പൊറുതി ലഭിക്കും" (യാക്കോബ് 5:14-15). രോഗവും പാപവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നേരത്തെ പ്രതിപാദിച്ചിട്ടുണ്ടല്ലോ. രോഗം പാപത്തിന്റെ ഫലമാകയാൽ ക്രിസ്തുവിന്റെ നാമത്തിൽ നടത്തുന്ന തൈലാഭിഷേകം വഴി ഒരുവന് രോഗശാന്തിയും പാപമോചനവും ലഭിക്കുന്നു. ചുരുക്കത്തിൽ രോഗം പാപത്തിന്റെ ഫലമാണെന്നും യേശുവിന്റെ പ്രത്യേക കരുണ മൂലം ഒരുവന് പാപത്തിൽ നിന്നുള്ള മോചനം ലഭിക്കുമ്പോൾ അവൻ രോഗത്തിൽനിന്നും വിമുക്തനാകുന്നു എന്നും നാം മനസ്സിലാക്കുന്നു. തളർവാതരോഗിയുടെ പാപം ക്ഷമിച്ച് അവന്റെ രോഗത്തെ സുഖപ്പെടുത്തുന്നതായി വിശുദ്ധ സുവിശേഷത്തിൽ നാം വായിക്കുന്നു (മർക്കോസ് 2: 1- 5).

## 2. തൈലാഭിഷേകത്തിന്റെ പ്രതീകാത്മകത്വം

അദൃശ്യമായ യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്ന ദൃശ്യ അടയാളങ്ങൾ ആണല്ലോ പ്രതീകങ്ങൾ. ഇങ്ങനെയുള്ള പ്രതീകങ്ങൾ ധാരാളമായി മലങ്കര ആരാധനക്രമത്തിൽ ഉണ്ട്. വിശുദ്ധ കൂദാശകൾ ഇങ്ങനെയുള്ള പ്രതീകങ്ങളാണ്. അദൃശ്യമായ പ്രസാദവരം ചൊരിയുന്ന ദൃശ്യമായ അടയാളങ്ങളാണ് അവ. കൂദാശ അനുഷ്ഠാനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കൾ ഓരോന്നിനും പ്രതീകാത്മകമായ അർത്ഥമുണ്ട്. രോഗിലേപന കൂദാശയിൽ ഉപയോഗിക്കുന്ന വസ്തു പ്രധാനമായും ആശീർവദിക്കപ്പെട്ട ഒലിവെണ്ണയാണ്. തെർത്തുല്ല്യൻ (160-220 A.D) പറയുന്നു, "വിശുദ്ധ തൈലം കൊണ്ട് രോഗി പൂശപ്പെടുമ്പോൾ അയാളുടെ ആത്മാവ് പവിത്രീകരിക്കപ്പെടുന്നു" എന്ന്. തൈലം മുറിവുകൾ സുഖപ്പെടുത്താൻ പര്യാപ്തമാണ്. രോഗിക്ക് ശക്തിയും ഓജസ്സും അത് പ്രദാനം ചെയ്യുന്നു. ഈ ചിന്താഗതിയുടെ ബഹിർസ്ഫുരണമാണ് മുറിവിൽ എണ്ണയും വീഞ്ഞും പകർന്ന നല്ല സമറിയാക്കാരന്റെ ഉപമ. തൈലാഭിഷേകം രോഗിയെ സാത്താന്റെ ആധിപത്യത്തിൽനിന്നും വഴുതി രക്ഷപ്പെടാൻ സഹായിക്കുമെന്ന് വിശ്വാസം പൗരസ്ത്യരുടെ ഇടയിൽ നിലവിലുള്ളതായി കാണാം.

അലറുന്ന സിംഹത്തെ പോലെ ആരെ വിഴുങ്ങേണ്ടു എന്ന് അന്വേഷിച്ച് നടക്കുന്ന (1 പത്രോസ് 5 8) പിശാചിന്റെ പിടിയിൽ നിന്നും രക്ഷപ്പെടാൻ ലേപനം ആകുന്ന ആയുധം സഹായിക്കും എന്നവർ വിശ്വസിക്കുന്നു. രോഗി മിശിഹായുടെ മൗതികശരീരത്തിലെ ഒരംഗം

www.malankaralibrary.com

ആകയാൽ അയാളുടെ കാര്യത്തിൽ സഭാമക്കൾ മുഴുവൻ ഉത്കണ്ഠയും താൽപര്യവും ശ്രദ്ധയും ഉള്ളവരാണെന്നും രോഗിയുടെ ശാരീരികവും ആത്മികവുമായ സുസ്ഥിതിയാണ് സഭയുടെ പൊതു ലക്ഷ്യം എന്നുമുള്ള യാഥാർത്ഥ്യം ഈ വിശുദ്ധ തൈലം കൊണ്ടുള്ള പൂശൽ അല്ലെങ്കിൽ അഭിഷേകം പ്രതീകാത്മകമായി സൂചിപ്പിക്കുന്നു. രോഗിയായ ആളിനെ പലരും സന്ദർശിച്ച് പ്രാർത്ഥന ആശംസകളാൽ ആശ്വസിപ്പിക്കുന്നതും ആത്മീയ ഉപദേശങ്ങൾ നൽകുന്നതും മേൽ പ്പറഞ്ഞ ആശയത്തെ സ്പഷ്ടമാക്കുന്നു. ഈ കൂട്ടായ്മാ മനോഭാവം രോഗിക്ക് സമാധാനം നൽകുകയും സന്തോഷത്തോടുകൂടി മരണത്തെ നേരിടുന്നതിനുള്ള ഉത്തേജനവും എല്ലാറ്റിനും ഉപരിയായി സമ്പൂർണ്ണ ദൈവാശ്രയവും പ്രദാനം ചെയ്യുകയും ചെയ്യും എന്നതിന് സംശയമില്ല. ചുരുക്കത്തിൽ തൈലാഭിഷകം പാപമോചനം അഥവാ പാപത്തിൽ നിന്നുള്ള രക്ഷ, മരണത്തിന്മേലുള്ള വിജയം, നിത്യതയിലേക്കുള്ള പ്രവേശനം (യാക്കോബ് 5: 20) പരിശുദ്ധാത്മാവാസം എന്നിവയുടെ അടയാളമായി വർത്തിക്കുന്നു.

### 3. തൈലാഭിഷേകം

ഒരു വ്യക്തി ഗുരുതരമായി രോഗിയായാൽ എത്രയും വേഗം രോഗിക്ക് സുബോധം ഉള്ളപ്പോൾത്തന്നെ തൈലാഭിഷേകം നടത്തി വിശുദ്ധ കുർബാന കൊടുക്കുന്ന പാരമ്പര്യമാണ് മലങ്കര സഭയിൽ നിലവിലു ള്ളത്. സുബോധത്തോടുകൂടി സ്വീകരിക്കുവാൻ കഴിവില്ലെങ്കിൽ രോഗിക്ക് വിശുദ്ധ കുർബാന കൊടുക്കണമെന്നില്ല. മലങ്കരക്രമമനുസരിച്ച് തൈലാ ഭിഷേകത്തിനു മുമ്പായി രോഗി കിടക്കുന്ന മുറിയിലോ അതിനു സമീ പത്തോ ഒരു മേശയൊരുക്കി അതിന്മേൽ കുരിശും, കുരിശിന്റെ ഇരു വശത്ത് കത്തിച്ച മെഴുകുതിരികളും, മേശമേൽ വി. തൈലവും ക്രമപ്പെ ടുത്തി വയ്ക്കണം. മേശയുടെ മുമ്പിൽ കിഴക്കോട്ടു തിരിഞ്ഞുനിന്നു കൊണ്ടാണ് ശുശ്രൂഷ ആരംഭിക്കുന്നത്. തദവസരത്തിൽ കാർമ്മികൻ പുറംകുപ്പായവും ഹൈമ്നിയായും ധരിച്ചിരിക്കും. ദൈവത്തോടുള്ള കരുണ യാചിക്കൽ, പാപങ്ങളുടെ മോചനം, സ്വർഗഭാഗ്യത്തിലുള്ള ആനന്ദം എന്നീ ആശയങ്ങളാണ് തൈലാഭിഷേക ശുശ്രൂഷയിലെ പ്രാർത്ഥന കളിലുടനീളം പ്രതിഫലിക്കുന്നത്.

ക്ലേശം അനുഭവിക്കുന്നവരെ കരുണാപൂർവ്വം വീക്ഷിക്കുന്നതിനും രോഗികളെ സുഖപ്പെടുത്തുന്നതിനും മനോവേദന അനുഭവിക്കുന്നവരെ

www.malankaralibrary.com

ആശ്വസിപ്പിക്കുന്നതിനും ആയി പരിശുദ്ധ ത്രിത്വത്തോട് പ്രാർത്ഥിച്ചു കൊണ്ടാണ് കാർമികൻ തൈലാഭിഷേക ശുശ്രൂഷ ആരംഭിക്കുന്നത്.

## 4. തൈലാഭിഷേകം മലങ്കര ആരാധനക്രമത്തിൽ

പ്രാരംഭ പ്രാർത്ഥന, സങ്കീർത്തനം, എത്രോ എന്നീ പ്രാർത്ഥന കൾക്കു ശേഷം വേദവായന ആരംഭിക്കുന്നു. സുവിശേഷവായന കഴി ഞ്ഞ് വിശുദ്ധ യാക്കോബിന്റെ അപേക്ഷയാണ്. രോഗിയുടെ സുഖപ്രാ പ്തിക്ക് വേണ്ടി സമൂഹം ഒന്നായി ദൈവത്തോട് അപേക്ഷിക്കുന്ന പ്രാർത്ഥനയാണിത്. ശെമയോന്റെ അമ്മായിയമ്മയെ അവിടുന്ന് സുഖപ്പെടു ത്തിയപ്പോൾ അവൾ ശക്തി പ്രാപിച്ചു അവിടുത്തേക്ക് ശുശ്രൂഷ ചെയ്യു വാൻ എഴുന്നേറ്റതുപോലെ ഈ രോഗിയെയും സുഖപ്പെടുത്തി അങ്ങേയ്ക്ക് ശുശ്രൂഷ ചെയ്യുവാൻ സഹായിക്കണമെന്ന് കാരുണ്യവാ നായ ദൈവത്തോട് അപേക്ഷിക്കുന്നു. അനന്തരം കാർമികൻ രോഗി യുടെ തലയിൽ കൈവച്ചുകൊണ്ട് പ്രാർത്ഥന ചൊല്ലുന്നു. ഇതിന് പ്രത്യുത്തരമായി ജനം ആമേൻ എന്ന് പ്രതിവചിക്കുന്നു. മിശിഹായുടെ ശക്തി രോഗിയിലേക്ക് പ്രവഹിക്കുന്നതിനും അങ്ങനെ രോഗി രോഗ വിമുക്തനായി വീണ്ടും ദൈവത്തിനു നന്ദി പറയുന്നതിനും ഇടയാക്ക ണം എന്നാണ് കൈ തലയിൽ വച്ചുകൊണ്ടുള്ള ഈ പ്രാർത്ഥനയുടെ സാരം. തുടർന്ന് രോഗി മൗദ്യോനീസോ പ്രാർത്ഥന ചൊല്ലുന്നു. മൗദ്യോനീസോ ചൊല്ലുന്നതിന് രോഗിക്ക് കഴിവില്ലാത്ത അവസരത്തി ൽ മറ്റൊരാൾ ചൊല്ലി കൊടുക്കുകയും രോഗി സ്വന്ത പാപങ്ങളെ ഓ ർത്ത് അനുതാപത്തോടു കൂടി പാപമോചനത്തിനായി പ്രാർത്ഥിക്കുക യും ചെയ്യുന്നു.

പാപമോചനത്തിനായി ചെറുതും വലുതുമായി രണ്ട് പ്രാർത്ഥ നകൾ ശുശ്രൂഷ ക്രമത്തിൽ ചേർത്തിട്ടുണ്ട്. ഒന്നാമത്തേതിൽ ശരീര ത്തിലും ആത്മാവിലും താൻ ചെയ്തു പോയ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് രോഗി പാപമോചനം അപേക്ഷിക്കുമ്പോൾ ശരീര ത്തിന്റെ ഇന്ദ്രിയങ്ങൾ ആയ കണ്ണ്, മൂക്ക്, ചെവി, സ്പർശനേന്ദ്രിയം, നാവ്, എന്നിവ കൊണ്ടും ആന്തരിക ഇന്ദ്രിയങ്ങളായ ബോധം, നിരൂ പണം, ഗ്രഹണശക്തി, വിശേഷ ജ്ഞാനം, തിരിച്ചറിവ്, എന്നിവ യാലും ചെയ്തുപോയിട്ടുള്ള പാപങ്ങൾ ഓരോന്നിനെയും ഓർത്ത് മനസ്തപിച്ച് പാപമോചനം അപേക്ഷിക്കുകയാണ് രണ്ടാമത്തെ പ്രാർത്ഥനയിൽചെയ്യുന്നത്. പാപമോചനത്തെത്തുടർന്ന് അഭിഷേക ക ർമ്മമാണ്. കാർമികൻ തള്ളവിരലിന്റെ അഗ്രത്ത് തൈലം പുരട്ടി നിർദിഷ്ട

www.malankaralibrary.com

പ്രാർത്ഥന ചൊല്ലിക്കൊണ്ട് രോഗിയുടെ നെറ്റിയിൽ മൂന്നു പ്രാവശ്യം കുരിശു വരയ്ക്കുകയും അതിനുശേഷം ശിരസ്സിൽ കൈ ആവസിപ്പിക്കുകയും ചെയ്യുന്നു. രോഗി സാംക്രമിക രോഗമുള്ള ആളാണെങ്കിൽ പഞ്ഞിയിൽ തൈലം പുരട്ടി കുരിശ് വരയ്ക്കുകയാണ് പതിവ്. രോഗിയുടെ നെറ്റിയിൽ തൈലം പൂശുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഇപ്രകാരമാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ വെടിപ്പാക്കപ്പെട്ട് ശുദ്ധീകരിക്കപ്പെട്ട മനസ്സോടും മനസ്സ് കൂടാതെയും അറിവോടും അറിവ് കൂടാതെയും ചെയ്തു പോയിട്ടുള്ള നിന്റെ കടങ്ങളും പാപങ്ങളും ക്ഷമിക്കപ്പെടട്ടെ. സകല ദുർവികാരങ്ങളും പൈശാചിക വ്യാപാരങ്ങളും നിന്നിൽനിന്ന് മായിക്കപ്പെടട്ടെ. ശാരീരികവും ആത്മീയവുമായ ശുദ്ധീകരണത്തിന് വേണ്ടിയാണ് ഇവിടെ കാർമികൻ പ്രാർത്ഥിക്കുന്നത്. മനുഷ്യന്റെ ബുദ്ധിയുടെയും ചിന്താശക്തിയുടെയും ആസ്ഥാനമായി നിലകൊള്ളുന്നതിനാൽ തലയ്ക്ക് വളരെ പ്രാധാന്യമുണ്ട്. ആ രീതിയിൽ തലയുടെ മുൻഭാഗമായ നെറ്റിയിൽ വിശുദ്ധ തൈലം പൂശുന്നത് തികച്ചും അർത്ഥവത്താണ്. ഒരു ക്രിസ്ത്യാനി കുരിശുവര ആരംഭിക്കുന്നത് നെറ്റിയിൽ നിന്നാണല്ലോ. അത് തലയുടെ പ്രാധാന്യത്തെ ചൂണ്ടി കാണിക്കുന്നു. നെറ്റിയിൽ തൈലം പൂശിയ ശേഷം കണ്ണുകളിലും ചുണ്ടുകളിലും നാസികമേലും കൈകാലുകളിൽ മേലും തുടർന്ന് ദേഹമാസകലവും വിശുദ്ധ തൈലം പൂശുന്നു.

തൈലാഭിഷേക കർമ്മത്തിന് ശേഷം ദൈവമാതാവിന്റെയും വിശുദ്ധരുടെയും കുക്കിലിയോൻ ചൊല്ലുകയും തുടർന്ന് സമാപന ആശിർവാദം നൽകി ശുശ്രൂഷ അവസാനിപ്പിക്കുകയും ചെയ്യുന്നു.

## 5. രോഗീലേപന ശുശ്രൂഷയുടെ ഫലങ്ങൾ

- മനുഷ്യജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളായ രോഗത്തേയും സഹനത്തേയും ഈ കൂദാശ നിത്യജീവനിലേക്കുള്ള മാർഗ്ഗങ്ങളാക്കുന്നു.
- ദൈവകരുണയുടെ കലവറയിൽനിന്ന് സഭ നൽകുന്ന അനുഗ്രഹങ്ങൾ രോഗിക്ക് ഈ കൂദാശയിലൂടെ ലഭിക്കുന്നു.
- ഈ കൂദാശ, പാപങ്ങൾക്കു മോചനവും, പരിഹാരവും, രോഗങ്ങൾക്ക് സൗഖ്യവും നൽകുന്നു.
- ഇന്ദ്രിയങ്ങളിലൂടെ കടന്നുവന്ന പാപബന്ധനത്തിൽനിന്ന് ഈ കൂദാശ വ്യക്തിയെ മോചിപ്പിക്കുകയും ഇന്ദ്രിയങ്ങളെ ദൈവാനുഗ്രഹത്തിന്റെ നീർച്ചാലുകളാക്കി മാറ്റുകയും ചെയ്യുന്നു.

www.malankaralibrary.com

- ഈ കൂദാശ സഹനങ്ങളെ രക്ഷാകരമാക്കുന്നു.
- പാപം മൂലം ശരീരത്തിലും, മനസിലും, ആത്മാവിലുമേറ്റ മുറിവുകളെ ഈ കൂദാശ സൗഖ്യമാക്കുന്നു.
- ഈ കൂദാശ പാപത്തിന്റെ ഫലമായ രോഗവും സഹനവും നിത്യ ജീവനിലേക്ക് പ്രയോജനപ്പെടുന്നവയാക്കുന്നു.
- ഈ കൂദാശ വ്യക്തിയെയും കുടുംബത്തേയും ദൈവാനുഗ്രഹം കൊണ്ട് നിറയ്ക്കുന്നു, സാത്താന്റെ പരീക്ഷകളിൽനിന്ന് വിടുവിക്കുന്നു, കുടുംബാംഗങ്ങൾക്ക് ആശ്വാസവും ബലവും നൽകുന്നു.
- ഈ കൂദാശയിലെ തൈലം പൂശലിലൂടെ ശരീരം മഹത്വപ്പെട്ട് സ്വർഗ്ഗപ്രാപ്തിക്ക് യോഗ്യമാക്കപ്പെടുന്നു.

## 6. കന്തീല ശുശ്രൂഷ

വൈദികരുടെയും മെത്രാന്മാരുടെയും രോഗിലേപന ക്രമത്തിന് 'കന്തീലാ ശുശ്രൂഷ' എന്നാണ് പേര് പറയുക. കന്തീലാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം തിരി എന്നാണ്. തിരികൾ കത്തിച്ചുകൊണ്ട് ആരംഭിക്കുന്ന ശുശ്രൂഷ ആയതിനാലാണ് കന്തീല എന്ന പേരിൽ ഈ ശുശ്രൂഷ അറിയപ്പെടുന്നത്. അഞ്ച് ഇന്ദ്രിയങ്ങളെ സൂചിപ്പിക്കുന്ന അഞ്ച് തിരികൾ കത്തിച്ചുകൊണ്ടാണ് കന്തീലാ ശുശ്രൂഷ നടത്തുന്നത്. കന്തീല ശുശ്രൂഷ പല വൈദികർ ഒന്നിച്ചുകൂടി മേൽപ്പട്ടക്കാരന്റെ പ്രധാന കാർമ്മികത്വത്തിൽ വളരെ ആഘോഷമായിട്ടാണ് നടത്താറുള്ളത്. മരണഘട്ടത്തിലാണ് കന്തീലാ ശുശ്രൂഷ നടത്തുന്നതെങ്കിൽ അപ്പസ്തോലികാശീർവാദവും നൽകിയാണ് ശുശ്രൂഷ അവസാനിപ്പിക്കുന്നത്.

## ഉപസംഹാരം

യേശുവും അപ്പസ്തോലന്മാരും നിർവഹിച്ചതും സഭയുടെ ആരംഭം മുതൽ നിലവിലിരുന്നതുമായ കൂദാശയാണ് രോഗിലേപനം. മാമോദീസാ സ്ഥൈര്യലേപനത്തിൽ പരിപൂർണ്ണമാകുന്നത് പോലെ കുമ്പസാരം തൈലാഭിഷേകത്തിൽ പൂർത്തിയാകുന്നു. മരണത്തിന്റെ ഭീകരതയെ അകറ്റി മരണാസന്നനെ ക്രിസ്തുനാഥൻ ആശ്വസിപ്പിക്കുകയാണ് തൈലാഭിഷേക കൂദാശയിലൂടെ. ഈ ആധ്യാത്മിക ഔഷധം ശരിയായ വിധത്തിലും വേണ്ട സമയത്തും സ്വീകരിക്കുന്നതിന് ബോധവാന്മാരാകുക എന്നത് സഭാമക്കളുടെ ചുമതലയാണ്. ആത്മാക്കളുടെ കണക്ക് ബോധിപ്പിക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദികർ ഈ

www.malankaralibrary.com

കടമ ഏറെ ശ്രദ്ധയോടെ നിർവഹിക്കണം. യാതൊരു കാരണവശാലും രോഗികളുടെ ഈ ആവശ്യത്തെ നിരാകരിക്കാനോ, നിഷേധിക്കാനോ, മാറ്റി വയ്ക്കാനോ, നിസാരവത്ക്കരിക്കാനോ ഇടയാകരുത്. രോഗികളുടെ ഈ ആവശ്യത്തെ നിരാകരിക്കാനോ, നിഷേധിക്കാനോ, മാറ്റി വയ്ക്കാനോ, നിസാരവത്ക്കരിക്കാനോ ഇടയായാൽ അത് മാരകപാപം തന്നെയാണ്. കുടുംബാംഗങ്ങൾ ഈ ശുശ്രൂഷയുടെ പ്രാധാന്യം മനസിലാക്കി രോഗികളായ കുടുംബാംഗങ്ങളെ ഈ കൂദാശയ്ക്ക് ഒരുക്കേണ്ടതാണ്. ഈ കൂദാശയ്ക്കു ശേഷം വൈദികൻ രോഗിയെ അനുഗ്രഹിക്കുന്നതും ദൈവജനത്തിന് സമാധാനം നൽകുന്നതും അഭിലഷണീയമാണ്.

www.malankaralibrary.com

www.malankaralibrary.com

**സഹായക ഗ്രന്ഥങ്ങൾ**

1. ഫാ. ഗീവർഗീസ് പണിക്കർ കാരിച്ചാൽ, *മലങ്കര കുർബാന തീർഥാടക സഭയിൽ,* SEERI, Kottayam, 2015.

2. ഫാ. ഡോ. ആന്റണി കാക്കനാട്ട് (എഡിറ്റർ), *ആത്മബോധനം: മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദൈവ ശാസ്ത്ര പഠനങ്ങൾ,* കാതോലിക്കേറ്റ് സെന്റർ, തിരുവനന്തപുരം, 2020.

3. Antony Kakkanatt, *Christological Catechisis of the Malankara Liturgy : A study on the Great Feast of our Lord,* Rome 1996.

4. മാർ ഈവാനിയോസ്, *വിശുദ്ധ കുമ്പസാരം ഒരു ധ്യാന പഠനം*, ബഥനി പബ്ലിക്കേഷൻസ്, കോട്ടയം, എഡിഷൻ 4, 2012.

5. *കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം*, പി..ഒ.സി., കൊച്ചി, 2006.

6. A Verheul, *Introduction to the Liturgy*, Burns & Oates, London 1972.

7. B. Varghese, *West Syrian Liturgical Theology*, Ashgate Publishing Ltd., England, 2004.

8. *A Catechist's Handbook, Catholic Truth Society*, Publishers to the Holy See, London, 1978.

www.malankaralibrary.com

www.malankaralibrary.com

# ആരാധനക്രമ ദൈവശാസ്ത്രം
# പഠന സഹായി

മലങ്കര സുറിയാനി കത്തോലിക്കാ സഭ

ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക

ആരാധനക്രമ വർഷം 2025–2026

പുനരൈക്യ ശതാബ്ദി ആഘോഷം – 2030

കാതോലിക്കേറ്റ് സെന്റർ
തിരുവനന്തപുരം